# പ്രണയത്തിന്റെ മാനങ്ങൾ-
# സുഗതകുമാരിക്കവിതകളിൽ

**കോഴിക്കോട് സർവ്വകലാശാലയിൽ ലാംഗ്വേജ് & ലിറ്ററേച്ചർ**
**ഫാക്കൽട്ടിയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി**
**സമർപ്പിക്കുന്ന പ്രബന്ധം**

**അമ്പിളി കിളച്ചപറമ്പിൽ**

മലയാളം ലൈബ്രറി
കോഴിക്കോട് സർവ്വകലാശാല
കോഴിക്കോട്
**2021**

# DIMENSION OF LOVE IN THE POEM OF SUGATHAKUMARI

**Thesis submitted to the University of Calicut for the Degree of Doctor of Philosophy in the Faculty of Language and Literature**

**Ambili Kilachaparambil**

**Malayalam Library**
**Calicut University**
**Calicut**
**2021**

## CALICUT UNIVERSITY

## CERTIFICATE OF ORIGINALITY

| | |
|---|---|
| 1. Name of Research Scholar | **AMBILI KILACHAPARAMBIL** |
| 2. Title of Thesis/Dissertation | **പ്രണയത്തിന്റെ മാനങ്ങൾ-<br>സുഗതകുമാരിക്കവിതകളിൽ** |
| 3. Name of the Supervisor | **Dr.P.B.LALKAR** |
| 4. Department/Institution | **MALAYALAM LIBRARY<br>CALICUT UNIVERSITY<br>CALICUT** |
| 5. Software used | TURNITIN |
| 6. Date of Verification | |

Specific remarks, if any:

1. Certified that the document has been prepared by me and that the document is my original work free of any plagiarism
2. The document has been duly checked through plagiarism detection software (Turnitin) approved by Calicut University

Name and signature of the candidate

Name and signature of the Supervising Teacher

Head of the Department/
Head of the Research Centre

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാല ലാംഗ്വേജ് & ലിറ്ററേച്ചർ ഫാക്കൽട്ടിയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **'പ്രണയത്തിന്റെ മാനങ്ങൾ-സുഗതകുമാരിക്കവിതകളിൽ'** എന്ന ഈ പ്രബന്ധം അമ്പിളി കിളച്ചപറമ്പിൽ എന്റെ നിർദ്ദേശമനുസരിച്ച് നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തേഞ്ഞിപ്പാലം

**ഡോ.പി.ബി.ലാൽകാർ**
റിസർച്ച് സൂപ്പർവൈസർ
കോഴിക്കോട് സർവ്വകലാശാല
കോഴിക്കോട്

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാല ലാംഗ്വേജ് & ലിറ്ററേച്ചർ ഫാക്കൽട്ടി യിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **'പ്രണയത്തിന്റെ മാനങ്ങൾ-സുഗതകുമാരിക്കവിതകളിൽ'** എന്ന ഈ പ്രബന്ധം അമ്പിളി കിളച്ചപറമ്പിൽ എന്റെ നിർദ്ദേശമനുസരിച്ച് നിർവ ഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തേഞ്ഞിപ്പാലം
03.03.2022

Department of Malayalam & Kerala Studies
Calicut University P.O
673 635
University of Calicut

**ഡോ.പി.ബി.ലാൽകാർ**
റിസർച്ച് സൂപ്പർവൈസർ
കോഴിക്കോട് സർവ്വകലാശാല
കോഴിക്കോട്

# സത്യപ്രസ്താവന

കോഴിക്കോട് സർവ്വകലാശാല ലാംഗ്വേജ് & ലിറ്ററേച്ചർ ഫാക്കൽട്ടിയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **'പ്രണയത്തിന്റെ മാനങ്ങൾ-സുഗതകുമാരിക്കവിതകളിൽ'** എന്ന ഈ ഗവേഷണ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷയ്ക്കോ ബിരുദത്തിനോ അസോസിയേറ്റ്സിനോ ഫെല്ലോഷിപ്പിനോ മറ്റെന്തെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കണ്ണൂർ

അമ്പിളി കിളച്ചപറമ്പിൽ

# കൃതജ്ഞത

ഈ പ്രബന്ധ രചനയ്ക്കാവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുകയും ആവശ്യമായ സഹായങ്ങൾ ചെയ്തുതരികയും ചെയ്ത ഡോ.പി.ബി. ലൽകാറിനോട് എനിക്കുള്ള സ്നേഹവും കൃതജ്ഞതയും ആദ്യമായി രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ പ്രബന്ധരചനയ്ക്കാവശ്യമായ പുസ്തകങ്ങളും മാസികകളും ലഭ്യമാക്കാൻ സഹായിച്ച കോഴിക്കോട് സർവ്വകലാശാല മലയാളം ലൈബ്രറി, സി.എച്ച്,മെമ്മോറിയൽ ലൈബ്രറി എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരോടുള്ള എന്റെ കടപ്പാട് വളരെ വലുതാണ്.

ഈ പ്രബന്ധരചനയ്ക്കാവശ്യമായ ദത്തശേഖരണത്തിനും പുസ്തകങ്ങളും മറ്റു രേഖകളും എത്തിച്ചുതന്നതിനും സുഗമമായ പഠനസൗകര്യം ഒരുക്കിയതിനും ബന്ധുക്കളും സുഹൃത്തുക്കളുമായ നിരവധി പേരോട് ഞാൻ അഗാധമായി കടപ്പെട്ടിരിക്കുന്നു. അവരുടെ ശാസനകളും പ്രോത്സാഹനവുമാണ് ഈ ഈ പ്രബന്ധരചനയ്ക്കാവശ്യമായ ഊർജ്ജം എനിക്ക് നൽകിയത്. പേരെടുത്തുപറയാതെ തന്നെ എല്ലാവരോടുമുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു. ഈ പ്രബന്ധം ടൈപ്പുചെയ്ത് ഭംഗിയായി ലേ-ഔട്ട് ചെയ്ത് തന്ന ഹരിത ഡിസൈൻ പയ്യന്നൂരിലെ ജീവനക്കാർക്കും നന്ദി രേഖപ്പെടുത്തുന്നു.

# ഉള്ളടക്കം


| | പുറം |
|---|---|
| ആമുഖം | 1–23 |
| അധ്യായം ഒന്ന് | |
| മലയാള കവിതയിലെ പ്രണയമാനങ്ങൾ | 24–66 |
| 1.1 എൻ.കുമാരനാശാൻ | |
| 1.2 ഉള്ളൂർ എസ്.പരമേശ്വര അയ്യർ | |
| 1.3 വള്ളത്തോൾ നാരായണമേനോൻ | |
| 1.4 ജി.ശങ്കരക്കുറുപ്പ് | |
| 1.5 ഇടപ്പള്ളി രാഘവൻപിള്ള | |
| 1.6 ചങ്ങമ്പുഴ കൃഷ്ണപ്പിള്ള | |
| 1.7 പി.ഭാസ്ക്കരൻ | |
| 1.8 വയലാർ രാമവർമ്മ | |
| 1.9 ഒ.എൻ.വി.കുറുപ്പ് | |
| 1.10 ഇടശ്ശേരി ഗോവിന്ദൻ നായർ | |
| 1.11 വൈലോപ്പിള്ളി ശ്രീധരമേനോൻ | |
| 1.12 ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരി | |
| 1.13 എൻ.വി.കൃഷ്ണവാര്യർ | |
| 1.14 വിഷ്ണുനാരായണൻ നമ്പൂതിരി | |
| 1.15 ശ്രീമതി സുഗതകുമാരി | |
| അധ്യായം രണ്ട് | |
| സുഗതകുമാരിക്കവിതയിലെ പ്രണയസങ്കല്പം | 67–151 |
| 2.1 പരിസ്ഥിതി കവിതകൾ | |

2.2 ദളിത് സ്വഭാവമുള്ള കവിതകൾ

2.3 സ്ത്രീപക്ഷ കവിതകൾ

2.4 പ്രണയകവിതകൾ

**അധ്യായം മൂന്ന്**

**സുഗതകുമാരിക്കവിതയിലെ പ്രണയമാനങ്ങൾ**

**സൂക്ഷ്മാപഗ്രഥനം** **152–199**

3.1 പ്രണയം - കൃഷ്ണനോട്

3.2 പ്രണയം - പ്രകൃതിയോട്

3.3 പ്രണയം - സഹജീവികളോട്

**കണ്ടെത്തലുകളും നിഗമനങ്ങളും** **200–212**

**ഗ്രന്ഥസൂചി** **213–219**

**പദസൂചി** **221–234**

# ആമുഖം

'പ്ര'എന്ന ഉപസർഗ്ഗത്തിന്റെകൂടെ 'നയം' എന്ന ക്രിയാപദം ചേർന്നിട്ടാണ് 'പ്രണയം' എന്ന പദം രൂപപ്പെട്ടത്. 'രഷാഭ്യാം നോണ സമാനപദേ' എന്ന പാണിനീസൂത്രപ്രകാരം 'ര'കാര, '.ഷ'കാരങ്ങൾക്കുശേഷം 'ന'കാരം വന്നാൽ ആ 'ന'കാരം 'ണ'കാരമായിമാറും എന്നാണ് സൂത്രാർത്ഥം. ഇതു പ്രകാരമാണ് പ്ര + നയം എന്നത് പ്രണയം എന്നായിത്തീരുന്നത്. 'മ' മാനേ ധാതുവിൽ 'മ' എന്ന ധാതുവിന്റെ കൂടെ 'നം' എന്ന പ്രത്യയം ചേർത്തിട്ടാണ് 'മാനം' എന്ന വാക്കുണ്ടായത്. മാനം എന്നാൽ അളവുകോലാണ്. അതിന്റെകൂടെ 'കൾ' എന്ന ബഹുവചനപ്രത്യയം ചേർന്നിട്ടാണ് പ്രണയമാനങ്ങൾ എന്ന പദം രൂപപ്പെട്ടത്. ഇങ്ങനെയാണ് പ്രണയമാനങ്ങൾ എന്നപദത്തിന്റെ നിഷ്പത്തി.

പ്രണയം എന്നത് ഇരുമനസ്സുകളുടെയും നിർമ്മിതിയാണ്. അറബിക്കഥകളിലും ബുദ്ധകാല ജാതകകഥകളിലും മറ്റും ഇത് എടുത്തുപറഞ്ഞിട്ടുണ്ട്. ലോകത്തിലുണ്ടായിട്ടുള്ള ആദ്യകാലകഥകളിലൊക്കെ പ്രണയം കാണാം. സ്ത്രീപുരുഷ ബന്ധത്തെ അടയാളപ്പെടുത്താൻ ഉപയോഗിക്കുന്ന ഒരു വാക്കായും പ്രണയത്തെ മറ്റൊരുരീതിയിൽ പറയാം. പ്രകൃതിയോട്, ദൈവത്തോട്, ആശയത്തോട്, ആണിന് പെണ്ണിനോട്, പെണ്ണിന് ആണിനോട് എല്ലാം ആ വെമ്പൽ തുടർന്നുകൊണ്ടേയിരിക്കുന്നു. നിരന്തരം പരാജയപ്പെടുമ്പോഴും നോവിന്റെ ഇരുൾക്കയത്തിൽനിന്ന് ഉയർത്തെഴുന്നേറ്റ് വീണ്ടും പ്രണയം തേടുന്ന മനസ്സുപോലെ നിഗൂഢമായ മറ്റൊന്നുംതന്നെയില്ല. ഇത്തരം മനോവികാരങ്ങളെ അവതരിപ്പിക്കാൻ ഭാഷയിലൂടെ മാത്രമേ സാധ്യമാവുക

യുള്ളൂ. പേർഷ്യൻ കാവ്യമായ ലൈലാമജ്നു വളരെ വിശ്രുതമായ ഒരു പ്രണയകാവ്യമാണ്.

പ്രണയം എന്നത് സ്ത്രീയുടെയും പുരുഷന്റെയും പരസ്പരബന്ധത്തെ പ്രതിനിധാനം ചെയ്യുന്നതാണ്. അനാദികാലംമുതൽക്കെ ഈ വികാരം എല്ലാവരിലുമുണ്ട്. ഇത്തരം ബന്ധത്തിന്റെ വൈകാരികതയെ ആവിഷ്കരിക്കാൻ നാം ചില ആഖ്യാനരൂപങ്ങൾ കണ്ടെത്തുന്നു. ഇത്തരം ആഖ്യാനരൂപങ്ങളാണ് ചിത്രവും കാവ്യവും കഥയും മറ്റും.

## പഠനലക്ഷ്യം

സുഗതകുമാരിയുടെ കവിതകളിലുടനീളം യാഥാർത്ഥ്യത്തിന്റെ ഭിന്നതലങ്ങൾ പ്രത്യക്ഷീകരിക്കപ്പെടുന്നതിൽ സുപ്രധാനമായിവരുന്ന പ്രണയസങ്കല്പം സവിശേഷ പഠനം ആവശ്യപ്പെടുന്നു. സുഗതകുമാരിക്കവിതകളെ പ്രണയമാനങ്ങളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മമായി അപഗ്രഥിക്കാനാണ് ഈ ഗവേഷണ പ്രബന്ധം ശ്രമിക്കുന്നത്. 'മുത്തുച്ചിപ്പി' മുതൽ 'എന്റെ രാജ്യമുണരട്ടേ' എന്ന കവിതയുൾപ്പെടെ നിരവധി കവിതകൾ സുഗതകുമാരി എഴുതിയിട്ടുണ്ട്. എങ്കിലും അവരെഴുതിയ പ്രണയസംബന്ധമായ കവിതകളെ അപഗ്രഥനാത്മകമായി വിശകലനം ചെയ്യുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

## രീതിശാസ്ത്രം (Cutural Theory)

സാംസ്കാരികസിദ്ധാന്തത്തിന്റെ രീതിശാസ്ത്രമാണ് ഈ പ്രബന്ധനിർമ്മിതിക്കായി ഉപയോഗപ്പെടുത്തിയിട്ടുള്ളത്. പുരുഷൻ-സ്ത്രീ എന്നീ ദ്വന്ദങ്ങൾ തമ്മിലുള്ള ബന്ധത്തെയോ ട്രാൻസ്ജെൻഡറുകൾ തമ്മിലുള്ള

ബന്ധത്തെയോ ഗേകൾ എന്നീ ദ്വന്ദ്വങ്ങൾ തമ്മിലുള്ള ബന്ധത്തെയോയാണ് നാം പ്രണയം എന്നുവിളിക്കുന്നത്. ഇത്തരം പ്രണയത്തെക്കുറിച്ച് ഇത്തരം ദ്വന്ദങ്ങളെക്കുറിച്ച് ലെവിസ്ട്രോസിനെ(Clauge Levistraus)പ്പോലുള്ള പണ്ഡിതന്മാർ ആഖ്യാനം ചെയ്തിട്ടുണ്ട്. 'Culture' എന്ന ഗ്രന്ഥത്തിൽ മാർക്സിസ്റ്റ് വിമർശകനായ റെയ്മണ്ട് വില്യംസ് പ്രണയത്തെക്കുറിച്ച് വിസ്തരിച്ച് പറഞ്ഞിട്ടുണ്ട്. സിനിമ പഠനമേഖലയിലും പ്രണയബന്ധങ്ങളെക്കുറിച്ച് വിമർശനം നടത്തിയ പലഗ്രന്ഥകാരന്മാരുമുണ്ട്. ഇങ്ങനെ നാനാതരത്തിൽപ്പെട്ട അനുഭവമേഖലകളിലെ പ്രണയത്തെക്കുറിച്ചാണ് പ്രണയമാനങ്ങൾ എന്ന ആശയസംഹിത ലക്ഷ്യമാക്കുന്നത്. കൾച്ചറൽ തിയറിയുടെ രീതിശാസ്ത്രം ഉപയോഗപ്പെടുത്തിയാണ് ഈ ഗവേഷണപ്രബന്ധം രൂപപ്പെടുത്തുന്നത്.

**പഠനപ്രസക്തി**

സുഗതകുമാരിക്കവിതകളെ സംബന്ധിച്ച ഏതാനും പഠനങ്ങളും ഗവേഷണപ്രബന്ധങ്ങളും ഉണ്ടായിട്ടുണ്ട്. ബിന്ദു.ടി.വിയുടെ 'സുഗതകുമാരിയുടെ രചനകൾ ഒരു സ്ത്രീവാദപാരായണം' ഈ മേഖലയിലെ അപ്രകാശിത ഗവേഷണപ്രബന്ധമാണ്. അതിൽ സുഗതകുമാരിയുടെ പാരിസ്ഥിതികപ്രമേയത്തെക്കുറിച്ചും സ്ത്രീവാദ പരികല്പനകളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. എങ്കിലും പ്രണയത്തിന്റെ മാനങ്ങൾ സുഗതകുമാരി വ്യത്യസ്ത കവിതകളിലൂടെ എങ്ങനെയാണ് പറഞ്ഞുവെച്ചിരിക്കുന്നത് എന്നതാണ് ഈ പ്രബന്ധത്തിന്റെ ആശയപരിസരം. 'പ്രണയം' എന്ന ഒരു സങ്കല്പനം ഉപയോഗിച്ചാണ് സുഗതകുമാരിക്കവിതയെ പഠിക്കാൻ ശ്രമിക്കുന്നത്. പ്രണയത്തെ ബഹുതലസ്പർശിയായ അനുഭൂതിയാക്കിമാറ്റിയ കവിതകളുടെ ആന്തരിക യാഥാർത്ഥ്യമാണ് അപഗ്രഥിക്കാൻ ശ്രമിക്കുന്നത്. പ്രണയം ഉദ്ദീപ്തമാക്കുന്ന

മധുരവും തീവ്രവും ഉജ്ജ്വലവുമായ നിരവധി മുഹൂർത്തങ്ങൾ സുഗതകുമാരിയുടെ കവിതകളിലുണ്ട്.

**പഠനമേഖല**

കേരളത്തിലെ കമിതാക്കളുടെ ലിംഗബോധ്യങ്ങൾക്കകത്തുംപുറത്തുമുള്ള പ്രണയമാനങ്ങളെയാണ് ഈ പ്രബന്ധത്തിൽ പ്രധാനമായും പരിഗണിക്കുന്നത്. ആധുനികകേരളവും ആധുനികലോകവും പ്രണയം എന്ന ആശയത്തെ പ്രധാനമായും പരിഗണിക്കുന്നു. ആഖ്യാനരൂപം എന്ന നിലയിൽ കവിതകൾ സവിശേഷമായും പ്രണയത്തെ അഭിസംബോധനചെയ്യുന്നത് കാണാം. സദാചാരസങ്കല്പങ്ങളായി വേരുറച്ച ജീവിതബോധത്തെ കവികളും കവയിത്രികളും തങ്ങളുടെ കവിതകളിൽ വിമർശനവിധേയമാക്കുകയും പ്രണയമാനങ്ങളുടെ സൂചകമായി സദാചാരബോധത്തെ പുനരുല്പാദിപ്പിക്കുകയും ചെയ്യുന്നുണ്ട്. ആധുനിക മൂല്യബോധത്തിലധിഷ്ഠിതമായ പ്രണയവും പൊതുയുക്തികളുമാണ് മലയാളത്തിലെ കവികൾ ആഖ്യാനം ചെയ്തിട്ടുള്ളത്. സാംസ്കാരികമായി സാധൂകരിക്കാവുന്ന പ്രണയമാനങ്ങളെയാണ് ഈ പ്രബന്ധം അന്വേഷിക്കുന്നത്. സാർവ്വലൗകികമായും പ്രാദേശികമായും പ്രണയം മനുഷ്യന്റെ ജീവിത അനുഭവമാണെന്ന് പേർഷ്യൻ കവി ഒമർഖയാമിന്റെ 'റൂബായ്യാത്ത്' മുതൽ സുഗതകുമാരിയുടെ 'അഭിസാരിക'വരെയുള്ള കവിതകളിൽ ശക്തമായി ആഖ്യാനം ചെയ്യുന്നുണ്ട്. ഇങ്ങനെ പ്രണയമാനങ്ങളുടെ ബഹുസ്വരത പഠനമേഖലയായി പരിഗണിച്ചതിന്റെ യുക്തി ഇതാണ്. ഏകദേശം അഞ്ഞൂറിൽപ്പരം കവിതകൾ പല കാലങ്ങളിലായി എഴുതിയിട്ടുള്ള കവയിത്രിയാണ് സുഗതകുമാരി, എങ്കിലും ആ കവി

താസാകല്യത്തിലെ പ്രണയകവിതകളെ മാത്രം സൂക്ഷ്മപരിശോധന നടത്തുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

## പൂർവ്വപഠനങ്ങൾ

മലയാളകവിതയിൽ പുതുഭാവുകത്വം പ്രകടമാക്കുകയും കാവ്യഭാഷയിലും പ്രമേയത്തിലും ആഖ്യാനത്തിലും എല്ലാംതന്നെ നവീനത സൃഷ്ടിക്കുകയും ചെയ്ത കവിയാണ് സുഗതകുമാരി. മുഷ്യാനുഭവങ്ങളുടെ ഭിന്നസ്വരങ്ങൾ വിഷാദാത്മക ഭാവത്തോടെയും ആത്മാനുഭൂതിയോടെയും ആവിഷ്കരിച്ച സുഗതകുമാരിയുടെ കവിതകളിൽ പ്രണയത്തിന്റെ വിവിധ മാനങ്ങൾ വിന്യസിക്കപ്പെട്ടിരിക്കുന്നു. ഡോ.എം.എം.ബഷീറിന്റെ ആശാന്റെ പണിപ്പുര(1985), ഡോ.ബഞ്ചമിന്റെ സാഹിത്യപഠനങ്ങൾ (1948), കാവ്യനിർധാരണം (2002), ഡോ.എം.ലീലാവതി. കവിതാരതി(1997), വർണ്ണരാജി (2008), കവിതാധ്വനി (2009), മലയാള കവിതാസാഹിത്യചരിത്രം (2011) എന്നീ കൃതികളിൽ സുഗതകുമാരിയുടെ കവിതകളെ വിലയിരുത്തുന്നു. സുഗതകുമാരിയുടെ കൃഷ്ണസങ്കല്പത്തെപ്പറ്റി വിജ്ഞാനകൈരളിയിൽ വന്ന (1995) ആർ.ബി.രാജലക്ഷ്മിയുടെ ലേഖനം, അക്ബർകക്കട്ടിൽ സുഗതകുമാരിയുമായി നടത്തിയ അഭിമുഖം ഉൾക്കൊള്ളുന്ന സർഗ്ഗസമീക്ഷ (1993) എന്ന പുസ്തകവും സുഗതകുമാരിക്കവിതയെക്കുറിച്ചുള്ള പ്രബന്ധങ്ങളാണ്. സുഗതകുമാരിക്കവിതയുടെ വ്യത്യസ്തമാനങ്ങൾ വിശകലനം ചെയ്യുന്ന ലേഖനങ്ങളുടെ സമാഹാരമാണ് ടോണിമാത്യു എഡിറ്റ് ചെയ്ത കാട്ടുകിളിയുടെ പാട്ട് (2011).

ഗിരിജാകുമാരിയുടെ 'പ്രതിമാന കൽപന സുഗതകുമാരിയുടെ കവിതകളിൽ'(1998) സ്മിതദാസ് ടി.വിയുടെ 'സുഗതകുമാരിയുടെ കവിതകളിലെ

കൃഷ്ണസങ്കല്പം' (2008) ബിന്ദു.ടി.വിയുടെ 'സുഗതകുമാരിയുടെ രചനകൾ ഒരു സ്ത്രീവാദപാരായണം' (2013) എന്നീ ഗവേഷണപ്രബന്ധങ്ങളും സത്യ നാരായണന്റെ 'സുഗതകുമാരിക്കവിതകളിലെ കാവ്യബിംബങ്ങൾ' (1993) എന്ന എം.ഫിൽ പ്രബന്ധവും സുഗതകുമാരിയുടെ കവിതകളെക്കുറിച്ച് വന്നി ട്ടുള്ള പഠനങ്ങളാണ്. സുഗതകുമാരിക്കവിതയിലെ പ്രണയമാനങ്ങളെക്കുറിച്ച് ഇതുവരെ ഗൗരവപൂർണ്ണമായ ഗവേഷണപ്രബന്ധങ്ങളൊന്നുംതന്നെ ഉണ്ടാ യിട്ടില്ല. അതാണ് ഈ ഗവേഷണപ്രബന്ധത്തിന്റെ പ്രസക്തി.

## വിഷയസമീപനം

പ്രണയം എന്ന മനുഷ്യസങ്കല്പം ആഖ്യാനം ചെയ്യുന്ന നിരവധി കവി തകൾ സുഗതകുമാരി രചിച്ചിട്ടുണ്ട്. പ്രണയം പല തലങ്ങളിൽ സുഗതകുമാ രിക്കവിതകളിൽ കാണാം. മനുഷ്യസങ്കല്പത്തിന്റെ ഈ മേഖലകളിലൂടെ സുഗതകുമാരിക്കവിതകളെ സമീപിക്കാനാണ് പ്രബന്ധത്തിലൂടെ ശ്രമിക്കു ന്നത്.

## പഠനസാമഗ്രികൾ

ഈ ഗവേഷണപ്രബന്ധത്തിന്റെ പ്രാഥമിക ആകരം സുഗതകുമാരി യുടെ കവിതകളാണ്. മുത്തുച്ചിപ്പി (1961), സ്വപ്നഭൂമി (1965), പാവം മാനവ ഹൃദയം (1967), പാതിരാപ്പൂക്കൾ (1968), ഇരുൾച്ചിറകുകൾ (1969), രാത്രിമഴ (1977), അമ്പലമണി (1981), കുറിഞ്ഞിപ്പൂക്കൾ (1987), തുലാവർഷപ്പച്ച (1990), രാധയെവിടെ (1995), കൃഷ്ണകവിതകൾ (1996), ദേവദാസി (1998), മണലെ ഴുത്ത് (2006) എന്നീ കവിതകൾ ഈ വിഷയത്തെക്കുറിച്ചുള്ള സമ്പൂർണ്ണമായ

പഠനത്തിന് അവലംബിച്ചിരിക്കുന്നു. മേഘം വന്നുതൊട്ടപ്പോൾ (2010), വാരിയെല്ല് (2010), കാടിനുകാവൽ (2012) പരിസ്ഥിതിഅധിഷ്ഠിതവും സ്ത്രീവാദാധിഷ്ഠിതവുമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന കാവുതീണ്ടല്ലേ (2010) എന്നീ ലേഖനസമാഹാരങ്ങളും ഈ ഗവേഷണപ്രബന്ധത്തിന്റെ രചനയ്ക്കായി അവലംബിച്ചിട്ടുണ്ട്. മാധ്യമം ആഴ്ചപ്പതിപ്പിൽ വന്ന ഒരമ്മ എന്ന കവിതയും (പുസ്തകം 14, ലക്കം 675, 2011 ജനുവരി 24), മലയാളമനോരമ പത്രത്തിൽ വന്ന മുരളി.ബിയുടെ 'യുദ്ധഭൂമിയിലെ കവിത' (2018 ജനുവരി 21 ഞായർ) എന്ന ലേഖനവും ഈ ഗവേഷണപ്രബന്ധത്തിന്റെ പഠനത്തിനായി പ്രയോജനപ്പെടുത്തി. സുഗതകുമാരിയെക്കുറിച്ചുള്ള പുസ്തകങ്ങളും പ്രണയവുമായി ബന്ധപ്പെട്ട മറ്റുപുസ്തകങ്ങളും ആനുകാലികങ്ങളും പ്രബന്ധരചനയ്ക്ക് പ്രയോജനം ചെയ്തിട്ടുണ്ട്.

### പ്രബന്ധസ്വരൂപം

ആമുഖം കൂടാതെ പ്രധാനമായും മൂന്ന് അധ്യായങ്ങളായാണ് പ്രബന്ധം ചിട്ടപ്പെടുത്തിയിരിക്കുന്നത്. വിഷയസമീപനരീതി ആമുഖത്തിൽ വ്യക്തമാക്കുന്നു. അതു കൂടാതെ ഓരോ അധ്യായവും അവയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങളും ചുവടെ ചേർക്കുന്നു.

'മലയാള കവിതയിലെ പ്രണയമാനങ്ങൾ' എന്ന ഒന്നാമധ്യായത്തിൽ മലയാളത്തിലെ പ്രണയകവിതകളെയും അവയെക്കുറിച്ചുള്ള സൂചനകളുമാണ് പരാമർശിച്ചിരിക്കുന്നത്. മലയാളകവിതാസാഹിത്യത്തിൽ ഭിന്നകാലങ്ങളിൽ കവിതകളിൽ പ്രത്യക്ഷീകരിക്കപ്പെട്ട പ്രണയസങ്കല്പങ്ങളെക്കുറിച്ചാണ് ഇതിൽ പ്രതിപാദനം. അതിനുശേഷം സുഗതകുമാരിയുടെ കവിതകളക്കുറിച്ചും ഈ അധ്യായത്തിൽ സാകല്യേന സൂചിപ്പിപ്പിക്കുന്നുണ്ട്.

'സുഗതകുമാരിക്കവിതയിലെ പ്രണയസങ്കൽപ്പം' എന്ന രണ്ടാം അധ്യായത്തിൽ വിവിധ കാലങ്ങളിലായി സുഗതകുമാരി എഴുതിയ കവിതകളെക്കുറിച്ച് ചർച്ച ചെയ്തിരിക്കുന്നു. കവിതകളെ പരിസ്ഥിതി കവിതകൾ, ദളിത് കവിതകൾ, സ്ത്രീപക്ഷകവിതകൾ, രാധാ-കൃഷ്ണപ്രണയസങ്കല്പം പ്രമേയമാക്കിയ കവിതകൾ എന്നീ വിവിധ വിഭാഗങ്ങളാക്കി വിശകലനം നടത്തുന്നുണ്ട്.

'സുഗതകുമാരിക്കവിതയിലെ പ്രണയമാനങ്ങൾ : സൂക്ഷ്മ അപഗ്രഥനം' എന്ന മൂന്നാമധ്യായത്തിൽ സുഗതകുമാരിയുടെ പ്രണയകവിതകളെ അപഗ്രഥിക്കുകയും വിശകലനം നടത്തുകയുമാണ് ചെയ്യുന്നത്. വിവിധ കാവ്യസമാഹാരങ്ങളിലായി ചിതറിക്കിടക്കുന്ന പ്രണയ കവിതകൾ മാത്രമായി വിശകലനാത്മകമായി പരിശോധിക്കുന്നു.

മുൻ അധ്യായങ്ങളിൽ നടത്തിയ വിശകലനങ്ങളിലൂടെ എത്തിച്ചേർന്ന കണ്ടെത്തലുകളും നിഗമനങ്ങളും ക്രോഡീകരിക്കുന്നു ഉപസംഹാരത്തിൽ. ഇതുകൂടാതെ ഗ്രന്ഥസൂചി, പദസൂചി എന്നിവയും പ്രബന്ധാവസാനം നൽകിയിരിക്കുന്നു.

## അധ്യായം ഒന്ന്

# മലയാള കവിതയിലെ പ്രണയമാനങ്ങൾ

ഓരോ സമൂഹത്തിലെയും നിത്യജീവിതസംഭവങ്ങളെയും മറ്റു സംഭ വങ്ങളെയും അപഗ്രഥനത്തിന് വിധേയമാക്കുകയാണ് സാംസ്കാരികസിദ്ധാ ന്തത്തിലൂടെ സാഹിത്യകാരന്മാർ ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഭാവ ത്തെയും വികാരത്തെയും പ്രതികരണങ്ങളെയും അക്കാദമികമായി അപഗ്ര ഥിക്കാൻ സഹായിക്കുന്നതാണ് സാംസ്കാരിക സിദ്ധാന്തം(Cultural Theory) ജീവിതത്തിലെ ദ്വന്ദ്വങ്ങളെക്കുറിച്ച് പഠിച്ച് അവതരിപ്പിക്കുകയാണ് ലോർഡ് ലെവിസ്ട്രോസ് എന്ന ഫ്രഞ്ച് ചിന്തകൻ. റെയ്മണ്ട് വില്യംസിന്റെ കൾച്ചർ (Cultural) എന്ന ഗ്രന്ഥം സാംസ്കാരികസിദ്ധാന്തത്തിന് അടിസ്ഥാനമിടു ന്നതാണ്. സാംസ്കാരികസിദ്ധാന്തങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന മറ്റു നിര വധി പുസ്തകങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലുമായി പുറത്തിറങ്ങിയിട്ടുണ്ട്. സംസ്കാരികം എന്നത് സ്വത്വങ്ങളെ ബലപ്പെടുത്താനും 'വിഷയിക'ളെ നിർമ്മിച്ചെടുക്കാനുമുള്ള ഒരു സമ്പ്രദായമാണ്. ഈ വിഷയികൾ മേധാവി വർഗങ്ങളുടെ നിയന്ത്രണത്തിന്, പ്രതിനിധാനങ്ങളെയും ബിംബങ്ങളെയും ഉപയോഗപ്പെടുത്തുന്ന ഒരു പ്രക്രിയയ്ക്ക്, വിധേയരാണ്. ഈ പ്രതിനിധാ നങ്ങൾ വ്യത്യാസങ്ങളെയും ചൂഷണതന്ത്രങ്ങളെയും 'സ്വാഭാവിക'മാക്കി അവതരിപ്പിക്കുകയും ഈ സമൂഹ്യഘടനകൾ എന്നും ഇങ്ങനെതന്നെ യായിരുന്നു എന്ന് സൂചിപ്പിക്കുകയും ചെയ്യും. പുരുഷാധിപത്യം, മുതലാ ളിത്തം, അധിനിവേശം(കൊളോണിയലിസം), ഉപഭോഗവാദം (കൺസ്യൂ മറിസം) മുതലായവയെല്ലാം അത്തരം പ്രതിനിധാനങ്ങളിലൂടെ സാമൂഹിക നിയന്ത്രണത്തിനുള്ള സവിശേഷരൂപങ്ങൾ നിർമ്മിച്ചെടുക്കുന്ന പ്രത്യയ ശാസ്ത്രങ്ങളാണ്. കുടുംബ സീരിയലുകൾ, ഫാഷനുകൾ, കവിതകൾ തുടങ്ങിയ കലാസൃഷ്ടികളുടെ വ്യാകരണം ഉത്പാദിപ്പിക്കുന്ന 'അർത്ഥം',

അധീശവർഗ അർഥം നിയന്ത്രിക്കുന്ന വിധം ക്രമീകരിക്കപ്പെട്ടിട്ടുള്ള, വർഗങ്ങളുടെയുംപ്രത്യയശാസ്ത്രങ്ങളുടെയും മാധ്യസ്ഥങ്ങളുടെ ഒരു ഫലമാണ്. അതുകൊണ്ടുതന്നെ ഒരു സാസ്കാരിക വ്യവസ്ഥയിൽ അർഥം എന്നത് അധികാരവുമായി ബന്ധപ്പെട്ടിരിക്കുന്നു-സംസ്കാരത്തിൽ അർത്ഥരചന നിയന്ത്രിക്കുന്നത് ആരാണ്, വ്യാഖ്യാനത്തിന്റെയും പ്രതിനിധാനത്തിന്റെയും രാഷ്ട്രീയമെന്ത്, അർഥം ഒരു മർദനോപകരണമാവുകയില്ലെന്നു ഉറപ്പുവരുത്താൻ സാധ്യമായ എന്തൊക്കെ മാർഗങ്ങളാണ് ലഭ്യമായിട്ടുള്ളത് ഇതൊക്കെയാണ്. സിദ്ധാന്തം വെളിപ്പെടുത്തുന്നത് സംസ്കാരപ്രതിനിധാനങ്ങളുടെ പ്രത്യയശാസ്ത്ര അടിത്തറയെ ആണ്; അവ ഒളിച്ചുവെച്ചതെന്തെന്നറിയാതെ (ലിംഗപരമായ പീഡനം, വംശീയഅസമത്വങ്ങൾ, അധിനിവേശചൂഷണം, ജാതി-വർഗ വിവേചനം) നാം 'വിഴുങ്ങിയ'ബിംബങ്ങളുടെ അടിത്തറയെ ആണ്. സാംസ്കാരികവ്യവസ്ഥ സിദ്ധാന്തത്തെ ഉപയോഗപ്പെടുത്തുന്നത്, അർഥം എല്ലായ്പ്പോഴും അസ്ഥിരവും പ്രാദേശികമായി ചോദ്യംചെയ്യപ്പെടുന്നതോ എതിർക്കപ്പെടുന്നതോ ആയ അധികാരബന്ധങ്ങളുടെ ഫലവുമായ മാധ്യസ്ഥങ്ങളുടെ പരമ്പരയാണ് എന്ന് വെളിപ്പെടുത്തുന്നതിനാണ്.

സ്വത്വം 'സ്വാഭാവികം' അല്ലെന്നും ശാസ്ത്രം വസ്തുനിഷ്ഠമല്ലെന്നും ചരിത്രം സാർവലൌകികമല്ലെന്നും, കാരണം ഒരളവോളം ഇവ തമ്മിലുള്ള ഐകരൂപ്യം സാധിച്ചെടുത്തിട്ടുള്ളത് മറ്റു ചരിത്രങ്ങളെ, കഥകളെ, അറിവുകളെ അടിച്ചമർത്തിയതുകൊണ്ടാണെന്നും സിദ്ധാന്തം സൂചിപ്പിക്കുന്നു. ഈ പ്രക്രിയ എങ്ങനെ നടക്കുന്നു എന്ന് വെളിപ്പെടുത്താനാണ് സാംസ്കാരിക വ്യവസ്ഥിതി ശ്രമിക്കുന്നത്; സിദ്ധാന്തം ഈ പ്രായോഗികജ്ഞാനത്തിനു പ്രയോജനപ്പെടുന്നു.

സംസ്കാരത്തെക്കുറിച്ചുള്ള മാർക്സിസ്റ്റ്സിദ്ധാന്തത്തിന്റെ ഉറവിടം മാർക്സിന്റെയും എംഗൽസിന്റെയും പത്തൊമ്പതാം നൂറ്റാണ്ടിലെ കൃതികളാണ്. സമൂഹത്തെയും ഉത്പാദനവ്യവസ്ഥകളെയുംകുറിച്ചുള്ള മാർക്സിന്റെയും എംഗൽസിന്റെയും വിശകലനം സാംസ്കാരിക വിശകലനത്തിലേക്ക് കൂടി വ്യാപിപ്പിക്കുകയായിരുന്നു.

യഥാർത്ഥത്തിലുള്ള സാമൂഹിക സാമ്പത്തിക അവസ്ഥകളുടെ സൃഷ്ടിയായാണ് മാർക്സിസം സംസ്കാരത്തെ കാണുന്നത്. ചൂഷണാത്മകമായ അധ്വാനവും പ്രത്യയശാസ്ത്രവും(ഒരു പ്രതിനിധാന വ്യവസ്ഥ) മറച്ചുവെച്ചുകൊണ്ടാണ് എല്ലാം ഭദ്രമാണെന്ന് സാംസ്കാരികമായ കൗശലസൃഷ്ടികൾ ജനങ്ങളെ വിശ്വസിപ്പിക്കുന്നത്. ഡിഗ്രിയെടുത്ത ചെറുപ്പക്കാർക്ക് കോൾസെന്ററുകളിൽ ജോലിസാധ്യതയിലുണ്ടായ വൻവർധന വലിയ പുരോഗതിയായി എടുത്തുകാട്ടുന്നത്, അവർക്ക് അമേരിക്കയിലെ സമാന ജോലിക്കാരെക്കാൾ കുറഞ്ഞ വരുമാനമാണ് ഉള്ളതെന്ന യഥാർത്ഥത്തിലുള്ള സാമ്പത്തികസ്ഥിതിയെ മറച്ച് വെച്ചുകൊണ്ടാണ്.

- സാമ്പത്തിക വ്യവസ്ഥകൾ സാമൂഹിക സാംസ്കാരിക രൂപീകരണങ്ങളെ നിർണയിക്കുന്നു.
- വർഗവ്യത്യാസങ്ങളെയും അധികാരബന്ധങ്ങളെയും ശക്തിപ്പെടുത്തുന്ന പ്രത്യയശാസ്ത്രം സംസ്കാരതിലൂടെയാണ് പ്രവർത്തിക്കുക.
- സാമ്പത്തിക അവസ്ഥകളെ മറച്ചുവെക്കുകയാണ് സംസ്കാരം ചെയ്യുന്നത്. അവിടെ, ബിംബങ്ങളും പ്രതിനിധാനങ്ങളും നമ്മെ വിശ്വസിപ്പി ക്കുന്നത് ഈ അവസ്ഥകൾ സ്വാഭാവികമാണ് എന്നാകുന്നു.

സംസ്കാരപഠനം സംസ്കാരത്തെക്കുറിച്ചുള്ള പഠനമല്ല. സാംസ്കാരികമായി പഠിക്കലാണ്. സംസ്കാരമെന്താണെന്ന് പരമ്പരാഗതമായി പലതരത്തിൽ നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. കല, സൗന്ദര്യം, സാഹിത്യം എന്നിവ സംസ്കാരമാണ്. അതാണ് ഒരു ധാരണ. അല്ലെങ്കിൽ ആചാരാനുഷ്ഠാനങ്ങളും ഗോത്രപാരമ്പര്യവുമാണ് സംസ്കാരമെന്നുപറയാം. ഏതെങ്കിലും ഒരു ജനസമൂഹം കൊണ്ടുനടക്കുന്ന വിശ്വാസസംഹിതകൾ, മൂല്യവ്യവസ്ഥകൾ എന്നിവയാണ് സംസ്കാരമെന്നുപറയാം. പെരുമാറ്റമര്യാദയാണ് സംസ്കാരമെന്ന വളരെ പ്രാഥമികമായ വാദവും നിലവിലുണ്ട്. എന്താണ് സംസ്കാരമെന്നു ചോദിച്ചാൽ റെയ്മണ്ട് വില്യംസിന്റെ ഉത്തരത്തിൽനിന്ന് നമുക്ക് അതിലേക്കുള്ള ഒരു വഴി കിട്ടും. അദ്ദേഹം പറയുന്നത് സമഗ്രമായ ജീവിതരീതി (the whole way of life)യാണ് സംസ്കാരം എന്നാണ്. ഒരു സവിശേഷ കാലഘട്ടത്തിൽ ഒരു ജനസമൂഹം ജീവിതായോജനത്തിന്റെ ഭാഗമായി ഏർപ്പെടുന്ന എല്ലാത്തരം പ്രയോഗങ്ങളുടെയും ആകെത്തുകയായ ബന്ധനവ്യവസ്ഥയാണ് സംസ്കാരം.

ഈ ബന്ധനവ്യവസ്ഥയിൽ മനുഷ്യരകപ്പെടുന്ന ജീവിതപ്രയോഗങ്ങളുടെ ആകെത്തുകയാണ് സംസ്കാരം എന്നാണ്. അതിൽ കലാകായിക രൂപങ്ങൾ, ഭക്ഷണരീതി, ആഹാരം, വസ്ത്രം, തത്ത്വചിന്ത, സാങ്കേതികത തുടങ്ങിയവയെല്ലാം ഉൾപ്പെടും. ഓരോ സവിശേഷപ്രയോഗവും മറ്റു ഘടകങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ് പ്രവർത്തനക്ഷമത കൈവരിക്കുന്നത്. ബന്ധനവ്യവസ്ഥയുടെ സവിശേഷപ്രയോഗംകൊണ്ട് പ്രവർത്തനക്ഷമത കൈവരിക്കുന്ന ഒരു സംഗമസ്ഥാനമായി (convergence point) സംസ്കാരത്തെ കണക്കാക്കാവുന്നതാണ്. ഒരു സാംസ്കാരിക ആവിഷ്കാരത്തെ

കാണുകയും അതിന്റെ പ്രവർത്തനത്തെയും ഫലമുളവാക്കാനുള്ള അതിന്റെ ശേഷിയെയും ഈ ബന്ധവ്യവസ്ഥയെ മുൻനിർത്തി വിശദീകരിക്കുകയുമാണ് വേണ്ടത്. അതുകൊണ്ട് സംസ്കാരമെന്നു വിളിക്കുന്ന ഒരു വ്യവസ്ഥയ്ക്ക കത്ത്, ആ ബന്ധവ്യവസ്ഥയെ രൂപപ്പെടുത്തുന്ന നാനാതരം സാമഗ്രികളോട് പല പല അനുപാതങ്ങളിൽ ബന്ധപ്പെട്ടുകൊണ്ട്, വിനിമയത്തിലേർപ്പെ ട്ടുകൊണ്ട്, ഒരു സവിശേഷ സാംസ്കാരിക യാഥാർത്ഥ്യം നിലവിൽ വരു ന്നതും പ്രവർത്തിക്കുന്നതും ഫലമുളവാക്കുന്നതും എങ്ങനെയാണ് എന്ന് പരിശോധിക്കുകയാണ് സംസ്കാരപഠനം ചെയ്യുന്നത്.

1960-കളിലെ സാമൂഹികവിക്ഷോഭങ്ങളിൽനിന്നുയർന്നുവന്ന സാസ്കാരികപഠനങ്ങൾ എന്ന അക്കാദമിക പഠനവിഷയം രാഷ്ട്രീയ സമ്പദ്ശാസ്ത്രം, വിവരവിനിമയം, സമൂഹവിജ്ഞാനീയം, സമൂഹസിദ്ധാന്തം, സാഹിത്യസിദ്ധാന്തം, മാധ്യമസിദ്ധാന്തം, ചലച്ചിത്രപഠനം, സാസ്കാരിക നരവംശശാസ്ത്രം, ഫിലോസഫി, കലാചരിത്രം/വിമർശം ഇതെല്ലാം കൂട്ടിക്കലർത്തി വിവിധ സമൂഹങ്ങളിലെ സാംസ്കാരിക പ്രതിഭാസങ്ങളെ പഠിക്കാനാണ് ശ്രമിക്കുന്നത്. ഒരു സവിശേഷ പ്രതിഭാസം എങ്ങനെ പ്രത്യയശാസ്ത്രം, ദേശീയത, വംശീയത, വർഗം, ലിംഗപദവി തുടങ്ങിയ വയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു എന്നതിലാണ് സാസ്കാരിക പഠനത്തിലെ ഗവേഷണങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

സാംസ്കാരിക പഠനങ്ങളെക്കുറിച്ചുള്ള ചർച്ച വ്യാപകമായത് റിച്ചാർഡ് ഹോഗാർട്ടിന്റെ സാക്ഷരതയുടെ ഉപയോഗം(1957), റെയ്മണ്ട് വില്യംസിന്റെ സാംസ്കാരിക സമൂഹം (1953) എന്നിവയുടെ പ്രസിദ്ധീകരണത്തോടെയും 1968-ൽ ഇംഗ്ലണ്ടിൽ സമകാലിക സാംസ്കാരിക പഠനങ്ങൾക്കായുള്ള ബർമിങ്ങ്ഹാം കേന്ദ്രത്തിന്റെ സ്ഥാപനത്തോടെയും ആണ്.

കലയുടെയും സാഹിത്യത്തിന്റെയും ഉറവിടം സംസ്കാരമാണെന്ന് കരുതപ്പെടുന്നതിനാൽ സാംസ്കാരിക വിമർശനത്തിന് പ്രാധാന്യം കൈവന്നിട്ടുണ്ട്. റെയ്മണ്ട് വില്യംസിന്റെ സാംസ്കാരിക ഭൗതികവാദം (cultural materialism), സ്റ്റീഫൻ ഗ്രീൻബ്ലാറ്റിന്റെ സാംസ്കാരിക കാവ്യ മീമാംസ (cultural poetics), ബഖ്തിന്റെ സാംസ്കാരിക വിരസത (cultural Prosaic) തുടങ്ങിയ പദാവലികൾ സാംസ്കാരിക പഠനത്തിലും സാംസ്കാരിക വിമർശനത്തിലും ശ്രദ്ധേയമായിക്കഴിഞ്ഞു.

ബർമിങ്ഹാം സെന്ററിലെ സ്റ്റുവർട്ട് ഹാൾ, റിച്ചാർഡ് ഹൊഗാർട്ട് എന്നിവരുടെ കൃതികൾ പിന്നീട് ഡേവിഡ് മോർലി, ടോണി ബെന്നറ്റ് തുടങ്ങിയവരുടെ എഴുത്തുകളിലൂടെ കൂടുതൽ വികസിച്ചു. അധികാര ബന്ധങ്ങൾ സാംസ്കാരിക കൗശലോത്പന്നങ്ങൾ (ഭക്ഷണ ശീലങ്ങൾ, സംഗീതം, സിനിമ, സ്പോർട്സ് മുതലായവ) സംഘടിപ്പിച്ചെടുക്കുന്ന പ്രക്രിയയിൽ സാംസ്കാരിക പഠനങ്ങൾക്ക് താല്പര്യമുണ്ട്. ഇതുവരെ അധമമെന്നും അക്കാദമിക പഠനത്തിന് അർഹതയില്ലാത്തതെന്നും കരുതി തള്ളിക്കളഞ്ഞിരുന്ന ജനപ്രിയസംസ്കാരവും വിരസമായദൈനംദിന ജീവിതവും അത് നിരീക്ഷണ വിധേയമാക്കുന്നു.

സാംസ്കാരിക പീനങ്ങൾ,

1) സാഹിത്യവിമർശനം, ചരിത്രം എന്നിവപോലുള്ള സവിശേഷപഠനങ്ങളുടെ പരിമിതികളെ മറികടക്കുന്നു;
2) രാഷ്ട്രീയത്തിൽ മുഴുകുന്നു;
3) വരേണ്യ കലയിലും ജനപ്രിയ സംസ്കാരത്തിലുമുള്ള 'ഉയർന്ന'തെന്നും ''താഴ്ന്ന'തെന്നുമുള്ള വിഭജനങ്ങളെ നിരസിക്കുന്നു;

4) സാംസ്കാരിക രചനകളെ മാത്രമല്ല, ഉത്പാദനോപാധികളെയും വിശകലനം ചെയ്യുന്നു.

ബ്രിട്ടനിലെ വർഗം, രാഷ്ട്രീയം, സംസ്കാരം എന്നിവയുടെ മാറിവരുന്ന രാഷ്ട്രീയ സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനായി സി.സി.സി.എസ്സിലെ പണ്ഡിതന്മാർ അന്റോണിയോ ഗ്രാംഷിയുടെ കൃതികളിലേക്ക് തിരിഞ്ഞു. സാംസ്കാരത്തെ രാഷ്ട്രീയ സാമൂഹിക നിയന്ത്രണത്തിനായുള്ള ഒരു മുഖ്യ ഉപകരണമായി നോക്കിക്കാണുന്ന വിധത്തിൽ ക്ലാസ്സിക്കൽ മാർക്സിസത്തെ മാറ്റിയത് ഗ്രാംഷിയാണ്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ, മുതലാളിമാർ നിയന്ത്രണത്തിന്നായി പ്രയോജനപ്പെടുത്തുന്നത് മൃഗീയമായ ബലപ്രയോഗം (പോലീസ്, തടവ്, സൈന്യം) മാത്രമല്ല, തൊഴിലാളികളുടെ നിത്യജീവിത സംസ്കാരത്തിലേക്കുള്ള തുളഞ്ഞുകയറ്റം കൂടിയാണ്.

റെയ്മണ്ട് വില്യംസും സി.സി.സി.എസ്സും വ്യക്തമായും മാർക്സിസ്റ്റ്, ഘടനാവാദാനന്തര സമീപനമാണ് സ്വീകരിച്ചത്. വ്യവഹാരത്തിലൂടെ നിർമ്മിതമായ വിഷയീസ്വത്വങ്ങളും ബന്ധങ്ങളും പാഠത്തിലധിഷ്ഠിതമാണെന്ന് അവർ പറഞ്ഞു. സാംസ്കാരിക ഉത്പന്നങ്ങളെ സൗന്ദര്യാത്മകതയുടെ മേഖലയിൽ വച്ച് മാത്രമല്ല 'വായിച്ചെടുക്കാൻ' കഴിയുക, മറിച്ച്, സാമൂഹി കവും ഭൗതികവുമായ പരിപ്രേക്ഷ്യങ്ങളിൽ നിന്ന് കൂടിയാണ് എന്ന് സാംസ്കാരി കപഠനങ്ങൾ കരുതുന്നു. അതായത് ഒരു നോവൽ വായിക്കേണ്ടത് അതിന്റെ രൂപപരമായ കീഴ്വഴക്കങ്ങളനുസരിച്ചും നോവൽ ചരിത്രത്തിനനുസരിച്ചും മാത്രമല്ല, മറിച്ച് പ്രസിദ്ധീകരണവ്യവസായവും അതിന്റെ ലാഭവും, പുസ്ത കാഭിപ്രായങ്ങൾ, നിരൂപണത്തിന്റെ അക്കാദമിക മേഖല, അവാർഡുകളുടെ രാഷ്ട്രീയം, പുസ്തക വില്പനക്കായുള്ള പ്രചരണ തന്ത്രം എന്നിവ കൂടി കണക്കിലെടുത്തുകൊണ്ടാവണം.

സാംസ്കാരികപഠനങ്ങളിൽ പ്രതിനിധാനം ഒരു മുഖ്യ പരികല്പന യാണ്. വസ്തുക്കളും ബന്ധങ്ങളും നിർവചിക്കുന്ന ഒരു ഭാഷയെ ഇത് വ്യഞ്ജിപ്പിക്കുന്നുണ്ട്. വർഗ്ഗം, അധികാരം പ്രത്യയശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ടതും 'വ്യവഹാര'ത്തിന്റെ സന്ദർഭത്തിലധിഷ്ഠിതവുമായ ഒന്നത്രെ ഈ ഭാഷ. ദൈനംദിനജീവിതത്തെ ശകലീകൃതവും ബഹുമുഖവും സങ്കരവും ചോദ്യം ചെയ്യപ്പെടുന്ന അർത്ഥങ്ങളോടുകൂടിയതും ആയാണ് സാംസ്കാരിക പഠനങ്ങൾ നോക്കിക്കാണുന്നത്. വംശീയതയിലും ഉപഭോഗമാതൃകകളിലും ഏറിയും കുറഞ്ഞും ഒരേപോലെയിരുന്ന സ്വത്വങ്ങൾ ഇപ്പോൾ പൂർണമായും സങ്കരമാണ്; പ്രത്യേകിച്ചും മെട്രോനഗരങ്ങളിൽ. നാഗരിക ഇടങ്ങളുടെ ആഗോളവത്കരണത്തോടെ പ്രാദേശിക സംസ്കാരങ്ങൾ ആഗോള സമ്പദ്ക്രമങ്ങളോടും ആവശ്യങ്ങളോടും കമ്പോളങ്ങളോടും കണ്ണി ചേർക്കപ്പെട്ടു കഴിഞ്ഞു. അതുകൊണ്ടുതന്നെ സമകാലികസംസ്കാരത്തെ ക്കുറിച്ചുള്ള ഏതുപഠനവും പ്രാദേശികമല്ലാത്ത കമ്പോളങ്ങളുടെയും പണത്തിന്റെയും പങ്ക് കൂടി പരിശോധിക്കേണ്ടതുണ്ട്. ഇതിന്, ഒന്നാം ലോകവും മൂന്നാം ലോകവും തമ്മിൽ ഇന്നും നിലനില്ക്കുന്ന ചൂഷണാത്മക ബന്ധത്തെക്കുറിച്ച് ബോധമുണ്ടായിരിക്കണം.

സാംസ്കാരിക പഠനത്തിന് ജീവിതശൈലിയിൽ താല്പര്യമുണ്ട്. കാരണം, ജീവിതശൈലി–

1) ദൈനംദിനജീവിതത്തെക്കുറിച്ചാണ്.

2) നിർവചിക്കപ്പെട്ട സ്വത്വമാണ്.

3) സാമൂഹിക ബന്ധങ്ങളെ സ്വാധീനിക്കുന്നു.

4) സംസ്കാരത്തിലെ നിർമ്മിതോത്പന്നങ്ങൾക്ക് അർത്ഥവും മൂല്യവും

നൽകുന്നു. ചരക്കുകൾ സ്വത്വത്തിന്റെയും ജീവിത ശൈലിയുടെയും ചിഹ്നങ്ങളാണ് .വാസ്തവത്തിൽ വാങ്ങുക എന്ന ക്രിയക്ക് മുമ്പുതന്നെ ഉപഭോഗം ആരംഭിക്കുന്നുണ്ട്. ചരക്കിന്റെ ചിഹ്നങ്ങളുടെ ഉപഭോഗത്തോടെ തന്നെ അത് തുടങ്ങുന്നു.

## 1.1 എൻ.കുമാരനാശാൻ

മലയാളകാവ്യസാഹിത്യത്തിൽ കാൽപ്പനികതയ്ക്ക് തുടക്കം കുറിച്ചത് കുമാരനാശാനാണ്. അദ്ദേഹമാണ് വഴിമുട്ടിനിന്ന മലയാളകവിതയ്ക്ക് ഒരു പുതുവഴി തുറന്നുകൊടുത്തത്. കവികളുടെയെല്ലാം മഹാകവിയായിട്ടാണ് അനുവാചകർ കുമാരനാശാനെ കാണുന്നത്. കവിയുടെ അന്തരാത്മാവിലെ ഉദാത്താനുഭൂതികളിൽ നിന്ന് ഉയിർകൊണ്ട് അനുവാചകഹൃദയങ്ങളിൽ ഉദാത്ത അനുഭൂതികൾ സംക്രമിപ്പിക്കുന്ന മഹത്തായ കലയാണ് കവിത[1] എന്ന് കുമാരനാശാൻ തെളിയിച്ചത് സ്വന്തം കവിതയിലൂടെ തന്നെയായിരുന്നു. മലയാളകവിതയിൽ ഒരു നവവസന്തം കുമാരനാശാൻ സൃഷ്ടിച്ചു. പ്രണയകാവ്യങ്ങളുടെ ശ്രദ്ധേയമായ ആഖ്യാനങ്ങളാണ് കുമാരനാശാന്റെ മിക്ക ഖണ്ഡകാവ്യങ്ങളും. കാവ്യശിൽപ്പസൗന്ദര്യവും ശരിയായ ബോധവും ആത്മ സൗഷ്ഠവവുംകൊണ്ട് സമ്പന്നനായ കുമാരനാശാൻ കൈവച്ച മേഖലകളെല്ലാം തന്നെ സമ്പുഷ്ടമാക്കി. ഹൃദയത്തിന്റെ അഗാധതലംവരെ മുഴങ്ങിക്കേൾക്കുന്ന ഗംഭീരസ്വരമായിരുന്നു കുമാരനാശാന്റേത്.[1] ഇരുപതിനായിരത്തിൽപ്പരം വരികളിൽ വ്യാപിച്ചുകിടക്കുന്ന പതിനേഴോളം കൃതികളാണ് കുമാരനാശാന്റെ കാവ്യസമ്പത്ത്.

കുമാരനാശാന്റെ ജീവിതത്തിലെ പ്രണയദുരന്തമാണ് വീണപൂവിന്റെ പിറവിക്ക് കാരണമെന്ന് കരുതുന്നു. ഒരു സുന്ദരിയുടെ കുറച്ചുകാലത്തെ ജീവിതമാണ് ഈ കവിതയിലൂടെ കുമാരനാശാൻ പ്രതിപാദിച്ചിരിക്കുന്നത്. കരഞ്ഞും അലിഞ്ഞും മണ്ണായിത്തീരുന്ന ജീവിതത്തിന്റെ മുന്നിൽ കണ്ണീരു പോലും നിഷ്ഫലമാണ്. വീണപൂവിൽ തെളിയുന്ന കന്യകയുടെ മുഗ്ദ്ധതയും പ്രണയവുമൊക്കെ ഈ വ്യഥ സൂചിപ്പിക്കാൻ കവി ഉപയോഗപ്പെടുത്തുന്നു. വായനക്കാരുടെ മനസ്സിൽനിന്നും വീണപൂവിന്റെയും കന്യകയുടെയും ചിത്ര ങ്ങൾ ക്രമേണ മാഞ്ഞുപോകുന്നു. അതോടൊപ്പം ജീവിതത്തിന്റെ അപ്രിയ സത്യം തെളിഞ്ഞുവരികയും ചെയ്യുന്നുണ്ട്. 'കാലം കുറഞ്ഞ ദിനമെങ്കിലും അർത്ഥദീർഘം'[2] എന്ന് വീണപൂവിനെപ്പറ്റി പാടിയ കവിയുടെ അനുഭ വാവസ്ഥ ഈ കവിതയിൽ ഉൾച്ചേർന്നിരിക്കുന്നതായി വായനക്കാർക്ക് അനു ഭവവേദ്യമാകുന്നു.

കുമാരനാശാന്റെ മറ്റുകൃതികളായ നളിനി, ലീല, കരുണ എന്നീ കാവ്യ ങ്ങളിൽ അനുരാഗം എന്ന സൂക്ഷ്മഭാവത്തിന്റെ വ്യത്യസ്തമായ ആവിഷ്ക രണങ്ങളാണ് കാണാനാവുന്നത്. നളിനി അഥവാ ഒരു സ്നേഹം എന്ന കൃതി വ്യത്യസ്തമായ ഒരു അനുഭൂതി ഉണർത്തുന്നതാണ്. ബാല്യകൗമാരങ്ങളിലെ കളിക്കൂട്ടുകാരൻ നാടുവിട്ടുപോയിട്ടും അവൾ തന്റെ യൗവ്വനത്തിലും അയാളെ കാമുകനായിക്കരുതി ആരാധിക്കുന്നു. അവളുടെ മാതാപിതാക്കൾ അവൾക്ക് മറ്റൊരു വിവാഹം നിശ്ചയിച്ചു. അതിൽ നിന്ന് രക്ഷപ്പെടാനായി നളിനി വീടു വിട്ടിറങ്ങി. അവളുടെ ആത്മഹത്യാശ്രമം വിജയിക്കാതെ ഒരുയോഗിനിയുടെ സംരക്ഷണത്തിൽ സന്ന്യാസിനിയായി തപസ്സുചെയ്തു അഞ്ചുകൊല്ലം ജീവിച്ചു. ഒരു സുപ്രഭാതത്തിൽ ഹൈമവതഭൂവിൽവച്ച് അവൾ മുൻകാമു

കനും ഇപ്പോൾ സന്ന്യാസിയുമായ ദിവാകരനെ കണ്ടുമുട്ടുന്നു. അവൾ ഇത്രയും കാലം പരിചയിച്ച ജീവിതംതന്നെയാണ് നല്ലതെന്നും അതുതന്നെ തുടരുന്നതാണ് യുക്തി എന്നും പറഞ്ഞ് അയാൾ യാത്ര പറയുകാണ്.

"എന്റെയേകധന മങ്ങു ജീവന-
ങ്ങെന്റെ ഭോഗമതുമെന്റെ മോക്ഷവും
എന്റെയീശ! ദൃഢമിപ്പദാംബുജ-
ത്തിന്റെ സീമ,ഇതു പോകിലില്ലഞാൻ"[3]

എന്ന് പറഞ്ഞ് നളിനി ദിവാകരന്റെ കാൽക്കൽ വീഴുകയാണ് ചെയ്യുന്നത്. അവളിൽ കരുണതോന്നി അയാൾ അവൾക്ക് ഒരു മഹാതത്വമോതിക്കൊടുക്കുന്നു. അത് അവൾ ഉൾക്കൊള്ളുകയും സന്തോഷത്താൽ മതിമറന്ന് തളർന്ന് വീഴുകയും ചെയ്തു. യോഗി അവളെ താങ്ങി എടുക്കുകയും ദിവാകരന്റെ മാറിടം നളിനിയുടെ ചരമശയ്യയായി മാറുകയുമാണുണ്ടായത്. ജീവിതത്തിൽ നേടാൻ കഴിയാത്തത് അവൾ തന്റെ മരണത്തിലൂടെ നേടി.

ഏറ്റവും ഉദാത്തമായ, പരിപാവനമായ സ്നേഹമാണ് നളിനിയിൽ കാണുന്നത്. മരണത്തിനുമുമ്പ് ഒരിക്കലെങ്കിലും ദിവാകരനെ ഒന്നു കാണുക മാത്രമായിരുന്നു അവളുടെ ആഗ്രഹം. അത് അവൾ സാധിച്ചെടുക്കുകയും ചെയ്തു. ലൗകികജീവിതത്തിൽ അനുഭവിക്കുന്ന സുഖമല്ല, അതിനുമപ്പുറം മരണത്തിനുപോലും വേർപിരിക്കാൻ കഴിയാത്ത സ്നേഹമാണിവിടെ കാണുന്നത്. ഒരുതരം ആത്മനിർവൃതിയോടെയാണ് നളിനി ഈ ലോകത്തോട് വിട പറഞ്ഞത്. 'മാംസനിബദ്ധമല്ല രാഗം' എന്ന് കുമാരനാശാൻ പാടിയത് ഈ കവിതയിൽ തീർത്തും സാർത്ഥകമാകുന്നുമുണ്ട്.[4] രതിയും വിരക്തിയും തമ്മിലുള്ള ഇതിലെ സംഘർഷം അവാച്യമായ അനുഭൂതി പകരുന്നു.

പ്രണയത്തിന്റെ മറ്റൊരു വശമാണ് കുമാരനാശാന്റെ 'ലീല'യിൽ കാണുന്നത്. അർത്ഥപാലൻ എന്ന വ്യാപാരിയുടെ ഏകപുത്രിയായിരുന്നു ലീല. അവൾക്ക് മദനനോടായിരുന്നു അനുരാഗം. പക്ഷെ അവളുടെ ആ ആഗ്രഹം സഫലമായില്ല. അച്ഛന്റെ ആഗ്രഹപ്രകാരം ഒരു വ്യാപാരിയുടെ പുത്രനെയാണ് അവൾ വിവാഹം കഴിച്ചത്. അവളുടെ ശരീരം മാത്രമേ ഭർത്താവിന് വിധേയമായുള്ളൂ. ആത്മാവും മനസ്സും ഒരിക്കൽപോലും അയാൾക്ക് വഴങ്ങിയില്ല, അത്തരമൊരുജീവിതം മുന്നോട്ടുകൊണ്ടുപോകാൻ ഏറെ ബുദ്ധിമുട്ടാണെന്ന് അവൾക്ക് മനസ്സിലായി. എങ്കിലും അവൾ അതെല്ലാം സഹിച്ച് മുന്നോട്ടുപോയി. ഒരു വർഷത്തോളം ഭർത്തൃഗൃഹത്തിൽ കഴിച്ചുകൂട്ടി. അതിനിടയിൽ ഭർത്താവ് മരണപ്പെട്ടു. അളവറ്റസമ്പത്തിനുടമയായ അവളെ സ്വന്തമാക്കാൻ പലരും ആഗ്രഹിച്ചു. എന്നാൽ അവളുടെ മനസ്സിൽ മദനൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ലീല വിവാഹിതയായ വാർത്ത അറിഞ്ഞ മദനൻ അപ്പോൾത്തന്നെ നാടുവിട്ടിരുന്നു. അയാളെയാകട്ടെ പിന്നീടാരും കണ്ടതേയില്ല.

മദനനെ അന്വേഷിക്കാനും കണ്ടുപിടിക്കാനും ലീലയുടെ തോഴിയായ മാധവി അവളെ സഹായിക്കുന്നു. വിന്ധ്യനിലെ വനത്തിൽ "ലീല, ലീല" എന്ന് പുലമ്പിക്കൊണ്ട് അലയുന്ന ഒരു യുവാവിനെപ്പറ്റി വേടത്തികൾ പറഞ്ഞ് അവർ അറിയാൻ ഇടയായി. വളരെ നാളുകളായി നാട്ടിൽനിന്ന് അകന്ന് നിൽക്കുന്നതുകൊണ്ട് അയാൾക്ക് മനുഷ്യസമ്പർക്കം കുറവായിരുന്നു. കാട്ടുജന്തുക്കളുമായിട്ടായിരുന്നു അയാളുടെ സഹവാസം. ഇത്തരം കഥകൾ ലീലയെ തോഴി മാധവി അറിയിക്കുകയും മദനനെക്കുറിച്ചുള്ള ചിന്തകൾ മനസ്സിൽ നിന്ന് പാടേ ഉപേക്ഷിച്ചുകൊള്ളാൻ ഉപദേശിക്കുകയും ചെയ്തു.

എന്നാൽ തോഴിയുടെ ഈ വാക്കുകളൊന്നും ഉൾക്കൊള്ളാതെ ലീല വിന്ധ്യ നിലെ കാടുകളിലേക്ക് മദനനെ അന്വേഷിച്ച് പോകാനുള്ള തയ്യാറെടുപ്പിലായിരുന്നു

"വരുവേൻ പ്രിയ കേണിടായ്കയെൻ
കരൾ കയ്യിൽ വപുസ്സുമെത്തുവൻ
പുറകേ ത്വരയാർന്നുപക്ഷിപോൽ
ചിറകില്ലാഞ്ഞതിലീർഷ്യവയ്പുഞാൻ"[5]

എന്ന് അബോധാവസ്ഥയിലെന്നപോലെ ലീല പുലമ്പിക്കൊണ്ടിരുന്നു. പരിസരത്തിന്റെ ക്രൂരതകൾ അവഗണിച്ച് അവൾ മദനനെ അന്വേഷിച്ച് കാട്ടിനുള്ളിലേക്ക് കയറി. അങ്ങനെ കാട്ടിൽ അലയുമ്പോൾ പൂത്തുനിൽക്കുന്ന ചമ്പകസുഗന്ധം അനുഭവപ്പെട്ടു. ചമ്പകപുഷ്പത്തോട് ഒരു മമത മദനന് ആദ്യകാലത്ത് ഉണ്ടായിരുന്നത് അവൾ ഓർത്തു. പുഷ്പങ്ങളിൽ ഏറ്റവും കൂടുതലായി ചമ്പകത്തേയും സ്ത്രീകളിൽ ലീലയേയും മാത്രമാണ് മദനൻ ഏറെ സ്നേഹിച്ചിരുന്നത്.

"ഇവിടെയിളയതെന്നൽ തന്നിൽ മുങ്ങീ-
ട്ടവികലനിർമ്മലരാകെ പോകുവാൻ നാം,
എവിടെ മണമിതുത്ഭവിപ്പുവങ്ങെ-
ന്നവിതഥ ജീവിതദൈവതം വസിപ്പൂ"[6]

പ്രിയതമൻ അരികിലുണ്ടെന്ന ബോധം മനസ്സിൽ ഉദിക്കുന്നതോടുകൂടി ലീല സർവ്വവിധ ആഗ്രഹങ്ങളിൽ നിന്നും മുക്തയാകുന്നു. അവളുടെ ജീവിതം സ്വപ്നവും യാഥാർത്ഥ്യവും തമ്മിൽ ഇണങ്ങുന്നതായാണ് അവൾക്ക് അനുഭവപ്പെടുന്നത്. ഇവിടെ ലീലയുടെ മദനനോടുള്ള പ്രണയം പരമമൂല്യമുള്ള

തായി, ഒരിക്കലും മങ്ങാത്ത ശോഭയോടുകൂടി പ്രകാശിപ്പിക്കുകയാണ് കവി ചെയ്യുന്നത്. പ്രണയത്തിന് മങ്ങലേൽപ്പിക്കുവാൻ ഇത്തരം ദുരനുഭവങ്ങൾ ക്കൊന്നും സാധിക്കില്ല എന്നതിന്റെ തെളിവാണ് 'ലീല'യിൽ കാണുന്നത്. മറിച്ച് എത്ര കഠിനമായ ദുരനുഭവവും പ്രണയത്തിന്റെ തീവ്രത വർദ്ധിപ്പി ക്കുക മാത്രമേ ചെയ്യുകയുള്ളൂവെന്നും ഇവിടെ വ്യക്തമാകുന്നുണ്ട്. പ്രണയ ത്തിന് മങ്ങലേൽപ്പിക്കാൻ ഇത്തരം ദുരനുഭവങ്ങൾക്ക് കഴിയില്ല. അതിന്റെ തീവ്രത വർദ്ധിച്ച് ഒന്നുകൂടി ശക്തമാകുന്ന അനുഭവമാണ് 'ലീല'യിൽ.

'നിന്റെ പ്രിയതമൻ വന്നിരിക്കുന്നു' എന്നുള്ള തോഴിയുടെ വർത്ത മാനം കേൾക്കേണ്ടതാമസം ലീല അബോധമനസ്സിൽനിന്നും ഉണരുന്നു. ഹൃദയം അപ്പോൾ ഒരു അതീന്ദ്രിയ ലോകത്തിലേക്ക് ഉയരുന്നതായി അവൾക്ക് അനുഭവപ്പെടുകയാണ്. ഉടൻതന്നെ ലീല പിൻതിരിഞ്ഞ് നോക്കുകയാണ് ചെയ്യുന്നത്. മറ്റുള്ളവർക്ക് ഒരിക്കലും ഇഷ്ടപ്പെടാത്ത രീതിയിലുള്ള ആ മെലി ഞ്ഞരൂപം അവൾ കാണുന്നു. പ്രിയത്തോടെ, അത്യധികം സ്നേഹത്തോടെ ആ രൂപത്തിന്റെ നേർക്ക് അവൾ കൈകൾ നീട്ടുകയാണ് ചെയ്യുന്നത്. എന്നാൽ എന്താണ് സംഭവിക്കുന്നതെന്ന് മദനന് മനസ്സിലാകാതെ ലീലയെ നോക്കി പ്രതിമ കണക്കെ നിൽക്കുന്നു. ഉടൻതന്നെ അവർ പരസ്പരം ആശ്ലേ ഷിക്കാൻ ഒരു ശ്രമം നടത്തുന്നുണ്ട്. എന്നാൽ അത് പൂർത്തീകരിക്കാനാ വാതെ മദനന്റെ ഹൃദയത്തിലും നെറ്റിയിലും അവൾ ഉമ്മവെക്കുന്നു. അമ്മ യുടെ മാറിടത്തിൽ മക്കൾ ചേർന്നുനിൽക്കുന്നതുപോലെ സ്വന്തം ദേഹം മദ നനിൽ ചേർത്തുവെച്ച് ഒരു നിമിഷം ആനന്ദനിർവൃതിയിൽ ലയിക്കുന്നു. എന്നാൽ പൊടുന്നനെ മദനൻ സ്വപ്നത്തിൽ നിന്നെന്നപോലെ ഉണരുകയും അന്യന്റെ ഭാര്യയാണല്ലോ ഇത് എന്ന ചിന്ത അയാളിൽ ഉണ്ടാകുകയും

ചെയ്യുന്നു. ഒരു മാത്ര മദനൻ ലീലയുടെ മുഖത്തേക്ക് നോക്കുകയും ഉടൻ ഭയമുളവായവനെപ്പോലെ അവിടെ നിന്ന് മറയുകയും ചെയ്യുന്നു.

സർവ്വവും മറന്ന്, സ്വയം മറന്ന് ആ നിർവൃതിയിൽ ലയിച്ച ലീല മദനൻ തന്റെ അടുക്കൽ നിന്നും ഓടി മറയുന്നത് അറിയുന്നതേയില്ല. മദനൻ ഓടി മറഞ്ഞ് രേവാനദിയിൽ ചാടി ആത്മഹത്യ ചെയ്യുന്നു. ലീലയും അതു തന്നെ അനുവർത്തിക്കുകയാണ്. മദനനെ പിൻതുടർന്ന് അവളും രേവാനദിയിൽ ചാടി മരണത്തെ പുൽകുന്നു.

വിധിയാണ് മനുഷ്യജീവിതത്തെ നിയന്ത്രിക്കുന്നതും നിശ്ചയിക്കുന്നതും. വിധിയെ തടുക്കാൻ ആർക്കും സാധ്യമല്ല. അനുരാഗം അഥവാ പ്രണയം പരിപാവനമായ ഒന്നാണെന്നും അതിൽ സാഫല്യമടയുന്നവർ വളരെ ചുരുക്കമാണെന്നും കുമാരനാശാൻ പറയുന്നു. കവിയുടെ കാഴ്ച്ചപ്പാടിൽ അവർ ഭാഗ്യശാലികളായാണ് വിലയിരുത്തപ്പെടുന്നത്. ലോകത്തിൽ ഏറ്റവും മികച്ചത് പ്രേമമാണെന്നാണ് കുമാരനാശാന്റെ വിലയിരുത്തൽ. അതുകൊണ്ടുതന്നെ പ്രേമത്തിനുവേണ്ടി ജീവിതം ഹോമിക്കുന്നത് മോക്ഷത്തിന് സമമായിട്ടാണ് കവി കാണുന്നത്. പ്രതികൂലസാഹചര്യങ്ങൾ വരുമ്പോൾ പിൻമാറുന്നതിനെ പ്രണയമായി ഒരിക്കലും പരിഗണിക്കാൻ പറ്റില്ല. ഏത് പ്രതികൂലസാഹചര്യത്തിലും അടിപതറാതെ ഉറച്ചകാൽവയ്പ്പുകളോടെ മുന്നോട്ടു പോകാൻ പറ്റുന്ന പ്രണയത്തെ മാത്രമേ യഥാർത്ഥ പ്രണയമായി കണക്കാക്കാൻ കഴിയൂ. ഇതേകാര്യം കൂടുതൽ സ്ഫുടവും തീവ്രവുമാക്കുന്ന വാക്കുകളോടെയാണ് കുമാരനാശാൻ ‘ലീല’ അവസാനിപ്പിക്കുന്നത്.

“സ്ഥിരം ചേതനകൾക്കഹോ! പര-
സ്പരമേലുംസമവായ വൈഭവം

പരനിങ്ങറികില്ല; പണ്ഡിതേ,

കരുതായ്കതു മോഹമെന്നു നീ"[7]

സ്ഥിരമായ പ്രണയബന്ധം സ്ഥാപിക്കുന്നവർ സ്ഥിരം ചേതനയിൽ നിലയുറപ്പിക്കുന്നവരാണ്. അവർക്ക് ഒരിക്കലും പാതിവഴിയിൽ അത് ഉപേക്ഷിക്കാൻ പറ്റില്ല. അവരുടെ മനസ്സും ആത്മാവും എപ്പോഴോ ഒന്നുചേർന്നിരിക്കുന്നു. ശാരീരിക ആകർഷണത്തിനപ്പുറം ആത്മീയ അനുരാഗമാണ് യഥാർത്ഥപ്രണയം. തീർത്തും സവിശേഷമായ ആന്തരികവികാരമാണ് പ്രണയം എന്ന് വ്യക്തമാകുന്നു. പ്രണയത്തിന്റെ പേരിൽ കുലനീതിയേയോ മറ്റൊന്നിനേയോ ലീല ഭയക്കുന്നില്ല.

" ആരുംതോഴീ!യുലകിൽ മറയു-

ന്നില്ല; മാംസം വെടിഞ്ഞാൽ

തീരുന്നില്ലീ പ്രണയജടിലം

ദേഹിതൻ ദേഹബന്ധം"[8]

കുലനീതിയെ മാത്രമല്ല മരണത്തെപ്പോലും അവർ പ്രണയത്തിന്റെ പേരിൽ ഭയക്കുന്നില്ല. അത്രയും ഉന്നതമായ ഒരു മാനസിക അവസ്ഥയിലേക്കാണ് കവിതയുടെ അവസാനത്തിൽ ലീല എത്തിനിൽക്കുന്നത്. അവരുടെ ജീവിതം തൽക്കാലം രേവാനദിയിൽ അവസാനിച്ചുവെങ്കിലും അത് അനശ്വരതയിലേക്ക് തുടർച്ചയായി പോകുകയാണ് ചെയ്യുന്നത്. സാധാരണ മനുഷ്യന്റെ ജീവിതം മരണത്തോടുകൂടി അവസാനിക്കുമ്പോൾ അതിലൊന്നും ഉൾക്കൊള്ളാതെ പ്രണയികളുടെ ജീവിതം ഔന്നത്യത്തിന്റെ മറ്റൊരു തലത്തിലേക്ക് ഉയരുന്നു. പ്രണയത്തിന് ഒരിക്കലും ഒരു പൊതു സ്വഭാവം കണ്ടെത്താൻ പറ്റില്ല. കാരണം അത് ഓരോ വ്യക്തിയെയും അനുസരിച്ച് വ്യത്യ

സ്തമായിരിക്കും. അതുകൊണ്ടാണ് കുമാരനാശാൻ ഒരു പൊതുതത്വത്തിലൂടെ കാവ്യം അവസാനിപ്പിക്കുന്നത്.

"ക്ഷിതിയിലഹഹ! മർത്യജീവിതം
പ്രതിജനഭിന്ന വിചിത്രമാർഗമാം
പ്രതിനവ രസമാമതോർക്കുകിൽ
കൃതികൾ മനുഷ്യകഥാനുഗായികൾ"[9]

മാതംഗി എന്ന ചണ്ഡാലയുവതിക്ക് ബുദ്ധഭിക്ഷുവിനോടുതോന്നുന്ന അനുരാഗമാണ് കുമാരനാശാന്റെ 'ചണ്ഡാലഭിക്ഷുകി'യിലെ പ്രമേയം. അന്ന് സമൂഹത്തിൽ നിലനിന്നിരുന്ന ഏറ്റവും നീചമായ ഒരു ആചാരമായിരുന്നു അയിത്തവും ജാതിവിവേചനവും. അതിനെതിരായ കുമാരനാശാന്റെ ശബ്ദമായി ഈ കാവ്യത്തെ കരുതാം. ബുദ്ധഭിക്ഷുവിന്റെ സർവ്വചരാചരങ്ങളോടുമുള്ള സ്നേഹവും കൂടി കുമാരനാശാൻ ഇവിടെ വർണിക്കുന്നുണ്ട്. ശ്രാവസ്തിയിലെ അധഃകൃതർ മാത്രം വെള്ളം കോരുന്ന കിണറിനരികിൽ വെള്ളം ചോദിച്ചുകൊണ്ട് ബുദ്ധഭിക്ഷുഎത്തുകയും വെള്ളത്തിനായി അപേക്ഷിക്കുകയും മാതംഗി അതിനെ തടയാൻ ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ ജാതിയല്ല, ദാഹിക്കുന്നതിനാൽ താൻ ജലമാണ് ചോദിച്ചത് എന്ന് ഭിക്ഷു പറയുന്നു. അവസാനം മനുഷ്യത്വത്തിൽ കൈനീട്ടി നിൽക്കുന്ന ബുദ്ധഭിക്ഷുവിന് അവർ വെള്ളം കൊടുക്കുകയാണ്. അതോടെ ആ ഭിക്ഷുവിൽ എന്തോ ഒരു പ്രത്യേകത അവൾ കാണുന്നു. അതിനാൽ അവിടം വിട്ടുപോകാൻ അവൾക്ക് സാധിക്കുന്നുമില്ല. വെയിൽ താണപ്പോൾ ബുദ്ധഭിക്ഷു യാത്രയായെങ്കിലും അവിടെ നിന്നും വീട്ടിലെത്തിയ മാതംഗിക്ക് വിലയേറിയതെന്തോ കളഞ്ഞുപോയതായി അനുഭവപ്പെടുന്നു. പിറ്റേന്ന് സൂര്യനുദിക്കുന്നതിനു

മുമ്പുതന്നെ അവൾ അദ്ദേഹത്തെ തേടി യാത്രയാവുന്നു. ആശ്രമത്തിലെ ത്തിച്ചേരുന്ന അവൾക്ക് ആശ്രമവാസിയാകാനുള്ള അനുവാദം ഉപദേശത്താൽ ബുദ്ധഭിക്ഷു കൊടുക്കുന്നുണ്ട്. അതോടെ മാതംഗിയുടെ എല്ലാ മാനസിക ചാഞ്ചല്യങ്ങളും മാറുകയും, വ്യക്തിപ്രേമത്തിനുപകരം വിശ്വസ്നേഹമാണ് ഉദാത്തം എന്ന ആശയത്തിൽ അവൾ എത്തിച്ചേരുകയും ചെയ്യുന്നു.

സവർണ്ണസമൂഹത്തിന് ചണ്ഡാലപെണ്ണിന്റെ ഈ മാറ്റം സഹിക്കാനാ യില്ല. അവർ പരാതിയുമായി രാജാവിനുമുന്നിലെത്തുകയും രാജാവ് ബുദ്ധ കേന്ദ്രത്തിലെത്തി ഭിക്ഷുവിനോട് സംസാരിക്കുകയും ചെയ്യുന്നു. ബുദ്ധദേവൻ രാജാവിന് ജാതിചിന്തകൾക്കെതിരായ മറുപടി നൽകുന്നതോടെ കവിത അവ സാനിക്കുകയാണ്.

“സ്നേഹത്തിൽ നിന്നുദിക്കുന്നൂ-ലോകം
സ്നേഹത്താൽ വൃദ്ധിതേടുന്നു-
സ്നേഹത്താൽ ശക്തി ജഗത്തിൽ- സ്വയം
സ്നേഹം താനാനന്ദമാർക്കും”[10]

മനുഷ്യസ്നേഹത്തിനു നൽകേണ്ട പ്രാധാന്യത്തെക്കുറിച്ചാണ് കുമാരനാശാൻ ഇവിടെ ഊന്നിപ്പറയുന്നത്. ജാതീയമായ അസമത്വങ്ങളെ ഇല്ലാതാക്കൽ, മാന സികവും ആത്മീയവുമായ ശക്തിപ്പെടൽ, വൈകാരികമായ സ്വാതന്ത്ര്യം നേടൽ എന്നിവയൊക്കെ ഈ കൃതിയിൽ കാണാം. ശ്രീനാരായണ ദർശന ങ്ങളോടുള്ള കുമാരനാശാന്റെ ആഭിമുഖ്യമാണ് ഇത്തരം വരികളെഴുതാൻ അദ്ദേഹത്തിന് പ്രേരണയായത്. ഏത് ഉച്ചനീചത്വങ്ങളെയും മറികടക്കാൻ സ്നേഹത്തിന് സാധിക്കുമെന്നും അതിലൂടെ സാമൂഹികസമത്വം നേടാൻ കഴിയുമെന്നും കുമാരനാശാൻ തന്റെ ഈ കൃതിയിലൂടെ വ്യക്തമാക്കുന്നു.

'ചിന്താവിഷ്ടയായ സീത'യിൽ സർവ്വം സഹയായി എല്ലാം ഉള്ളിലൊതുക്കി ജീവിക്കുന്ന സീതയെയാണ് കാണുന്നത്. എങ്കിലും അവർ മനസ്സുകൊണ്ടെങ്കിലും അധർമ്മത്തിനും അസമത്വത്തിനും അസ്വാതന്ത്ര്യത്തിനും എതിരായി പ്രതികരിക്കാൻ തയ്യാറാകുന്നുണ്ട്. അതാണ് കുമാരനാശാന്റെ ചിന്താധാരയുടെ പ്രത്യേകത. സ്ത്രീസ്വാതന്ത്ര്യത്തിന്റെ ഉദാഹരണമായും സ്ത്രീയുടെ വൈകാരികമായ ഉന്നതിയുടെ പ്രതീകമായും സീത ഈ കവിതയിൽ പ്രത്യക്ഷപ്പെടുന്നു. സീതയിൽ ഭർത്തൃസ്നേഹവും ധർമ്മബോധവും വളരെ വ്യക്തമായി കാണാനും സാധിക്കുന്നുണ്ട്. ഒരിക്കൽ കാട്ടിൽ കഴിയേണ്ടിവന്നതും രാവണൻ തന്റെ ഉടൽ മോഹിച്ചതും ഗർഭിണിയായപ്പോൾ നിന്ദ്യയായതും തന്റെ തെറ്റുകൊണ്ടാണോ എന്ന് ഉറക്കെ ചോദിക്കാൻ സീതയ്ക്ക് കഴിയുന്നുണ്ട്. പ്രതികരിക്കാൻ കഴിയുന്ന ഒരു സ്ത്രീശബ്ദമായിട്ടാണ് സീതയെ ഈ കൃതിയിൽ കാണുന്നത്.

അനഘാശയ!ഹാ! ക്ഷമിക്ക! എൻ
മനവും ചേതനയും വഴങ്ങിടാ;
നിനയായ്ക മറിച്ചു പോന്നിടാം
വിനയത്തിനു വിധേയമാമുടൽ [18]

ഈ വരികളിലൂടെ സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിലേക്ക് സ്വയം തുറന്ന് പറക്കുന്ന ഒരു പക്ഷിയായി സീത മാറുകയാണ്.

1925-ലാണ് കുമാരനാശാന്റെ കരുണ പ്രസിദ്ധീകൃതമായത്. ഉത്തര മധുരാപുരിയിൽ ജീവിച്ച വേശ്യയായ വാസവദത്തക്ക് ബുദ്ധശിഷ്യനായ ഉപഗുപ്തനോട് അനുരാഗം തോന്നി. അയാളെ വാസവദത്ത തന്റെ ഗൃഹത്തിലേക്ക് വിളിപ്പിക്കുന്നു. അതിന് സമയമായിട്ടില്ല എന്നാണ് അദ്ദേഹം മറുപടി

നൽകിയത്. ഈ മറുപടി വാസദത്തയെ കൂടുതൽ പ്രകോപിപ്പിക്കുന്നു. അതിനിടയിൽ ഒരു തൊഴിലാളി പ്രമാണിയുമായി അവൾ അടുപ്പത്തിലായി. അപ്പോൾത്തന്നെ ഒരു വർത്തകപ്രമാണിയും അവളെ തേടിവന്നു. ഒന്നാമനേക്കാൾ സമ്പന്നനാണ് രണ്ടാമൻ എന്ന് കണ്ട് അവൾ ഒന്നാമനെ കൊല്ലുന്നു. ഒടുവിൽ സത്യം പുറത്തുവരികയും ന്യായാധിപൻ അവളുടെ കരചരണങ്ങൾ ഭേദിച്ച് ചുടുകാട്ടിൽ തള്ളാൻ ആജ്ഞാപിക്കുകയും ചെയ്തു.

വാസവദത്തയുടെ ഈ കിടപ്പിലാണ് ഉപഗുപ്തൻ അവളെ അന്വേഷിച്ച് കാട്ടിലെത്തുന്നത്. അവളുടെ ഈ അവസ്ഥയിൽ അദ്ദേഹത്തിന് വിഷമമുണ്ടാകുകയും അവൾക്ക് മോക്ഷം നൽകാനായി ബുദ്ധമതത്തിലെ ശരണത്രയങ്ങൾ ഓതിക്കൊടുക്കുകയും ചെയ്യുന്നു. അങ്ങനെ ഒരു നിർവ്വാണാവസ്ഥ കൈകൊള്ളുകയാണ് വാസവദത്ത ചെയ്യുന്നത്. വ്യക്തിപ്രണയത്തെ ബുദ്ധിസ്റ്റ് മൂല്യമായ വിശ്വകാരുണ്യത്തിലേക്ക് വളർത്തിയെടുക്കയാണ് കുമാരനാശാൻ വാസവദത്ത-ഉപഗുപ്തൻ ബന്ധത്തിലൂടെ ആഖ്യാനം ചെയ്യുന്നത്. എല്ലാ ജീവജാലങ്ങളേയും സമഭാവനയോടെ കണ്ട് സ്നേഹിക്കാനാണ് ബുദ്ധമതതത്ത്വങ്ങൾ ഉപദേശിക്കുന്നത്.

1921-ലെ മലബാർ കലാപത്തിന്റെ പശ്ചാത്തലത്തിൽ കുമാരനാശാൻ എഴുതിയ കവിതയാണ് 'ദുരവസ്ഥ'. ലഹള കൊടുമ്പിരിക്കൊണ്ടിരിക്കുന്ന കാലത്ത് തന്റെ ജീവൻ രക്ഷപ്പെടുത്താനായി ഓടിയ ബ്രാഹ്മണയുവതി കയറിച്ചെല്ലുന്നത് ഒരു പുലയ യുവാവിന്റെ കുടിലിലാണ്. പിന്നീട് അവനോട് അവൾക്ക് പ്രണയം തോന്നുകയും വിവാഹം കഴിക്കുകയും ചെയ്യുന്നു. അക്കാലത്തെ സമൂഹത്തിന് ഒരിക്കലും പൊറുക്കാനാവാത്ത കാര്യമാണ് കുമാരനാശാൻ 'ദുരവസ്ഥ'യുടെ രചനയിലൂടെ നിർവ്വഹിച്ചത്. ജാതിയിൽ താഴ്ന്ന

ആളെ കണ്ടാൽ അറുപത്തിനാല് അടി ദൂരെ മാറിനിൽക്കണം എന്ന് ആചാരം ഉണ്ടായിരുന്നു. അത് ലംഘിച്ചുകൊണ്ടാണ് ഏഴടിമാത്രം ദൂരം പാലിച്ച് ചാത്തനെ സാവിത്രി വിവാഹം ചെയ്ത് തന്റെ ഭർത്താവായി സ്വീകരിക്കു ന്നത്. ബ്രാഹ്മണനിൽനിന്നും അറുപത്തിനാല് അടി അകലം പാലിച്ചുമാ ത്രമേ പുലയന് നിൽക്കാൻ പാടുള്ളൂ. ആ നിയമത്തെയാണ് സാവിത്രിയും ചാത്തനും ലംഘിക്കുന്നത്.

കുമാരനാശാന്റെ മറ്റെല്ലാ കൃതികളും ആറടിക്കവിതകളാണെന്നും ഉത്ത മമാണെന്നും എന്നാൽ 'ദുരവസ്ഥ'യിലെത്തുമ്പോൾ അത് അഞ്ചടിക്കവിത യാണെന്നും അത്ര നന്നായില്ലെന്നും ലീലാവതിടീച്ചർ ദുരവസ്ഥയെ വിമർശി ക്കുന്നുണ്ട്.[12] എന്നാൽ മലയാളികൾ അതുവരെ നീന്തിവന്ന ഒരു മാറ്റത്തിന്റെ പ്രഭതന്നെയാണ് കുമാരനാശാൻ തന്റെ കൃതിയിൽ അനുകരിച്ചത്. ബ്രാഹ്മണസമുദായത്തിന്റെ എല്ലാ മേൽക്കോയ്മാമനോഭാവങ്ങളും കണ്ട് അനുഭവിച്ച സാവിത്രി ഇത്തരം അനാചാരങ്ങൾ അവഗണിച്ച് സംസ്കാരസ മ്പന്നയായി മാറി. അതുപോലെ ചാത്തനും. ജാതീയമായ അവഗണനയും അവശതയും കൊണ്ട് അടിമജീവിതം നയിച്ചവനായിരുന്നു ചാത്തൻ. ഈ രണ്ട് സംസ്കാരങ്ങളേയും തമ്മിൽ കൂട്ടിയിണക്കുകയാണ് കുമാരനാശാൻ 'ദുരവസ്ഥയിൽ'ചെയ്തത്. 1921 കാലത്തെ സാമൂഹ്യമായ ഉച്ചനീചത്വത്തെ യാണ് ദുരവസ്ഥ ശക്തമായി ചിത്രീകരിക്കുന്നത്. ഇവിടെ സാവിത്രി അന്തർജനം ചെയ്തത് മിശ്രവിവാഹമാണ്. അത് പിൽക്കാലത്ത് കേരളീയ രെയാകെ പ്രചേദിപ്പിക്കുകയുണ്ടായി.

"താണുകിടക്കുമീ രത്നത്തെ മുങ്ങും ഞാൻ
കാണുമാറായ് വിധി സങ്കല്പത്താൽ"[18]

സമകാലികമായ ഒരു സംഭവത്തെ കാവ്യത്തിൽ അവതരിപ്പിച്ചതിലൂടെ കുമാരനാശാൻ ശ്രദ്ധേയനായി മാറി.

ഒരു പുതിയ യുഗത്തിന്റെ, സംസ്കാരത്തിന്റെ പിറവി കുമാരനാശാൻ സ്വപ്നം കണ്ടിരുന്നു. അതിനായി അദ്ദേഹം പ്രയോജനപ്പെടുത്തിയതാകട്ടെ തന്റെ കവിതകളെയും. ഇതുമൂലം ഒരു സാമൂഹികപരിഷ്കർത്താവിന്റെ പ്രതിഛായകൂടി കുമാരനാശാന് കൈവന്നു.

## 1.2 ഉള്ളൂർ എസ്.പരമേശ്വരയ്യർ

ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ കവിത്രയത്തിൽ ഉൾപ്പെട്ട കവിയായിരുന്നു ഉള്ളൂർ.എസ്.പരമേശ്വരയ്യർ. മലയാളത്തിലെ എണ്ണം പറഞ്ഞ സാഹിത്യചരിത്രകാരനും ഗവേഷകനും കവിയുമായിരുന്നു അദ്ദേഹം. എങ്കിലും ആ കാലഘട്ടത്തിൽ കവിതയിൽ പ്രകടമായിരുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാനും അതിനനുസൃതമായി തന്നെത്തന്നെ നവീകരിക്കാനും ഉള്ളൂരിന് സാധ്യമായി. അദ്ദേഹത്തിന്റെ മഹാകാവ്യമായ 'ഉമാകേരളത്തിൽ' കേരളത്തിന്റെ ഒരു പ്രത്യേക കാലഘട്ടത്തെയാണ് പരാമർശിക്കുന്നത്. ധാരാളം ലഘുകവിതകളും ഖണ്ഡകാവ്യങ്ങളും ഉള്ളൂർ രചിച്ചു. കർണഭൂഷണം (1929), മണിദീപിക (1933), പിംഗള(1923) എന്നിങ്ങനെ നിരവധി ഖണ്ഡകാവ്യങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. 'പ്രേമസംഗീതം' ഏറെ ജനസമ്മതിയാർജ്ജിച്ച ലഘുകാവ്യമാണ്.

"ഒരൊറ്റ മതമുണ്ടുലകിന്നുയിരാം പ്രേമമതൊന്നല്ലോ

പരക്കെ നമ്മെ പാലമൃതൂട്ടും പാർവ്വണശശിബിംബം"[14]

പ്രേമത്തിന്റെ മഹത്വം വർണിക്കുന്ന ഈ കാവ്യം അത്യന്തം സംഗീതപ്രധാ

നമാണ്. വികാരത്തിന്റെ ഭാഷയ്ക്കുപകരം യുക്തിചിന്തയുടെ ഭാഷയാണ് ഇതിൽ കൂടുതൽ കാണാനാവുന്നത്. വ്യക്തിയും വ്യക്തിയും തമ്മിലുള്ള പ്രണയമായിരുന്നില്ല ഉള്ളൂർ ആവിഷ്കരിച്ചത്. മറിച്ച് ആത്മാവും പരമാത്മാവും തമ്മിലുള്ള പ്രണയത്തിനായിരുന്നു പ്രാധാന്യം നൽകിയത്.

"പരപരാത്മൻ ഭക്ത്യദിഗമ്യൻ ഭഗാനെയവർകാണൂ
ചരാചര പ്രേമാഞ്ജനമെഴുതിന ചക്ഷുസ്സില്ലാഞ്ഞാൽ
പരസുഖമേ സുഖമെനിക്കുനിയതം പരദുഃഖം ദുഃഖം
പരമാർത്ഥത്തിൽ പരനും ഞാനും ഭവാനുമൊന്നല്ലീ" [15]

സ്വന്തം ദേശത്തോടും അതിന്റെ സംസ്കാരത്തോടുമുള്ള അടങ്ങാത്ത പ്രണയം ഉള്ളൂരിന്റെ ദേശസ്നേഹപരമായ കവിതകളിൽ കണ്ടെത്താൻ കഴിയും. അദ്വൈതസിദ്ധാന്തത്തിലൂടെ വിശ്വപ്രേമത്തെയാണ് ഉള്ളൂർ ഇവിടെ ആവിഷ്കരിച്ചത്.

## 1.3 വള്ളത്തോൾ നാരായണമേനോൻ

ദേശീയസമരത്താൽ പ്രചോദിതമായ നിരവധി ഖണ്ഡകാവ്യങ്ങളും ചെറുകാവ്യങ്ങളും വള്ളത്തോൾ നാരായണമേനോൻ രചിക്കുകയുണ്ടായി. അതോടൊപ്പം 'ബന്ധനസ്ഥനായ അനിരുദ്ധൻ' പോലെയുള്ള ഖണ്ഡകാവ്യത്തിലൂടെ പ്രണയത്തെ ആഖ്യാനം ചെയ്യുന്നതും കാണാം. ജീവിതത്തോടുള്ള അടങ്ങാത്ത ആഗ്രഹവും സൗന്ദര്യത്തിലുള്ള ആകൃഷ്ടതയുമാണ് വള്ളത്തോൾക്കവിതകളിൽ പ്രകടമാകുന്നത്. വള്ളത്തോളിന്റെ സൗന്ദര്യദർശനം അനുവാചകഹൃദയങ്ങളെ ആകർഷിച്ചു. പ്രകൃതിസൗന്ദര്യത്തെ വാഴ്ത്തുന്നതോടൊപ്പം സ്ത്രീസൗന്ദര്യത്തെക്കുറിച്ചും കവി പാടി. വളരെ ലളിതമായ

ഭാഷയാണ് വള്ളത്തോളിന്റേത്. ഈ ഭാഷയിൽത്തന്നെയാണ് മഗ്ദലനമറിയം. ബന്ധനസ്ഥനായ അനിരുദ്ധൻ തുടങ്ങിയ പ്രണയം പ്രമേയമായിവരുന്ന കവിതകളും അദ്ദേഹം എഴുതിയത്.

ദേശത്തോടുള്ള സ്നേഹവും അതിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം വായനക്കാരെ ഉദ്ബോധിപ്പിച്ചു. ദേശീയപ്രസ്ഥാനങ്ങളെ പ്രോജ്ജ്വലിപ്പിക്കുകയും തന്റെ സർഗ്ഗാത്മകത അതിനായി വിനിയോഗിക്കുകയും ചെയ്ത കവിയാണ് വള്ളത്തോൾ. കേരളത്തിലെ ദേശീയ പ്രസ്ഥാനങ്ങൾക്ക് കരുത്തേകാനും അവയെ സമരത്തിന്റെയും സഹനത്തിന്റെയും പാതയിലേക്ക് ആകർഷിക്കാനും അദ്ദേഹത്തിന്റെ കവിതകൾക്ക് കഴിഞ്ഞു.

വള്ളത്തോൾനാരായണമേനോന്റെ ഖണ്ഡകാവ്യങ്ങളിൽ അധികവും പുരാണകഥാസന്ദർഭങ്ങളെ അടിസ്ഥാനമാക്കി രചിച്ചവയാണ്. ശിഷ്യനും മകനും, അച്ഛനും മകളും, ബന്ധനസ്ഥനായ അനിരുദ്ധൻ എന്നിവ അതിന് ഉദാഹരണമാണ്. ഉഷയും അനിരുദ്ധനും തമ്മിലുള്ള പ്രണയമാണ് ബന്ധസ്ഥനായ അനിരുദ്ധനിലെ പ്രമേയം

വള്ളത്തോളിന്റെ 'വിലാസലതിക'യും 'കൊച്ചുസീത'യും പ്രണയത്തെ സൂക്ഷ്മമായി അവതരിപ്പിക്കുന്ന കാവ്യമാണ്. 'വിലാസലതിക' എന്ന കൃതിയിൽ 'ശൃംഗാര'ത്തിനാണ് പ്രാധാന്യം. പൊതുവെ സങ്കേതനിഷ്ഠമായാണ് കവി ശൃംഗാരം അവതരിപ്പിച്ചിരിക്കുന്നത്. ഈ കവിതയെക്കുറിച്ച് കവിയുടെ വാക്കുകൾ; "ശൃംഗാരം എന്ന ശബ്ദം കേൾക്കുമ്പോൾ നെറ്റി ചുളിക്കുന്ന ചിലപരിഷ്കാരികൾ നമ്മുടെ ഇടയിലുണ്ട്. ആ ശബ്ദത്തിന്റെ അർത്ഥത്തെ വളരെ ആഭാസമായനിലയിൽ മാത്രം അറിയുന്നവരായ അപരിഷ്കൃതന്മാരും വളരെപ്പേരുണ്ട്. ഈ രണ്ടുകൂട്ടരുടെയും തെറ്റിദ്ധാരണയെ

ഇല്ലായ്മ ചെയ്ത് രസചക്രവർത്തിയായ ശൃംഗാരത്തിന്റെ യഥാർത്ഥ സ്വരൂപം വെളിവാക്കുന്നതിനാണ് വിലാസലതിക അങ്കുരിച്ചിട്ടുള്ളത്."[16] ആ കാലഘട്ടത്തിലെ സമൂഹഘടനയെ യഥാതഥമായി ആവിഷ്കരിച്ചിരിക്കുന്നു ഈ കവിത. നിശബ്ദതയും നെടുവീർപ്പും അടിയൊഴുക്കുസൃഷ്ടിക്കുന്ന ഈ കവിതയിൽ സമൂഹം സ്ത്രീയിൽ അടിച്ചേൽപ്പിച്ച സങ്കടം മുഴുവൻ അലയടിക്കുന്നു.

"ശ്രീയാണു,ർവശിയാണു,ശീലാവതിയാ-
ണെ,ന്നൊക്കെ നാട്ടാർവെടു-
പ്പായാഹന്ത,പുകഴ്ത്തുമീ മൊഴികളാൽ-
ക്കർണ്ണം തഴമ്പിച്ചു മേ;
പ്രേയാനോടൊരുമിപ്പതിന്നു തടവി
ല്ലാത്തോരുസാധാരണ-
സ്ത്രീയായാൽ മതിയായിരുന്നു, വിധിതാ-
നെന്നെച്ചതിച്ചു വൃഥാ!" [17]

ദേവദാസികുടുംബത്തിൽപ്പിറന്ന 'ചമ്പകവല്ലി'എന്ന പെൺകുട്ടിയുടെ കഥപറയുന്ന 'കൊച്ചുസീത'യും ഏറെ ശ്രദ്ധ നേടിയ കാവ്യമാണ്.

## 1.4 ജി.ശങ്കരക്കുറുപ്പ്

ജീവിതത്തിന്റെ ക്ഷണികതയെയും നശ്വരതയെയും കുറിച്ചാണ് മഹാകവി ജി.ശങ്കക്കുറുപ്പ് പാടിയത്. വ്യക്തിസത്തയും പ്രപഞ്ചസത്തയും തമ്മിലുള്ള പ്രണയമാണ് ശങ്കരക്കുറുപ്പിന്റെ പ്രണയകവിതകളിൽ കാണുന്നത്. അദ്ദേഹത്തിന്റെ പ്രണയകാവ്യങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് 'മൂന്ന

രുവിയും ഒരു പുഴയും.' മൂന്ന് കഥാപാത്രങ്ങളെ(രണ്ട് പുരുഷന്മാരും ഒരു സ്ത്രീയും) ആവിഷ്കരിച്ച് പ്രണയത്തിന്റെ തീവ്രത ആഖ്യാനം ചെയ്യുകയാണ് ജി.ശങ്കരക്കുറുപ്പ് ഈ കവിതയിൽ. പെരിയാറിന്റെ കരയാണ് കവിതാപരിസരം. ശങ്കരക്കുറുപ്പിന്റെ ശ്രദ്ധേയമായ മറ്റൊരു പ്രണയകാവ്യമാണ് സൂര്യകാന്തി. ഉൽക്കടമായ മൃത്യുബോധം ജി.ശങ്കരക്കുറുപ്പിന്റെ കവിതകളിൽ നിറഞ്ഞുനിൽക്കുന്നു. എന്നാൽ പിന്നീടിങ്ങോട്ട് മരണബോധമാണ് പല കവിതകളിലും കാണുന്നത്. അതിനെ മറികടക്കാൻ ആർക്കും ആവില്ല എന്ന ഒരവസ്ഥയിലാണ് ആ ബോധം എത്തിനിന്നത്.

"ഇന്നു ഞാൻ നാളെനീ ഇന്നുഞാൻനാളെനീ,
ഇന്നും പ്രതിധ്വനിക്കുന്നിതെന്നോർമ്മയിൽ"[18]

ഈ സത്യം കവി വായനക്കാരെ ഓർമ്മിപ്പിക്കുന്നുണ്ട്. ജി.യുടെ കവിതകൾ ഏറെയും ബിംബാത്മകമാണ്. മനസ്സിലെ ഭാവങ്ങളെ ആവിഷ്കരിക്കാൻ അദ്ദേഹം പലപ്പോഴും ബിംബങ്ങൾ പ്രയോഗിച്ചു.

ജി.ശങ്കരക്കുറുപ്പിന്റെ 'സൂര്യകാന്തി' കാൽപനിക കവിതകളുടെ എല്ലാ ലക്ഷണങ്ങളും ഒത്തുചേർന്നിരിക്കുന്ന ഒന്നത്രെ. ആരോടും പരാതിയോ പരിഭവമോ സൂര്യകാന്തിക്കില്ല. അവളുടെ മനസ്സിലെ വിഷാദം സൂര്യനിലേക്കെന്ന പോലെ വായനക്കാരിലേക്കും വ്യാപിക്കുന്നതായി അനുഭവപ്പെടുന്നു. വൈകാരികതയുടെ ഏറ്റവും മൂർത്തമായ അവസ്ഥകൾ സൂര്യകാന്തിയിലുടനീളം കാണാനാകുന്നു. സൂര്യകാന്തിക്ക് സൂര്യനോടുള്ള പ്രണയം എടുത്തു പറഞ്ഞുകൊണ്ടാണ് കവിത ആരംഭിക്കുന്നത്. കഥാനായിക കഥപറയുന്ന രീതിയിലാണ് ആഖ്യാനം. അവളുടെ ചിന്തകളും അനുഭൂതികളുമാണ് കവിത

യുടെ ആദ്യഭാഗങ്ങളിൽ. നായികക്ക് നായകനെ കാണുമ്പോഴുണ്ടാകുന്ന ലജ്ജാപാരവശ്യവും ഉണർവ്വുമെല്ലാം വളരെ സൂക്ഷ്മമായി കവി ആവിഷ്കരിച്ചിരിക്കുന്നു. അവളുടെ വികാരങ്ങളും ഭാവമാറ്റങ്ങളും കണ്ടില്ലെന്നു നടിക്കാൻ കാമുകനായ സൂര്യന് സാധിക്കുന്നില്ല.

"വല്ലതും പറയുവാനാഗ്രഹിക്കുന്നുണ്ടാവാ-

മില്ലയോ"[19]

എന്ന ഒരു ചോദ്യത്തിലൂടെ ഒരു ഒഴിഞ്ഞുമാറൽ സൂര്യൻ നടത്തുന്നതായി കവി സൂചിപ്പിക്കുന്നു.

പിന്നീടങ്ങോട്ട് നായികയ്ക്കുണ്ടാകുന്ന അപകർഷതാബോധവും അവളുടെ ചിന്താധാരയിലുണ്ടാകുന്ന മാറ്റവുമാണ് കവിതയിലുള്ളത്. സർവ്വസന്നുതൻ സവിധാവും നിർഗന്ധമായ പുഷ്പവും തമ്മിലുള്ള വ്യത്യാസമാണ് ഇവിടെ എടുത്തുപറയുന്നത്.

സൂര്യകാന്തിയെ പിരിയുന്ന വേളയിൽ കാമുകന്റെ മുഖം വിവർണ്ണമായി കാണപ്പെട്ടു എന്ന ഒരു സൂചന മാത്രമെ കവിതയിലുള്ളൂ. നായികയിൽ പലഭാവങ്ങൾ കാണുന്നുണ്ടെങ്കിലും നായകനിൽ അത്തരം ഭാവങ്ങളൊന്നും തന്നെയില്ല. നായികയിലുണ്ടാകുന്ന ഭാവങ്ങളെ അവൾ തന്ത്രപൂർവ്വം മറയ്ക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. കണ്ണുനീർ ആനന്ദത്താലുണ്ടായ മഞ്ഞുതുള്ളിയാണെന്നും കവിളിലുണ്ടായ തുടുപ്പ് ഇളവെയിലേറ്റിട്ടാണെന്നും ചാപല്യത്താലുണ്ടായ വിറയൽ കുളിർ കാറ്റേറ്റിട്ടാണെന്നും ഒക്കെ അഭിനയിക്കാനാണ് സൂര്യകാന്തി ശ്രമിക്കുന്നത്. തന്റെ ഈ പ്രണയം ആരും അറിയരുതെന്നും അവൾ തീവ്രമായി ആഗ്രഹിക്കുന്നു.

"പ്രേമമിന്നതിൻ ചൂടിൽ

ദഹിച്ചാൽ ദഹിക്കട്ടെ

മോഹന പ്രകാശ മെ-

ന്നാത്മാവു ചുംബിച്ചല്ലോ"[20]

എന്ന് സ്വയം ആശ്വസിക്കാനും കവി ശ്രമിക്കുന്നുണ്ട്. തീവ്രമായ, ഗാഢമായ പ്രണയം അതിന്റെ പരിസമാപ്തിയിലെത്തുന്നത് മരണത്തിലൂടെയാണെന്ന് വരുത്തിത്തീർക്കാനും കവി ശ്രമിക്കുകയാണ്. യാഥാർത്ഥ്യത്തിൽ നിന്ന് ഒളി ച്ചോടാതെ സൂര്യകാന്തി ഏകപക്ഷീയമായ ആത്മാഹുതിയിലേക്കാണ് നീങ്ങു ന്നത്. ഇവിടെ കാമുകനെ മരണത്തിലേക്ക് നയിക്കാൻ അവൾ തയ്യാറല്ല. അങ്ങനെയൊരു ചിന്തപോലും അവളിൽ വന്നിട്ടുമില്ല.

"വളരെ പണിപ്പെട്ടാ-

ണെന്റെ മേൽ നിന്നും ദേവൻ

തളരും സുരക്തമാം

കൈയ്യെടുത്തതു നൂനം"[21]

എന്ന് കവി കുറിച്ചിരിക്കുന്നു. അവസാനനിമിഷം തന്റെ പ്രണയത്തെ നായ കൻ തിരിച്ചറിഞ്ഞിരിക്കുന്നു എന്ന് സൂര്യകാന്തിക്ക് മനസ്സിലാകുന്നുണ്ട്. എന്നാൽ അത് സമനിലതെറ്റിയ തന്റെ തോന്നലാണെന്നും കവി പറയുന്നു. കവിതയുടെ അവസാനഭാഗമാകുമ്പോഴേക്കും വായനക്കാരിൽ കവി ഒരു പ്രതീക്ഷ ഉണർത്തുന്നു. എന്നാൽ തന്റെ ഇല്ലായ്മകൊണ്ട്, പ്രണയനായ കന് ഉത്സാഹമുണ്ടാക്കാൻ നായികയ്ക്ക് കഴിഞ്ഞു എന്നുവരുത്താൻ കവിക്ക് സാധ്യമായി. വാർദ്ധക്യകാലത്തെ പ്രണയത്തെയാണ് 'പെരുന്തച്ചൻ' എന്ന കവിതയിൽ ജി.ശങ്കരക്കുറുപ്പ് സൂചിപ്പിക്കുന്നത്.

## 1.5 ഇടപ്പള്ളി രാഘവൻപിള്ള

കാൽപനികതയുടെ നാന്ദി കുറിച്ചത് ഇടപ്പള്ളിക്കവിതകളിലാണെന്ന് പറയുന്നു. വിഷാദമാണ് ഇടപ്പള്ളിക്കവിതയുടെ മുഖമുദ്ര. ഈ വിഷാദം കവിയുടെ ഉള്ളിൽ അടിഞ്ഞുകൂടിയതിന് പല കാരണങ്ങൾ ഉള്ളതായി കണ്ടെത്താൻ കഴിയും. പ്രതീക്ഷയുടെ ഒരു തരിപോലും അദ്ദേഹത്തിനില്ല. ജീവിതത്തോടുള്ള അടങ്ങാത്ത അഭിനിവേശം, ഒരിക്കലും അത് സഫലമാക്കാൻ പറ്റാത്ത ഭൗതികസാഹചര്യങ്ങൾ, ഒരു തരം അഹംബോധം, സമൂഹത്തിൽ മാന്യമായി നടക്കാനുള്ള സാമ്പത്തികസ്ഥിതി ഇല്ലാത്ത അവസ്ഥ എന്നിവയാണ് ഈ വിഷാദത്തിന് കാരണമായി ഭവിച്ചത്. ഇതിനെല്ലാം തെല്ലൊരാശ്വാസം ലഭിച്ചത് അദ്ദേഹത്തിന്റെ തീവ്രവും ദിവ്യവുമായ പ്രണയത്തിലൂടെയാണ്. ആത്മാർത്ഥമായി പ്രണയിക്കുമ്പോഴും ഒരിക്കലും അത് സാഫല്യത്തിലെത്തുമെന്ന പ്രതീക്ഷ അദ്ദേഹത്തിനില്ല. ഒരു കൗമാരചാപല്യമോ കൗതുകമോ ആയിരുന്നില്ല ഇടപ്പള്ളിക്ക് പ്രണയം. അത് അപ്രാപ്യമെങ്കിലും യാഥാർഥ പ്രണയമായിരുന്നു. ഇടപ്പള്ളി കാൽപനികനായിരുന്നുവെങ്കിലും വെറുമൊരു സ്വപ്നജീവിമാത്രമായിരുന്നില്ല. ഇക്കാര്യം അദ്ദേഹത്തിന്റെ കവിതകൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു.

ഇടപ്പള്ളിയുടെ ഉള്ളിൽ മൃത്യുബോധം ഉണ്ടായിരുന്നുവെന്ന് ചില വിമർശകർ സൂചിപ്പിച്ചിട്ടുണ്ട്. പ്രണയഭംഗം ഉണ്ടായിരുന്നില്ലെങ്കിലും അദ്ദേഹം ആത്മഹത്യചെയ്യുമായിരുന്നു എന്ന് കവിയെപ്പറ്റി പറയുന്നുണ്ട്. നവസൗരഭം, ഹൃദയസ്മിതം, തുഷാരഹാരം, മണിനാദം, അവ്യക്തഗീതം എന്നീ കൃതികളും അദ്ദേഹത്തിന്റേതായുണ്ട്. അതിൽ ഏറെ പ്രശസ്തമായ മണിനാദത്തിലെ വരികൾ –

“മറവിതന്നിൽ മറഞ്ഞു മനസ്സാലെൻ

മരണഭേരിയടിക്കും സഖാക്കളെ

സഹതപിക്കാത്ത ലോകമേ! യെന്തിലും

സഹകരിക്കുന്ന ശാരദാകാശമേ

വരികയാണിതാ ഞാനൊരധഃകൃതൻ

കരയുവാനായ്പ്പിറന്നൊരു കാമുകൻ” [22]

തന്റെ ദുഃഖങ്ങൾക്കും ആഗ്രഹം നിറവേറാതെ പോയതിനുമൊക്കെ കാരണം സമൂഹവും സമൂഹത്തിലെ തെറ്റായ ചില സങ്കല്പങ്ങളുമാണെന്ന ധാരണ ഇടപ്പള്ളിക്കുണ്ടായിരുന്നു. മരണത്തിനുമാത്രമേ തന്നിലെ പ്രണയം ഇല്ലാ താക്കാൻ കഴിയുകയുള്ളൂവെന്ന് ഇടപ്പള്ളി ശക്തമായി വിശ്വസിച്ചു.

കലയിലും അനുരാഗത്തിലും ഫലം ഒരിക്കലും ആഗ്രഹിക്കരുതെന്ന് ഇടപ്പള്ളി വിശ്വസിച്ചിരുന്നു. ഈ ലോകം പ്രണയികൾക്ക് പറ്റിയതല്ല എന്ന് ഇടക്കിടെ കവി ആവർത്തിക്കുന്നതും കാണാം. അദ്ദേഹത്തിന്റെ പലകവിത കളിലും ഇത് സുവ്യക്തമായി കാണാനുമാവുന്നു.

“പ്രണയമേ നീയെന്റെയന്തരംഗം

വ്രണിതമാക്കീടുമെന്നോർത്തില്ല ഞാൻ

ചിരിയൊന്നറിയാതെ തൂകിപ്പോയാൽ

ചിരകാലം തീവ്രം കരഞ്ഞിടേണം”[23]- എന്ന് ‘തോഴിയോട്’ എന്ന കവിതയിൽ ഇടപ്പള്ളി വിലപിക്കുന്നു.

അത്യുൽകൃഷ്ടമായ ഒരു വിശുദ്ധവികാരമായാണ് ഇടപ്പള്ളി പ്രണ യത്തെ കണ്ടിരുന്നത്. ആദർശനിഷ്ഠമായ പ്രണയത്തെയാണ് അദ്ദേഹം

മനസ്സിൽ കൊണ്ടുനടന്നത്. കൊച്ചുകൊച്ചു പ്രതിബന്ധങ്ങൾപോലും അദ്ദേഹത്തിന്റെ മനസ്സിനെ വല്ലാതെ പിടിച്ചുലച്ചിരുന്നു.

## 1.6 ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

മുപ്പത്തേഴുവയസ്സുവരെ മാത്രം ജീവിച്ച ചങ്ങമ്പുഴ(1911-1948) നിരവധി പ്രണയാർദ്രകവിതകൾ രചിച്ചു. എങ്കിലും അമ്പത്തിയേഴോളം കൃതികൾ അദ്ദേഹം എഴുതിയിട്ടുണ്ട്. ഭാവഗീതത്തിനൊപ്പം ആഖ്യാനാത്മക കവിതകളും വിവർത്തനങ്ങളും ചങ്ങമ്പുഴ എഴുതി. ജീവിതത്തെ വെറും അനുഭൂതി തേടലാക്കി മാറ്റിയ കവിയാണദ്ദേഹം. ജീവിതത്തോടുള്ള അനിയന്ത്രിതമായ ആസക്തിയും ചങ്ങമ്പുഴക്കവിതകളിലെ അന്തർധാരയാണ്.

പ്രണയത്തെ അലൗകികമായ ഒരു പരിവേഷത്തോടെ ചിത്രീകരിക്കാനായിരുന്നു ചങ്ങമ്പുഴയ്ക്ക് ഏറെ ഇഷ്ടം. പ്രണയത്തിന്റെ മഹത്വം ശാരീരികമായ ബന്ധത്തിലൂടെ നശിപ്പിക്കാൻ ചങ്ങമ്പുഴ ശ്രമിച്ചില്ല. കാമത്തിന്റെ, സ്വാർത്ഥതയുടെ കറപുരളാത്ത സ്നേഹത്തെക്കുറിച്ചാണ് ചങ്ങമ്പുഴ പാടിയത്. പ്രേമത്തിന് ഒരു പടികൂടി ഉയർന്നസ്ഥാനം അദ്ദേഹം കൽപിച്ചു. പ്രണയത്തിൽ ശരീരങ്ങളല്ല മനസ്സുകളാണ് പരസ്പരം ഒന്നാകുന്നത് എന്ന് വരുത്താനാണ് ചങ്ങമ്പുഴ ശ്രമിച്ചത്.

തന്റെ സുഹൃത്തായ ഇടപ്പള്ളി ആത്മഹത്യചെയ്തത് 1936-ലാണ്. അതിലുണ്ടായ വേദനയിലാണ് അദ്ദേഹം രമണൻ രചിച്ചത്. സ്വന്തം പ്രേമബന്ധം പരിശുദ്ധമായി സൂക്ഷിക്കുവാൻ ശ്രമിച്ചിരുന്നുവെന്ന് രമണനിലെ ഈ വരികൾ ശ്രദ്ധിച്ചാൽ മനസ്സിലാകും.

"അന്യോന്യ ദർശനം ഞങ്ങൾക്കൊ-
രന്യോന്യ നിർവൃതിയേകിയിട്ടും

നിർണ്ണയമംഗുലീ സ്പർശനമെങ്കിലു-

മിന്നോളമുണ്ടായിട്ടില്ല തമ്മിൽ

പങ്കിലമാക്കുകില്ലാരാഗ രശ്മിതൻ

സങ്കൽപരംഗത്തിൽ വച്ചുപോലും"[24]

ഇതായിരുന്നു ചങ്ങമ്പുഴയുടെ പ്രണയത്തെക്കുറിച്ചുള്ള സങ്കൽപം. ഏതാണ്ട് ചന്ദ്രികയും ഇതേ അഭിപ്രായം തന്നെയാണ് പ്രകടിപ്പിച്ചിരുന്നത്.

പ്രേമത്തിന് കൽപിക്കുന്ന ഈ ദിവ്യത്വം കാൽപനിക കവിതകളുടെ പ്രത്യേകതയാണ്. സാഫല്യംനേടിയ പ്രണയകഥകളേക്കാൾ സാഫല്യമടയാത്ത പ്രേമനൈരാശ്യങ്ങളെക്കുറിച്ച് പാടാനാണ് അവർ ഏറെ ഇഷ്ടപ്പെട്ടത്. ചങ്ങമ്പുഴ ഏറെ പാടിയതും സാഫല്യമടയാത്ത പ്രേമബന്ധങ്ങളെക്കുറിച്ചാണ്. പ്രണയസാഫല്യം നേടാനാവാത്തതിൽ ലോകത്തെ കുറ്റം പറയുന്നവരാണ് അദ്ദേഹത്തിന്റെ നായകന്മാർ. തങ്ങൾ അനുഭവിക്കുന്ന പ്രേമനൈരാശ്യത്തിൽ ഒരു തരം ആനന്ദം അവർ കണ്ടെത്തിയിരുന്നതായി ആ കവിതകൾ വ്യക്തമാക്കുന്നു. ജീവിതത്തിൽ പ്രണയം സാഫല്യമടഞ്ഞില്ലെങ്കിൽ മരണത്തിലെങ്കിലും ഒന്നാകുവാൻ തങ്ങൾക്ക് കഴിയുമെന്ന് ചങ്ങമ്പുഴയുടെ കമിതാക്കൾ വിശ്വസിച്ചു.

ചങ്ങമ്പുഴയുടെ 'വസന്തോത്സവം' എന്ന കൃതിയിയിൽ രാധ അനുഭവിക്കുന്ന ഹൃദയവ്യഥയിൽ അവളോട് സഹതാപം പ്രകടിപ്പിക്കുവാൻ മുതിർന്ന തോഴിയോട് തനിക്ക് ആ പ്രണയപരാജയത്തിൽ ദുഃഖമൊന്നുമില്ലെന്നും പ്രണയസ്മരണകൾ ഒരിക്കലും ഒളിമങ്ങാതെ നിലനിൽക്കുമെന്നും പറയുന്നു. പ്രേമത്തിനുവേണ്ടി, അതിന്റെ പൂർണ്ണതയ്ക്കുവേണ്ടി തപശ്ചര്യ അനുഷ്ഠിക്കാൻപോലും തയ്യാറാകുന്ന നായകന്മാരേയും ചങ്ങമ്പുഴക്കവിത

യിൽ കാണാം. പാവനമായ പ്രേമത്തിനു പ്രതിഫലമായി സർവ്വേശ്വരൻ കണ്ണു നീരാണ് വിധിക്കുന്നതെങ്കിൽ അതു രണ്ടു കയ്യും നീട്ടി സ്വീകരിക്കാൻ തയ്യാറാകുന്ന നായികയെയും കവി സൃഷ്ടിച്ചിട്ടുണ്ട്. പ്രേമസാഫല്യം സംഭവിച്ചാൽ ചിലപ്പോൾ പ്രേമത്തിന് മങ്ങലേൽക്കാൻ സാധ്യതയുള്ളതായി ചങ്ങമ്പുഴയുടെ നായകന്മാർ കരുതുന്നതായി ചങ്ങമ്പുഴയുടെ കവിതകളിൽ കാണാം. തന്റെ പ്രണയിനി എന്നെന്നേക്കുമായി തന്നെവിട്ട് പോയാലേ അവൾക്ക് തന്നോടുള്ള പ്രണയം ശാശ്വതമായി നിലനിൽക്കുകയുള്ളൂ എന്നാണയാൾ വിശ്വസിച്ചിരുന്നത്. ഇതേ ആശയം മറ്റൊരു കവിതയിലും ചങ്ങമ്പുഴ അവതരിപ്പിക്കുന്നുണ്ട്.

'എന്നും അന്യരായിരുന്നാലേ നമ്മുടെ
ബന്ധത്തിന്റെ പുതുമ നശിക്കാതിരിക്കൂ'[25]

എന്ന് കാമുകൻ കാമുകിയോട് പറയുന്നുണ്ട്. എന്നും സുഖം ലഭിക്കുന്നത് ഒരു വസ്തുവിനെ പ്രതീക്ഷിച്ചുകഴിയുമ്പോഴാണ്. എന്നാൽ അത് കയ്യിൽക്കിട്ടിയാൽ അതിനോടുള്ള ആഗ്രഹത്തിന്റെ തീവ്രത കുറയും. ഇതേ ആശയം തന്നെയാണ് കവി സ്വയം പ്രയോഗിച്ചതും.

അനുരാഗത്തിന്റെ കണ്ണുനീരാണ് കവി പലപ്പോഴും ആവിഷ്കരിച്ചിരുന്നത്. പ്രണയശൂന്യമായ പുഞ്ചിരിയേക്കാൾ ഒരു പാട് വില അതിനുണ്ടെന്ന് അദ്ദേഹം കരുതിയിരുന്നു. പ്രണയത്തിന് വേണ്ടി യാചിക്കുന്ന നായികയുടെ ദുഃഖം വളരെ ഹൃദയഭേദകമായി വിവരിക്കുന്ന കവിതയാണ് 'രാഗഭിക്ഷുണി'. പ്രണയദുഃഖത്താൽ നീറിനീറിക്കഴിയുന്ന, സ്പന്ദിക്കുന്ന അസ്ഥിപഞ്ജരമായിത്തീർന്ന നായകൻ തന്റെ അസ്ഥിമാടം എന്നും പ്രണയസ്മൃതികളുടെ സ്പന്ദനങ്ങൾ ഉണ്ടാക്കുമെന്ന അവകാശവാദം ഉന്നയിക്കുന്നു. പ്രണയത്തിന്റെ

മഹത്ത്വത്തെ എന്നും വേറിട്ടുകാണാൻ ചങ്ങമ്പുഴ ശ്രദ്ധിച്ചിരുന്നു. പ്രണയം ആത്മാവിനു നൽകുന്ന ഒരുതരം അനിർവ്വചനീയമായ ആനന്ദം കവി അംഗീ കരിക്കുന്നുമുണ്ട്. 'രമണനിലെ' ചന്ദ്രികയുടെ വാക്കുകളിലൂടെ പ്രണയത്തിന്റെ മഹത്ത്വം കവി വ്യക്തമാക്കുന്നു.

"പൊട്ടുകില്ലിനി ഞങ്ങളിലുള്ളൊ-
രി പ്രണയത്തിൻ ശൃംഖല
നിർവൃതിതന്നപാരതയുടെ
നിർമ്മല സ്വപ്നമേഖല
കാലദേശങ്ങൾക്കപ്പുറം പൂത്തു-
ലാലസിക്കുന്ന പൂങ്കുല
ദുഃഖജീവിതം ഗാനശീകര-
മഗ്നമാക്കുന്ന പൊന്നല
ഇല്ലിനി,സ്സഖി,കൈവെടിയുക-
യില്ലതു ഞാനൊരിക്കലും"[26]

പ്രണയത്തിന്റെ മാഹാത്മ്യം വർണ്ണിച്ചുകൊണ്ട് 'പ്രേമപൂജ' എന്നൊരു കവി തയും അദ്ദേഹം എഴുതിയിട്ടുണ്ട്. തകർന്ന വീണയിൽ നിന്നുപോലും അത്ഭു തകരമായ സംഗീതവീചികൾ സൃഷ്ടിക്കാൻ പ്രണയത്തിന്റെ കരസ്പർശ നത്തിന് കഴിവുണ്ടെന്ന് കവി വ്യക്തമാക്കുന്നു. പ്രണയം ജീവിതത്തിന് സമ്മാ നിക്കുന്ന നിർവൃതികൾ നശിപ്പിക്കാൻ, ഇല്ലാതാക്കാൻ മരണത്തിനുപോലും കഴിയുകയില്ല. ജന്മജന്മാന്തരങ്ങളിലൂടെ സഞ്ചരിക്കാനും പ്രണയത്തിന് കഴി വുണ്ട്.

മാനസികപ്രയാസങ്ങളെ ഇല്ലാതാക്കാൻ മാത്രമല്ല ദുർവാസനകളിൽ

നിന്നും മനുഷ്യനെ രക്ഷിക്കാനും പ്രണയത്തിന് കരുത്തുണ്ടെന്ന് ചങ്ങമ്പുഴ വിശ്വസിച്ചിരുന്നു. നല്ലഗുണങ്ങളാൽ സമ്പന്നയായ ഒരു പെൺകുട്ടിയിൽ അനുരാഗമുദിച്ചാൽ പിശാചിന്റെ മനസ്സുള്ള ആൾപോലും ദേവനായി മാറുമെന്നാണ് ചങ്ങമ്പുഴയുടെ വിശ്വാസം.

പ്രണയത്തിന് മുന്നിൽ എപ്പോഴും ചങ്ങമ്പുഴ ദുർബ്ബലനായിരുന്നു. കള്ളത്തരത്തെ, കൊള്ളയെ തിരിച്ചറിയാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നില്ല. വിശ്വസിച്ചതിന്റെ പേരിൽ വഞ്ചിതനായ ധാരാളം അനുഭവങ്ങൾ അദ്ദേഹത്തിനുണ്ടായിട്ടുണ്ട്. ഒരു സ്ഥിരചിത്തനായിരുന്നില്ല ചങ്ങമ്പുഴ. പ്രണയത്തിന് മുന്നിൽ പലപ്പോഴും പതറിപ്പോകുന്ന സ്വഭാവം ചങ്ങമ്പുഴക്കവിതകളുടെ പ്രത്യേകതകളിലൊന്നാണ്.

## 1.7 പി.ഭാസ്ക്കരൻ

വയലാറിലെ സമരത്തെക്കുറിച്ചെഴുതിയ 'വയലാർ ഗർജ്ജിക്കുന്നു' എന്ന കൃതിയാണ് പി.ഭാസ്ക്കര(1924-2007)ന്റെ കാവ്യരംഗത്തെ ആദ്യകാൽവെപ്പ്. അദ്ദേഹത്തിന്റെ കവിതകൾ മിക്കതും വിപ്ലവാവേശം തുടിക്കുന്നവയായിരുന്നു. അതുകൊണ്ടുതന്നെ യുവജനങ്ങളെ സ്വന്തം കവിതകളിലൂടെ വികാരഭരിതരാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. അത്തരം വിപ്ലവഗാനങ്ങളിൽ സംഗീതവും ആവേശവും നിറഞ്ഞുനിന്നു. അവിടെ കാൽപനിക പ്രണയത്തിനൊന്നും യാതൊരു സ്ഥാനവുമില്ലെന്ന് വളരെ വ്യക്തമായിത്തന്നെ അദ്ദേഹം പ്രസ്താവിച്ചു.

'വില്ലാളിയാണുഞാൻ ജീവിതസൗന്ദര്യ
വല്ലകി മീട്ടലല്ലെന്റെ ലക്ഷ്യം'- [27]

എന്ന് പി.ഭാസ്കരൻ ഉദ്ഘോഷിച്ചു.

ആദ്യകവിതകളിലൊക്കെ ഇത്തരം സമീപനങ്ങൾ വച്ചുപുലർത്തിയിരുന്ന കവി ക്രമേണ ലാളിത്യമുള്ള ഭാവഗാനങ്ങൾ എഴുതുന്നതിൽ താൽപര്യം കാണിച്ചു. അൽപ്പം കൂടി കാൽപ്പനികത കലർന്ന കൃതിയാണ് അദ്ദേഹത്തിന്റെ 'ഓർക്കുക വല്ലപ്പോഴും'. പിരിമുറുക്കം ഒട്ടുമില്ലാതെ വായിച്ചുപോകാവുന്ന കവിതകളാണ് അദ്ദേഹത്തിന്റേത്. ലാളിത്യം ഏറെക്കുറെ ആ കവിതകളുടെ മുഖമുദ്രയായിരുന്നുവെന്നും പറയാം. ചില കവിതകൾ അൽപം വിഷാദാത്മകമായിരുന്നുതാനും. ആ കാലഘട്ടത്തിൽ നിലനിന്നിരുന്ന അരാജകത്വങ്ങൾക്കെതിരെ തൂലിക ചലിപ്പിക്കുകയും അതുവഴി സമത്വസുന്ദരമായ ഒരു ലോകം സ്വപ്നം കാണാനും അതിനായി പ്രവർത്തിക്കാനുമുള്ള ഇച്ഛ അനുവാചകരിൽ ഉണർത്താനും ആ കവിതകൾക്ക് കഴിഞ്ഞിട്ടുണ്ട്. ചലച്ചിത്രഗാന രംഗത്തും വിലപ്പെട്ട സംഭാവനകൾ നൽകിയ കവിയാണ് അദ്ദേഹം.

## 1.8 വയലാർ രാമവർമ്മ

ഇരുപതാംനൂറ്റാണ്ടിന്റെ മധ്യത്തിൽ കേരളസമൂഹം പ്രക്ഷുബ്ധവും സമരോന്മുഖവുമായിരുന്നു. അതിന് പല കാരണങ്ങളുമുണ്ടായിരുന്നു. സാമ്പത്തിക അസന്തുലിതാവസ്ഥയും സാമൂഹികമായ പ്രശ്നങ്ങളുമായിരുന്നു ഒരു പരിധിവരെ ഇതിന് കാരണമായത്. അതിനെതിരെ ചിന്തിക്കാൻ അക്കാലത്ത് ഒരു പറ്റം പ്രതിഭകൾ മുതിരുകയുണ്ടായി. രാഷ്ട്രീയരംഗത്ത് അക്കാലത്തുണ്ടായ പുതിയ പുതിയ ആശയങ്ങളും അതിന്റെ ഫലമായി രൂപപ്പെട്ട തിരിച്ചറിവുകളും ആ അസന്തുലിതാവസ്ഥയെ ചോദ്യംചെയ്യാൻ പ്രേരണനൽകി. ഇതിന്റെ ഫലമായി സമൂഹത്തിന്റെ അടിത്തട്ടിലേക്ക് അടിച്ചമർത്തപ്പെ

ട്ടവരുടെ ശബ്ദങ്ങൾ അവിടവിടെ ഉയർന്നുകേട്ടുതുടങ്ങി. അതുവരെ നിലനിന്നിരുന്ന മൂല്യങ്ങൾക്കും സങ്കല്പങ്ങൾക്കും മാറ്റങ്ങൾ സംഭവിച്ചു. അത് സമൂഹത്തെയാണ് ഇളക്കിമറിച്ചതെങ്കിൽ അതിന്റെ അലയൊലികൾ ആ കാലത്തെ സാഹിത്യകൃതികളിലും വളരെയേറെ പ്രകടമായി. സമൂഹത്തിലെ ഉന്നതരുടെ ചരിത്രങ്ങളും ജീവിതങ്ങളും കാവ്യോപാധിയാവുന്ന നിലയ്ക്ക് മാറ്റം വന്നു. പകരം സാധാരണക്കാരന്റെയും തൊഴിലാളിയുടെയും റിക്ഷാക്കാരന്റേയുമൊക്കെ ജീവിതാനുഭവങ്ങൾ കാവ്യവിഷയമായി.

ഇത്തരം ആശയങ്ങൾക്കായിരുന്നു വയലാർ രാമവർമ്മ തന്റെ കൃതികളിലും പ്രാമുഖ്യം നൽകിയത്. 'ഇത്താപ്പിരി'യും 'കുചേലൻ കുഞ്ഞൻനായരും', 'ആയിഷ'യും 'തെലുങ്കാനയിലെ അമ്മ'യുമൊക്കെ ആ കാലത്ത് പിറവിയെടുത്ത കവിതകളാണ്. മനുഷ്യമഹത്വത്തിന് വയലാർ ഏറെ പ്രാധാന്യം കൊടുത്തു. അതുകൊണ്ടുതന്നെ ദൈവങ്ങളെയും മതങ്ങളെയുമൊക്കെ തള്ളിപ്പറയാൻപോലും ചില കവിതകളിലൂടെ വയലാർ ശ്രമിച്ചു.

"വാളല്ലെൻ സമരായുധം,ഝണഝണ-
ധ്വാനംമുഴക്കീടുവാ-
നാള,ല്ലെൻ കരവാളുവിറ്റൊരുമണി-
പ്പൊൻവീണവാങ്ങിച്ചുഞാൻ"[28]

തൂലിക പടവാളാക്കിയ കവി തന്റെ കരവാളുവിറ്റ് 'മണിപ്പൊൻവീണ' വാങ്ങുകയായിരുന്നു. കേരളസമൂഹത്തിൽ അക്കാലത്ത് നിലനിന്നിരുന്ന വിവിധങ്ങളായ വേർതിരിവുകളെ ഒരേ ചരടിൽ കൂട്ടിയിണക്കിക്കൊണ്ടാണ് വയലാർ 'ആയിഷ' എന്നകാവ്യം രചിച്ചത്. ഒരു സവിശേഷ രാഷ്ട്രീയമാനം പ്രകടമാണ് 'ആയിഷ' എന്നകാവ്യത്തിൽ. മനുഷ്യനിലെ വികാരങ്ങൾക്കും വിചാരങ്ങൾക്കും വിലക്കുകളില്ലാത്ത രചനകളായിരുന്നു അദ്ദേഹത്തിന്റേത്.

വയലാറിന്റെ രാഷ്ട്രീയാധിഷ്ഠിതമായ കാഴ്ചപ്പാട് ആരംഭിക്കുന്നത് ഗാന്ധിയൻ ദർശനങ്ങളിലൂടെയാണ്. 'പാദമുദ്രകളി'ലെ കവിതകൾ ഈ കാര്യം സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. ഇത്തരം ചിന്തകളിലൊതുങ്ങി നിൽക്കാതെ മാന വികതാദർശനങ്ങളിലേക്കും വർഗ്ഗസമരങ്ങളിലേക്കും ആ ചിന്താധാരകൾ വ്യാപിക്കുന്നതായി കാണാം. വിപ്ലവവീര്യം തുളുമ്പുന്ന നിരവധി നാടകഗാ നങ്ങളും അദ്ദേഹം രചിച്ചു. അനേകം ചലച്ചിത്രഗാനങ്ങളും വയലാറിന്റേതാ യിട്ടുണ്ട്.

## 1.9 ഒ.എൻ.വി.കുറുപ്പ്

ഓരോ പുരുഷന്റെ പിന്നിലും അവന്റെ ശക്തികേന്ദ്രമായി പലപ്പോഴും ഒരു സ്ത്രീ ഉണ്ടായിരിക്കും എന്ന് ഉറച്ചുവിശ്വസിച്ച കവിയാണ് ഒ.എൻ.വി. കുറുപ്പ് (1931–2010). അപ്പോഴൊക്കെ 'നിറകുടത്തിന്റെ മൗനസംഗീതമായി' കവിയോടൊപ്പം നിന്ന സരോജിനിയെ കൂടാതെ അദ്ദേഹത്തിന് കവിത ഉണ്ടാ യിരുന്നില്ല.

കുഞ്ഞിന്റെ ചോറൂണുകഴിഞ്ഞ് മടങ്ങുമ്പോൾ വഴിയിൽ ചെത്തിപ്പഴം കാണുകയും അത് വേണമെന്ന് പറയുകയും ചെയ്യുന്ന ഭാര്യയിലൂടെ മന സ്സിലെ കൗമാരം നിത്യമായി നിലനിർത്തുന്ന ഒരു സഖിയെ അനുവാചകർക്ക് കാണാം.

"എത്ര നീ വളർന്നൂ പത്നിയാ,യമ്മയായ്
എത്ര പിന്നിട്ടൂ വഴിത്തിരിവെങ്കിലും
നിന്നിലെ കൗമാരയാം മറ്റൊരു
നിന്നെയാണിങ്ങുഞാൻ കണ്ടതു ഹാ! സഖീ"[29]

പ്രായമായിട്ടും ഒരു ചെത്തിപ്പഴമോ ഒരു പവിഴമല്ലിപ്പൂവോ കാണുമ്പോൾ കൗമാരചിന്തകൾ ഉണരുന്ന ഒരു സഖിയെ ചോറൂണ് എന്ന കവിതയിൽ കാണാം. അത് തിരിച്ചറിയാനുള്ള സാവകാശവും കാൽപ്പനികതയും ഭർത്തൃ ഹൃദയത്തിലുണ്ടാവുന്ന ഒരു അവസ്ഥയാണ് കവി പത്നിക്ക് അനുഭവിക്കാൻ കഴിഞ്ഞത്. 'മാരിവില്ലിൻ തേന്മലരേ..." എന്ന നാടകഗാനവും ഒ.എൻ.വിയു ടേതാണ്.

കുഞ്ഞായിരിക്കുമ്പോൾത്തന്നെ ഉന്നത കവിഭാവനകൾ കവിയിൽ ഉണ്ടായിരുന്നതായി കരുതേണ്ടിയിരിക്കുന്നു. പലപ്പോഴും അത് അദ്ദേഹത്തിന്റെ കവിതകളിലൂടെ വ്യക്തമാകുന്നുമുണ്ട്.

## 1.10 ഇടശ്ശേരി ഗോവിന്ദൻ നായർ

തികച്ചും ഗ്രാമീണത നിറഞ്ഞ കവിതകളായിരുന്നു ഇടശ്ശേരി (1906-1974) ഗോവിന്ദൻ നായരുടേത്. നെല്ലുകുത്തുകാരി പാറുവിന്റെ കഥയും നല്ല വസ്ത്ര മില്ലാത്തതുകൊണ്ട് വിവാഹലോചനയുമായി വരുന്നവരുടെ മുന്നിലെത്താൻ കഴിയാത്ത ഗ്രാമീണ വധുവിന്റെ ധർമ്മസങ്കടങ്ങളും സ്വന്തം മകളുടെ വീട്ടിൽ ചെന്നുകയറാൻ സാമ്പത്തിക പരാധീനതമൂലം കഴിയാതെ കുഴങ്ങുന്ന അച്ഛന്റെ വ്യഥകളും തന്റെ കാമുകൻ തന്നെയുപേക്ഷിച്ച് തന്റെ അനുജത്തി യുടെ കഴുത്തിൽ വരണമാല്യം അണിയിച്ചതിന്റെ അടുത്തപ്രഭാതത്തിൽ അനുജനെ സാക്ഷിയാക്കി ആത്മഹത്യ ചെയ്യുന്ന സഹോദരിയുമൊക്കെ ഇ ടശ്ശേരിയുടെ കാവ്യഭാവനയിൽ ഉടലെടുത്തവരാണ്. ഗ്രാമീണജീവിതത്തിൽ സംഭവിക്കുന്ന ഇത്തരം ഓരോ പ്രശ്നങ്ങളും വായനക്കാരുടെ മനസ്സിൽ ആഴത്തിൽ സ്പർശിക്കാൻ ഇടശ്ശേരിക്കവിതകൾക്ക് സാധ്യമായിട്ടുണ്ട്.

യഥാർത്ഥജീവിതമാണ് പലപ്പോഴും ഇടശ്ശേരി ആവിഷ്കരിക്കാൻ ശ്രമിച്ചത്. കാൽപ്പനികതയുടെ മായികപ്രപഞ്ചം സൃഷ്ടിക്കാൻ അദ്ദേഹം ശ്രമിച്ചില്ല. ഇടശ്ശേരിയുടെ മറ്റൊരു പ്രണയകവിതയാണ് വിവാഹസമ്മാനം.

## 1.11 വൈലോപ്പിള്ളി ശ്രീധരമേനോൻ

റൊമാന്റിക് കവിതയുടെ സ്വഭാവമായ വികാരത്തള്ളിച്ച ഇല്ലാതെ കവിതകൾ എഴുതാൻ ശ്രമിച്ച കവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ (1911–1984). എന്നാൽ വ്യക്തിഗത അംശങ്ങളിൽ പലപ്പോഴും വളരെ പ്രകടമായ അളവിൽ സാമൂഹികമാനം കലർന്നുപോവുകയും ചെയ്യുന്നുണ്ട്. കന്യക, നിന്റെ ഹൃദയം, ചുംബനം, കാശിത്തുമ്പകൾ, കാക്കകൾ, വസന്തത്തിന്റെ പുഷ്പങ്ങൾ, പ്രാർത്ഥന, കണ്ണീർപ്പാടം എന്നീ വൈലോപ്പിള്ളി കവിതകളിലെല്ലാം തന്നെ പ്രണയത്തിന്റെ ചൂടും ഉൾത്തുടിപ്പും കാണാൻ കഴിയുന്നു. പ്രണയത്തിന് അപൂർവ്വമായ ഒരു ശൃംഗാരഭാവമാണ് അദ്ദേഹത്തിന്റെ കവിതകളിൽ കാണാനാവുന്നത്. ആദ്യകവിതാസമാഹാരമായ 'കന്നിക്കൊയ്ത്തിൽ'ത്തന്നെ പക്വമായ ഒരു കവി മനസ്സ് കാണാം. വള്ളത്തോളിന്റെ കാവ്യഭാഷയാണ് വൈലോപ്പിള്ളിയെ ഏറെ സ്വാധീനിച്ചത്.

വൈലോപ്പിള്ളി പ്രണയം പ്രമേയമാക്കി നിരവധി കവിതകൾ എഴുതിയിട്ടുണ്ട്. പ്രണയത്തിന് സ്വർഗ്ഗീയാനുഭൂതി സൃഷ്ടിക്കാൻ കഴിയുമെങ്കിലും പലപ്പോഴും നരകമാക്കിമാറ്റാനും കാരണമായിത്തീരുമെന്നും കവി അഭിപ്രായപ്പെടുന്നുണ്ട്. "പുള്ളിമാനിന്റെ പുറകെ പുലിയെയും വസന്തവായുവിൽ വസൂരി രോഗാണുക്കളെയും ദർശിക്കാതിരിക്കാൻ എനിക്ക് സാധ്യമല്ല'[30] എന്ന കവിയുടെ പ്രകൃതിദർശനം അദ്ദേഹത്തിന്റെ ജീവിതദർശനം തന്നെയാണെന്ന്

ചില കവിതകൾ വായിക്കുമ്പോൾ മനസ്സിലാകും. ജീവിതത്തിലുണ്ടാകുന്ന തികച്ചും വൈരുദ്ധ്യാത്മകമായ രണ്ടു തലങ്ങളെ ഒരുമിച്ചുകാണാനും ഒരേ കവിതയിൽ തന്നെ രണ്ടുതലങ്ങളെയും ഒരുമിച്ച് കൊണ്ടുപോകാനും വൈലോപ്പിള്ളിക്ക് കഴിയുന്നതും അദ്ദേഹത്തിന്റെ ഈ പ്രത്യേകത കൊണ്ടു തന്നെയാണ്. വൈലോപ്പിള്ളിക്കവിതയിൽ കൂടുതൽ പ്രകടമാകുന്നത് അന്തഃസംഘർഷങ്ങളാണ്. മാനസികമായ പ്രശ്നങ്ങളും അതിനെത്തുടർന്നു ണ്ടാകുന്ന മനസ്സിന്റെ സംഘർഷാവസ്ഥയുമൊക്കെ പ്രമേയമാക്കി അദ്ദേഹം. യുഗപരിവർത്തനം, കണ്ണീർപ്പാടം, ഉജ്ജ്വല മുഹൂർത്തം, കുടിയൊഴിക്കൽ എന്നിവയൊക്കെ ഈ വിഭാഗത്തിൽപ്പെടുന്ന പ്രണയകവിതകളാണ്.

മരണത്തിന് ഇല്ലാതാക്കാൻ കഴിയുന്നത് വ്യക്തിജീവിതത്തെയാണ്. അല്ലാതെ ജീവിതമെന്ന മഹാപ്രവാഹത്തെയല്ല, മരണത്തിന് അതൊരിക്കലും സാധിക്കുകയുമില്ല.

"ഹാ! വിജിഗീഷു മൃത്യുവിന്നാമോ

ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ"[31]

-എന്ന് കവി ചോദിച്ചുപോകുന്നുണ്ട്. കവി മരണത്തെ വെല്ലുവിളിക്കുക യാണോ എന്നുതോന്നാം. എങ്കിലും ആ വെല്ലുവിളിക്കുപിന്നിൽ തീവ്രമായ ദുരന്തബോധത്തിന്റെ സാന്നിധ്യവും പ്രകടമത്രെ.

സ്വന്തം ജീവിതത്തിൽ ഒരു അനുരഞ്ജനത്തിനും കവി തയ്യാറായിരു ന്നില്ല. എന്നാൽ കവിതയിലെത്തുമ്പോൾ സ്ഥിതി അതല്ല. ഏത് അനുര ഞ്ജനത്തിനും തയ്യാറാവുന്ന കവിയെയാണ് കവിതയിൽ കാണാനാവുക. ഗ്രാമീണ സംസ്കാരത്തിന്റെ സവിശേഷതകളായ വിശുദ്ധിയും നന്മകളും കൈവിട്ടുകളയാൻ മടി കാണിക്കുന്ന കവി വരാനിരിക്കുന്ന മാറുന്ന പരിത സ്ഥിതിയോട് ഇണങ്ങിച്ചേരാനും തയ്യാറാകുന്നുണ്ട്.

"ഈടുവയ്പുകളെല്ലാം പോകിലും പുതിയൊരു

നാടുനമ്മുടേതാകാം അസംഖ്യം തോഴന്മാരും"[32]

എന്ന് പാടുന്ന കവിമനസ്സിൽ അനുരഞ്ജനമുണ്ടെങ്കിലും ഒരു നെടുവീർപ്പും ഉയർന്നുകേൾക്കാനാവുന്നു. മിക്കവാറും മുൾക്കാടായ ദാമ്പത്യത്തിന്റെ കണ്ണീർപ്പാടത്തുവച്ച് ഗ്രാമീണമായ ലാളിത്യത്തോടെ അനുരഞ്ജിക്കപ്പെടുന്ന ഭാര്യാഭർത്താക്കന്മാരുടെ ചിത്രമാണ് 'കണ്ണീർപ്പാട'ത്തിൽ.

"തമ്മിലത്രമേലിഷ്ട-

മാകിലും,സ്നേഹസ്വാർത്ഥ-

ജൃംഭിതങ്ങളാൽ,പരി-

ഭവത്താ,ലസൂയയാൽ"[33]

എന്ന് കവി ആവിഷ്കരിക്കുന്നുണ്ട്. എങ്കിലും കവിതയുടെ അവസാനമാകുമ്പോഴേക്കും അവർ അനുരഞ്ജനത്തിന്റെ പാതയിൽ എത്തിനിൽക്കുന്നതായി കാണാം.

ദാമ്പത്യത്തിലുണ്ടാകുന്ന പ്രശ്നങ്ങളും സങ്കീർണ്ണതകളുമാണ് 'കണ്ണീർപ്പാടം' എന്ന കവിതയിൽ. ഉള്ളിലുള്ള വേദനകളും പ്രയാസങ്ങളും തുറന്നുപറയാതെ മനസ്സിലൊതുക്കി നെടുവീർപ്പിടുന്ന രണ്ടാത്മാക്കളാണിവിടെ കവിയും ഭാര്യയും. ഭാര്യയോട് ചെറിയ പരിഭവമൊക്കെയുണ്ടെങ്കിലും അതിലും കൂടുതൽ സ്നേഹവും കവിമനസ്സിലുണ്ട്. അതുകൊണ്ടാണ്-

"സാരി നീ ചെരിച്ചേറ്റി-

പ്പോകെ നിൻമൃദുരോമ-

ചാരുവാം കണങ്കാൽ ക-

ണ്ടെനിക്കുപാവം തോന്നി"[34]

എന്ന് കവി പറയുന്നത്. ഭാര്യയോടുള്ള സ്നേഹമാണ്, പ്രണയമാണ് ഇവിടെ കാണുന്നത്. പിന്നീടവർ ഒന്നായി മാറുന്നു.

'ഊഞ്ഞാലിൽ' എന്ന കവിതയിലാകട്ടെ നായികാനായകന്മാർ ജീവിതത്തിന്റെ സായംകാലങ്ങളിൽ എത്തിനിൽക്കുന്നവരാണ്. അവർ വിവാഹിതരായിട്ട് മുപ്പത്കൊല്ലം കഴിഞ്ഞിരിക്കുന്നു. ജീവിതത്തിൽ പ്രധാനപ്പെട്ട പല സംഭവങ്ങളും നടന്നു. എന്നിട്ടും ഒരു തിരുവാതിരരാവിൽ അവർ പരസ്പരം തങ്ങളെത്തന്നെ മറന്നുപോയ, ലോലവും മുഗ്ദ്ധവുമായ ഏതോ ഒരു പ്രണയത്തിന്റെ തലത്തിലേക്ക് സ്വയം ആകർഷിക്കപ്പെടുകയാണ്. വിവാഹം കഴിഞ്ഞ ആദ്യനാളുകളിൽ 'മന്ദസ്മിത മുഗ്ദ്ധയായ പൊന്നാതിരമാതിരി' സുന്ദരിയായിരുന്നത്രേ ഭാര്യ. നായകഹൃദയത്തിൽ തിരുവാതിരത്തീക്കട്ടപോലെ ഇന്നും നായികയുടെ ആദ്യകാല ലാവണ്യം ജ്വലിച്ചുനിൽക്കുകയാണ്.

"മുപ്പത് കൊല്ലം മുമ്പ്
നീയുമീ മന്ദസ്മിത-
മുഗ്ദ്ധയാം പൊന്നാതിര
മാതിരിയിരുന്നപ്പോൾ
ഇതുപോലൊരു രാവിൽ
ത്തൂമഞ്ഞും വെളിച്ചവും
മധുവുമിറ്റിറ്റുമീ
മുറ്റത്തെ മാവിൻചോട്ടിൽ
ആരുമേ കാണാതിരു-
ന്നുഴിഞ്ഞാലാടീലേ നാം
നൂറുവെറ്റില തിന്ന
പുലരി വരുവോളം?"[35]

പ്രായമായപ്പോഴും കാമുകമനസ്സിൽ കുടികൊള്ളുന്ന രതിഭാവത്തെ ഉണർത്താൻ മാമ്പൂവിനും തിരുവാതിരരാവിനും അനായാസം സാധിച്ചിരിക്കുന്നു. ഈ അനുരാഗഭാവത്തിൽ മുറ്റിനിൽക്കുന്ന വൈലോപ്പിള്ളിയുടെ കവിത്വവൈഭവത്തിന് ഉദാഹരണങ്ങളാണ് അദ്ദേഹത്തിന്റെ പ്രണയകവിതകൾ. അപൂർവ്വമായിമാത്രം കാണുന്ന അനുരാഗനുഭൂതി അനുവാചകരിൽ ഉണർത്താനും കവിക്ക് കഴിയുന്നു.

## 1.12 ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരി

1950–നുശേഷമാണ് ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട് കാവ്യരംഗത്തേക്ക് കടന്നുവരുന്നത്. അതുവരെ കാൽപ്പനികമായ ഭാവമാണ് പ്രണയത്തിന് സമൂഹം നൽകിയിരുന്നത്. എന്നാൽ ഒളപ്പമണ്ണ അതിനോട് തീർത്തും വിയോജിച്ചു. പ്രണയം ജീവസഹജമായ കാമവാസനയാണെന്നാണ് അദ്ദേഹം പറഞ്ഞത്. ഒട്ടുംവൈകാതെ തന്റെ അഭിപ്രായങ്ങൾ ശരിയല്ലെന്നും അതെല്ലാം അപക്വമായ ആശയങ്ങളാണെന്നും ഒളപ്പമണ്ണ തിരിച്ചറിഞ്ഞു. പിന്നീട് പ്രണയത്തെ മറ്റൊരുരീതിയിലാണ് അദ്ദേഹം കണ്ടത്. പിന്നീട് എഴുതിയ കവിതകളെല്ലാം തന്നെ ദാമ്പത്യപ്രണയത്തെക്കുറിച്ചും അതിന്റെ വിശുദ്ധിയെക്കുറിച്ചുമായിരുന്നു. പ്രണയമെന്നാൽ ദമ്പതികളുടെ സമർപ്പണപൂർണ്ണമായ പ്രണയമാണെന്നാണ് അദ്ദേഹം അർത്ഥമാക്കിയത്.

മാതൃത്വത്തിന്റെ സ്മരണ, സാന്നിധ്യം ഇവയൊക്കെ അദ്ദേഹത്തിന്റെ ചില കവിതകളിൽ നിറഞ്ഞുനിൽക്കുന്നു. അത്തരം ആശയങ്ങൾ അദ്ദേഹത്തെ ഏറെ സ്വാധീനിച്ചിരുന്നു. മാനസികമായ ഒരടുപ്പം അത്തരം വിഷയങ്ങളോട് അദ്ദേഹത്തിനുണ്ടായിട്ടുണ്ടാവാം, കവിതയിലൂടെ കഥ പറയുന്ന

തിൽ കവിക്ക് പ്രത്യേക ചാതുരിയുണ്ടായിരുന്നു. ഇത് തെളിയിക്കുന്ന കൃതി യാണ് 'നങ്ങേമക്കുട്ടി'യും 'പാഞ്ചാലി'യും. നങ്ങേമക്കുട്ടി (1967) ആചാരബ ന്ധമായ ഒരു സമൂഹത്തിന്റെ കഠോരതകൊണ്ട് തളർന്നുപോയ ജിവിതത്തിന്റെ കഥയാണ്. ചതിക്കപ്പെടുന്ന പ്രണയമാണ് നങ്ങേമക്കുട്ടി എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

## 1.13 എൻ.വി.കൃഷ്ണവാര്യർ

എൻ.വി.കൃഷ്ണവാര്യർ ചങ്ങമ്പുഴയുടെ കാല്പനികസ്വഭാവ ത്തിൽനിന്ന് തീർത്തും വിഭിന്നമായി കവിതയെ സമീപിച്ച വ്യക്തിയാണ്. ചങ്ങമ്പുഴ കവിതയെഴുത്ത് നിർത്തണം എന്ന പ്രമേയം പാസാക്കിയ വ്യക്തി യാണ് എൻ.വി.കൃഷ്ണവാര്യർ. അദ്ദേഹത്തിന്റെ മദിരാശിയിലെ സായാഹ്നം, കൊച്ചുതൊമ്മൻ പോലുള്ള കവിതകളിൽ പുതിയ നാഗരികസംസ്കാര ത്തിന്റെ ഇടയിൽ രൂപപ്പെട്ടുവന്ന പ്രണയത്തെയാണ് ആവിഷ്കരിക്കുന്നത്.

പാശ്ചാത്യപൗരസ്ത്യ സാഹിത്യങ്ങളിൽ ഒരുപോലെ അവഗാഹം നേടിയ പണ്ഡിതനും ബഹുഭാഷാവിദഗ്ധനുമായിരുന്നു എൻ.വി.കൃഷ്ണ വാര്യർ (1916–1989). കാൽപ്പനികതയുടെ ദുർബ്ബലതകളെ വ്യക്തമായി തിരി ച്ചറിഞ്ഞ ആളായിരുന്നു എൻ.വി. അവയ്ക്കെതിരായുള്ള പ്രവണതകൾ കവി തയിൽ കൊണ്ടുവരാനാണ് അദ്ദേഹം ശ്രമിച്ചത്. കൊച്ചുതൊമ്മൻ, നീണ്ടകവി തകൾ, കുറേക്കൂടി നീണ്ടകവിതകൾ, ഗാന്ധിയും ഗോഡ്സേയും, കാളിദാ സന്റെ സിംഹാസനം എന്നിവ അദ്ദേഹത്തിന്റെ പ്രമുഖ കൃതികളത്രെ. ആദർശവൽക്കൃതമായ കാൽപ്പനിക പ്രണയവും അതിന്റെ നിരർത്ഥകത യും വ്യക്തമാക്കുന്ന കവിതയാണ് 'കൊച്ചുതൊമ്മൻ'.

യഥാർത്ഥത്തിൽ പ്രണയവിരുദ്ധതയാണ് ഈ കവിതയിൽ കാണാനാവുന്നത്. ആദ്യമൊക്കെ കൊച്ചുതൊമ്മന്റെ പ്രണയത്തെ ക്ലാര തള്ളിക്കളയുകയാണ്. എന്നാൽ അവളുടെ ഒറ്റപ്പെടലിൽ തുണയായി അവസാനം കൊച്ചുതൊമ്മൻ മാത്രമേ എത്തുന്നുള്ളൂ. അപ്പോഴാണ് അവൾ യാഥാർത്ഥ്യം തിരിച്ചറിയുന്നത്. യാഥാർത്ഥ്യത്തിലൂടെ പ്രണയത്തിലേക്കെത്തുന്നതാണ് കവിതയുടെ പ്രമേയം.

മലയാളത്തിലെ ഏറ്റവും നിശിതമായ ആക്ഷേപഹാസ്യ കവിതകളിലൊന്നാണ് ബംഗാൾക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട 'എലികൾ'. അന്യോന്യം കലഹിച്ച് സ്വാർത്ഥത കാണിച്ച് സ്വന്തം വംശത്തെ തന്നെ നശിപ്പിക്കാൻ തിരക്കുകാണിക്കുന്ന മനുഷ്യരേക്കാൾ എത്രയോ നല്ലവരാണ് എലികൾ എന്നാണ് എൻ.വി. ഈ കവിതയിലൂടെ പറയുന്നത്. കാൽപനികത തീരെയില്ലാത്ത കവിയാണ് എൻ.വി.യെന്ന് പറയാൻ പറ്റില്ല. കാൽപനികതയുടെ ദൗർബല്യങ്ങളെയാണ് അദ്ദേഹം നിശിതമായി വിമർശിച്ചത്.

## 1.14 വിഷ്ണുനാരായണൻ നമ്പൂതിരി

വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ആദ്യകൃതി 'സ്വാതന്ത്ര്യത്തെക്കുറിച്ചൊരു ഗീതം' എന്ന കവിതാസമാഹാരമാണ്. അദ്ദേഹത്തിന്റെ കവിതകളിൽ കാൽപ്പനികതയ്ക്ക് പ്രാധാന്യമുള്ളതായിക്കാണാം.'പ്രണയഗീതങ്ങൾ' എന്ന സമാഹാരവും അദ്ദേഹത്തിന്റേതായിട്ടുണ്ട്. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചും ആ സ്വപ്നങ്ങളെക്കുറിച്ചുമൊക്കെയാണ് ആദ്യകാല കവിതകളിൽ കാണാനാവുക. സാമ്പത്തികമായും സാമൂഹികമായും നിലനിന്ന ഉച്ചനീചത്വങ്ങളെയും അധഃസ്ഥിതത്വത്തെയുമൊക്കെ കവി നിശിതമായ ഭാഷ

യിൽ വിമർശിക്കുന്നുണ്ട്. 'ജീവിതത്തോടും സാഹചര്യത്തോടുമുള്ള പ്രതി കരണമാണ് ഈ കവിതകൾ എന്ന് കവി തന്നെ വ്യക്തമാക്കുന്നു. നാടകീയ മായ ചില പുരാവൃത്തങ്ങളെ മാറ്റി പുതുജീവൻ നൽകി അവതരിപ്പിക്കാനും അദ്ദേഹം ശ്രമിച്ചു. തന്റെ ധർമ്മപത്നിയുടെ അനർഘമായ മനസ്സിന്റെ പൊരുൾ ഗ്രഹിക്കാൻ കഴിയാത്ത ശ്രീരാമനെ അവതരിപ്പിക്കുന്ന 'ഭൂമികന്യ കയെത്തേടി' എന്ന കവിത ഈ മാറ്റത്തിന് ഉദാഹരണമാണ്.

വേദങ്ങളിലും ഉപനിഷത്തുകളിലും പരിഹാരം കണ്ടെത്താനാവാത്ത തായി ഒരു പ്രശ്നവും മനുഷ്യർക്കില്ലെന്നതാണ് അദ്ദേഹത്തിന്റെ കവിത കൾ വ്യക്തമാക്കുന്നത്. അരണ്യകം, ഉജ്ജയിനിയിലെ പാട്ടുകൾ എന്നീ കാവ്യസമാഹാരങ്ങൾ ഇത് വ്യക്തമാക്കുന്നു. സംഘർഷം നിറഞ്ഞ മനസ്സു കളിൽ നിന്നാണ് ഭാവതീവ്രമായ കവിതകൾ ജനിക്കുക എന്നും ഈ കവി തകളുടെ ആത്മാവ് വ്യക്തമാക്കുന്നു. മനസ്സിൽ നിന്ന് സംഘർഷം ഒഴിയു മ്പോൾ സ്വാഭാവികമായും കാവ്യഭാവങ്ങളുടെ തീവ്രതയ്ക്കും മങ്ങലുണ്ടാ കുന്നു. 'പദസ്ഥൈര്യമുള്ള കവി'[36] എന്ന് എൻ.വി.കൃഷ്ണവാര്യർ വിഷ്ണു നാരായണൻ നമ്പൂതിരിയെ വിശേഷിപ്പിക്കുകയുണ്ടായി. മനുഷ്യസ്നേഹം നിറഞ്ഞുനിന്ന കവിതകളായിരുന്നു അദ്ദേഹത്തിന്റേത്. ജീവിതത്തിൽ ആദർശ നിഷ്ഠത വച്ചുപുലർത്താനും കവി പ്രത്യേകം ശ്രദ്ധിച്ചു.

## 1.15 ശ്രീമതി സുഗതകുമാരി

ഇതേ കാലഘട്ടത്തിൽത്തന്നെയാണ് ശ്രീമതി.സുഗതകുമാരിയും കാവ്യരംഗത്തേക്ക് കടന്നുവരുന്നത്. പ്രകൃതിയോടും പ്രകൃതിയിലെ മറ്റുജീവ ജാലങ്ങളോടും ഉള്ള പ്രണയവും പിന്നീട് കൃഷ്ണകവിതകളും പ്രകൃതി

സംരക്ഷണവും സ്ത്രീപക്ഷകവിതകളും സ്ത്രീസുരക്ഷയുമൊക്കെയായിരുന്നു സുഗതകുമാരിക്കവിതകളുടെ മുഖമുദ്ര. ഭാരതീയസംസ്കാരത്തിന്റെയും ഭാരതീയദർശനത്തിന്റെയും പൊരുളുകൾ അന്വേഷിക്കുന്നവയായിരുന്നു അവരുടെ കവിതകളിൽ പലതും. തന്റെ ചുറ്റുപാടും കാണുന്ന ദുഃഖവും സത്യവുമെല്ലാം കവിതയിലേക്കാവാഹിക്കാനും അത് പുനരാവിഷ്കരിക്കാനും അവർ ശ്രമിച്ചു. സ്ത്രീമനസ്സിന്റെ ശക്തിയും ദുർബലതയും മാതൃത്വത്തിന്റെ ശ്രേഷ്ഠതയും മറ്റുമായിരുന്നു സുഗതകുമാരിക്കവിതയുടെ അന്തർധാര. പ്രകൃതിയും സ്ത്രീയും അപമാനിക്കപ്പെടുകയോ തരംതാഴ്ത്തപ്പെടുകയോ ചെയ്യുമ്പോൾ അവർ ധാർമ്മികരോഷംകൊണ്ടു. പ്രകൃതി സംരക്ഷണം നമ്മുടെ ഓരോരുത്തരുടെയും ആവശ്യമാണെന്ന തിരിച്ചറിവ് മനുഷ്യരിലുണ്ടാക്കാൻ അവരുടെ കവിതകൾക്ക് കഴിഞ്ഞു.

കൃഷ്ണനെ കേന്ദ്രകഥാപാത്രമാക്കി എഴുതിയ നിരവധി കവിതകൾ അവരുടേതായിട്ടുണ്ട്. സമകാലികപ്രശ്നങ്ങളും പരാമർശിക്കാൻ വിട്ടുപോവാറില്ല. പ്രകൃതി, സ്ത്രീ, പുരുഷൻ ഇവയുടെ പരസ്പര ഐക്യത്തിന്റെ പ്രതീകമാണ് സുഗതകുമാരിയുടെ കവിതകൾ. കൃഷ്ണൻ എന്ന കാമുക സങ്കൽപ്പത്തെയും കൃഷ്ണനും രാധയും തമ്മിലുള്ള ബന്ധത്തെയുമെല്ലാം സമകാലികചിന്തകളിലാണ് കവയിത്രി നിർവ്വഹിച്ചിരിക്കുന്നത്. സ്ത്രീയും പുരുഷനും തമ്മിലുള്ള ഐക്യവും പരസ്പരസമചിന്തയുമാണ് ഈ കവിതകളുടെ അന്തർധാര. സ്ത്രീയുടെ സ്വാതന്ത്ര്യപ്രഖ്യാപനമായും സുഗതകുമാരിക്കവിതകളെ വിലയിരുത്താം.

അവരുടെ കവിതകളിൽ പ്രണയത്തിന്റെ വിവിധ ഭാവങ്ങൾ അന്തർധാരയായി നിലകൊള്ളുന്നു. അത്തരം കവിതകൾ ഏതൊക്കെയാണെന്നും

എങ്ങനെയാണ് ആ കവിതകളിൽ പ്രണയത്തെ കവയിത്രി അവതരിപ്പിച്ചിരിക്കുന്നത് എന്നുമാണ് അടുത്ത അധ്യായത്തിൽ വിവരിക്കുന്നത്.

### കുറിപ്പുകൾ

1. പ്രൊഫ.എൻ.കൃഷ്ണപ്പിള്ള. കൈരളിയുടെ കഥ, പുറം 272
2. കുമാരനാശാൻ. ആശാന്റെ കവിതകൾ-വീണപൂവ്, പുറം 42
3. കുമാരനാശാൻ. ആശാന്റെ കവിതകൾ-നളിനി, പൂർണ്ണ പബ്ലിക്കേഷൻസ് 2007, പുറം 84
4. ഡോ.എം.ലീലാവതി. മലയാളകവിതാസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി തൃശ്ശൂർ, 2011, പുറം 178
5. കുമാരനാശാൻ. ആശാന്റെ കവിതകൾ-ലീല, പൂർണ്ണ പബ്ലിക്കേഷൻസ് 2007, പുറം 18
6. അതേപുസ്തകം, പുറം 121
7. അതേപുസ്തകം, പുറം 119
8. അതേപുസ്തകം, പുറം 133
9. അതേപുസ്തകം, പുറം 133
10. കുമാരനാശാൻ. ആശാന്റെ കവിതകൾ-ചണ്ഡാലഭിക്ഷുകി, പൂർണ്ണ പബ്ലിക്കേഷൻസ് 2007, പുറം 539
11. അതേപുസ്തകം, പുറം 441
12. ഡോ. എം.ലീലാവതി. മലയാളകവിതാസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി തൃശ്ശൂർ, 2011, പുറം 185
13. കുമാരനാശാൻ. ആശാന്റെ കവിതകൾ-ദുരവസ്ഥ, പൂർണ്ണ പബ്ലിക്കേഷൻസ് 2007, പുറം 490

14. ഉള്ളൂർ. ഉള്ളൂരിന്റെ തെരഞ്ഞെടുത്ത കവിതകൾ, ഡി.സി.ബുക്സ്, 2000, പുറം 638

15. അതേപുസ്തകം, പുറം 639

16. വള്ളത്തോൾ നാരായണമേനോൻ. വള്ളത്തോൾ കവിതകൾ, മുഖ വുര-കെ.വി.എം, ഡി.സി.ബുക്സ്, പുറം 169.

17. വള്ളത്തോൾ നാരായണമേനോൻ. വിലാസലതിക, വള്ളത്തോൾ കവി തകൾ, ഡി.സി.ബുക്സ്, പുറം 195

18. ജി.ശങ്കരക്കുറുപ്പ്. ജി.യുടെ തെരഞ്ഞെടുത്ത കവിതകൾ, പുറം 124

19. ജി.ശങ്കരക്കുറുപ്പ്. സൂര്യകാന്തി, നാഷണൽ ബുക്സ്റ്റാൾ കോട്ടയം, 1989, പുറം 33

20. അതേപുസ്തകം, പുറം 35

21. അതേപുസ്തകം, പുറം 35

22. ഇടപ്പള്ളി രാഘവൻ പിള്ള, ഇടപ്പള്ളിയുടെ പദ്യകൃതികൾ, ഡി.സി. ബുക്സ്, 2003, പുറം 39

23. അതേ പുസ്തകം പുറം 157-158

24. ചങ്ങമ്പുഴ, രമണൻ (ഒരു നാടകീയ ഗ്രാമീണ വിലാപകാവ്യം) പുറം 96.

25. ചങ്ങമ്പുഴ, രമണൻ, പുറം 90

26. ചങ്ങമ്പുഴ. രമണൻ, പുറം 97

27. വയലാർ രാമവർമ്മ. വയലാർ കവിതകൾ, പുറം 502.

28. ഒ.എൻ.വി.ചോറൂണ്, വാല്യം 1 ൽ പുറം 114

29. വൈലോപ്പിള്ളി. സമ്പൂർണ്ണ കൃതികൾ, വാല്യം 2, കറന്റ് ബുക്സ് തൃശ്ശൂർ, 2001, പുറം 527

30. വൈലോപ്പിള്ളി. സമ്പൂർണ്ണ കൃതികൾ, വാല്യം 1, കറന്റ് ബുക്സ് തൃശ്ശൂർ, 2001, പുറം 29

31. വൈലോപ്പിള്ളി. സമ്പൂർണ്ണ കൃതികൾ, വാല്യം 1, കറന്റ് ബുക്സ് തൃശ്ശൂർ, 2001, പുറം 417

32. വൈലോപ്പിള്ളി ശ്രീധരമേനോൻ. വൈലോപ്പിള്ളിസമ്പൂർണ്ണകൃതികൾ വാല്യം 1, പുറം 437

33. അതേപുസ്തകം, പുറം, 438

34. അതേപുസ്തകം, പുറം, 114

## അധ്യായം രണ്ട്

# സുഗതകുമാരിക്കവിതയിലെ പ്രണയസങ്കല്പം

മലയാള സാഹിത്യത്തിലെ സൂര്യതേജസ്സാണ് സുഗതകുമാരി. തന്റെ കാലഘട്ടത്തിലെ വനനശീകരണവും സമൂഹത്തിന്റെ മൂല്യശോഷണവും ഉൾപ്പെടെയുള്ള ഓരോന്നും അവരുടെ മനസ്സിനെ മഥിച്ചു. അവരുടെ ഓരോ രചനയിലും ആ പ്രതിധ്വനികൾ ഉണ്ടായി. തന്റെ ചുറ്റിലുമുള്ള പ്രകൃതിയെ ഏറെ സ്നേഹിച്ചു അവർ. പ്രകൃതിക്ക് ഏൽക്കുന്ന ക്ഷതങ്ങൾ സുഗതകുമാരിയെ നോവിച്ചു. ഈ ആകുലതയുടെ ബഹിർഗമനങ്ങളായിരുന്നു ആ കവിതകളിൽ പലതും. പ്രകൃതിക്ക് നാശമുണ്ടാക്കുന്ന മനുഷ്യരുടെ ദുഷ്പ്രവൃത്തികളെ കുറ്റപ്പെടുത്താനും ചോദ്യംചെയ്യാനും അവർ മടിച്ചില്ല. പ്രകൃതിക്ക് നാശം സംഭവിച്ചാൽ അത് ബാധിക്കുക മനുഷ്യനെയായിരിക്കും. നമുക്ക് ശ്വസിക്കേണ്ട പ്രാണവായുപോലും പ്രകൃതിയിൽനിന്നാണ് ലഭിക്കുന്നത്. പ്രകൃതിയെ ചൂഷണം ചെയ്യുന്നവർക്കെതിരെ അവർ രോഷംകൊണ്ടു.

## 2.1 പരിസ്ഥിതി കവിതകൾ

എല്ലാ ജീവജാലങ്ങൾക്കും ഭൂമിയിൽ ജീവിക്കാനുള്ള അവകാശമുണ്ട്. നമ്മുടെ എല്ലാം ജീവിതം പരിപൂർണ്ണ ആരോഗ്യത്തോടെ മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ പ്രകൃതിയുടെ ആരോഗ്യാവസ്ഥ അത്യാവശ്യമത്രെ. മനുഷ്യനും മറ്റുജീവജാലങ്ങളും മാത്രമല്ല, പുഴകൾ, മരങ്ങൾ, ജലാശയങ്ങൾ ഇങ്ങനെ പലതും ഉൾക്കൊള്ളുന്നതാണ് പ്രകൃതി. ഇവയുടെയൊക്കെ നിലനിൽപ്പ് നല്ല നിലയിലായാൽ മാത്രമേ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിൽക്കുകയുള്ളൂ. പ്രകൃതിയിലെ ചെറുജീവികളുടെ നിലനിൽപ്പ് അവതാളത്തിലായാൽ നമ്മുടെ ആവാസവ്യവസ്ഥയെയും അത് ദോഷമായി ബാധിക്കും. ഈ അസന്തുലിതാവസ്ഥ മനുഷ്യജീവനും പ്രശ്നങ്ങൾ സൃഷ്ടി

ക്കുന്നു. ഈ പ്രശ്നങ്ങൾ നിശ്ശേഷം ഇല്ലാതായാൽ മാത്രമെ മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും ഇവിടെ ഹിതമായ ജീവിതം സാധ്യമാകൂ.

സകലചരാചരങ്ങളുടെയും നിലനിൽപ്പിനെയും സമാധാനപരമായ സഹവർത്തിത്വത്തെയും സുസാധ്യമാക്കുന്നതെന്തോ അതാണ് പരിസ്ഥിതി. അതിനാൽ മനുഷ്യരുടെ ചെയ്തികൾ ധർമ്മവിരുദ്ധമായാൽ സർവ്വനാശമാവും ഫലം. "ദുഷ്യന്തൻ ശകുന്തളയെ എന്നപോലെ മനുഷ്യൻ ധർമ്മത്തെ വിസ്മരിക്കുന്ന അന്ധകാരമുഹൂർത്തത്തിൽ, ധർമ്മസത്തയായ ലോകാനുരാഗത്തെ അനുസ്മരിപ്പിക്കുന്ന അഭിജ്ഞാനമാകുന്നു സുഗതകുമാരിയുടെ കവിത."[1] പരിസ്ഥിതിനാശം ഉണ്ടാക്കുന്നതാണ് ആഗോളതാപനം. പരിസ്ഥിതിനാശം ഓസോൺപാളികളിൽ വിള്ളൽ വീഴ്ത്തുന്നു. കാർബൺ ബഹിർഗമനം കുറയ്ക്കുക എന്നതാണ് ലോകപരിസ്ഥിതി പ്രസ്ഥാനങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്ന്. വനവത്ക്കരണമാണ് കാർബൺബഹിർഗമനം കുറക്കുന്നതിനുള്ള ഉപാധി.

മനുഷ്യൻ പ്രകൃതിയെ നാശോന്മുഖമാക്കുന്നതിനെതിരെയും പ്രകൃതിനാശംമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെപ്പറ്റിയും വ്യക്തമാക്കാൻ സുഗതകുമാരി ശ്രമിച്ചു. സ്വന്തം രചനകളിലൂടെ ആദ്യകാലത്തുതന്നെ ഇതിനെതിരെ മുറവിളികൂട്ടി. ഏതുരീതിയിലാണ് പ്രകൃതിയെ രക്ഷിക്കുക എന്നു വ്യക്തമാക്കുംവിധമായിരുന്നു അവരുടെ കാവ്യരചന. പ്രകൃതിക്ക് ദോഷംചെയ്യുന്ന രീതിയിലാണ് മനുഷ്യന്റെ പല പ്രവർത്തനങ്ങളും. അവനവന്റെ സുഖജീവിതത്തിനുവേണ്ടി മനുഷ്യർ പ്രകൃതിയെ ചൂഷണംചെയ്യുന്നു. താൽക്കാലിക സുഖംമാത്രമാണ് മനുഷ്യരുടെ ലക്ഷ്യം. അതിനുവേണ്ടി എന്തുചെയ്യാനും അവർക്ക് മടിയില്ല. ചുറ്റുപാടും മാലിന്യങ്ങൾനിറഞ്ഞ്, അന്തരീക്ഷത്തിൽ

പ്പോലും ശുദ്ധവായു ഇല്ലാതെ, ശ്വസിക്കാൻ കഴിയാതെ കഷ്ടപ്പെടുന്ന ഒരു അവസ്ഥ ഇന്ത്യയിലും ഉണ്ടായി. തന്റെ പ്രേമത്തെപ്പറ്റി, ദുഃഖത്തെക്കുറിച്ച്, തന്റെ സ്വപ്നങ്ങളും പ്രതീക്ഷകളും, തന്നെ വിഹ്വലമാക്കുന്ന ആകുലതകളും നൈരാശ്യങ്ങളും, താൻ കാണുന്ന വെളിച്ചത്തെയും ഇരുട്ടിനെയും, അതോടൊപ്പം തന്നെ ചൂഴുന്ന ബാഹ്യപ്രകൃതിയെയും മനുഷ്യനെയും കുറിച്ച്, അതിലുപരി എപ്പോഴും തന്നോടൊപ്പമുള്ള കണ്ണനെക്കുറിച്ച് ഇതൊക്കെയായി രുന്നു സുഗതകുമാരിയുടെ കാവ്യപ്രപഞ്ചം.

പ്രകൃതിയുമായി ബന്ധപ്പെട്ട സുഗതകുമാരിക്കവിതകൾ നോക്കാം.

പ്രകൃതിയുമായി ഏറെ ബന്ധപ്പെട്ടു കിടക്കുന്ന സുഗതകുമാരിയുടെ കവിതയാണ് മേഘസന്ദേശം. കാർമുകിൽ, മലയാദ്രി, മിന്നൽ, മഴവില്ല്, കൊടു ങ്കാട്, കാട്ടാന, മേഘം, ഗംഗാനദി ഇങ്ങനെ പലതും ഈ കവിതയിൽ പരാ മർശിക്കപ്പെടുന്നു.

ചുട്ടുപൊള്ളുന്ന നട്ടുച്ചനേരത്ത് ആശ്വാസവുമായി ഒരു മഴക്കാറ് എത്തു ന്നതിനെ സ്വാഗതം ചെയ്യുകയാണ് കവയിത്രി. സ്വതസ്സിദ്ധ സൗന്ദര്യമുള്ള മഴവില്ലുമായി മുന്നിലേക്കുവരാൻ കാർമേഘത്തോട് കവയിത്രി അഭ്യർത്ഥി ക്കുന്നു. ഇടിയെയും മിന്നലിനെയും മഴയ്ക്ക് അകമ്പടി സേവിക്കുന്നവരായി ട്ടാണ് കവയിത്രി കാണുന്നത്. ഭൂമിയിലെ സർവ്വചരാചരങ്ങളും ജീവിക്കു ന്നത് ജലത്തെ ആശ്രയിച്ചാണ്. മഴ പെയ്തില്ലെങ്കിൽ ഭൂമിയിലെ ജീവജാല ങ്ങളെല്ലാം തന്നെ നശിച്ചുപോകും. ജീവനെ കുളിരണിയിക്കുന്ന പ്രകൃതിയെ തരളിതയാക്കുന്ന, മലഞ്ചെരുവിനെ പച്ചപ്പട്ടണിയിക്കുന്ന മഴ കവിമനസ്സിൽ ഉണർത്തുന്ന വിവിധ ഭാവങ്ങളാണ് കവിതയിൽ അവതരിപ്പിച്ചിരിക്കുന്നത്. പ്രകൃതിയെ പൊന്നണിയിക്കുന്ന, മനുഷ്യമനസ്സിനെ ആഹ്ലാദിപ്പിക്കുന്ന

അത്തരം പ്രകൃതിപ്രതിഭാസങ്ങളെ എന്നും കാണാനും അനുമോദിക്കാനും കവയിത്രി ശ്രമിച്ചിരുന്നു എന്നാണ് ഈ കവിത നൽകുന്ന സൂചന.

പ്രകൃതി വർണ്ണനയാണ് 'പുതിയൊരു നാർസിസ്' എന്ന കവിതയിലെ പ്രമേയം. പൊയ്കകളും ചാരത്തുനിൽക്കുന്ന ചമ്പകവുമെല്ലാം കവിതയിൽ ദൃശ്യമാണ്. അത്തരം ബിംബങ്ങളിലൂടെ പ്രകൃതിയുടെ സൗന്ദര്യത്തെ വർണ്ണിക്കുന്നു കവയിത്രി.

പ്രകൃതിയുടെ സൗന്ദര്യത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന അവസ്ഥയാണ് കവിതയിൽ. പൊയ്കയിൽ തന്റെ സുന്ദരമായ മുഖം പ്രതിബിംബിച്ചു കാണുന്നതായി കവയിത്രിക്ക് അനുഭവപ്പെടുകയാണ്. സന്തം പ്രതിഛായയെ തകർക്കുന്ന ഒരു അനുഭവമാണ് ഇവിടെ ഉണ്ടാകുന്നത്. പിന്നീട് ഒരു മഞ്ജുരൂപം തെളിഞ്ഞുവരുന്നതായി കവയിത്രിക്ക് അനുഭവപ്പെട്ടു. ആ ദർശനത്തിൽ ആകെ സ്തബ്ധയായിപ്പോകുന്ന അവസ്ഥയാണ് ദൃശ്യമാകുന്നത്. എവിടെ നിന്ന് ഏതുകാര്യത്തിനു വിളിച്ചാലും പോകാൻ കഴിയാത്ത ഒരവസ്ഥ സംജാതമാകുന്ന അനുഭവമാണ് ഇവിടെ.

എല്ലാം പ്രകൃതിയുമായി ബന്ധപ്പെടുത്തി സങ്കല്പിക്കാനും എല്ലാറ്റിനെയും പ്രകൃതിയായിക്കാണാനും ശ്രമിക്കുന്നു കവയിത്രി. അങ്ങനെ പ്രകൃതിയുമായി സുദൃഢബന്ധം സ്ഥാപിക്കുന്നു. ജീവിതത്തിൽ നിന്ന് ഒരിക്കലും അടർത്തിമാറ്റാൻ പറ്റാത്ത ഒരനുഭവമായി പ്രകൃതി ലയിക്കുകയാണ്.

പ്രകൃതിയുടെ പ്രതിഭാസങ്ങളിലൊന്നാണ് വേലിയേറ്റവും വേലിയിറക്കവും. ഈ പ്രതിഭാസത്തിൽ കാണാൻ കഴിഞ്ഞ ഏറെ ഭയപ്പെടുത്തുന്ന ഒരനുഭവം വേലിയേറ്റത്തിൽ എന്ന കവിതയിൽ കവയിത്രി ആവിഷ്കരിച്ചിരിക്കുന്നു.

വേലിയേറ്റംമൂലം കരയിലേക്ക് അടിച്ചുകയറിയ തിരമാലകളോടൊപ്പം ഒരു മൃതദേഹവും കരയ്ക്കടിഞ്ഞു. ഭയത്തോടെയാണ് കവയിത്രി അത് നോക്കിയത്. എങ്കിലും അതിന്റെ കാലടികൾ ശുഭ്രമാണ്. എത്ര ദൂരം ആ കാലടികൾതാണ്ടിയിരിക്കാം എന്നും അവർ ഒരുനിമിഷം ഓർക്കുന്നു. പ്രകൃതിയിൽ താണ്ഡവമാടുന്ന ചുഴലിക്കാറ്റും പ്രകൃതിയുടെ സന്തുലിതാവസ്ഥയെ അവതാളത്തിലാക്കുന്നു. പ്രാണവായുവിനായി, ഗാഢനിദ്രയ്ക്കായി, ഭീതിയൊഴിയാനായി മനുഷ്യൻ ഉഴലുകയാണ്. പ്രകൃതിയുടെ സൗന്ദര്യാംശത്തിൽ കവയിത്രി ശ്രദ്ധിക്കുന്ന കാഴ്ചയാണ് കാണുന്നത്. ഓരോ സൂക്ഷ്മജീവിക്കും അതിന്റേതായ സൗന്ദര്യമുണ്ടെന്നും അത് പ്രകൃതിയെ ഏറെ ബാധിക്കുന്നുണ്ടെന്നും അവർ വീക്ഷിക്കുന്നു. അതിനായി പ്രകൃതിയിലെ ഓരോ വസ്തുവിനെയും അത് സൂക്ഷ്മമാണെങ്കിൽകൂടി കവിതയിലുൾച്ചേർക്കാൻ കവയിത്രി ശ്രദ്ധിച്ചു. അതുതന്നെയാണ് ഈ കവിതയുടെ ഭംഗിയും.

പ്രകൃതിയുടെ മാറിമാറിവരുന്ന അവസ്ഥകളെയാണ് കവയിത്രി ഈ കവിതയിൽ പരാമർശിക്കുന്നത്. പ്രകൃതിക്കുണ്ടാകുന്ന മാറ്റങ്ങൾ അതിലധിവസിക്കുന്ന ജീവജാലങ്ങളെയും തീർച്ചയായും ബാധിക്കും. അതിന്റെ പ്രതിധ്വനി എല്ലാ മേഖലയിലും കാണാനും കഴിയും.

മഴപെയ്യാതെ ഭൂമി വരണ്ട അവസ്ഥയാണ് കവയിത്രി കവിതയുടെ തുടക്കത്തിൽ വർണ്ണിക്കുന്നത്. എങ്ങനെയെങ്കിലും മഴപെയ്തെങ്കിൽ എന്ന് എല്ലാവരും അദമ്യമായി ആഗ്രഹിക്കുന്നതായാണ് കവിതയിലാദ്യം. പിന്നീട് അതുമാറി മഴവരുന്നു. എല്ലാ ജീവിജാലങ്ങൾക്കും ആശ്വാസം തോന്നുന്നു. ജീവജാലങ്ങളെയെല്ലാം തണുപ്പിക്കാനായിട്ടാണ് മഴ വരുന്നത്.

"കുളിരാർന്ന മരുവിന്റെ മാറിടമൊക്കെയും

ഹരിതാഭമായിട്ടു കണ്ടുവത്രെ?"[3]

അതിൻഫലമായി പ്രകൃതിയാകെ പച്ച പുതയ്ക്കുകയാണ്. അതോടെ പുഷ്പങ്ങളും ഫലങ്ങളും സമൃദ്ധമായി ഉണ്ടാകുന്നു. പ്രകൃതിക്ക് വീണ്ടും മാറ്റമുണ്ടായിക്കാണുന്നു. അന്തരീക്ഷമാകെ തണുക്കുകയും കുളിര് ഉണ്ടാവുകയും ചെയ്യുന്നു.

പ്രകൃതിയെക്കുറിച്ച് ഏറെ പാടിയ കവയിത്രി 'മഴ'യെക്കുറിച്ചും എഴുതി. മഴയുടെ വ്യത്യസ്ത സൗന്ദര്യാംശങ്ങളും അതിന്റെ വിവിധഭാവങ്ങളും 'മഴ' യിൽ ആവിഷ്കരിച്ചിരിക്കുന്നു.

മഴയുടെ വരവ് ആഘോഷിക്കാൻ ഒരുങ്ങുന്ന പ്രകൃതിയെക്കുറിച്ചും അവർ വർണ്ണിക്കുന്നു. മഴയും അതിനു പശ്ചാത്തലമായിവരുന്ന മലനിരകളും അതിന്റെ സൗന്ദര്യവുമെല്ലാം സമൃദ്ധമായി വർണ്ണിച്ചിട്ടുണ്ട്. മഴ ധാരാളമായി ലഭിച്ചതോടെ പ്രകൃതിയിലെങ്ങും പച്ചപ്പ് ദൃശ്യമായി. അലരുകളും പുൽനാമ്പുകളും കാണുന്നതോടെ മനുഷ്യഹൃദയങ്ങളും ഇലകളും എല്ലാം പുളകം പൂണ്ട അവസ്ഥയിലായി. അൽപ്പസമയത്തിനുശേഷം മഴ നിലച്ചുവെങ്കിലും അതിന്റെ തുടർച്ച ഉണ്ടാകുന്നതായി കവയിത്രിക്ക് അനുഭവപ്പെടുകയാണ്.

ഓരോ വേനലിനുശേഷവും മഴയും അതിന്റെ കുളിരും ഉണ്ടാകുമെന്നും അത് പ്രകൃതിയെ എന്നും സന്തോഷവതിയാക്കി മാറ്റുമെന്നുമാണ് ഈ കവിതയിൽ സൂചിപ്പിക്കുന്നത്.

പ്രകൃതിയിലെ ഓരോ ജീവജാലങ്ങളിലും കുടികൊള്ളുന്ന ഉണ്മയെ കണ്ടെത്തിയ കവയിത്രിയാണ് സുഗതകുമാരി. പുഷ്പാലങ്കാരത്തിലും ഓരോ ജീവജാലത്തിലും സൗന്ദര്യം കണ്ടെത്താൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്.

കാലം മാറുന്നതിനനുസരിച്ച് മനുഷ്യർ ചുറ്റുപാടുകളെയും മാറ്റുന്നു. മുറ്റവും തൊടിയും എല്ലാം സിമന്റിട്ട് ഭദ്രമാക്കുന്നു. ഒരു താരിനോ തളി രിനോ വഴികളിലോ മറ്റുള്ളവരുടെ പറമ്പിലോ അലയേണ്ട അവസ്ഥയാണി പ്പോൾ. എവിടെയും ഒരുപൂവുപോലും കാണാതെ മടങ്ങുമ്പോൾ ഉറുമ്പരിച്ച ഒരു ചിത്രശലഭത്തിന്റെ ജഡമാണ് കവയിത്രി കാണുന്നത്. അതിന്റെ സുന്ദരമായ ചിറകിലും മറ്റും സൗന്ദര്യം കണ്ടെത്താൻ അവർ ശ്രമിക്കുന്നു. അതുകണ്ടുനടക്കുമ്പോൾ സൗന്ദര്യവതിയായ പ്രകൃതിയെയും അതിൽ അഭി രമിക്കുന്ന ജീവികളെയുമാണ് അവർ ദർശിച്ചത്. ഓരോ സൂക്ഷ്മകണികക ളിലും സൗന്ദര്യാംശങ്ങൾ കണ്ടെത്താൻ കവയിത്രിക്ക് കഴിയുന്നു.

സ്വപ്നത്തിൽപ്പോലും പ്രകൃതിസൗന്ദര്യവും അതിന്റെ വിവിധ ഭാവ ങ്ങളും കണ്ടെത്താൻ അവർ ശ്രമിച്ചിട്ടുണ്ട്. കണിക്കൊന്നയെയും പൂന്തേനു ണ്ടുമയങ്ങുന്ന ശലഭത്തെയും തന്റെ ചുറ്റിലും കാണാൻ ശ്രമിക്കുകയാണ് കവയിത്രി. സ്വന്തം മുറിയിൽപ്പോലും ഇത്തരം ദൃശ്യങ്ങൾ കണ്ടെത്താൻ അവർക്കുള്ള കഴിവ് അനുവാചകരെ വിസ്മയിപ്പിക്കുന്നു.

വടക്കേ ഇന്ത്യയിൽ കൊടുംവേനലിന് മുമ്പായി ഒരുമഴ പതിവുണ്ട്. അത് വിഷയമാക്കിയാണ് സുഗതകുമാരി വേനലിനുമുമ്പ് ഒരു മഴ എന്ന കവിത രചിച്ചിരിക്കുന്നത്.

ഒടുക്കത്തെ മഴയാണ് കൊടുംവേനലിനുമുമ്പായി പെയ്യുന്നത്. അതെല്ലാം ഭൂമി ദാഹജലംപോലെ സംഭരിച്ചുവെക്കുന്നു. അതിനുശേഷം വരാൻപോകുന്നത് കൊടുംവേനലാണ്. അത് തന്റെ വരവറിയിച്ചുകൊണ്ട് ഭേരികൾ മുഴക്കുന്നതായി കവയിത്രി സൂചിപ്പിക്കുന്നു. ഭൂമിയെ മുഴുവൻ തളർത്താൻ ശക്തിയുള്ള അത്യുഗ്രമായ ചൂടാണ് ഇനി വരാനിക്കുന്നത്. പ്രകൃ

തിയിലെ അവശേഷിക്കുന്ന പച്ചപ്പിനെയെല്ലാം ചുട്ടെരിക്കാൻ പാകത്തിലാണ് അതിന്റെ വരവ്. ഭൂമിയെ ആകമാനം താളംതെറ്റിക്കുന്ന ഒരവസ്ഥയാണ് ഈ സമയത്ത് ഉണ്ടാകുന്നത്. ഈയൊരവസ്ഥ സഹിക്കാൻ ഭൂമിക്ക് പറ്റി ല്ലെന്നറിഞ്ഞുകൊണ്ടുതന്നെ വളരെ വേഗത്തിൽ വാനം ഇരുളുകയും മഴ പെയ്യുകയും ചെയ്യും.

ഒരു വേനലിന് ഒരുമഴ എന്ന അവസ്ഥ പതിവാണ്. ധരയുടെ പൊട്ടി ക്കരച്ചിൽ സഹിക്കാൻ കഴിയാതെയാണ് മഴപെയ്തുപോകുന്നത്.

"ഒടുക്കത്തെക്കരിമുകിൽ

മാരിപെയ്കയാണു,മണ്ണിൽ

തുടിക്കുന്നു ജലസ്പന്ദ മന്ദ്രസംഗീതം"[4]

പ്രകൃതിയിലും അതിലെ ഓരോ ജീവജാലത്തിലും സൗന്ദര്യം കാണാൻ സാധിക്കുമെന്ന് ഈ കവിതയിലും വ്യക്തമാക്കുന്നു. ഓരോ പുലരിയും വിരിയുന്നത് അതീവ സൗന്ദര്യത്തോടെയാണ് എന്ന് അവർ പറയുന്നു.

പ്രഭാതത്തിൽ ഉണർന്ന് ചുറ്റും നോക്കുമ്പോൾ രണ്ടു കൈകളാണ് അവർ കാണുന്നത്. പാതികൂമ്പിയ, വിടരാൻ ശ്രമിക്കുന്ന ലില്ലിപ്പൂക്കളാണ തെന്ന് പിന്നീട് അവർ തിരിച്ചറിയുന്നു. കൂനിക്കൂടി ആരും കാണാതെ നടന്നെ ത്തുന്ന ഒരു പണിക്കാരിയെപ്പോലെയാണ് അവളുടെ നിൽപ്പ്. അതിന്റെ വിടവിലൂടെയാണ് പ്രഭാതവും പുലരുന്നത്. ആ ലില്ലിപ്പൂവിൽ നിന്നും എന്നോ കണ്ടുമറന്ന കിനാവുകൾ ഇപ്പോഴും ചുണ്ടത്ത് കൊച്ചുനക്ഷത്രം പോലെ പരിശോഭിക്കുന്നുണ്ട്. കുരുവികൾ പാറിക്കളിക്കുകയും ചിലയ്ക്കുകയും ചെയ്യുന്ന ശബ്ദം കേൾക്കുമ്പോഴാണ് നേരംപുലർന്നു എന്ന ബോധ്യം കവ യിത്രിക്ക് ഉണ്ടാകുന്നത്. മഞ്ഞാൽ മൂടി പിന്നീട് വെളിച്ചത്തോടെ ഒരു

പകലും കൂടി നമ്മുടെ മുന്നിലേക്ക് നല്ല ചെയ്തികൾക്കായി തയ്യാറായിവരികയാണെന്ന് കവയിത്രി വായനക്കാരെ ഓർമ്മിപ്പിക്കുന്നു.

ഓരോ പുലരിയും ഒരു പുതിയ മാറ്റത്തിന്റെ തുടക്കമായിട്ടാണ് കവയിത്രി കാണുന്നത്. അതുകൊണ്ട് ആ പുലരിയെ അതിനനുസൃതമായി വരവേൽക്കണമെന്നും കവയിത്രി പറയുന്നു.

പ്രകൃതിസൗന്ദര്യത്തെ കവിതയിലേക്കാവാഹിച്ചു സുഗതകുമാരി. നിരവധി നദികളാലും പുഴകളാലും കായലുകളാലും സമ്പന്നമായ നമ്മുടെ നാട്ടിലെ 'കാവേരി' നദിയുടെ സൗന്ദര്യവും അതിൽ കവയിത്രി കാണാൻ ശ്രമിക്കുന്ന സൂക്ഷ്മദൃശ്യങ്ങളുമാണ് 'നീർക്കിളി' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

വർഷങ്ങൾക്കുമുമ്പ് കാവേരിനദിയെ ഏതവസ്ഥയിലാണ് കണ്ടിരുന്നത് എന്ന് വർണ്ണിക്കുകയാണ് ആദ്യഭാഗങ്ങളിൽ. ആ നീർത്തടത്തിൽ മയങ്ങിക്കളിക്കുന്ന പൂങ്കിളിയുടെ സൗന്ദര്യം ആസ്വദിക്കാൻ കവയിത്രിക്ക് ഭാഗ്യം ലഭിച്ചു. നേരം പതിയെപ്പതിയെ സന്ധ്യയോടടുക്കുകയും സന്ധ്യയുടെ സൗന്ദര്യം പ്രകൃതിയിലാകെ പരക്കുകയും ചെയ്യുകയാണ്. രാത്രിയിൽ ആ നദിഒഴുകുന്നതിന്റെ സൗന്ദര്യവും അതിൽ പ്രതിബിംബിക്കുന്ന ഓരോ ദൃശ്യവും കവയിത്രി ഒപ്പിയെടുത്തിരിക്കുന്നു.

ഇന്ന് പല നാളുകൾക്കുശേഷം വീണ്ടും കവയിത്രി ആ നദിയുടെ പഴയ അവസ്ഥ, അതിന്റെ സൗന്ദര്യം ഓർക്കുകയാണ്. പണ്ടുണ്ടായിരുന്ന രൂപം മാറി. ആകർഷണീയതയും ഇല്ലാതായി. ഇന്ന് അത് പഴയതുപോലെ ആസ്വദിക്കാൻ കഴിയുന്നില്ല എന്നും കവയിത്രി ആശങ്കപ്പെടുന്നു. ആ സമയത്താണ് ഉള്ളിൽ ഒട്ടും മങ്ങാതെ നിലവിലുള്ള ആ പഴയ ചിത്രത്തെ, കാവേരി നദിയെ കവയിത്രി ഓർക്കുന്നത്.

പ്രകൃതിയിലെ ഒരു പൂവിനോട് മനസ്സ് തുറക്കാനുള്ള ശ്രമമാണ് 'ഞാൻ അസൂയാലു' എന്ന കവിതയിൽ. ഭൂമിയിലെ സകല ജീവജാലങ്ങളിലും ഓരോ തരം സവിശേഷതകൾ കണ്ടെത്താൻ ശ്രമിച്ച കവയിത്രിയാണവർ. ഒരുപൂവായിപ്പിറക്കുന്നതാണ് ഭൂമിയിലെ ഏറ്റവും നല്ല ജന്മം എന്ന സങ്കല്പത്തിലാണ് അവർ ഈ കവിത രചിച്ചിരിക്കുന്നത്.

മനുഷ്യജീവിതം എന്നും അസ്വസ്ഥതകൾ നിറഞ്ഞതാണ്. ആശുപത്രിവാസവും രോഗവും അതിൽനിന്നുള്ള മോചനവും മരണവും എല്ലാം നിരന്തരമായി നമ്മെ പിൻതുടർന്നുകൊണ്ടേയിരിക്കും. സ്വന്തം കാര്യത്തിൽ മാത്രമല്ല നാമുമായി ബന്ധപ്പെടുന്നവരുടെയും അല്ലാത്തവരുടെയും ഒക്കെ പ്രശ്നങ്ങൾ തീർച്ചയായും നമ്മെ അലട്ടും. ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ അത് നമ്മിൽ സ്വാധീനം ചെലുത്തും എന്ന കാര്യം ഉറപ്പാണ്. എന്നാൽ ഒരു പൂവിന്റെ ജന്മമാണെങ്കിൽ ഇതിന്റെയൊന്നും ആവശ്യമേയില്ല. എല്ലാവരുടേയും സ്നേഹം ഏറ്റുവാങ്ങി വളരെ സന്തോഷത്തോടെ ഒരു റാണിയായി കഴിയുകയേ വേണ്ടു. മനുഷ്യനെ സംബന്ധിക്കുന്ന ഒരു പ്രശ്നവും പൂവിനെ ബാധിക്കുകയേ  ഇല്ല.

അതുകൊണ്ടുതന്നെ ഒരു പൂവായി ജനിച്ച് അതിന്റെ ഭാവങ്ങളിൽ പരിലസിച്ച് ജീവിക്കാനാണ് കവയിത്രി മനുഷ്യജന്മത്തെക്കാളും ഏറെ ആഗ്രഹിക്കുന്നത്.

സഹജീവികളോടുള്ള കരുണ സുഗതകുമാരിയുടെ പല കവിതകളിലും കാണാൻ കഴിയുന്നു. മൃഗങ്ങളിലും മനുഷ്യരെപ്പോലെ വേദനകളും സന്തോഷങ്ങളും കണ്ടെത്താൻ അവർ ശ്രമിച്ചു.

ഇവിടെ നായക്കേറ്റ നോവല്ല മറിച്ച് മനുഷ്യനേറ്റ നോവുതന്നെയാണ്

ഏറേറ്റ നായ എന്ന കവിതയിലെ വിഷയം. പലരും മറ്റുള്ളവരെ വേദനിപ്പി ക്കുന്നതിലാണ് സന്തോഷം കണ്ടെത്തിയത്. ഇവിടെ ആ നായയുടെ വേദന കാണാൻ ആരുംതന്നെയുണ്ടായിരുന്നില്ല. സഹജീവികളെ ഉപദ്രവിക്കരുത് എന്ന് വളരെക്കാലമായി പറയാറുണ്ടെങ്കിലും ഇന്നും ആ പ്രവൃത്തി തുടർന്നു കൊണ്ടിരിക്കുന്നു. നായക്ക് വേദനിച്ചാൽ ആരും ചോദിക്കാൻ വരില്ല എന്ന ചിന്തയും മനുഷ്യനെ അഹങ്കാരിയാക്കുന്നു. ദീനമായ ഒരുനോട്ടവും നോക്കി, വാലാട്ടി നടന്നുപോവുകമാത്രമേ അത് ചെയ്യുന്നുള്ളൂ ആ സഹജീവിയുടെ വേദനയിൽ കണ്ണുനിറഞ്ഞവർ എത്രപേരുണ്ട് എന്നറിയാൻ കവയിത്രി ആഗ്രഹിക്കുന്നു. സഹജീവികളോട് കരുണയുള്ളവർക്ക് മാത്രമേ അതുണ്ടാകൂ. അതിന്റെ വേദന കണ്ടുനിന്നവരോടും ആ ഏറ് ഉന്നംതെറ്റാതെ എറിഞ്ഞവ രോടും പരിഹാസരൂപത്തിലുള്ള നന്ദി മാത്രമേ അവർക്ക് പറയാനുള്ളൂ.

പ്രകൃതിസംരക്ഷണം പ്രകൃതിയെ എന്നപോലെ ജീവജാലങ്ങളെയും സംരക്ഷിക്കലാണെന്ന് തിരിച്ചറിയാത്ത മനുഷ്യർക്കുനേരെയുള്ള ഒരു ചോദ്യ ചിഹ്നമായി ഈ കവിതയെ നമുക്ക് വിലയിരുത്താം.

പ്രകൃതിയുടെ ഏറ്റവും പ്രധാനപ്പെട്ട വരദാനമാണ് പുഴകളും നദി കളും തണ്ണീർത്തടങ്ങളും. അവയെ സംരക്ഷിച്ചാൽ മാത്രമേ മനുഷ്യന് നില നിൽപ്പുള്ളൂ. എന്നാൽ ഇരുന്നിടം കുഴിച്ചുകൊണ്ടുള്ള, ദാഹജലം വറ്റിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ചുറ്റിലും നടക്കുന്നത്.

പ്രകൃതിയുടെ നിലനിൽപ്പ് അതിലെ ജീവജാലങ്ങളുടെ സംരക്ഷണം കൂടി നിർവ്വഹിക്കുമ്പോൾ മാത്രമെ പൂർണ്ണമാകുന്നുള്ളൂ. കവിതയുടെ തുട ക്കത്തിൽത്തന്നെ തെരുവിൽ ഉപേക്ഷിക്കപ്പെട്ട ഒരു നായ്ക്കുട്ടിയുടെ വേദ നയും വിശപ്പുമാണ് വർണ്ണിക്കുന്നത്. ഈ അവസ്ഥ നായക്കുട്ടിയിലൂടെ

മാത്രമല്ല, രണ്ട് മനുഷ്യക്കുഞ്ഞുങ്ങളിലൂടെയും വ്യക്തമാക്കുന്നു. അമ്മ ന ഷ്ടപ്പെട്ടുപോയ, തണുപ്പിൽ വിറയ്ക്കുന്ന, പട്ടിണി അനുഭവിക്കുന്ന കുട്ടിക ളാണവർ. അവരുടെ അമ്മയ്ക്ക് മരിച്ചാലും മോക്ഷം കിട്ടില്ല. കാരണം തന്റെ മക്കളെ ഓർത്തു വിഷമിച്ച് അവർക്കു ചുറ്റും ഒരു നിഴലായി ആ അമ്മ അവ രുടെ കൂടെത്തന്നെയുണ്ട്. അവർക്ക് ചില്ലറത്തുട്ടുകൾ നൽകാനും അവരുടെ വേദനയിൽ പങ്കുകൊള്ളാനുമല്ലാതെ അവരെ എന്നെന്നേക്കുമായി സംര ക്ഷിക്കാൻ കഴിയുന്നില്ലല്ലൊ എന്ന വേദനയും പേറിയാണ് കവയിത്രി അവി ടെനിന്നും നടന്നകലുന്നത്. എല്ലാ സുഖസൗകര്യങ്ങളും അനുഭവിച്ച് നാം ജീവിക്കുമ്പോഴും നമുക്ക് ചുറ്റിലും ഇത്തരം ചില ജന്മങ്ങൾ കൂടിയുണ്ട് എന്ന തിരിച്ചറിവ് ഉണ്ടാകേണ്ടിയിരിക്കുന്നു എന്ന ഓർമ്മപ്പെടുത്തലാണ് ഇവിടെ. അനാഥയായിപ്പോയ കുഞ്ഞുങ്ങൾ, അച്ഛനമ്മമാരാൽ മനഃപൂർവ്വം അനാഥ രാക്കപ്പെട്ടവർ, തങ്ങളുടേതല്ലാത്ത കുറ്റത്താൽ നിരാലംബരായ കുഞ്ഞുങ്ങൾ എന്നിങ്ങനെ പലതരത്തിലുള്ള ദൈന്യതകളാണ് നമുക്കുചുറ്റിലും കാണാ നാവുക. ഇത്തരം പ്രശ്നങ്ങൾക്ക് ഒരറുതി ഉണ്ടാകേണ്ടിയിരിക്കുന്നു എന്ന് കവയിത്രി മുമ്പും വ്യക്തമാക്കിയിട്ടുണ്ട്. അതുകഴിഞ്ഞ് അടുത്ത ചുവട്‌വെക്കു മ്പോഴും മെലിഞ്ഞ കരം ദിനപ്പത്രം നീട്ടുന്ന കാഴ്ച കാണുന്നു. ബാലവേ ലയും ബാലപീഡനവും കാണാതിരിക്കാൻ അവർക്കാവില്ല. അത്തരം കാഴ്ച കൾ ലോലമനസ്കരുടെ കണ്ണുനനയിക്കുന്നതാണ്.

പട്ടിണിയുടെയും ദാരിദ്ര്യംമൂലമനുഭവിക്കുന്ന ദുരിതങ്ങളുടേയും ഒരു ഘോഷയാത്രയാണ് പിന്നീടങ്ങോട്ട് ബയാഫ്ര എന്ന കവിതയിൽ. അവർ കവിതയിൽ സ്വന്തം അമ്മയെയാണ് കാണുന്നത്. അതുകൊണ്ടുതന്നെ അമ്മയെ ഈ പ്രശ്നത്തിനൊരു പരിഹാരം കാണാനായി വിളിക്കുന്നു.

അപ്പോൾ കവയിത്രി അമ്മയിലൂടെ ബയാഫ്ര നദി കാണുന്നു. അമ്മയുടെ മുലപ്പാൽ വറ്റിവരണ്ട് ചോര കിനിയുന്നതുപോലെ നദീജലം മുഴുവനും വറ്റിവരണ്ട് തരിശുനിലമായി മാറിയ നിലയിലാണ്. ഇപ്പോൾ വെറും പേരുമാത്രമേ ഉള്ളൂ. അതിനാൽ അതിൽ ജീവജാലങ്ങൾക്ക് പിന്നീട് നിലനിൽപ്പുണ്ടായിരുന്നില്ല. പ്രകൃതി നശീകരണം സംഭവിക്കുമ്പോഴും ഇതുതന്നെയാണ് അവസ്ഥ.

വീണ്ടും കവയിത്രി തന്റെ ചുറ്റിലും കേഴുന്ന മക്കളിലേക്ക് തന്നെയാണ് വരുന്നത്. ഈ ദാരിദ്ര്യത്തിനും പട്ടിണിക്കും പ്രകൃതിയുടെ ശോച്യാവസ്ഥയ്ക്കുമൊക്കെ കാരണക്കാർ ആരാണ് എന്നും കവയിത്രി നിരന്തരം അന്വേഷിക്കുന്നു. തന്റെ ജീവിതലക്ഷ്യം തന്നെ അതായി അവർ കരുതുന്നു. പക്ഷേ തന്നെക്കൊണ്ട് കാര്യമായി ഒന്നുംചെയ്യാൻ പറ്റുന്നില്ലല്ലോ എന്നോർത്ത് അവർ പരിതപിക്കുന്നുമുണ്ട്. പ്രതികരിക്കാൻ കഴിയാത്തവരെ അതിന് കെൽപ്പില്ലാത്തവരെ നിസ്സഹായരെ, തന്നെക്കാൾ ശക്തികുറഞ്ഞവരെ ഏതുരീതിയിലാണോ കീഴ്പ്പെടുത്താൻ പറ്റുക അതിനുള്ള തന്ത്രങ്ങൾ ആരായുന്ന ഒരു സമൂഹമാണ് ചുറ്റിലുമുള്ളത്. അതുശരിയല്ല. ശരിയല്ലെന്ന് എത്രതവണ പറഞ്ഞിട്ടും അത് മനസ്സിലാക്കാതെ കാലത്തിനൊപ്പം ഒഴുകിപ്പോകുന്ന ഒരധികാരിവർഗ്ഗവും ഇതിനുപിറകിലുണ്ട്. അത് വളരാൻ അനുവദിച്ചുകൂട. ഇനിയും ഈ അവസ്ഥ തുടർന്നാൽ വരുന്ന ഭവിഷ്യത്ത് ആലോചിക്കാൻപോലും വയ്യ. ഇപ്പോൾത്തന്നെ ഡൽഹിയിലും മറ്റും നടക്കുന്ന ക്രൂരകൃത്യങ്ങൾ ഈ കൊച്ചുകേരളത്തിലും സംജാതമായേക്കാം.

'കാവുതീണ്ടല്ലേ, കുടിവെള്ളം മുട്ടും' എന്ന് വർഷങ്ങൾക്കുമുമ്പുതന്നെ സുഗതകുമാരി അലമുറയിട്ടിരുന്നു. എന്നാൽ അന്നത് കേൾക്കാൻ ആർക്കും

കാതുകൾ ഉണ്ടായിരുന്നില്ല. ഇന്നിതാ ആ രോദനം യാഥാർത്ഥ്യമായിരിക്കുന്നു. ഓരോരുത്തരും അവരവരുടെ സുഖം മാത്രമാണ് കാംക്ഷിക്കുന്നത്. അന്യരുടെ സുഖം അവർക്ക് ഒരു പ്രശ്നമേ അല്ല. അത് എന്ത്തന്നെയായാലും ചിന്തിക്കുകപോലും വേണ്ട. ഈ പ്രവണത ഓരോരുത്തരും മനസ്സിൽ നിന്ന് പിഴുതെറിഞ്ഞാലേ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കൂ. 1970 ലാണ് സുഗതകുമാരി ഈ കവിത എഴുതിയത്. അമ്പത് വർഷങ്ങൾക്കുശേഷം ഇന്നും സ്ഥിതി ഗുരുതരമാവുകയാണുണ്ടായത്. അവനവന്റെ വയറുനിറയുമ്പോൾ മറ്റൊരു വയറും കൂടി നമ്മോടൊപ്പം നിറയുന്നുണ്ടോ എന്നുനാം ആരായണം. അതാണ് മനുഷ്യമനസ്സിലെ നന്മയും ഉണ്മയും.

എല്ലാ ദുഃഖവും സ്വയം ഏറ്റെടുത്ത് മനസ്സിലിട്ട് നീറ്റാൻ പഠിച്ച ഒരു കഥാപാത്രത്തെയാണ് 'എരുമ' എന്ന കവിതയിൽ അവർ അവതരിപ്പിക്കുന്നത്. മനസ്സിലെ സമ്മിശ്രവികാരങ്ങളെയാണ് കവയിത്രി ഏരുമയോട് താരതമ്യപ്പെടുത്തുന്നത്. എല്ലാം മറന്ന് വീണ്ടും ചെളിയിൽ അലസമായി കളിക്കുന്ന ആ ജീവിപോലും മാറ്റത്തെ ഉൾക്കൊള്ളുന്നു. മാറിമാറിവരുന്ന വികാരവിചാരങ്ങൾ അറിയുന്നു, മനസ്സിലാക്കുന്നു.

സദാ ദുഃഖംമാത്രം അനുഭവിക്കുമ്പോൾ അതൊരു ശീലമായ് മാറും എന്നുപറയാറുണ്ട്. ഇവിടെയും ദുഃഖം ഒരുശീലമായിമാറിയ അവസ്ഥയാണ്. ദുഃഖത്തെ തന്നിലൊതുക്കി വീണ്ടും പഴയതുപോലെ ജീവിക്കാനാഗ്രഹിക്കുന്ന മനസ്സിന്നുടമയാണിവിടെ ഏരുമ. ഒന്നും പുതുമയല്ല. എല്ലാം മറക്കാനും ഒന്നും ഓർക്കാതിരിക്കാനും ശീലിച്ച മനസ്സുപോലെ, പാവം എരുമയും. സമൂഹത്തിലെ വർത്തമാനകാല അവസ്ഥയ്ക്കുനേരെയുള്ള ഒരു ചൂണ്ടുവിരലാണ് ഈ കവിത.

പ്രകൃതിക്ക് സംഭവിക്കുന്ന നാശത്തിന്റെ സൂചനയാണ് ഈ കവിത യിലും. പ്രകൃതിക്കുണ്ടാകുന്ന നാശം പ്രകൃതിയുടെ സന്തുലനാവസ്ഥയെ ത്തന്നെ ബാധിക്കുന്നു. അതിനാൽ ഒരു ചെറുപൂവിന് സംഭവിക്കുന്ന തകർച്ച യിലൂടെ അതിന്റെ കാരണം കണ്ടെത്താനും കവയിത്രി ശ്രമിക്കുന്നുണ്ട്.

പ്രകൃതിയുടെ വരദാനമായ മരത്തിനു നാശം സംഭവിച്ചു. അതിനാൽ ഒരു പൂവിനുപോലും തണലേകാൻ കഴിയാത്തതിലുള്ള ദുഃഖം ആ മരവും പങ്കുവെയ്ക്കുകയാണ്. കാറ്റിനെയും, സുഗന്ധത്തെയും, കിളിയെയും, വസ ന്തത്തെയുമൊക്കെ ഒരുപോലെ കാണാനുള്ള മനസ്സ് ആ മരത്തിനുണ്ട്. എന്നാൽ മരത്തിന്റെ അവസ്ഥ വളരെ ദയനീയമാണ്. ഏത് സമയത്തും അതിനും ക്ഷയം സംഭവിച്ചേക്കാം. കൂടാതെ മനുഷ്യന്റെ കൈകൾ അതി ന്മേൽ എപ്പോഴാണ് പതിക്കുക എന്ന് പറയാൻ പറ്റാത്ത ഒരവസ്ഥയാണ്. ഇണക്കിളികൾക്ക് ചേർന്നിരുന്ന് സങ്കടമുണർത്തിക്കാനും, പ്രഭാതത്തിൽ ചെറുകിളികൾക്ക് ശബ്ദമുണ്ടാക്കാനും, പറന്നുപോകുന്ന ചെറുകാറ്റിന് അൽപ്പസമയം വിശ്രമിക്കാനുമൊക്കെ ഈ മരം അത്യാവശ്യമായിരുന്നു. എന്നാൽ മരം എത്രകാലം അതേപടി നിൽക്കുമെന്ന് പറയാനേ പറ്റില്ല.

വരാനിരിക്കുന്ന ദുരന്തത്തെ നേരിടാൻ തയ്യാറാകുന്ന ഒരു മരത്തിന്റെ അവസ്ഥയാണിത്. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പ്രകൃതിയുടെ ഈ അവസ്ഥയെ എങ്ങനെയാണ് തടയാനാകുക എന്ന് ചിന്തിക്കണമെന്ന സൂച നയും ഈ കവിതയിലുണ്ട്.

പ്രകൃതിയുടെ നാശോന്മുഖതയാണ് ഈ കവിതയുടെയും വിഷയം. മനുഷ്യൻതന്നെയാണ്, അവന്റെ പ്രവൃത്തിയാണ് പരിസ്ഥിതിയെ ഇത്രമേൽ ദുഷിച്ചതാക്കി മാറ്റിയത്.

പ്രകൃതിക്ക്, അതിലെ പ്രതിഭാസങ്ങൾക്ക് അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന നഷ്ടപ്പെടലുകളാണ് മഞ്ഞക്കിളിയോട് എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്. വാനം മഞ്ഞളിക്കുകയും ഭൂമി ദാഹം മൂലം വരണ്ടുപോവുകയുമാണ് ചെയ്യുന്നത്. മഴപെയ്യാനായുന്ന മേഘവും എവിടെയോ വീശുന്ന ചുഴലിക്കാറ്റിന്റെ ഇരമ്പലും പ്രകൃതിയുടെ താളംതെറ്റിക്കുന്നു. എന്താണ് അടുത്ത പ്രഭാതത്തിൽ സംഭവിക്കുക, പ്രകൃതി ദുരന്തംമൂലം ഏതവസ്ഥയെയാണ് നാം നേരിടേണ്ടിവരിക എന്ന് ചിന്തിച്ച് ഭയചകിതരായിരിക്കുകയാണ് മനുഷ്യർ.

ഭൂമിക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ താളംതെറ്റലിൽ കവയിത്രി ഏറെ വേദനിക്കുന്നു. അരക്ഷിതമായ ഈ ഭൂമിയിൽ ഇങ്ങനെ എത്രനാൾ ജീവിക്കാനാകും എന്നോർത്താണ് ദുഃഖിക്കുന്നത്. ഇത്തരം ദുരന്തത്തിനുമുന്നിൽ പകച്ചുനിൽക്കുന്ന മനുഷ്യന് കൂട്ടായി, താങ്ങായി ദൈവം മാത്രമേ ഉള്ളൂ. എല്ലാം അദൃശ്യനായിനിന്ന് കാണുകയും അതിനൊരു രക്ഷാകവചമൊരുക്കി ദൈവം പ്രത്യക്ഷപ്പെടുകയും ചെയ്യും എന്നുള്ള വിശ്വാസം കവയിത്രി ഈ കവിതയിൽ പുലർത്തുന്നു. പ്രതീക്ഷകൈവിടാത്ത ആ മനസ്സു തന്നെയാണ് പ്രകൃതിയെപ്പറ്റി വീണ്ടും വീണ്ടും പാടാൻ അവരെ പ്രേരിപ്പിക്കുന്നതും.

മഴ, വെയിൽ, കാറ്റ്, ഇരുട്ട്, തണുപ്പ് തുടങ്ങി പ്രകൃതിയുടെ എല്ലാ അവസ്ഥാന്തരങ്ങളെയും സുഗതകുമാരി ആവിഷ്കരിച്ചിട്ടുണ്ട്. ഇവിടെ 'കാറ്റ്' എന്ന വിഷയത്തെയാണ് അവതരിപ്പിച്ചിരിക്കുന്നത്.

പ്രകൃതിയിലെ ഓരോ വസ്തുവിലും കാറ്റുണ്ടാക്കുന്ന മാറ്റങ്ങളും അതിൻഫലമായുണ്ടാകുന്ന അവസ്ഥകളുമൊക്കെയാണ് കാറ്റിനോട് എന്ന

കവിതയിൽ ആവിഷ്കരിക്കുന്നത്. ഒരു ഒളിച്ചുകളിയാണ് ഇവിടെ കാറ്റു നടത്തുന്നത്. ചായുന്ന കാട്ടുവള്ളിക്കതിരുകളും ആഞ്ഞുപുണരുന്ന മാഞ്ചില്ലകളും ഒഴുകുന്ന ഓളങ്ങളും മുല്ലക്കൊടിയുടെ നനഞ്ഞ ഇലകളും ചെമ്പരത്തിപ്പൂവിന്നിതളുകളും എല്ലാം കാറ്റിന്റെ ഇക്കിളി അനുഭവിക്കുന്നുണ്ട്. പ്രകൃതിയുടെ മനോഹാരിത അവാച്യമായ അനുഭൂതിയായി കവിതയിൽ അവതരിപ്പിച്ചിരിക്കുന്നു. ഇളംകാറ്റിനാണ് ഈ സൗന്ദര്യമുള്ളത്. അതിന് രൗദ്രഭാവം വന്നാലോ അത് സഹിക്കാനാവുകയുമില്ല. പ്രകൃതിയുടെ രൗദ്രഭാവമാണ് ഈ അവസ്ഥയിൽ പുറത്തുവരുന്നത്. മനുഷ്യൻ പ്രകൃതിയെ പലവിധത്തിൽ ചൂഷണം ചെയ്തതിന്റെ ഫലമായാണ് പ്രകൃതി രൗദ്രസ്വഭാവം പൂകുന്നത്. അതിൻഫലമായി പരിസ്ഥിതിയുടെ സുന്ദരഭാവം ഇല്ലാതാകുന്നു.

ഇവിടെയും പ്രകൃതിക്ക് സംഭവിക്കുന്ന മാറ്റം എങ്ങനെയാണ് പ്രകൃതിയെ നശിപ്പിക്കുന്നുവെന്നാണ് കവയിത്രിയുടെ വിവക്ഷ. അതിന്റെ ഫലം മനുഷ്യൻതന്നെയാണ് നേരിടേണ്ടിവരിക എന്ന സൂചനയും ഇവിടെയുണ്ട്.

പരിസ്ഥിതി സംരക്ഷണത്തിനായി നിരന്തരം തൂലിക ചലിപ്പിച്ച സുഗതകുമാരി, സൈലന്റ്‌വാലിയെ കണ്ട് കരംകൂപ്പിനിന്ന് ആശ്വസിക്കുകയാണ്. കശാപ്പുകാരുടെ കയ്യിൽ നിന്നും രക്ഷപ്പെട്ട വേട്ടമൃഗത്തെപ്പോലെ ഒരു തേങ്ങലാണ് നിന്നിൽ നിന്നും എനിക്ക് കേൾക്കാൻ കഴിയുന്നത് എന്ന് കവയിത്രി പറയുന്നു. നാശം തൊട്ടുതൊട്ടില്ല എന്ന മട്ടിലാണ് സൈലന്റ്‌വാലിയെ കടന്നുപോയത്.

കവയിത്രിയും ഈ പ്രദേശവും എങ്ങനെയാണ് ഇത്രയേറെ അടുപ്പത്തിലായത് എന്നും അവർ ചിന്തിക്കുന്നു. ഈ ഭൂപ്രദേശത്തെ നശിപ്പിക്കാനായി ഒരുമ്പെട്ടപ്പോൾ ഏറെനാൾ ഉറക്കംപോലും ഉപേക്ഷിച്ച് അതിനുവേണ്ടി,

അതിന്റെ സംരക്ഷണത്തിനായി അവർ പോരാടി. സ്വന്തം മകളെ നെഞ്ചോടുചേർത്ത് ആശ്വസിപ്പിക്കുന്ന അനുഭൂതിയായിരുന്നു അപ്പോൾ അവരുടെ ഉള്ളിൽ. ഒരിക്കലും തമ്മിൽ വിട്ടുപിരിയാനാവാത്ത ഒരുബന്ധം അവർക്കിടയിൽ ഉടലെടുത്തു. അതിന്റെ കാരണമെന്താണെന്നു മാത്രം അവർക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല.

ഇപ്പോഴാകട്ടെ വീണ്ടും ആ പ്രദേശം ഒന്നുകാണാനും അതിന്റെ സൗന്ദര്യം നുകരാനുമാണ് അവർ എത്തിയിരിക്കുന്നത്. നമ്മുടെ പൂർവ്വികർ ഉണ്ടാക്കിയത് നഷ്ടപ്പെടാതെ സംരക്ഷിക്കാനും അതിന്റെ മൂല്യം മനസ്സിലാക്കാനും അതിന്റെ മേന്മ അറിയാനും നാം ശ്രമിക്കണം. എങ്കിലേ പ്രകൃതിയെ, പ്രകൃതിയുടെ സൗന്ദര്യത്തെ എന്നും നമുക്കാസ്വദിക്കാൻ പറ്റൂ.

'ഒരുവീഴ്ചയുടെ ഓർമ്മ' എന്ന കവിതയിലും മരത്തോടുള്ള പ്രിയം തന്നെയാണ് പരാമർശിക്കുന്നത്. പ്രകൃതിയേയും അതിലെ നന്മകളേയും കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അതിന്റെ മറ്റുനന്മകളും വിളിച്ചോതുന്നു ഈ കവിത. കുഞ്ഞായിരിക്കുമ്പോൾ അമ്മയുടെ കയ്യുംപിടിച്ച് നടന്ന കാലവും ആ കാലത്തിന്റെ സവിശേഷതയും സൗന്ദര്യാത്മകതയും ഒക്കെയാണ് അവരുടെ ഉള്ളിൽ ഉണരുന്നത്. പണ്ട് അതിലെ നടന്നുപോകുമ്പോൾ ഉണ്ടായ മറക്കാനാവാത്ത ഒരനുഭവമാണ് ആ മനസ്സിൽ അപ്പോൾ മിന്നിമാഞ്ഞത്. ആ മരത്തിനും അതിന്റെ വേരിനും യാതൊരു മാറ്റവും വന്നിട്ടില്ല.

ഒരിക്കൽ അമ്മയോടൊത്ത് നടക്കുമ്പോൾ, അഥവാ ഓടുമ്പോൾ ഓടരുത് വീഴും എന്ന് അമ്മ പലതവണ വിലക്കിയിരുന്നു. അതൊന്നും ചെവിക്കൊള്ളാതെ ഓടുകയും നെഞ്ചടിച്ച് വീഴുകയും ചെയ്തു. ഉടൻ ആളുകൾ

ഓടിക്കൂടി. വീഴ്ച കണ്ട അമ്മയാകട്ടെ ആകെ പരിഭ്രമിച്ചിരുന്നുതാനും. ആശ്വസിപ്പിക്കാനെത്തിയവരിൽ ചിലർ "പെൺകുഞ്ഞുങ്ങളിങ്ങനെ അന്തം വിട്ടു പാഞ്ഞാലോ? വീഴ്ച്ച തീർച്ച!" എന്ന് പറയുകയും ചെയ്തു. എന്നാൽ കുസൃതി നിറഞ്ഞ ആ ബാല്യത്തിൽ അതൊന്നും ചിന്തിച്ചതേയില്ല. പറഞ്ഞതൊന്നും ചെവിക്കൊള്ളാതെ മുന്നോട്ടുനീങ്ങുകയാണ് ചെയ്തത്.

പിന്നെയും പലതവണ അതിലൂടെ ഓടിക്കളിക്കാനും പ്രകൃതിസൗന്ദര്യം നുകരാനുമുള്ള ഭാഗ്യം ഉണ്ടായി. അപ്പോഴേക്കും വലുതായിക്കഴിഞ്ഞിരുന്നു. ആ പ്രായത്തിലാണ് പലതും തിരിച്ചറിയുക. ചുറ്റുപാടുകളിലുള്ള ചതിക്കുഴികളെപ്പറ്റിയും തടസ്സങ്ങളെപ്പറ്റിയും ഒക്കെ. എന്നാൽ പിന്നീട് അവയെയൊക്കെ വളരെ ആർജ്ജവത്തോടെ നേരിടാനും അനായാസം അവയെ തരണംചെയ്യാനും കവയിത്രിക്ക് കഴിഞ്ഞു. ആ യുവത്വത്തിന്റെ ചുറുചുറുക്ക് പതിയെ ഇല്ലാതായി. നടപ്പ് പതുക്കെയായി. ശരീരംപോലെ മനസ്സും അൽപം പിന്നിലായി. ചുറ്റുപാടുമുള്ള പല പ്രശ്നങ്ങളും സങ്കീർണ്ണതകളും കവിമനസ്സിനെ വല്ലാതെ അലട്ടി. എണ്ണിയാലൊടുങ്ങാത്ത നിരവധി സംഭവങ്ങൾക്ക് ദൃക്സാക്ഷിയാകാനും പരിഹാരം കണ്ടെത്താനും നല്ലവഴി ഉപദേശിക്കാനും കവയിത്രി മുമ്പിൽ നിന്നു. സമൂഹത്തിലെ കെട്ടനിലപാടുകളാണ് കവയിത്രിയെ ഈവിധം ചിന്തിക്കാൻ പ്രേരിപ്പിച്ചത്. എന്നാണിനി ഇതിനൊരവസാനം എന്ന ഒരൊറ്റചിന്തമാത്രമേ കവിമനസ്സിൽ ഇന്നും എന്നുമുള്ളൂ. അതിനുവേണ്ടി നാലുപാടും സസൂക്ഷ്മം തിരയുന്ന ഒരു കവിമനസ്സ് ഓരോ കവിതയിലും കാണാനാകും. തന്റെ കൺമുമ്പിലരങ്ങേറുന്ന ഇത്തരം അനീതികൾ കണ്ടില്ലെന്നു നടിക്കാൻ അവർക്കാവില്ല.

പരിസ്ഥിതി നാശം വിഷയമാക്കി സുഗതകുമാരി രചിച്ച പ്രധാന കവിതകളിലൊന്നാണ് 'നിങ്ങളെൻ ലോകത്തെ എന്തുചെയ്തു' എന്നത്.

ഒരു തള്ളക്കിളിയുടെയും മക്കളുടെയും ആവാസസ്ഥലം ഒരു സുപ്രഭാതത്തിൽ കാണാതാവുന്ന ഒരു കാര്യമാണ് ഈ കവിതയിൽ അനാവൃതമാകുന്നത്. കുഞ്ഞുങ്ങൾക്ക് ഇരതേടിപ്പോയ അമ്മക്കിളി തീറ്റയുമായി മടങ്ങിവരുമ്പോഴേക്കും തന്റെ കുഞ്ഞുങ്ങളോ അവർ താമസിച്ച കൂടോ, ആ കൂട് നിന്ന മരമോ കാണാനില്ല. എല്ലാം മനുഷ്യന്റെ പൈശാചികപ്രവൃത്തികൾ മൂലം നശിപ്പിച്ചിരിക്കുന്നു. പകരം മുറിച്ച മരത്തിന്റെ ചോര വറ്റാത്ത കുറ്റി മാത്രമേ അവിടെ കാണുന്നുള്ളൂ.

ഒരുവനത്തിന്റെ പിടഞ്ഞുചാകലിൽ വിലയെന്ത്?
എന്നു ഞാൻ വിളിച്ചുചോദിപ്പൂ,
ഒരുമരത്തിന്റെ മരണത്തിനെന്തു-
വില? പ്രകൃതിയാക്കണക്കു നോക്കുന്നു
ഒരു കിളിയുടെ നിലവിളിക്കെന്തു-
വില? പ്രകൃതിയാക്കണക്കുനോക്കുന്നു
പ്രകൃതിയാക്കണക്കുനോക്കുന്നു...[5]

മരംമുറിച്ചുമാറ്റിയതുമൂലം വെയിലും ചൂടും ശക്തിയേറിയതായി. ഒരു മരത്തിന്റെ മരണത്തിലൊ കിളിയുടെ നിലവിളിക്കോ യാതൊരു വിലയുമില്ലെന്ന് ഇവിടെ വ്യക്തമാകുന്നു. എന്നാൽ ഇവിടെ സംഭവിച്ച നാശത്തിന്റെ കണക്ക് പ്രകൃതിയുടെ കയ്യിലുണ്ടാകുമെന്നും ഒരിക്കൽ അതിനെല്ലാം എണ്ണിയെണ്ണി കണക്കുചോദിക്കുമെന്നും കവയിത്രി അന്നേ മനസ്സിലാക്കിയിരുന്നു. എന്നാൽ നമുക്കത് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല എന്നതാണ് സത്യം. അന്നത്തെ ആ ചെയ്തികൾക്ക് ഒട്ടേറെ വർഷങ്ങൾക്കുശേഷം നാം ഉത്തരം പറയേണ്ടിവരുന്നു.

കാടിന്റെയും കടലിന്റെയും സംരക്ഷണം പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗംതന്നെ. അതിന്റെ പേരിൽ കവിതയെഴുതി പ്രശസ്തി നേടിയ കവയിത്രിയാണ് സുഗതകുമാരി.

കാടിനും കടലിനും ഏതാണ്ട് ഒരേ സ്വഭാവമാണെന്നാണ് കവയിത്രിയുടെ വിവക്ഷ.

'കാടുനിശബ്ദം കടൽക്കയം പോൽ,കാടു
പേടിയാക്കുന്നു കടലുപോലെ!'[6]

കാടിനെ കാട്ടുതീ വിഴുങ്ങുന്നതുപോലെ കടലിൽ കോളിളക്കം സൃഷ്ടിക്കുന്നത് അലകളാണ്. ഇത്തിരിനേരം എല്ലാതിരക്കും മാറ്റിവച്ച് പ്രകൃതിയുമായി ലയിക്കുന്നതാണ് സുഖകരം എന്ന് കവയിത്രി കരുതുന്നു. അതിനായി പട്ടണച്ചൂടും ആൾത്തിരക്കും ജോലിക്കസേരയും മാന്യതയും, പൊയ്മുഖവും എല്ലാം മറന്ന് ഓടിയൊളിക്കുന്നത് ഏറെ സുഖകരമായിരിക്കുമെന്നും അവർ കരുതുന്നു. അങ്ങനെ പ്രകൃതിയുമായി ഉൾച്ചേരുമ്പോഴാണ് മഴപ്പെയ്ത്തിന്റെ സൗന്ദര്യവും കാടും കടലിന്റെ പാട്ടും വൻമഴക്കാറ്റും വിണ്ണിന്റെ ഉൾച്ചിരിയും ഒക്കെ അനുഭവിക്കാൻ കഴിയുന്നത്. അത് അനുഭവിക്കുക എന്നതും ഏറെ സുഖകരമായ ഒരു അനുഭൂതിയാണ്.

പ്രകൃതിയെ യഥാർത്ഥത്തിൽ അറിഞ്ഞാൽ മാത്രമേ അതിന്റെ സൗന്ദര്യവും ഭംഗിയും ആസ്വദിക്കാൻ കഴിയൂവെന്നാണ് കവയിത്രി പറയുന്നത്. പ്രകൃതിയെ അറിഞ്ഞ് അനുഭവിച്ച് ജീവിക്കുക എന്നതിൽപ്പരമൊരാനന്ദം ജീവിതത്തിൽ മറ്റില്ല.

മനുഷ്യന്റെ ചെയ്തികളാൽ നാശം നേരിടുന്ന പ്രകൃതിയും അതിലെ ഓരോ വസ്തുക്കളും എന്നും സുഗതകുമാരിയെ അലട്ടിക്കൊണ്ടിരുന്നു. ഇവിടെ ചിറകൊടിഞ്ഞ മരക്കൊമ്പിലിരുന്ന് ഒരുപാട്ടുപിന്നെയും പാടുന്ന

പക്ഷിയെപ്പറ്റിയാണ് 'ഒരുപാട്ടു പിന്നെയും' എന്ന കവിത. പാവം കിളി ഒറ്റക്കാണ്. ഒറ്റയായി ഒരു മരക്കൊമ്പിലിരുന്ന് പാടുന്ന അതിന്റെ കൂടെ പാട്ട് ഏറ്റുപാടാൻ ഇണയോ കൂട്ടുകാരോ ഇല്ലതാനും. വളർത്തിയ മക്കളും കൊച്ചു മക്കളുമാകട്ടെ സ്വന്തം കാലിൽ നിൽക്കാറായപ്പോൾ എല്ലാം മറന്ന് സ്വന്തം വഴി തേടി പോവുകയും ചെയ്തു. എങ്കിലും അനാഥമായ ആ മനസ്സിൽ വെളിച്ചവും ഗാനവും കാറ്റും എല്ലാം കുടിയിരിക്കുന്നുണ്ട്. എല്ലാം പാടേ ഉപേക്ഷിക്കാൻ കവയിത്രി തയ്യാറല്ലതാനും.

എന്നാൽ, തനിച്ചായ ആ കിളിയുടെ പാട്ട് കേൾക്കാനും ആസ്വദിക്കാനും കൂടെ മരവും മഴയും കുളിരും നിഴലും പുഴയും പുല്ലും എല്ലാമുണ്ട്. ആരോരുമില്ലാത്ത അതിന് കൂട്ടായി താരുകളും താരങ്ങളുമുണ്ട്. ആ കിളിയുടെ പാട്ടിലാകട്ടെ ആഹ്ലാദവും കനിവെഴും സ്വപ്നങ്ങളും കണ്ണുനീരും ഉണ്ട്. പാട്ടിൽ ലയിച്ച് തന്റെ ചിറക് ഒടിഞ്ഞതിന്റെ വേദനപോലും അത് മറന്നു പോകുന്നു. തനിക്ക് ചിറകില്ലിനി പറക്കാൻ എന്ന് ഓർക്കുന്നതേയില്ല. തന്റെ വേദനകളെ, ഇല്ലായ്മകളെ പുറത്തുകാണിക്കാതെ ഉള്ളിൽ സന്തോഷം കണ്ടെത്താൻ ശ്രമിക്കുകയാണ് കിളി.

പ്രകൃതിയിലെ ജീവജാലങ്ങൾക്ക് നേരിടേണ്ടിവരുന്ന ക്രൂരതകളെ തന്റെ നിരവധിയായ രചനകളിലൂടെ കവയിത്രി തുറന്നുകാട്ടുന്നു. തൃശ്ശൂർ മൃഗശാലയിൽ മാനുകൾ തലതല്ലിച്ചത്ത സംഭവം ആസ്പദമാക്കിയാണ് 'വനരോദനം' എന്ന കവിത സുഗതകുമാരി രചിച്ചിരിക്കുന്നത്.

ഇത്തരം ക്രൂരതകൾക്കുമുമ്പിൽ അതുകണ്ട് വിതുമ്പാൻ കിളി മാത്രമേ ഉള്ളൂ. ഈ നാശത്തിനുപിന്നാലെ വലിയ ദുരന്തമാണ് സംഭവിക്കാൻ പോകുന്നത്. വറുതിയും പ്രളയവും ഇടിവെട്ടിയിടുന്ന മലകളും മച്ചിയായ പാടങ്ങളും അലറുന്ന കടലും കൽപ്പവൃക്ഷത്തിന്റെ പുണ്ണായും മണ്ണിന്റെ

വരൾച്ചയും ഈ നാശത്തിനുപുറകെ സംഭവിക്കുന്നു. പ്രകൃതിയെയും അതിലെ ജീവികളെയും നശിപ്പിച്ചാൽ വരാൻപോകുന്ന ഭവിഷ്യത്ത് വിവരിക്കാനാവാത്തതാണ്.

പരിസ്ഥിതിനാശം സമൂഹത്തിനുമുമ്പിൽ വലിയ ഒരു ചോദ്യചിഹ്നമാണ്. അതിന്റെ ദുരന്തഫലം നാം അനുഭവിക്കാൻ തുടങ്ങിയിരിക്കുന്നു. കാലാവസ്ഥയ്ക്ക് അനുസൃതമായല്ലാതെ പ്രകൃതിപ്രതിഭാസങ്ങൾ സംഭവിക്കുന്നു. ആഗോളതാപനം പ്രകൃതിയെ അസ്വസ്ഥയാക്കുന്നു. അത് തടയുക, പൂർണ്ണമായും ഇല്ലാതാക്കുക എന്നതാണ് നമ്മുടെ ധർമ്മം.

പ്രകൃതിയിൽ അഥവാ ഭൂമിയിൽ സമുദ്രങ്ങൾ, മരങ്ങൾ എന്നിങ്ങനെ എല്ലാറ്റിനും അതിന്റേതായ പ്രധാന്യമുണ്ട്. 'മലമുകളിലിരിക്കെ' എന്ന കവിതയിലും പ്രകൃതിയുടെ സവിശേഷതകൾ തന്നെയാണ് കവയിത്രി പറയുന്നത്.

മലമുകളിലിരിക്കെ കവയിത്രിക്ക് കൂട്ടായി പലതുമുണ്ട്; കുളിർക്കാറ്റ്, കിളികൾ, ഇളവെയിലിൻ കളിചിരി, കരിയെഴുതിയ പൂക്കൾ, കിളിതൻ പേടി, മഴക്കാർ മൂടുന്നമലനിര, പടവുകൾ, പച്ച, പുഴയുടെ സംഗീതം, പുലരിയുടെ അഴക്, നിഴലുകൾ, മേടുകൾ, പൂങ്കിളിയുടെ പാട്ട് എല്ലാമുണ്ട്. ഇവയുടെയെല്ലാം കൂട്ടായ്മയിലാണ് മലമുകളിൽ കവയിത്രി ആ സൗന്ദര്യം ആസ്വദിക്കുന്നത്. പ്രകൃതിയിലെ ചരാചരങ്ങൾക്ക് അവയുടേതായ ഭംഗിയുണ്ടെന്ന് കവയിത്രി മസ്സിലാക്കുന്നു.

മലമുകളിലിരിക്കുമ്പോഴാണ് പ്രകൃതിയുടെ മറ്റൊരു മുഖം കൂടി അവർക്ക് കാണാൻ കഴിയുന്നത്. പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്ന പല വസ്തുക്കളും നമുക്കു ചുറ്റിലുമുണ്ടെന്ന് കവയിത്രിക്ക് ക്ഷണനേരത്തിൽ തിരിച്ചറിയാൻ സാധിക്കുന്നു. കരിയും പുകയും ചൂടും തിരക്കും,

നഗരത്തിന്റെ പൊയ്മുഖവും ഒക്കെ വീട്ടിൽ ഇരുന്നുപോലും മനസ്സിലാക്കാൻ സാധിക്കുന്നു. അത് നോക്കിനിൽക്കുമ്പോഴും മലമുകളിലെ സൗന്ദര്യം വീണ്ടും കവിതയെഴുതാൻ കവയിത്രിയെ പ്രേരിപ്പിക്കുന്നു. അപ്പോൾ പല സുന്ദരദൃശ്യങ്ങളും അവരുടെ ഉള്ളിലൂടെ കടന്നുപോകുന്നു. പാലുചുരത്തും മലമുടിയും, കുളിർനീരൊഴുകുന്ന അരുവികളും, തുമ്പക്കതിരുകളും, മഞ്ഞപ്പൂവും, ഹരൻ കുടികൊള്ളുന്ന മലയും, വിളറിയ പൊൽതിങ്കൾക്കലയും, മലരിന്റെ മണവും സംഗീതമുതിർക്കുന്നത് കവയിത്രിക്ക് അറിയാനും കവിതയ്ക്ക് വിഷയമാക്കാനും കഴിയുന്നു.

ഭൂമിയെ മരുഭൂമിയാക്കുന്ന, മഴപെയ്യാത്ത ദുരവസ്ഥയും എന്തുചെയ്യണമെന്നറിയാതെ ഉഴലുന്ന കവിഹൃദയവും എല്ലാം അനുവാചക മനസ്സിനെ മഥിക്കുന്നു. ഈ സങ്കടങ്ങളെല്ലാം ഒരുപാട്ടിലൊതുക്കി പൈങ്കിളിയുടെ പൂവിളിയായി, ചെന്തേനായി, കാട്ടുറവയായി കവിമനസ്സിൽ തങ്ങിനിൽക്കുന്നു. ഇത്തരം അസുലഭ നിമിഷങ്ങൾ മനസ്സിൽ സൂക്ഷിച്ച് ആലോചിച്ച് പുളകം കൊള്ളുന്ന മനസ്സാണ് കവയിത്രിയുടേത്. പ്രകൃതിയിലെ സുന്ദരനിമിഷങ്ങളെ കവിതയിലേക്കാവാഹിച്ച് അതിൽ സൗന്ദര്യത്തിന്റെ അംശങ്ങൾ കണ്ടെത്താനാണ് അവർ ശ്രമിച്ചത്.

മഴ സുഗതകുമാരിയുടെ മനസ്സിൽ അവാച്യമായ അനുഭൂതിയുണർത്തി. മഴയുടെ വിവിധ ഭാവങ്ങൾ 'തുലാവർഷപ്പച്ച' എന്ന കവിതയിലൂടെ പകർത്താൻ അവർ ശ്രമിച്ചു. മഴ പെയ്തപ്പോഴുള്ള പ്രകൃതിയുടെ ആഹ്ലാദമാണ് ആദ്യഭാഗങ്ങളിൽ സൂചിപ്പിക്കുന്നത്. മഴപെയ്തതിന്റെ ഫലമായി അട്ടപ്പാടിയും സുന്ദരിയായി. നഗ്നമായ ശുഷ്കിച്ച നെഞ്ചുമായി വെയിലത്ത് മയങ്ങിക്കിടന്നവർ പിന്നീട് മോഹിനിയും പ്രേമവതിയുമായി മാറിയതും മഴയുടെ

സാന്നിധ്യംകൊണ്ടുതന്നെയാണ്. പച്ചപ്പിന്റെ തഴപ്പും കുളിർമ്മയും ആർദ്ര തയും മഴപെയ്താൽ മാത്രം ലഭിക്കുന്നതാണെന്നും അത് പ്രകൃതിയെയും മലനിരകളെയും സൗന്ദര്യവതികളായി മാറ്റുന്നു എന്നും വ്യക്തമാക്കുന്നു.

എന്നിരുന്നാലും ഈ കുളിർമ്മ ശാശ്വതമല്ലെന്നും കവയിത്രി കണ്ടെ ത്തുന്നു. അത് അൽപകാലത്തേക്കുമാത്രം നിലനിൽക്കുന്നതാണ്. ഭൂമി വീണ്ടും പഴയ അവസ്ഥയിലേക്ക് തിരികെപ്പോവുകതന്നെ ചെയ്യും. എന്നിരു ന്നാലും അൽപകാലത്തേക്കെങ്കിലും ഈ സൗന്ദര്യം നിലനിർത്താനായാൽ അത് ഭാഗ്യമായിക്കരുതി ആശ്വസിക്കാം. വരാൻപോകുന്ന വരൾച്ചയിലും കഴിഞ്ഞുപോയ, അനുഭവിച്ച പച്ചപ്പിനെ ഓർത്ത് സന്തോഷിക്കാൻ കഴിയു മെന്ന പ്രത്യാശ അവർ പുലർത്തുന്നു.

പ്രകൃതിയിലെ സർവ്വചരാചരങ്ങളും പ്രകൃതിയുമായി ബന്ധപ്പെട്ടിരി ക്കുന്നുവെന്നും അതിലൊന്നിനൊരപകടം പറ്റിയാൽ മറ്റുള്ളവയെയും പ്രതി കൂലമായി ബാധിക്കുമെന്നും അവർ മുൻകൂട്ടി മനസ്സിലാക്കിയിരുന്നു.

നഗരത്തിന്റെ തിരക്കിൽനിന്ന് ഓടിയൊളിക്കാനായി തിരക്കുകൂട്ടുന്ന കവയിത്രിയെ ഈ കവിതയിൽ കാണാം. ആടത്തുമ്പിലുടക്കിവിളിക്കുന്ന ഒരു കൊച്ചുപൂവാണ് ഈ കവിതയിലെ കേന്ദ്രബിന്ദു. കവയിത്രി കുട്ടിയായി രുന്നപ്പോൾ അവർ തമ്മിൽ അമ്പലവഴിയിലെ വയലിൽ കാണാറുള്ളതും കുശലം പറയാറുള്ളതും അവർ ഓർക്കുന്നു. ആ പഴയ സമാഗമവേളയിലെ ഓരോ സുന്ദരനിമിഷവും കവയിത്രി ഓർത്തെടുക്കുകയാണ്. വളരെനാളു കൾക്കുശേഷം തമ്മിൽ കാണാൻ സാധിച്ച അവർ പരസ്പരം ഒരുപാട് കാര്യ ങ്ങൾ പങ്കുവെക്കുകയും കുനിഞ്ഞ് കവയിത്രി അവൾക്ക് ഒരു ഉമ്മകൊടു ക്കാനായുകയും ചെയ്യുന്നു.

പുതിയതലമുറയുടെ പ്രതിനിധിയായി ഒരു കാർ അപ്പോൾ നിർത്താതെ ശബ്ദമുണ്ടാക്കുകയാണ്. വഴിയരികിൽനിന്ന് മാറാനാണ് അവർ കവയിത്രിയോടു പറയുന്നുത്. എന്നാൽ ആ ഒരു കുഞ്ഞുപൂവിന്റെ സമാഗമത്തിലൂടെ തന്റെ ബാല്യകാലം ഓർക്കാൻ കവയിത്രിക്ക് സാധിച്ചു. മാത്രമല്ല ആ കാലഘട്ടത്തിലെ മറക്കാത്ത അനുഭവങ്ങളും ആ നിമിഷാർദ്ധത്തിൽ കവിമനസ്സിലൂടെ കടന്നുപോയി. ഇനിയും ഏറെദൂരം സഞ്ചരിക്കാനുള്ള ഈ ജീവിതയാത്രയിൽ അൽപ്പസമയത്തേക്കെങ്കിലും തന്നെ ആഹ്ലാദസ്മൃതികളിലേക്ക് കൂട്ടിക്കൊണ്ടുപോയ കൊച്ചുപൂവിന് അവർ കൃതജ്ഞത അർപ്പിക്കുന്നു.

പരിസ്ഥിതി സംരക്ഷണം അനിവാര്യമാണെന്ന് കവയിത്രി ആവർത്തിച്ചു. പ്രകൃതി സംരക്ഷണത്തിനായി മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതിന്റെ ആവശ്യകതയും അത് ചെയ്തില്ലെങ്കിൽ ഭാവിയിൽ ഉണ്ടാകാനിടയുള്ള ഭവിഷ്യത്തും സുഗതകുമാരി നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

ഈ കവിതയിലും പ്രകൃതിയുടെ നാശംതന്നെയാണ് വിഷയമാക്കിയിരിക്കുന്നത്. തന്റെ കുട്ടിക്കാലത്ത് പരിസരമാകെ നിറഞ്ഞുനിന്നിരുന്ന മരങ്ങളെല്ലാം അതേ അവസ്ഥയിൽത്തന്നെ ഇന്നും നിലനിൽക്കുന്നുണ്ടോ എന്ന ഒരുചോദ്യം കവിതയുടെ തുടക്കത്തിൽത്തന്നെ ഉന്നയിക്കുന്നു. പണ്ട് നട്ട ആൽമരത്തിന് ഇന്നും അത് നട്ട ആളെ കാണുമ്പോൾ തിരിച്ചറിയാൻ സാധിക്കുന്നുണ്ട് എന്ന സൂചനയും നൽകുന്നു. മനുഷ്യർ പരസ്പരം തിരിച്ചറിയുന്നതുപോലെ മരങ്ങളും തിരിച്ചറിയും എന്നാണ് അവർ വിശ്വസിക്കുന്നത്. മരം മുറിച്ചുകളയുന്നതിനേക്കാൾ മരം വച്ചുപിടിപ്പിക്കാനാണ് നാം ശ്രദ്ധിക്കേണ്ടത് എന്നും കവയിത്രി ഇടക്കിടെ ഓർമ്മിപ്പിക്കുന്നു. ഒരു മരം നട്ടാൽ അതിനെ വളർത്തി വലുതാക്കിയാൽ അതിലുപരി നമുക്ക് ഒന്നും ചെയ്യാനില്ല എന്ന സത്യവും അവർ ഓർമ്മിപ്പിക്കുന്നു.

എന്നാൽ പുതിയതലമുറ ഇതൊന്നും കാര്യമാക്കുന്നതേയില്ല. അവർക്ക് തങ്ങളുടെ കാര്യം മാത്രം നോക്കി ജീവിക്കാനാണിഷ്ടം. നശിച്ചു കൊണ്ടിരിക്കുന്ന ചുറ്റുപാടുകളേയോ നാശത്തിന്റെ വക്കിലെത്തിനിൽക്കുന്ന പരിസ്ഥിതിയെയോ തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നില്ല. മുകളിലുള്ള സൂര്യന്റെ ക്രോധമോ താഴെ വറ്റിവരളുന്ന പുഴകളേയോ കാണുവാൻ അവർക്ക് കണ്ണുകളില്ല. അതിനുള്ള നേരവും അവർക്കില്ല.

കവയിത്രിയുടെ തലമുറക്ക് അങ്ങനെ നിഷ്ക്രിയമായി, നിർവ്വികാര മായി നോക്കിനിൽക്കാൻ കഴിയില്ല. മഴയെയും, കാരുണ്യത്തെയും, ശാന്തി യെയും സ്നേഹിക്കുന്നവരാണ്, അവ നശിപ്പിക്കാതെ കാത്തുസൂക്ഷിക്കുന്ന വരാണ് പഴമക്കാർ. ഉള്ളതിനെ നശിപ്പിക്കാതെ, കളയാതെ സംരക്ഷിക്കാൻ ശ്രമിക്കുന്നവരാണവർ. അത് വേണ്ടെന്നുവെയ്ക്കാൻ അവർക്കാവില്ല. ദിനം പ്രതി ഏറിവരുന്ന ചൂടിനും വരൾച്ചയ്ക്കും വെള്ളപ്പൊക്കത്തിനും ദുരിത ങ്ങൾക്കും ശമനം ഉണ്ടാകണമെങ്കിൽ, കുറവ് അനുഭവിക്കണമെങ്കിൽ പ്രകൃ തിയുടെ സന്തുലനാവസ്ഥ നിലനിർത്തിയേ മതിയാവൂ. അതിന് പ്രയത്നി ക്കേണ്ടത് സമൂഹമാണ്. മരങ്ങൾ ധാരാളം വച്ചുപിടിപ്പിക്കുകയും ഉള്ള മര ങ്ങളെ സംരക്ഷിക്കുകയും ചെയ്താൽത്തന്നെ ഒരു പരിധിവരെ ആശ്വാസ മാകും. അങ്ങനെ പ്രകൃതി സംരക്ഷണത്തിനായി പ്രവർത്തിച്ചാൽ മാത്രമേ കൊടും വരൾച്ച ഇല്ലാതാക്കി മനുഷ്യന് ഭൂമിയിൽ സുഖമായി ജീവിക്കാ നുള്ള കാലാവസ്ഥ സംജാതമാവുകയുള്ളൂ. അങ്ങനെ ചെയ്യാതിരുന്നതിന്റെ ഫലം നാം അനുഭവിക്കാൻ തുടങ്ങിയിരിക്കുന്നു. പ്രളയവും കൊടുംവേനലും വരൾച്ചയും കേരളത്തിലും ഉണ്ടാകുന്നു. ഇത് ഇനിയും തുടരാൻ അനുവദി ച്ചുകൂടാ എന്നത്രെ കവയിത്രി ആവർത്തിക്കുന്നത്.

ഗംഗാനദിയെ തിരുജടയിലൊളിപ്പിച്ച പരമശിവനെയും അതിന്റെ പിറകിലെ കഥയുമാണ് കവയിത്രി 'നയാഗ്ര'യിലൂടെ ഓർക്കുന്നത്. നദിയുടെ മഹാപ്രവാഹവും തടയാൻ സാധ്യമല്ലാത്ത ഒഴുക്കും അതിന്റെ ഭംഗിയും ഭീകരതയും എല്ലാം ഈ കവിതയിൽ വരച്ചുകാട്ടുന്നു.

ആദ്യഭാഗങ്ങളിൽ പരമശിവന്റെ വർണ്ണനയാണ്. സ്വന്തം കവിതയുടെ തിരുജടയിൽ ആ പ്രവാഹത്തെ ഒതുക്കിപ്പിടിക്കാൻ ശ്രമിക്കുന്ന ഭഗീരഥ പ്രയത്നവും ഹൃദയാവർജ്ജകമായ ഭാഷയിലൂടെ അവതരിപ്പിക്കുന്നു. അത് വർണ്ണിക്കാൻ വാക്കുകളില്ല എന്നും പറയുന്നുണ്ട്. ആ പ്രവാഹത്തെ തിരുജടയിൽ ഒളിപ്പിക്കുമ്പോഴും അതിന്റെ ഓരോ വരവിനെയും പ്രത്യേക ഭാവത്തിൽ കവയിത്രി വർണ്ണിക്കുന്നു. പ്രകൃതിയെയും അതിന്റെ സൂക്ഷ്മഭാവങ്ങളെയും സൂക്ഷ്മമായി വർണ്ണിക്കുന്നു. തന്റെ ജീവിതവുമായി ഏറെ ബന്ധപ്പെട്ടുകിടക്കുന്ന പല സംഭവങ്ങളും പ്രകൃതിയെ ഉൾച്ചേർത്ത് പറയാൻ അവർ ശ്രമിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ വനം മനുഷ്യത്വമില്ലാത്തവർ നശിപ്പിച്ചതിനെത്തുടർന്ന് അത് വീണ്ടും ആദിവാസികളുടെ സഹായത്തോടെ പുനർനിർമ്മിക്കുകയും അതിന് കൃഷ്ണവനമെന്ന് പേരുനൽകയും ചെയ്ത ഒരു മഹാവ്യക്തിത്വമാണ് അവരുടേത്.

പ്രകൃതിയിലെ ഓരോ സുന്ദരവസ്തുക്കളെയും ശരിയായി അറിയാനും ആസ്വദിക്കാനും മനുഷ്യർക്ക് കഴിയാത്ത വേദനയാണ് പാലപൂത്തിതുപാഴായ് എന്ന കവിതയിലെ പ്രമേയം. പാലയിലൂടെയാണ് പ്രകൃതിസൗന്ദര്യത്തെ കവയിത്രി മനുഷ്യഹൃദയങ്ങളിലേക്ക് ആവാഹിക്കുന്നത്.

പാല പൂത്തത് ആസ്വദിക്കാനായി, അതിൽ സന്തോഷം കണ്ടെത്താനായി കവയിത്രിയെ പാലമരം അടുത്തേക്ക് വിളിക്കുന്നുണ്ട്. എന്നാൽ സ്വന്ത

മായും അല്ലാതെയുമുള്ള ഒരുപാട് തിരക്കുകൾക്കിടയിൽ കവയിത്രിക്ക് ആ സൗന്ദര്യം നുകരാൻ സാധിക്കുന്നില്ല. ആ സൗരഭ്യം ആസ്വദിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അത് അകന്നുപോകുന്ന അവസ്ഥയാണ് കവിതയിൽ.

"പോയൊരെൻ പ്രേമംപോലെ

മധുരം വ്യർത്ഥം മൂഢം!"[7]

പണ്ട് പാലപ്പൂമണം നന്നായി ആസ്വദിക്കുകയും അതിൽ ഉന്മത്തയാകുകയും പിന്നീട് എങ്ങനെയോ മരണപ്പെട്ട് നിഴലായ് പാലച്ചോട്ടിൽ അവൾ തളർന്നു കിടക്കുന്നതുമൊന്നും പാലക്ക് അറിയില്ലേ എന്നും കവയിത്രി ചിന്തിക്കുന്നുണ്ട്. ഇത്തരം കാര്യങ്ങളൊന്നും അറിയേണ്ട ആവശ്യവും അതിനില്ലെന്ന് തോന്നുന്നു. മാത്രമല്ല നമുക്കുചുറ്റും നടക്കുന്ന വസ്തുതകളൊന്നും പാലയ്ക്ക് അറിയില്ല. താഴത്തെ കീടങ്ങളുടെ നോവുകളോ, ഇരുൾക്കുഴികളിലെ ദുർഗന്ധമോ, പരസ്പരമുള്ള ആക്രമണമോ, മരണമോ, തെരുവിൽ ശരീരങ്ങൾ വിൽക്കുന്നതോ, ദൂരെ മരുവായിത്തലരാകുന്നതോ ഒന്നും പാവം പാല അറിയുന്നില്ല. സമൂഹത്തിൽ മുകൾത്തട്ടിൽ നിൽക്കുന്നവർ താഴേക്കിടയിലുള്ളവരുടെ ഒരു പ്രശ്നവും അറിയുന്നില്ല, അറിയാൻ ശ്രമിക്കുന്നുമില്ല. ഇവിടെ കവയിത്രി അതും സൂചിപ്പിക്കുന്നു. പാലമരം പാവമാണ്. അതിനെക്കുറിച്ച് മനുഷ്യനുണ്ടാക്കുന്ന സങ്കല്പമാണ് കേരളത്തിലെ യക്ഷിക്കഥകളിൽ ത്രസിക്കുന്നത്. ഏറെ സൗന്ദര്യമുള്ള പാലപ്പൂവിനെയാണ് യക്ഷിയുമായി ബന്ധിപ്പിച്ചു പറയുന്നതിൽ കാണാനാവുക.

പ്രകൃതിയുടെ ഉദാത്ത സൗന്ദര്യമായ സൈലന്റ്‌വാലി മലനിരകളുടെ ആകർഷണീയതയും അതിനുണ്ടാകുന്ന ക്ഷയവുമെല്ലാം കവയിത്രി നിരവധി കവിതകളിൽ വർണ്ണിച്ചിട്ടുണ്ട്.

മഴയും അതിനെത്തുടർന്ന് തഴച്ചുവളരുന്ന പച്ചയും കുന്തിപ്പുഴയുടെ സമൃദ്ധി വർദ്ധിപ്പിക്കുന്നു. സൈലന്റ്വാലി മലനിരകളിൽ നിന്ന് ഉത്ഭവി ക്കുന്ന നദികളാണ് ഭവാനിയും കുന്തിയും. ആ നദികൾ ഈ മഴപ്പെയ്ത്തി നാൽ നിറഞ്ഞ് സന്തോഷവതികളായി ഇരിക്കുന്നു. പക്ഷേ ഈ സന്തോഷം അധികനാൾ നീണ്ടുനിൽക്കുന്നതല്ല. അതിനെ നശിപ്പിക്കാനായി മനുഷ്യന്റെ കരാളഹസ്തങ്ങൾ പ്രവർത്തിച്ചു തുടങ്ങുകയാണ്. അതുകണ്ട് പേടിച്ച് ഈ പുഴകൾ കാടിന്റെ മടിയിൽ ഒളിച്ചിരിക്കുന്നു. ഈ നാശത്തെ കണ്ടുനിൽക്കാ തെ, അത് ദീർഘനാൾ തുടരാനനുവദിക്കാതെ അതിനെ സംരക്ഷിക്കാനായി ഉയരുന്ന കൈകളും അവിടെത്തന്നെ കാണാൻ സാധിക്കുന്നുണ്ട്. അതിൽ കവയിത്രി ഉൾപ്പെടെ നിരവധിപേർ അണിനിരക്കുന്നുണ്ട്.

പ്രകൃതി നമുക്ക് കനിഞ്ഞുനൽകിയ വരദാനങ്ങളാണ് ഈ പുഴകളും ജലാശയങ്ങളും മറ്റും. അതിനെ നശിപ്പിക്കുക എന്നാൽ നാം ഇരിക്കുന്ന കൊമ്പ് സ്വയം മുറിക്കുക എന്നാണർത്ഥം. അത് ശരിയല്ല. ആ പ്രവർത്തന ങ്ങൾക്ക് തടയിട്ടേ മതിയാകൂ. അതിനായി സുഗതകുമാരി അക്ഷീണം പ്രവർത്തിച്ചിരുന്നു.

പ്രകൃതിയെ വന്ദിക്കുകയാണ് ആദ്യം കവയിത്രി ചെയ്യുന്നത്. നമുക്കു ചുറ്റും പൂന്തണൽ പെയ്യുന്ന മരത്തിന്റെ ശാഖകളെ തിരുമുടികളായി കൽപ്പി ച്ചിരിക്കുന്നു. നീലകണ്ഠസ്വാമിയെപ്പോലെ വിഷം ഭുജിച്ചിട്ട്, ചുറ്റുമുള്ള മാലി ന്യങ്ങളെ സ്വീകരിച്ച് പകരം നമുക്ക് ശ്വസിക്കാനുള്ള പ്രാണവായുവാണ് മര ങ്ങൾ തരുന്നത്. നമ്മുടെ ജീവന്റെ തന്നെ ഉൾക്കരുത്തായി ഉയിരിന്ന് മരു ന്നായി പലകടാക്ഷങ്ങളാണ് മരങ്ങൾ നമുക്ക് തരുന്നത്. കുഞ്ഞുങ്ങൾക്ക് കളിപ്പാട്ടമായും വാർദ്ധകൃത്തിൽ ഊന്നുവടിയായും മരങ്ങൾ മനുഷ്യർക്ക്

ഉപകാരികളായി മാറുന്നു. കുരുന്നുകൾക്ക് തൊട്ടിലായും മണിമഞ്ചമായും അന്ത്യത്തിൽ ശാന്തമായി ഉറങ്ങാൻ കനൽവിരിപ്പായും ഉപയോഗിക്കുന്നത് മരങ്ങളെയാണ്. മനുഷ്യന്റെ ഒരിക്കലും പിരിയാത്ത കൂട്ടുകാരനായും അനർഘവർഷം ചൊരിയുന്ന ദൈവമായും ഈ മരങ്ങൾ മാറുന്നു.

ഇങ്ങനെ സഹായിക്കുന്ന മരങ്ങളെയാണ് നാം ഒരു ദയയുമില്ലാതെ മഴുകൊണ്ട് വെട്ടിവേദനിപ്പിക്കുന്നത്. മലവെള്ളപ്പാച്ചിലിൽ മണ്ണ് ഒലിച്ചുപോകാതെ പിടിച്ചുനിർത്താനും മണ്ണിന്റെ തുടിപ്പ് നിലനിർത്താനും മരങ്ങളാണ് ആശ്രയം. ഒരിക്കലും മാതൃഹൃദയത്തിന്റെ ദുഃഖം അടങ്ങുകില്ല. എങ്കിലും ആ അമ്മമനസ്സിനെ സുധാവർഷത്താൽ തണുപ്പിക്കാൻ ഈ മരങ്ങൾ പല രീതിയിലും സഹായിക്കുന്നു. ഇങ്ങനെ പലവിധത്തിൽ നമ്മെ സഹായിക്കുന്ന മരങ്ങളെ, നമ്മുടെ ജീവൻ നിലനിർത്തുന്ന മരങ്ങളെ ദൈവത്തെപ്പോലെ കരുതണം എന്നാണ് കവയിത്രി പറയുന്നത്. ഭൂമിയെയും മനുഷ്യരെയും കാത്തുരക്ഷിക്കുന്ന മരങ്ങളെയാണ് മനുഷ്യർ പണത്തിനുവേണ്ടി വിറ്റുകാശാക്കുന്നത്. ഈ മരങ്ങളാണ് പ്രകൃതിയുടെ സന്തുലനാവസ്ഥയെനിലനിർത്തുന്നത്. അത് പലതരത്തിലാണ്. കാറ്റിനെ, സൂര്യനെ, മഴയെ ഒക്കെ ചൊൽപ്പടിക്ക് നിർത്തി വേണ്ടസമയത്ത് അതിനെ പെയ്യാനനുവദിക്കുന്നതിൽ മരങ്ങൾക്ക് പങ്കുണ്ട്. ദൈവതുല്യരായ മരങ്ങളുടെ അടിവേര് മുതൽ മുകളിലെ ഇലകൾവരെ മനുഷ്യരാശിയുടെ സുഖപൂർണ്ണമായ ജീവിതത്തിന് കാവലാളായി മാറുന്നു.

പലരീതിയിൽ പ്രകൃതിയെ സംരക്ഷിക്കുന്ന ഈ മരങ്ങൾക്ക് നാം പകരം കൊടുക്കുന്നത് മറ്റൊന്നാണ്. മഴുവിലൂടെയും അഗ്നിയിലൂടെയും ക്രൂര

തകാണിക്കുന്നു. പലരീതിയിൽ മരങ്ങളെ നാം ദ്രോഹിക്കുന്നു. അത് മാപ്പർഹിക്കാത്തകുറ്റമാണ്. എന്നിരുന്നാലും എല്ലാം പൊറുക്കുമല്ലോ എന്ന് കവയിത്രി ദൈവത്തോട്, അഥവാ ദൈവമായിക്കരുതുന്ന മരത്തിനോട് പറയുന്നു. മരം ഇത്തരം ചെയ്തികൾ പൊറുക്കുമെങ്കിലും പ്രകൃതിയാകുന്ന അമ്മ അത് സഹിക്കില്ല എന്ന് അവർക്ക് ഉറപ്പുണ്ട്. ആ പ്രകൃതി അഗ്നിപാറുന്ന, ജ്വലിക്കുന്ന ഒരുനോട്ടമാണ് മനുഷ്യനുനേരെ എറിയുന്നത്. അടങ്ങാത്ത ആ കോപം പലരീതിയിൽ പുറത്തുവരുന്നു.  അതിന്റെ ദോഷഫലങ്ങൾ ഭൂമിയും മനുഷ്യനും ഒരുപോലെ അനുഭവിക്കുന്നു. മുൻപ് ചിലസ്ഥലങ്ങളിൽ മാത്രമാണ് പ്രകൃതിക്ഷോഭങ്ങൾ ഉണ്ടായിരുന്നതെങ്കിൽ ഇന്നത് കേരളത്തിൽ വ്യാപകമായിത്തന്നെ  സംഭവിക്കുന്നുണ്ട്.

ഒരുകാലത്ത് നാം മരങ്ങളെ, നമ്മുടെ പ്രകൃതിയെ ഏത് വിധത്തിലാണോ ദ്രോഹിച്ചത് അത് കൂടിയ അളവിൽ ഇപ്പോഴും തുടരുന്നു. അതിന്റെ ഭവിഷ്യത്താണ് നാമിന്ന് അനുഭവിക്കുന്നത്.പ്രളയമായും കൊടുങ്കാറ്റായും വരൾച്ചയായും ഉരുൾപൊട്ടലായും അതു നമ്മെ പിറകോട്ടടിക്കുന്നു. വർഷം തോറും അത് കൂടിവരികയാണ്. ഇനിവരുന്നത് ഭീതിയുടെ ദിനങ്ങളാണ്. എന്താണ് എപ്പോഴാണ് വന്നുഭവിക്കുക എന്ന് പ്രവചിക്കാനാവില്ല.

നമ്മുടെ പ്രാണവായുവരെ അതീവ മലിനമാണ്. ഡൽഹിയിലും മറ്റ് പ്രദേശങ്ങളിലും ശുദ്ധവായു ശ്വസിക്കാൻ കഴിയാതെ ജനങ്ങൾ കഷ്ടത അനുഭവിക്കുന്നു. ആ ഒരു അവസ്ഥ കേരളത്തിലും സംജാതമാകുന്ന കാലം അതിവിദൂരമല്ല. ഇനിയും ഈ ദുരന്തം തിരിച്ചറിഞ്ഞില്ലെങ്കിൽ ഫലം മറ്റൊന്നായിരിക്കും. ആരും പറഞ്ഞോ പ്രേരിപ്പിച്ചോ ചെയ്യേണ്ട ഒന്നല്ലിത്. ഞാൻ എന്റെ ജീവന്റെ രക്ഷ എന്ന് ഓരോരുത്തരും ഓർത്താൽ നാം രക്ഷപ്പെട്ടു.

സുഗതകുമാരിയുടെ പരിസ്ഥിതി കവിതകളിൽ ശ്രദ്ധേയമാണ്

'തെംസ്നദിയോട്'. വ്യാവസായിക വിപ്ലവത്തിന്റെയും നഗരവൽക്കരണത്തിന്റെയും പരിണിതഫലമായി വളരെക്കാലം അതീവ മലിനമായും നിർജീവമായും കിടന്നിരുന്ന തെംസ്നദി ഒരു തീവ്രയത്നപരിപാടിക്കുശേഷം തെളിഞ്ഞ് ഒഴുകുന്നുണ്ടെന്നും അതിൽ അരയന്നങ്ങളെയും മത്സ്യങ്ങളെയും വീണ്ടും കാണാൻ തുടങ്ങിയിരിക്കുന്നുവെന്നുമുള്ള പത്രവാർത്ത വായിച്ചതിനെ തുടർന്നാണ് അവർ ഈ കവിത രചിക്കുന്നത്. കവിതയുടെ ആദ്യഭാഗത്ത് തെംസ്നദിയുടെ മലിനാവസ്ഥയെക്കുറിച്ചാണ് പറയുന്നത്. പിന്നീട് അതിന്റെ പഴയ പ്രൗഢിയിലേക്ക് തിരിച്ചുപോയതിന്റെ സന്തോഷവും ആശ്വാസവും പങ്കുവെയ്ക്കുകയും ചെയ്യുന്നു. ഭാരതത്തിലെ പ്രധാന നദികളെപ്പറ്റിയും അവർ ഓർമ്മിപ്പിക്കുന്നുണ്ട്. അതിനുശേഷം യമുനാനദിയുടെ മലിനാവസ്ഥയെക്കുറിച്ചാണ് അവർ സൂചിപ്പിക്കുന്നത്. മക്കളെയും ദൈവത്തെയും അമ്മയെകൂടിയും വിറ്റുകാശാക്കാനാണ് നാം ശ്രമിക്കുന്നത് എന്ന ഭീകരാവസ്ഥയെപ്പറ്റിയും കവയിത്രി സൂചിപ്പിക്കുന്നു.

> "വേട്ടയ്ക്കിറങ്ങിയോർ തൊട്ടടുത്തെത്തവേ
> നീട്ടിയ തോക്കിന്റെ മുമ്പിലതിദൂര-
> മോടിത്തളർന്ന മാൻപോലെ 'നിശബ്ദയാം
> കാട്'കിതച്ചു കാതോർത്തുനിന്നീടവേ"[9]

ഇങ്ങനെ എല്ലാവിധത്തിലും പ്രകൃതിയെ ചൂഷണം ചെയ്യുന്ന അവസ്ഥയാണ് കവയിത്രി ചുറ്റിലും കാണുന്നത്. ഈ ഭയാനകമായ അവസ്ഥയിലും തെംസ്നദിയുടെ പുനർജ്ജനി അവരെ ഏറെ സന്തോഷവതിയാക്കുന്നു. പ്രകൃതിസംരക്ഷക എന്നനിലയിൽ കവയിത്രി ഏറെ സന്തോഷം കൊള്ളുന്ന നിമിഷം കൂടിയാണത്.

## 2.2 ദളിത് സ്വഭാവമുള്ള കവിതകൾ

എന്നും സമൂഹത്തിന്റെ നന്മയ്ക്ക് മാത്രമായി തൂലികചലിപ്പിച്ച കവയിത്രിയാണ് സുഗതകുമാരി. പ്രകൃതിയെക്കുറിച്ചുമാത്രമല്ല സമൂഹത്തിൽ പല കാരണങ്ങളാൽ ഒറ്റപ്പെട്ടുപോയ, തനിച്ചായിപ്പോയ പലരും സുഗതകുമാരിയുടെ കവിതയ്ക്ക് വിഷയമായി. ഏതെങ്കിലും കാരണങ്ങളാൽ ആയിരിക്കാം അവർ ഈ അവസ്ഥയിലായത്. ചിലപ്പോൾ അവർപോലും അറിയാത്ത കാരണങ്ങളാവാം. അങ്ങനെ തളർന്നുപോയ, ജീവിതം വഴിമുട്ടിയ ഉറ്റവരെ മരണം തട്ടിയെടുത്തതിനാൽ ഒറ്റപ്പെട്ടുപോയ, സമൂഹത്താൽ പിച്ചിച്ചീന്തപ്പെട്ട ഒട്ടനവധിപേർ ഭൂമിയിലുണ്ട്. അത്തരക്കാരെ ആശ്വസിപ്പിക്കാൻ ശ്രമിക്കുകയും ആ പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ശ്രമങ്ങളിൽ ഭാഗഭാക്കാവുകയും ചെയ്തു അവർ. സുഗതകുമാരിയെ സാഹിത്യലോകത്ത് എന്നും വേറിട്ട് നിർത്തുന്നതും ഇതുതന്നെ. നെഞ്ചുരുകി നിലവിളിക്കുന്ന നിസ്സഹായരായ സ്ത്രീകളോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ സുഗതകുമാരി മുൻപന്തിയിലുണ്ടായിട്ടുണ്ട്. അവശരും ആർത്തരും ആലംബഹീനരുമായവരുടെ സങ്കടം കേൾക്കാൻ കാതുതുറന്നുവച്ചിരുന്നു അവർ. പാർശ്വവൽക്കരിക്കപ്പെട്ട അത്തരക്കാരെ സംരക്ഷിക്കാനും തൊഴിലെടുത്ത് വരുമാനം ഉണ്ടാക്കാനും സഹായകമായ സ്ഥാപനങ്ങൾ അവർ നടത്തുന്നുമുണ്ട്.[8]

സമൂഹത്തിൽ ഒറ്റപ്പെട്ടുപോയ ഒരു വിഭാഗം ജനത എന്നും നിലനിന്നിരുന്നു. അവരുടെ പ്രശ്നങ്ങൾ ആരുടെയും ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. എന്നാൽ അവർക്കുവേണ്ടി രചനകൾ നടത്തി കവയിത്രി.

പ്രകൃതിയെയും അതിന്റെ സൗന്ദര്യത്തെയും സ്പർശിക്കാതെപോയ ഒരു കവിതപോലും സുഗതകുമാരിയുടേതായിട്ടില്ല എന്ന് പറയുന്നതിൽ തെറ്റില്ല.

‘കാത്തുനിൽപ്പി’ന്റെ ആദ്യഭാഗത്ത് പ്രകൃതിസൗന്ദര്യംതന്നെയാണ് വിഷയം. പ്രകൃതിവർണ്ണനയിലൂടെ ഏകയായ ഒരു പെൺകുട്ടിയിലേക്കും അവരുടെ കണ്ണുകൾ എത്തുന്നു. കരഞ്ഞുകൊണ്ട് തണുപ്പത്ത് ഒറ്റക്ക് നിൽക്കുന്ന അവളുടെ സങ്കടത്തിന്റെ കാരണം എന്തെന്നറിയില്ല. ഇത്തരം കാഴ്ചകൾ നമുക്കുചുറ്റും ഉണ്ടെങ്കിലും നാം അതൊന്നും കാര്യമായി കാണുന്നേയില്ല. ഇതൊന്നും തന്നെ ബാധിക്കുന്ന പ്രശ്നമേയല്ല എന്നുകരുതി ഒഴിഞ്ഞുമാറുകയാണ് നാം ചെയ്യുന്നത്. എപ്പോഴും പുരോഗതിയുടെ പാതയിലേക്കു കുതിക്കുന്നവരാണ് മനുഷ്യർ. എളുപ്പത്തിൽ ശത്രുവിനെ നിഗ്രഹിക്കാൻ കെൽപ്പുള്ള ആയുധങ്ങൾ കണ്ടുപിടിക്കാനും നിമിഷനേരംകൊണ്ട് ഈ ലോകം മുഴുവൻ ഭസ്മമാക്കുന്ന സ്ഫോടകവസ്തുക്കൾ നിർമ്മിക്കാനും പല വഴിയിലൂടെയും മുന്നേറാനും ശ്രമിക്കുമ്പോൾ നാം മറന്നുപോകുന്ന പലതുമുണ്ട്. അതിലൊന്നാണ് ഈ ഏകയായ പെൺകുട്ടിയും. അവളുടെ ദുഃഖത്തെക്കുറിച്ചോ അതിന്റെ കാരണത്തെക്കുറിച്ചോ ആരായാൻ ആർക്കും സമയമില്ല.

ഇങ്ങനെയുള്ള വസ്തുതകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നറിയുക. അത് പരിഹരിക്കാത്തിടത്തോളം മറ്റൊന്നും ചിന്തിക്കരുത് എന്നാണ് അവർ പറയുന്നത്. ചന്ദ്രനെയും ചൊവ്വയെയും തൊടാനും അതിലുമപ്പുറം കാണാനും ശ്രമിക്കുന്ന നാം പലതും മറന്നുപോകുന്നു. പൊന്നിന്റേതായായാലും ചങ്ങലയാൽ മനുഷ്യകരങ്ങൾ ബന്ധിക്കുകയും അജ്ഞതയാൽ ആയിരങ്ങൾ ചതിക്കുഴികളിൽ വീഴുകയും വിശപ്പിന്നിരുട്ടത്ത് അമ്മമാർ സ്വയം വിൽക്കുകയും കുഞ്ഞുകാലുകൾ പട്ടിണിയാൽ തളർന്നുവീഴുകയും ചെയ്യുന്നിടത്തോളംകാലം പുരോഗതി നേടി എന്നുപറയുന്നതിൽ അർത്ഥമില്ല എന്നാണ് കവയിത്രി പറയുന്നത്. വികസനം താഴേത്തട്ടിൽ നിന്നാവണം.

അതല്ലാതെ എപ്പോഴും ഒരുവിഭാഗത്തെ, പ്രയാസവും ദുരിതവുമനുഭവിക്കുന്നവരെ പെരു വഴിയിലുപേക്ഷിച്ച് മുന്നേറുന്നത് ശരിയല്ല. അങ്ങനെ നേടുന്നത് പുരോഗതിയായിക്കാണാൻ കഴിയില്ല എന്നും അവർ പറയുന്നു.

ഒരുവിഭാഗം മനുഷ്യർ സ്വന്തം സുഖങ്ങൾ മാത്രമാണ് ലക്ഷ്യമാക്കുന്നതെങ്കിൽ അത് ഏറെക്കാലം നീണ്ടുനിൽക്കുകയില്ല. കൊടുംദാരിദ്ര്യമനുഭവിക്കുന്ന, ദുരിതംപേറുന്ന, നിസ്സഹായരെ കൈപിടിച്ചുയർത്തുകയാണ് വേണ്ടത്. എങ്കിലേ സമൂഹത്തിന്റെ അടിസ്ഥാനപരമായ വികസനം സാധ്യമാവുകയുള്ളൂ.

സമൂഹത്തിൽ കഷ്ടതയനുഭവിക്കാൻ വിധിക്കപ്പെട്ടവരാണ് സ്ത്രീകൾ. അവരുടെ പ്രശ്നങ്ങൾ കാണാനും അതിന് പരിഹാരംകണ്ടെത്താനും അവളെ സഹായിക്കാനും തയ്യാറായിവരുന്നവർ വളരെകുറവായിരിക്കും. പറയാതെ പറഞ്ഞും, കേൾക്കാതെകേട്ടും കാണാതെ കണ്ടും കറുത്തകൈകൾ അവളുടെ നേർക്ക് ചൂണ്ടാനാണ് സമൂഹത്തിന്പൊതുവെ ഇഷ്ടം. എല്ലാം സഹിക്കാനും ക്ഷമിക്കാനും അവളും. സമൂഹത്തിൽ ഇങ്ങനെ വിവിധ കാരണങ്ങളാൽ ഒറ്റപ്പെട്ടുപോകുന്ന, അനാഥരായിപ്പോകുന്നവരെ എന്നും കൂടെ നിർത്താൻ ശ്രമിച്ച കവയിത്രിയാണ് സുഗതകുമാരി.

തന്റേതല്ലാത്ത കുറ്റത്തിന് സമൂഹം ഒറ്റപ്പെടുത്തുന്ന പെൺകുഞ്ഞുങ്ങളുടെ ദുരിതാവസ്ഥയാണ് 'പെൺകുഞ്ഞ് 90' എന്ന കവിതയിലുള്ളത്. പിഴച്ചുപെറ്റ അനാഥയായ കുഞ്ഞിനെ സംരക്ഷിക്കാനും അതിനെ കാത്തിരിക്കാനും കവയിത്രിക്ക് കഴിയുന്നില്ല. തൽക്കാലത്തേക്ക് അവളെ ഒരു സംരക്ഷണകേന്ദ്രത്തിൽ താമസിപ്പിക്കുന്നുവെങ്കിലും ഇത്തരം കുഞ്ഞുങ്ങൾക്ക് സംഭവിക്കാൻ പോകുന്ന ദുരന്തം എന്താണെന്ന് കവയിത്രിക്ക് അറിയാം. ഇത്തരം കുഞ്ഞുങ്ങളുടെ ഭാവി ഭയാനകമത്രെ. ഇവളെ സ്നേഹിക്കാനും

പ്രണയിക്കാനും സ്വന്തമാക്കാനും ആരെങ്കിലും തയ്യാറാകുമോ? അവൾക്കെന്തുസംഭവിച്ചാലും അതിനെചോദ്യം ചെയ്യാനോ പ്രതികരിക്കാനോ സ്വന്തക്കാരായി ആരുമില്ല.

"ദേവിഭൂമി,നിനക്കെല്ലാ
മറിയാം,നിന്റെചന്തയിൽ
പാഴ്വിലയ്ക്കുമെടുക്കാത്തോ
ന്നല്ലിപെണ്ണിന്റെ ജീവിതം?"[9]

എന്ന് സുഗതകുമാരി പറഞ്ഞുപോവുകയാണ്. എത്രയൊക്കെ ചിന്തിച്ചിട്ടും ആ കുഞ്ഞുമുഖത്തുനിന്ന് കണ്ണെടുക്കാനോ ആ ദൈന്യം മറക്കാനോ കവയിത്രിക്ക് കഴിയുന്നില്ല. കാരണം അവരും ഒരു കാലത്ത് ഒരു പെൺകുഞ്ഞും യുവതിയും ഇപ്പോൾ അമ്മയുമൊക്കെയാണ്. അവർക്കെങ്ങനെ ഇത് മറക്കാനാകും?

കരയാതിരിക്കാൻ വായ്പൊത്തിപ്പിടിച്ചുകൊണ്ട്, ശിശുരോദനം കേൾക്കാതിരിക്കാൻ ചെവിപൊത്തിപ്പിടിച്ചുകൊണ്ട്, കണ്ണീരിനെ ഉൾവലിച്ചുകൊണ്ട്, നിറഞ്ഞമാറിലെ പാലൊലിക്കാതിരിക്കാനൊപ്പിക്കൊണ്ട്, മുറിഞ്ഞമാറിലെ ചോരവീഴാതെ തിരിഞ്ഞുനോക്കാതെ ഓടിപ്പോകുന്ന ഈ കവിതയിലെ അമ്മ ആർദ്രതയുടെ അനന്തതരംഗപരമ്പരകൾ സൃഷ്ടിച്ചുകൊണ്ട് നമ്മുടെ ഹൃദയാന്തർഭാഗത്ത് വാഴുന്നു.[10]

എങ്കിലും നാളെ ഇവൾക്കുവേണ്ടി സംസാരിക്കാനും വാദിക്കാനും സഹായിക്കാനുമായി ആരെങ്കിലും വരും എന്ന് കവയിത്രി ഉറച്ചുവിശ്വസിക്കുന്നു. സ്വന്തം കാലിൽനിന്ന് തൻകാര്യങ്ങൾ ചെയ്ത് ജീവിതം മുന്നോട്ടുകൊണ്ടുപോകാനുള്ള ആർജ്ജവം ഇവൾക്കും കൈവരും എന്ന് കവയിത്രി

കരുതുന്നുണ്ട്. ഒറ്റപ്പെട്ടുപോയവർക്ക് താങ്ങായും തണലായും ശക്തികേന്ദ്ര മായും ആരെങ്കിലും എത്തിച്ചേരും എന്ന് സുഗതകുമാരി വിശ്വസിക്കുന്നു. കഴിഞ്ഞുപോയതിനെ ഓർത്ത് ദുഃഖിക്കാനോ അതിൽ വേദനിക്കാനോ കര യാനോ നിൽക്കരുത് എന്നും, വരുന്നതെന്തും സധൈര്യം നേരിടാനുള്ള ആർജ്ജവവും കരുത്തും നേടുകയാണ് വേണ്ടത് എന്നും സൂചിപ്പിച്ചാണ് കവിത അവസാനിപ്പിക്കുന്നത്.

എന്നും വേദനിക്കുന്നവർക്കുവേണ്ടി, അത് പ്രകൃതിയായാലും സ്ത്രീയായാലും, എന്തിനെക്കുറിച്ചായാലും ശബ്ദമുയർത്താൻ അവർ ഒരി ക്കലും മടിച്ചില്ല. ചുറ്റുംനടക്കുന്ന ക്രൂരതകൾ കണ്ടുനിൽക്കാൻ കഴിയാതെ എതിർപ്പുമായി ഇറങ്ങുന്നു സുഗതകുമാരി. പ്രതികരിക്കാതിരിക്കാൻ അവർക്കാവില്ല. അത്തരം ശ്രമങ്ങൾ എന്നും വ്യഥാവിലാവുകയേയുള്ളൂ എന്ന് പറഞ്ഞ് പലരും അവരെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. എങ്കിലും അതൊന്നും കണ്ടില്ലെന്നുനടിക്കാൻ, തന്റെ കർത്തവ്യത്തിൽ നിന്നും പിന്തിരിയാൻ കവയിത്രിക്ക് ആവുന്നില്ല. ഇനിയും ഒരുപാട് കാര്യ ങ്ങൾ ചെയ്തുതീർക്കാനുണ്ടെന്നും പകുതിപോലുമായില്ലെന്നും പറഞ്ഞ് ആരൊക്കയോ ചേർന്ന് കവയിത്രിയുടെ കൈ പിടിച്ചുവലിക്കുന്നതായും അവർക്ക് അനുഭവപ്പെടുന്നുണ്ട്. 'വീണ്ടും എല്ലാം വെറുതെയാണ്'എന്ന് പറഞ്ഞ് പിന്തിരിപ്പിക്കാനും ശ്രമിക്കുന്നുണ്ട്.

ആര് എങ്ങനെയൊക്കെ ഒറ്റപ്പെടുത്താൻ ശ്രമിച്ചാലും താൻ തനിയെയാ കില്ലെന്നും തന്റെ അമ്മ തനിക്ക് എന്നും കൂട്ടായി ഉണ്ടാവുമെന്നും അവർ വിശ്വസിക്കുന്നു. എല്ലാം പറഞ്ഞ് ആശ്വസിപ്പിക്കാനും പരിഭവിക്കാനും മാറോ ടണച്ച് സ്നേഹിക്കാനും എല്ലാം പൊറുക്കാനും ക്ഷമിക്കാനും ആ ശക്തിക്ക

ല്ലാതെ മറ്റാർക്കാണ് കഴിയുക എന്നും അവർ ചോദിക്കുന്നു. അവിടെ മാത്രമേ ശാശ്വതമായ സത്യം കണ്ടെത്താൻ കഴിയൂ.

സമൂഹം മനഃപൂർവ്വം ഒറ്റപ്പെടുത്തുന്നവരാണ് ആദിവാസികൾ. അവരെ ആദിമനിവാസികളായിട്ടുതന്നെയാണ് നാമിന്നും കാണുന്നത്. പരിഷ്കാരി കൾ എന്ന് അഹങ്കരിക്കുന്ന നമ്മുടെ കൂട്ടത്തിൽ അവർ ഒന്നിനും കൊള്ളാ ത്തവരായി മാറുന്നു, അപരിഷ്കൃതരായി മാറുന്നു. അതുകൊണ്ടുതന്നെ നാമ വരെ അകറ്റി നിർത്തുന്നു. എന്നാൽ പ്രകൃതിയെ സംരക്ഷിക്കാനും മറ്റു പരി സ്ഥിതിപ്രവർത്തനങ്ങൾക്കും അവരോളം മുന്നിൽ നിൽക്കുന്നവർ ആരുമില്ലെന്ന് തിരിച്ചറിയാൻ വൈകിപ്പോയി.

ആദിവാസികൾ താമസിച്ചിരുന്ന ഊര് പ്രകൃതി സൗന്ദര്യം തിങ്ങിനിറ ഞ്ഞതായിരുന്നു. വെള്ളമുള്ള ചോലകളും തണ്ണീർത്തടങ്ങളുമായിരുന്നു അവിടെ. കുളിരല്ലാതെ മറ്റൊന്നും അവർക്ക് അനുഭവിക്കേണ്ടതായിവന്നി ട്ടില്ല. അക്ഷരം പഠിപ്പിക്കാനായി ഊര് കയറിയവർ അതിന്റെ മറവിൽ മറ്റുപ ലതുമാണ് ചെയ്തത്. അവരുടെ കയ്യിൽ വാക്കത്തിയും കോടാലിയും ലാത്തിയും തോക്കും ചാരായവും മറ്റുമായിരുന്നു ധാരാളമായി ഉണ്ടായിരു ന്നത്. പേരിനൊരു പുസ്തകവും കാശിന്റെ വമ്പ്കാട്ടി ഇരുട്ടിൽ പെണ്ണിനെ പെഴപ്പിക്കാനും കൂറ്റനണക്കെട്ട് വാർക്കാനും കാട്ടിൽ നടവഴി വെട്ടിക്കൂട്ടാനും ഭൂമിക്കടിയിലെ വെള്ളം ഊറ്റി ലോറിവെള്ളം കൊണ്ടുവരാനും മറ്റുമാണ് ഈ തമ്പുരാക്കന്മാർ തിടുക്കം കാട്ടിയത്. ആദിമനിവാസികളുടെ അധീശ ഭൂമി നശിപ്പിക്കാനും ഇക്കൂട്ടർ സമയം കണ്ടെത്തി. കാടിന്റെതായ ഒരുന ന്മയും ബാക്കിവച്ചില്ല. എന്തിനേറെ, വിശപ്പടക്കാൻ വിനിയോഗിച്ചിരുന്ന നെല്ലു പോലും നശിപ്പിക്കുകയാണ് ചെയ്തത്.

ആദിവാസികളുടെ മൂപ്പന്മാരെ അടക്കിയ ശവപ്പറമ്പുപോലും വെട്ടിത്തെളിച്ച് മണ്ണിനടിയിൽപോലും സ്വൈര്യമായി അന്തിയുറങ്ങാൻ ഈ പരിഷ്കാരികൾ സമ്മതിച്ചില്ല. വ്യാജരേഖകളുണ്ടാക്കി ഭൂമിയെല്ലാം അവർ കയ്യേറി. ആകാശക്കപ്പൽ പറന്നുതാഴാനും അന്തിവെളുപ്പോളം കമ്പോളം നടത്തുവാനും അവർ കാട്ടിൽ സ്ഥലം കണ്ടെത്തി. കാടിന്റെ മക്കൾക്ക് കാട് നഷ്ടപ്പെടുകയും പകരം അതിലെ വഴിനടന്നവന് അവിടെ അധികാരം സ്ഥാപിക്കാൻ കഴിയുകയും ചെയ്തു. കാട്ടിൽക്കയറി സർവ്വതും നശിപ്പിച്ച, ആദിവാസികളുടെ ജീവിതംപോലും പിഴുതെറിഞ്ഞ ഈ തമ്പുരാക്കന്മാർ ഇനിയും നമ്മളെ പഠിപ്പിക്കാൻവരുമോ എന്ന പേടിയിലാണവർ.

"തന്തയില്ലാ മക്കളൂരെല്ലാം പെരുകീട്ടും
തലയില്ലാ മരമെല്ലാംപേയായിത്തുള്ളീട്ടും
കാടായ കാടെല്ലാം കച്ചോടമാക്കീട്ടും
കാര്യങ്ങളിന്നിയുമൊണ്ടുപോലും"[11]

ആദിവാസിക്കൂട്ടങ്ങളെ അക്ഷരംപഠിപ്പിക്കാനെത്തിയവരെ പ്രാകാനേ ഇപ്പോൾ അവർക്ക് നേരമുള്ളൂ. അവർ ഇല്ലാതാക്കിയത് വർഷങ്ങളായി കാത്തുസൂക്ഷിച്ച അവരുടെ സ്വത്വത്തെയാണ്. അഥവാ അവരെത്തന്നെയാണ്. സ്ലേറ്റിൽ എഴുതിയ അക്ഷരങ്ങൾ മായിക്കുമ്പോലെ ഈ ക്രൂരത അത്ര എളുപ്പത്തിൽ മായിച്ചുകളയാവുന്നതല്ല എന്നും അവർ മനസ്സിലാക്കുന്നു. ഇനി അവരുടെ ചാവുപാട്ടാണ് എഴുതിപ്പഠിക്കേണ്ടത് എന്ന് പറഞ്ഞ് കവിത അവസാനിപ്പിക്കുമ്പോൾ ഇല്ലാതാകുന്നത് ഒരു ഊരിന്റെ നന്മകളാണ്.

ജീവിതത്തിൽ ഒറ്റപ്പെട്ടുപോയവരെക്കുറിച്ച്, ദുരിതംപേറി നടക്കുന്നവരെക്കുറിച്ച് നിരവധി കവിതകൾ സുഗതകുമാരി എഴുതിയിട്ടുണ്ട്. അതിലൊ

ന്നാണ് 'അമ്മയുണ്ട്'. ഭ്രാന്താശുപത്രിയിൽ തന്റേതായ കാരണങ്ങളാലും അല്ലാതെയും ഒറ്റപ്പെട്ടുപോയ നിരവധി ആളുകളുണ്ട്. അവരെ ഈ പേരുവിളിച്ച് സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്തി മാറ്റി നിർത്തുകയാണ് ചെയ്യുന്നത്.

ഏറെ കാലമായി ഭ്രാന്താശുപത്രിയിൽ കഴിയുന്ന കണ്ണൻ ചികിത്സ കഴിഞ്ഞ് നാട്ടിലേക്ക് പോകാനൊരുങ്ങുകയാണ്. വളരെ സന്തോഷത്തോടെയാണ് അയാൾ ആ ദിനങ്ങളെ കാണുന്നത്. തന്നെ കാണാതെ വിവശയും വൃദ്ധയുമായ ഒരമ്മ വീട്ടിലിരിക്കുന്നുണ്ടെന്നും താൻ ചെല്ലുമ്പോൾ ചുടുള്ള ചോറും കറിയും ഉണ്ടാക്കിത്തരുമെന്നും കരുതി അയാൾ സന്തോഷിക്കുകയാണ്. ആ കാഴ്ച അയാൾ മനസ്സിൽ വിഭാവനം ചെയ്യുന്നുമുണ്ട്. അടുത്തത് ഭർത്താവുപേക്ഷിച്ച, മക്കളുപേക്ഷിച്ച പൊന്നമ്മയാണ്. അവരെയും നാട്ടിൽ അമ്മ കാത്തിരിക്കുന്നുവെന്നാണ് പറയുന്നത്. മകളുടെ വരവിനായി കാത്തിരിക്കുന്ന ഒരമ്മയെ അവിടെയും കാണാനാവുന്നു. തലമുണ്ഡനം ചെയ്ത മേരിയെയും വീട്ടിൽ കാത്തിരിക്കുന്നത് അമ്മയാണ്. എന്റെ അമ്മയ്ക്ക് എന്നെ പ്രാണനാണെന്നും എന്റെ അമ്മ എന്നെ പോറ്റുമെന്നുമാണ് അവൾ പറയുന്നത്. ഏത് ഭ്രാന്തിന്നിടയിലും എല്ലാവരും മറക്കാതെ തങ്ങളുടെ മനസ്സിൽ സൂക്ഷിക്കുന്ന ഒരു വ്യക്തി മാത്രമേയുള്ളൂ. അത് ഓരോരുത്തരുടെയും അമ്മയാണ്. മുത്തുവും പെണ്ണമ്മയും വൃദ്ധനായ കുമാരുവും നിശ്ശബ്ദനായ കാസിമും നിർത്താതെ കൊന്തജപിക്കുന്ന വർക്കിയും പൊട്ടനാം പോറ്റിയും എല്ലാം താന്താങ്ങളുടെ അമ്മയേയാണ് കാണുന്നത്.

"അമ്മയുണ്ടമ്മയുണ്ടൊന്നിലും കൈവിടാ-
തെന്നും മരിക്കാത്തൊരമ്മയുണ്ട്!"[12]

എല്ലാറ്റിനും എന്നും തുണക്കെത്താനായി അമ്മയുണ്ടെന്ന ചിന്തയാണ് എല്ലാ വരേയും കാത്തിരിക്കുന്നത്.

ഓരോരുത്തർക്കും 'അമ്മ' എന്നത് എല്ലാമെല്ലാമാണ്. ആര് എവിടെ യൊക്കെ മറക്കാനും ഒഴിവാക്കാനും ശ്രമിച്ചാലും എന്നും വീഴാതെ നമ്മെ പിന്തുടരാൻ, കാവലാളായി പിന്നാലെ വരാൻ, കൂടെ സ്വന്തം അമ്മമാത്രമെ ഉണ്ടാകൂ എന്ന തിരിച്ചറിവ് നമുക്കോരോരുത്തർക്കും ഉണ്ടായിരിക്കണം. പല കാരണങ്ങളാൽ നാം പലപ്പോഴും അവരെ ഒഴിവാക്കാൻ ശ്രമിക്കാറുണ്ട്. എന്നാൽ അവർക്കൊരിക്കലും മക്കളോട് അങ്ങനെ പെരുമാറാൻ കഴിയില്ല. എന്ത് തെറ്റ് നാം ചെയ്താലും അത് പൊറുക്കുന്നത്, ക്ഷമിക്കുന്നത്, നമ്മെ ഉപദേശിച്ചുനന്നാക്കുന്നത് അമ്മ മാത്രമാണ്. ആ ശക്തി ഉള്ളിടത്തോളം കാലം നമുക്കുണ്ടാകുന്ന ധൈര്യം ഒന്നുവേറെ തന്നെയാണ്. മരിച്ചാലും കണ്ണ ടയ്ക്കാതെ കിടക്കുന്ന, മക്കൾക്ക് കാവലാളായി കൂടെ നടക്കുന്ന ആ നന്മയെ ഒരിക്കലും നാം കണ്ടില്ലെന്ന് നടിക്കരുത്.

സമൂഹത്തിൽ നിന്നും എന്നും ഒറ്റപ്പെടുന്നവരാണ് ശാരീരികമായും മാനസികമായും വൈകല്യം ബാധിച്ചവർ. എല്ലാവരും അവരെ കയ്യൊഴിയാ നാണ് ശ്രമിക്കാറുള്ളത്. ഈ അവസ്ഥയിലുള്ളവരെ ബന്ധുക്കൾപോലും ഉപേക്ഷിക്കാനാണ് ധൃതികാട്ടുക. എന്നാൽ, ഒരിക്കലും ഒരമ്മയ്ക്ക് തന്റെ മക്കളെ വേണ്ടാതാവില്ലല്ലോ. അങ്ങനെയുള്ള ഒരു കുഞ്ഞിന്റെ അഥവാ മക ളുടെ അവസ്ഥയാണ് സുഗതകുമാരി ഈ കവിതയിലൂടെ പറയുന്നത്.

മുപ്പത്തിയേഴുവയസ്സായ മകളാണ്. സുന്ദരമായ മുഖവും ജീവനില്ലാത്ത നയനങ്ങളും ശൂന്യഭാവങ്ങളുമാണ് അവൾക്ക് സ്വന്തമായിട്ടുള്ളത്. അവളുടെ ഭാഷ അവളുടെ അമ്മയ്ക്കു മാത്രമേ മനസ്സിലാക്കാൻ പറ്റൂ. ഈ അവസ്ഥയി

ലുള്ള മകളെ വേണ്ടെന്നും ഈ ഭാരം താങ്ങാൻ ഇനി കഴിയില്ലെന്നും പറഞ്ഞ് അവളുടെ അച്ഛൻ അവരെ വിട്ടുപോയി. അമ്മയുടെ ഒഴിവിൽ അന്യസ്ത്രീ താമസവുമായി. എങ്കിലും യാതൊരു പരാതിയുമില്ലാതെ ആ അമ്മ അവ ളെയും സംരക്ഷിച്ച് കഴിയുകയാണ്. എന്നാൽ അമ്മയ്ക്ക് പ്രായമാവുകയാണ് എന്ന ബോധം അവരെ അസ്വസ്ഥയാക്കുന്നു. തന്റെ മകൾക്ക് തന്റെ കാല ശേഷം ആരാണുണ്ടാവുക എന്നാണ് ആ അമ്മ ചിന്തിച്ച് സങ്കടപ്പെടുന്നത്.

പ്രായമായ കുഞ്ഞിന്റെ ശരീരശുദ്ധിവരുത്താനും സമയത്തിന് ഭക്ഷണം കൊടുക്കാനും പേടിച്ചലറുമ്പോൾ ആശ്വസിപ്പിക്കാനും ആ അമ്മക്കല്ലാതെ മറ്റാർക്കും കഴിയില്ല. അമ്മമാർക്ക് സർവ്വദുഃഖങ്ങളും മറക്കാനുള്ള ഉപാധിക ളാണ് പൊന്നോമനകൾ. അവരെ ലാളിക്കുന്നതിൽ കവിഞ്ഞൊരു സന്തോഷം മറ്റൊന്നുമില്ല. എന്നാൽ, ജീവിതകാലംമുഴുവൻ ദുഃഖംതരുന്ന മക്കളുണ്ടാ കുക എന്നത് തീരാദുരിതമാണ് അവൾക്ക് സമ്മാനിക്കുക. സാധാരണ മക്കൾ മുട്ടിലിഴയാറുള്ളതുപോലെയോ കൈകൊട്ടിക്കളിച്ചോ അല്ല അവൾ വളർന്നത്. അത് കണ്ട് ആനന്ദിക്കാനുള്ള സൗഭാഗ്യം ആ അമ്മയ്ക്ക് ഉണ്ടായിട്ടില്ല താനും. മടിയിലോടി വന്നിരിക്കാനോ 'അമ്മേ' എന്ന് ഒരിക്കലെങ്കിലും വിളിക്കാനോ ഒരു പൊന്നുമ്മ നൽകാനോ അവൾക്ക് ഇന്നോളമായിട്ടില്ല. എങ്കിലും ആ അമ്മയ്ക്ക് പരിഭവമില്ല. ആ മകൾ അവളുടെ അമ്മയെ തിരിച്ചറിയുന്നു എന്ന തുതന്നെ അമ്മയെ സംബന്ധിച്ച് വലിയ കാര്യമാണ്.

പണ്ട് താൻ ചെയ്ത പാപങ്ങളാണ് തനിക്ക് ഇങ്ങനെയൊരു കുഞ്ഞു പിറക്കാൻ കാരണമെന്നാണ് ആ അമ്മ വിശ്വസിക്കുന്നത്. എന്നാൽ എത്ര നാൾ ഈ മകളെ തന്റെ ചിറകിന്നടിയിൽ ഒളിപ്പിച്ച് അവർക്ക് വളർത്താ നാകും? എപ്പോഴാണ്, എങ്ങനെയാണ് ചൂടുള്ള ഘോരനഖങ്ങൾ ഈ കിളിയെ

തന്നിൽനിന്ന് റാഞ്ചിക്കൊണ്ടുപോകുക എന്ന് അവർ പേടിക്കുന്നു. അവൾക്കാ കട്ടെ അതിനെയൊന്നും തടയാനോ അതറിയാനോ ഉള്ള ശേഷിയില്ലതാനും. എല്ലാവർക്കും മരിച്ചാലെങ്കിലും സമാധാനിക്കാം. പക്ഷേ തനിക്ക് ഈ മകളെ യോർത്ത് സമാധാനത്തോടെ മരിക്കാനും കഴിയില്ലല്ലോ എന്നാണവർ സ്വയം പരിതപിക്കുന്നത്. അത്തരം ചിന്തകളാൽ വേവുന്ന ആ അമ്മ അവസാനം ഒരുതീരുമാനത്തിൽ എത്തുകയാണ്. രണ്ടാൾക്കും ഒന്നിച്ചുള്ള മരണം. അതു മാത്രമേ ഇനി തന്റെ മുന്നിൽ അവശേഷിക്കുന്നുള്ളൂ എന്നവർ തിരിച്ചറിയു കയാണ്. മകളെ ഈ ഭൂമിയിൽ തനിച്ചാക്കിപോകാൻ ആ അമ്മയ്ക്കാവില്ല. അതുകൊണ്ട് മകളോടുതന്നെ തന്നോട് പൊറുക്കണേ എന്ന് ആ അമ്മ അപേക്ഷിക്കുന്നു. മാത്രമല്ല മകളെ ഏറെ വേദനിപ്പിക്കാതെ ഈ ലോകത്തു നിന്നും പറഞ്ഞയക്കണമെന്നും അവർ ആഗ്രഹിക്കുന്നു. കൂടെതനിക്കും. അവ സാനം ആ അമ്മ ആശ്വസിക്കുന്നതെങ്ങനെയെന്നോ? മരണശേഷം തങ്ങൾ ഒരുമിക്കുമ്പോൾ മകൾ തന്നെ രണ്ടു കയ്യും നീട്ടി സ്വീകരിക്കുമെന്നും അപ്പോൾ 'അമ്മേ' എന്ന് ഉറക്കെ വിളിക്കുമെന്നും അവർ ആശ്വസിക്കുകയാണ്.

ഇത്തരം പ്രശ്നങ്ങൾ ഇന്നും നമുക്കുചുറ്റും നിലനിൽക്കുന്നുണ്ട്. പ്രയാസമനുഭവിക്കുന്ന, ഒരു വിഭാഗമെന്ന് പറഞ്ഞ് നാമൊക്കെ മാറ്റി നിർത്തുന്ന ഇത്തരക്കാരെ സംരക്ഷിക്കേണ്ടത് ഓരോ വ്യക്തിയുടെയും കട മയാണ്. അതിനായി ഗവൺമെന്റ് തന്നെ മുന്നോട്ടുവരണം. എങ്കിൽ, അവർ സുരക്ഷിതരായി ജീവിക്കും എന്നുറപ്പുണ്ടെങ്കിൽ ഇങ്ങനെയുള്ള മക്കളുടെ അമ്മമാർക്ക് സമാധാനത്തോടെ മരിക്കാം. തങ്ങൾ സംരക്ഷിച്ചതുപോലെ തങ്ങളുടെ കാലശേഷവും ആ സംരക്ഷണം ലഭ്യമാകും എന്ന ഉറപ്പ് അവർക്ക്

കിട്ടണം. അതിനായി നാം ഒത്തൊരുമിച്ച് പ്രവർത്തിക്കണം. ഇത്തരക്കാരെ മാറ്റിനിർത്തുകയോ അവഗണിക്കുകയോ അല്ല വേണ്ടത്.

വേദനിക്കുന്നവരെയും പലകാരണങ്ങളാൽ പ്രയാസമനുഭവിക്കുന്ന വരെയും വളരെ വേദനയോടെ കാണാനും അവർക്കുവേണ്ടി വേവലാതിപ്പെ ടാനും സുഗതകുമാരി എന്നും ശ്രമിച്ചു.

ഗുജറാത്തിൽ നിന്നും കേരളത്തിൽ വഴിതെറ്റിയെത്തിയ ഒരു പെൺകി ടാവിന്റെ ചിത്രമാണ് 'ചുടുന്ന നെഞ്ഞുമായി' എന്ന കവിതയിൽ. അവൾ ആകെ വല്ലാത്ത ഒരവസ്ഥയിലാണ്. ഭ്രാന്തിയും ദുർബ്ബലയും പോരാത്തതിന് ഗർഭിണിയുമാണ്. തല മുണ്ഡനം ചെയ്തതാണ്. ഭീതിജനിപ്പിക്കുന്ന ഒരു നോട്ടവും അവൾക്ക് സ്വന്തമായുണ്ട്. അവളെപ്പറ്റി കൂടുതലായി അന്വേഷിച്ച പ്പോഴാണ് അവൾ അപമാനിതയും ഉറ്റവരും ഉടയവരും ഇല്ലാത്തവളുമാണെന്ന് മനസ്സിലാക്കാൻ സാധിച്ചത്. അവളിൽ ദുഃഖം ഘനീഭവിച്ച് നിൽക്കുന്നത് മാത്രമേ കാണാനുള്ളൂ. കൈകൂപ്പിനിൽക്കുന്ന അവളോട് ആരാണെന്ന് ചോദി ച്ചപ്പോഴാണ് ഗുജറാത്തിൽനിന്ന് വരുന്നവളാണെന്ന് പറഞ്ഞത്. മാത്രവുമല്ല വീട്ടിൽ തന്നെയും കാത്ത് പേടിച്ചിരിക്കുന്ന ഒരു മകൻ ഉണ്ടെന്നും അവൾ പറഞ്ഞു. തന്റെ വീട്ടിലേക്കും നാട്ടിലേക്കും തിരിച്ചുപോകാനുള്ള വഴി കാട്ടി ത്തരണേ എന്ന് അവൾ അപേക്ഷിക്കുകയാണ്. അവളെ കൈവെടിയാൻ കവയിത്രിക്കായില്ല. ചികിത്സക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവർ അവിടെ ഒരു പിഞ്ചോമനയ്ക്ക് ജന്മംകൊടുത്തു എങ്കിലും ആ കുഞ്ഞിനെ അവൾ തിരിച്ചറിയുന്നില്ല.

"ഇവനേത്? അറിയുന്നീലാ

ആരുപെറ്റവനാണിവൻ?

ഇവന്റെയമ്മയാരെന്നു

തിരക്കിക്കൊണ്ടുനൽകണേ!"[13]

ഈ ചോദ്യമാണ് അവൾ തിരിച്ചറിവില്ലാതെ മറ്റുള്ളവരോട് ചോദിക്കുന്നത്. ആ കുഞ്ഞിനും ആരോരുമില്ലാത്ത അവസ്ഥ സംജാതമാകുന്നു. ഗുജറാത്തിലെ കലാപങ്ങളും പ്രശ്നങ്ങളും പ്രകൃതിക്ഷോഭങ്ങളും മൂലം മരിച്ചുപോയ നിരവധി അമ്മമാരുടെ മക്കൾ ഇത്തരത്തിൽ ഒറ്റപ്പെട്ടുപോയിട്ടുണ്ട്. മാനസികവിഭ്രാന്തി കാരണം സ്വന്തം അവസ്ഥ എന്തെന്നറിയാതെ അവർ പകച്ചുപോയിരുന്നു. സ്ത്രീകൾക്ക് നേരെ അക്കാലത്ത് നടന്ന അതിക്രമങ്ങളും അപമാനശ്രമങ്ങളും എല്ലാം ഈ കവിതയിൽ വ്യക്തമാക്കുന്നുണ്ട്. മനുഷ്യജന്മത്തിനുപോലും വിലകൊടുക്കാതെ മൃഗങ്ങളെപ്പോലെ മനുഷ്യരെക്കണ്ട ഒരുപറ്റം ജനതയായിരുന്നു അന്ന് ഇത്തരം പ്രദേശങ്ങളിൽ ജീവിച്ചിരുന്നത്.

ഗാന്ധിജി ജനിച്ചുവളർന്ന നാടാണ് ഗുജറാത്തെങ്കിലും ആ നാടിന് ഉണ്ടായിരുന്ന മഹിമ പിന്നീട് അവിടത്തെ ജനങ്ങൾ തകർത്തെറിഞ്ഞു. അതുകൊണ്ട് അവിടെ നിന്ന് രക്ഷപ്പെട്ടവരെല്ലാം രക്ഷപ്പെട്ടു എന്നും അല്ലാത്തവർക്ക് ഈ ദുരിതവും പേറി ഏറെനാൾ ജീവിക്കേണ്ടിവരുമെന്നും കവയിത്രി സൂചിപ്പിക്കുന്നുണ്ട്.

സമൂഹത്തിൽ ഒറ്റപ്പെട്ടുപോയവരെ, അഥവാ കൂട്ടംതെറ്റിപ്പോയവരെ ഒരിക്കലും ഒറ്റപ്പെടുത്താതെ അവർക്കുവേണ്ടി സംസാരിക്കാൻ, പ്രവർത്തിക്കാൻ സുഗതകുമാരി എന്നും തയ്യാറായിരുന്നു. അതിന് ഒരു ഉദാഹരണമാണ് 'അട്ടപ്പാടിയെ സ്വപ്നം കണ്ടു ഞാനിന്നും' എന്ന കവിത.

അട്ടപ്പാടിയുടെ പഴയസൗന്ദര്യമെല്ലാം നശിച്ചിരിക്കുന്നു. മുന്നിലുള്ള തെല്ലാം വിറ്റുകാശാക്കുന്ന എന്തിനെയും ഏതിനെയും കച്ചവടലാക്കോടെ കാണുന്ന ഒരു സമൂഹമാണ് ഇവിടെയുള്ളത്. അവിടുത്തെ കാലിക്കൂട്ടങ്ങൾക്കു പോലും നാശം സംഭവിച്ചിരിക്കുന്നു. ആ സമയത്താണ് ഈ പെൺകുട്ടി കവയിത്രിയെ കാണുന്നത്. അവളെ കണ്ടപ്പോൾത്തന്നെ അവർ വല്ലാതെ അസ്വസ്ഥയായി. വിടർന്ന മിഴിയുമായി, മുഷിഞ്ഞ ചേലചുറ്റി, കല്ലുമാലയും മൂക്കുത്തിയും അണിഞ്ഞ് വിളറിച്ചിരിച്ചുകൊണ്ടാണ് അവളുടെ നിൽപ്. കറുത്ത കവിൾത്തട്ടിൽ പച്ചകുത്തി, കണ്ണീർ തുളുമ്പി ആകെ വാടിക്കരിഞ്ഞ് ഒന്നും മിണ്ടാതെയാണ് അവളുടെ നിൽപ്പ്. ഗിരികന്യയായ അവൾ കവയി ത്രിയുടെ മനസ്സിൽ സ്ഥാനം നേടി കഴിഞ്ഞിരുന്നു. കവിമനസ്സ് വല്ലാതെ അസ്വസ്ഥമാക്കാൻ പെൺകുട്ടിക്ക് സാധിച്ചു. നീരും തിരഞ്ഞ് പോകുംവഴി അവൾ സ്നേഹത്തോടെ, ആർദ്രതയോടെ വരണ്ട വെയിലുപോലെയാണെന്ന് കവയിത്രിക്ക് തോന്നിപ്പോവുകയാണ്. നാശത്തിന്റെ വക്കിലെത്തിയ അട്ടപ്പാ ടിയെ പുനരുജ്ജീവിപ്പിക്കാൻ അവളും കഷ്ടപ്പെട്ടിരുന്നു, ഏറെ. അവിടുത്തെ ജനങ്ങളുടെയും കവയിത്രിയുടെയുമെല്ലാം കണ്ണീരും കഷ്ടപ്പാടുമാണ് വീണ്ടും ആ വനത്തെ പുനർനിർമ്മിക്കാൻ അവർക്ക് പ്രോത്സാഹനമായത്. ഒരാളുടെ ജീവൻപോലും ബലിയർപ്പിക്കേണ്ടിവന്നു അന്ന് എന്നും കവയിത്രി ദുഃഖ ത്തോടെ ഓർക്കുകയാണ്. വീണ്ടും പഴയ ഉന്മേഷത്തോടെ തഴച്ചുവളർന്നു പൂർവ്വസ്ഥിതിയിലായ ആ വനത്തിനെ 'കൃഷ്ണവന' മെന്നാണ് അവർ പേരിട്ടത്. സ്വന്തംമകളെ ലാളിക്കുകയും സ്നേഹിക്കുകയും ചെയ്ത അതേ ഉന്മേഷത്തോടെയാണ് കവയിത്രി ആ വനത്തെ പരിരക്ഷിച്ചത്.

പിന്നീടുള്ള വരികളിൽ കാടിന്റെ സൗന്ദര്യത്തെയും അതിന്റെ തിരി

ച്ചുവരവിലെ ഊർജ്ജസ്വലതയെയും പറ്റി അവർ വാചാലയാവുന്നു. എത്ര പറഞ്ഞാലും തീരാത്തത്ര സന്തോഷം ആ മനസ്സിലുണ്ട്. എന്നാൽ പിന്നീടും ആ വനത്തിന് നാശം സംഭവിക്കുന്ന പലപ്രവർത്തനങ്ങളും മനുഷ്യരിൽ നിന്നും ഉണ്ടായി. അതെല്ലാം പിടയുന്ന മനസ്സുമായിട്ടാണ് കവയിത്രി കേട്ടറിഞ്ഞത്. അതിലുള്ള വേദന ഈ പ്രായത്തിലും കവിമനസ്സിലുണ്ട്. അന്നത്തെ അട്ടപ്പാടിയിലെ അഴൽക്കുന്നുകളും വെട്ടിയ മരക്കുറ്റിക്കുരിശിൻനിരയും കാടിന്റെ പ്രേതബാധയും കണ്ണുപൊട്ടിയ ചോലകളുടെ ശാപവും പശിയാൽ കലങ്ങിയ പെൺവയറുകളും പഴയജന്മത്തിലെ കടവും എല്ലാം ബാക്കിയായി ഇന്നും ഇവിടെയൊക്കെ തങ്ങിനിൽക്കുന്നുണ്ട് എന്നാണ് അവസാന ഭാഗത്തെ സുചനകൾ.

ഒറ്റപ്പെടുന്നവർക്ക് എന്നും കൈത്താങ്ങായി കൂടെയിരിക്കാനും അവർക്കുവേണ്ടി സംസാരിക്കാനും അവർക്ക് തുണയായിരിക്കാനും കവയിത്രി ഏറെ ശ്രദ്ധിച്ചിരുന്നു.

അവരുടെ ജീവിതസഖാവിന്റെ വേർപാടിൽ തനിച്ചായിപ്പോയ അവസ്ഥയെ വരച്ചുകാട്ടാൻ 'തിനിച്ചുതനിച്ചിനി' എന്ന കവിതയിൽ കവയിത്രി ശ്രമിക്കുന്നു. മരണത്തിനുശേഷമുള്ള ഓരോ ചടങ്ങും ഓർക്കുകയാണ് അവർ. ഏറെനേരം വീട്ടിൽ കഴിയാൻ പിന്നീട് ആർക്കും ആവില്ല എന്നത് സത്യമാണ്. എങ്കിലും തന്നെ മുറുകെപിടിച്ച ആ കൈ എങ്ങനെയാണ് വിടുവിക്കുക എന്ന് നിസ്സഹായയായി ചോദിച്ചുപോകുന്നു.

"പോകാതെ വയ്യ, വിടാതെ വയ്യാ, നമ്മ-
ളാകുലം തങ്ങളിൽ നോക്കുന്നു മൂകരായ്

എന്തോപറയുവാനുണ്ട്...? പറയേണ്ട,

സങ്കടമൊന്നും പറഞ്ഞുതീരില്ലിനി"[14]

പറഞ്ഞാലും പറഞ്ഞാലും തീരാത്ത സങ്കടങ്ങൾ മനസ്സിലുണ്ടെങ്കിലും ഇനി എന്ത് പറയാനാണ് എന്ന് അവർ സ്വയം ചോദിക്കുന്നു. വാക്കുകൾ എന്നും പിശുക്കിയാണ് അദ്ദേഹം ഉപയോഗിച്ചിരുന്നത് എന്ന കാര്യവും ദുഃഖത്തോടെ ഓർക്കുന്നു. അതിനുപകരമായി കൂടി താൻ സംസാരിച്ചിരുന്നല്ലോ എന്നും അവർ ചിന്തിക്കുകയാണ്. ആ വേർപാടിൽ ഒന്നും ചെയ്യാൻ കഴിയാതെ നിസ്സഹായയായ്, നിസ്വയായ്, ഒന്നും മനസ്സിലാവാതെ സംഭ്രാന്തയായ് നിൽക്കാൻ മാത്രമേ കവയിത്രിക്ക് സാധിക്കുന്നുള്ളൂ.

തൊട്ട് പ്രണമിച്ച് എങ്ങനെയാണ് തിരിച്ചയക്കേണ്ടത് എന്നും കവ യിത്രി ചോദിക്കുന്നു. പിന്നാലെ ഓടിച്ചെല്ലാൻ കവയിത്രിക്ക് ഏറെ ആഗ്രഹ മുണ്ടെങ്കിലും അവരുടെ ഉള്ളിലെ ഏതോ ഒരുശക്തി 'നിനക്കിനി ഇവിടെ ഏറെ ചെയ്യാനുണ്ട്' എന്ന് പറഞ്ഞ് പിടിച്ചുനിർത്താൻ ശ്രമിക്കുന്നു. എന്നാൽ അവസാനം ജീവിതത്തിന്റെ നിസ്സഹായതയെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും അവർ ഓർക്കുകയാണ്. മനുഷ്യജന്മം എന്ന ഈ കളിയുടെ നിയമം ഇതാണ്. ഭൂമിയിൽ പിറവിയെടുത്താൽ നിയതിയുടെ നിയമത്തിന് വിധേയമായി ഒരി ക്കൽ തിരിച്ചുപോകണം. അപ്പോൾ തടഞ്ഞുനിർത്താനോ ആയുസ്സ് ദീർഘി പ്പിക്കാനോ ആർക്കും സാധ്യമല്ല. പരസ്പരം അത്രമേൽ സ്നേഹിച്ചിരുന്നെ ങ്കിലും തിരിച്ചുപോകുമ്പോൾ നാം ഒറ്റയ്ക്കാണ് പോകേണ്ടത്. മരിച്ചശേഷം കൂടെവരാനോ തുണനിൽക്കാനോ ആർക്കും സാധ്യമല്ല. അത് വിധിയാണ്. അനുസരിക്കാൻ മാത്രം വിധിക്കപ്പെട്ടവർ നാം. എപ്പോൾ, എങ്ങനെ എന്നു മാത്രം നമുക്ക് മനസ്സിലാക്കാൻ കഴിയില്ല. വിളിക്കുമ്പോൾ പോവുക, അത്ര

മാത്രം. പക്ഷേ കവയിത്രിയുടെ വേദന അതല്ല. ജീവിതയാത്രയിൽ ഇനി തനിച്ചുനടക്കണം. കൂടെ നടക്കേണ്ട ആളാണ് നേരത്തെ പോയത്. ഇനി തനിച്ചുള്ള ജീവിതം എത്രനാൾ എന്നും വേദനയോടെ സ്വയം ചോദിക്കുന്നു.

ജീവിതത്തിൽ പലവിധത്തിലുള്ള പ്രയാസങ്ങൾ അനുഭവിക്കുന്നവരുണ്ട്. അവരെ ഒറ്റപ്പെടുത്താതെ ഒപ്പം നിന്ന് മുൻനിരയിലേക്ക് കൊണ്ടുവരാൻ കവയിത്രി എന്നും ശ്രമിച്ചിട്ടുണ്ട്.

ആശുപത്രിയിൽ കൂട്ടുനിന്നപ്പോൾ എത്തിയ തിരുവോണത്തെ എങ്ങനെ കാണുന്നു എന്നതാണ് 'ഒടുക്കത്തെ തിരുവോണം' എന്ന കവിതയിലെ കാവ്യതന്തു. എല്ലാവർഷവും വിളക്കുതെളീച്ച്  ഒന്നിച്ചിരുന്ന് പ്രിയപ്പെട്ടവരുമായി കഴിക്കുന്നതിരുവോണ സദ്യ ആശുപത്രിയിലായതിനാൽ കഴിക്കാനായില്ല. മാത്രവുമല്ല എന്നും രഹസ്യമായി വാങ്ങിയ കോടിവസ്ത്രം സ്വന്തം കൈപിടിച്ച് ഒന്നും ഉരിയാടാതെ നൽകിയിരുന്ന ആ തിരുവോണക്കോടിയും കിട്ടുകയില്ല. ഏറെ ദുഃഖിപ്പിച്ച മറ്റൊരു സംഭവവും അവർ ഓർക്കുന്നു. ഗോവിന്ദൻ എന്ന അനുജത്തിയുടെ മകന്റെ വേർപാടായിരുന്നു അത്. നെഞ്ചത്ത് വേദനയുടെ പുക്കളം തീർത്ത് ഒന്നും പറയാതെ യാത്രയായ ആ ഓമനയുടെ വേർപാടും അവരെ വല്ലാതെ ഉലച്ചു.

പണ്ടൊക്കെ ഓണം ആഘോഷിച്ചിരുന്നത് എങ്ങനെയെന്നും അവർ ഓർക്കുന്നു. കിടാങ്ങൾ മുറ്റത്ത് തിമിർക്കുകയും അതുകണ്ട് ഉമ്മറത്തിരുന്ന് അച്ഛൻ ആർത്ത് ചിരിക്കുകയും ഊഞ്ഞാലും ആർപ്പുവിളിയും കുരവയിടലും തമ്പുരാനും ചമഞ്ഞ തറവാടും എല്ലാം ഒരു സ്വപ്നം പോലെ കവിമനസ്സിലൂടെ കടന്നുപോവുകയാണ്. അതിന്നലത്തെ ഓണമായിരുന്നു എന്ന് കവയിത്രി വേദനയോടെ ഓർക്കുന്നു. വീണ്ടും ഇന്നത്തെ ഓണത്തിലേക്കു തിരി

ച്ചെത്തുന്നു. കരിഞ്ഞുനീർവിങ്ങിയ നിന്നുടെ കാലിൽ ശിരസ്സുനമിച്ച് അവർ ഒരുമിച്ച് താണ്ടിയ മുൻവഴിപ്പാടുകൾ എണ്ണിനോക്കാനാണ് കവയിത്രി ശ്രമിക്കുന്നത്. വരണ്ട നിന്റെ ചുണ്ടത്ത് കണ്ണുനീർ ചാലിച്ച തീർത്ഥബിന്ദുക്കൾ പതുക്കെയിറ്റിച്ചുതരുന്ന നമ്മുടേതായ തിരുവോണമാണിതെന്നും പറയുന്നു. തനിക്ക് എന്നും തുണയായിരുന്ന, ഇന്നോളം സഹിച്ച, സുഖത്തിലും ദുഃഖത്തിലും കൂടെ നിന്ന ആ മഹാനെ കാലം തട്ടിയെടുക്കാൻ കാത്തിരിക്കുകയാണ്. ആ സമയത്ത് ആ നെറ്റിമേൽ ഉമ്മവെച്ച് ഇത് നമ്മുടെ ഒടുക്കത്തെ തിരുവോണമാണ് എന്നുപറയുവാൻ മാത്രമേ കവയിത്രിക്ക് സാധിക്കുന്നുള്ളൂ.

പ്രിയപ്പെട്ടവരുടെ വേർപാട് ഏറെ സങ്കടപ്പെടുത്തുന്നതാണ്. അത് ആരെയായാലും ആർക്കായാലും വേർപാടിന്റെ വേദനതന്നെയാണ് ഇവിടെയും വിഷയം. അത് പ്രിയതമന്റേതാവുമ്പോൾ പറഞ്ഞറിയിക്കാനുമാവില്ല. കവയിത്രിയെ സംബന്ധിച്ചിടത്തോളം പിന്നീട് ഒരു തിരുവോണം ആഘോഷിക്കാൻ മനസ്സ് തയ്യാറായില്ല എന്നതാണ് സത്യം. എല്ലാം മറന്ന് ആഘോഷിക്കാൻ അവർക്ക് ആകുമായിരുന്നില്ല എന്നത്രെ ഇവിടെ വ്യക്തമാക്കുന്നത്.

## 2.3 സ്ത്രീപക്ഷ കവിതകൾ

തന്റേതായ ഒരു പ്രത്യേകത സുഗതകുമാരിയുടെ കവിതകളിലെല്ലാം കാണാനാവും. അറുപതുകളുടെ ആരംഭത്തിൽ വ്യക്തിദുഃഖങ്ങളെപ്പറ്റി സ്വന്തം മണ്ഡലത്തിലിരുന്ന് ഉള്ളുരുകി പാടി അവർ. ആധുനികതയുടെ പലമുദ്രകളും സുഗതകുമാരിയുടെ കവിതകളിൽ കണ്ടെത്താൻ കഴിയുന്നുണ്ട്. എങ്കിലും കാൽപ്പനികതയുടെ ചില ഈടുകളും കണ്ടെത്താൻ കഴിയും. അന്തർമുഖത്വും വിഷാദഭാവവും അവരുടെ കവിതകളിലെ പ്രധാന ധാര

യാണ്. അഭയംതേടി, കിട്ടാത്ത എന്തിനോ വേണ്ടി നിരന്തരമായി അന്വേഷണം നടത്തി എന്തോ നേടിയെടുക്കാനുള്ള അദമ്യമായ അഭിലാഷം നുരയുന്ന കവിതകളായിരുന്നു അവരുടേത്. ദുഃഖാനുഭവം വേദനാജനകമെങ്കിലും അത് സുഖവും നിർവൃതിദായകവുമായ ഒരു അനുഭൂതിയായിത്തീരാറുണ്ട്. അങ്ങനെയുള്ള അടക്കിപ്പിടിച്ച തേങ്ങൽ സുഗതകുമാരിയുടെ മിക്ക കൃതികളിലും കാണാനാകും.

എവിടെയോ ഉള്ള ചിലരുമായി സമാനചിന്തകൾ പുലർത്താൻ പല രചനകളിലും കവയിത്രിക്ക് കഴിയുന്നുണ്ട്. സ്വന്തം ചിന്തകൾ മറ്റുള്ളവരുമായി പങ്കുവെക്കാനും പറയാനും കരയാനും ആക്രോശിക്കാനും പൈശാചികമായി അലറാനും അവർ കവിതയെ ആശ്രയിച്ചു. അത് ഒരളവുവരെ ഫലം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഒരു കാൽപ്പനിക മനസ്സിന്റെ വികാരങ്ങൾ കവിതയിൽ അനുരണനങ്ങൾ സൃഷ്ടിക്കുന്നതായി മനസ്സിലാക്കാം. ജീവിതത്തിൽ പലപ്പോഴും  മരണത്തിന്റെ നിരന്തരസാന്നിധ്യം കണ്ട് അവർ നടുങ്ങിപ്പോയിട്ടുണ്ട്. എന്നാൽ അതിൽ നിന്നൊക്കെയും മോചനം നേടി ഉയരങ്ങളിലേക്ക് ചിറകുവിടർത്താൻ ആ കവിതകൾക്ക് സാധിച്ചിട്ടുണ്ട്.

ഒറ്റവള, നീയൊരാൾമാത്രം, കൂനനുറുമ്പ്, ഒരുതാരാട്ടിന്റെ ഓർമ്മ, ജീവിതം, അത്രയ്ക്കു തമസ്സിൽ ഞാൻ, എരുമ, കുപ്പിവള, ഇവൾക്കുമാത്രമായ് എന്നിങ്ങനെ ഒട്ടനവധി കവിതകൾ അവരുടേതായിട്ടുണ്ട്. അതിലെല്ലാം സ്ത്രീകളെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ബാധിക്കുന്ന പ്രശ്നങ്ങളാണ് പരാമർശിച്ചിട്ടുള്ളത്. ഒറ്റപ്പെട്ടുപോകുന്ന, സ്ത്രീയെന്ന് മുദ്രകുത്തി  മാറ്റിനിർത്തപ്പെടുന്ന, അബല എന്ന് വിശേഷിപ്പിച്ച് നിർത്തുന്ന പ്രവണത നിലനിന്നിരുന്ന കാലഘട്ടത്തിൽ അതിനെതിരായി ശബ്ദിക്കാൻ അവർ ശ്രമിച്ചു. അത്തരം പ്രശ്നങ്ങൾക്ക് ഒരുപരിധിവരെ മാറ്റംവരുത്താനും അവർക്ക് കഴിഞ്ഞു.

'ഒറ്റവള' എന്ന കവിത, സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന ദുരന്തങ്ങളുടെ നേർക്കാഴ്ചയായി കരുതാവുന്ന ഒന്നാണ്. തന്റെ കയ്യിൽ ഒറ്റ വളമാത്രമേ ഉള്ളൂ. എന്നാൽ അത് വലംകയ്യിലിടുമ്പോൾ ഇടം കൈയ്ക്കും ഇടം കയ്യിലിടുമ്പോൾ വലംകൈയ്ക്കും പ്രയാസമുണ്ടാക്കുന്നു. ഏത് കയ്യിൽ ആ വളയിട്ട് ഏത് കയ്യുടെ സങ്കടമാണ് മാറ്റേണ്ടത് എന്ന് അവൾക്ക് അറിയു ന്നില്ല. അവളുടെ വള മാത്രമല്ല ജീവിതവും ഒറ്റപ്പെട്ടതാണ്. ഘനീഭവിച്ച ദുഃഖ മാണ് അവളുടെ മുഖത്ത്. എന്നാൽ, ഏറെനേരം അവൾക്കങ്ങനെ ഇരിക്കാൻ കഴിയില്ല. കാരണം അകത്ത് തുണിത്തൊട്ടിലിൽ അവളുടെ കുഞ്ഞ് കിടക്കു ന്നുണ്ട്. വിശപ്പ് ഏറെ സഹിച്ചിട്ടാണ് കുഞ്ഞ് ആ തൊട്ടിലിൽ കിടക്കുന്നത്. അവളുടെയും കുഞ്ഞിന്റെയും സംരക്ഷണത്തിനായി ആരുമില്ല. ഇങ്ങനെ അവൾ ജീവിതത്തിൽ ഇണപൊട്ടിപ്പോയ ഒറ്റവളയാകാൻ ഒരു കാരണമു ണ്ടാകും. അതിന് കാരണക്കാരനായ ആരെങ്കിലും ഉണ്ടാവുകയും ചെയ്യും. അവളെയും കുഞ്ഞിനെയും ഉപേക്ഷിച്ച് നിർദ്ദയം അയാൾ കടന്നുകളഞ്ഞ താവാം. അത് അതീവ ദുഃഖകരമായ അവസ്ഥതന്നെ ഇങ്ങനെ ഒറ്റപ്പെടു ത്താൻ തോന്നിയ ആ മനസ്സിനെ കവയിത്രി മനസ്സാശപിക്കുന്നു.

ബാലികയെങ്കിലും അവർ ഒരു അമ്മകൂടിയാണ്. വളരെ ചെറിയപ്രായ ത്തിൽതന്നെ അമ്മയാകേണ്ടിവന്നവൾ, അഥവാ അമ്മയാക്കപ്പെട്ടവൾ. ഈ ചെറിയ പ്രായത്തിനിടയിൽ ഒരുപാട് പ്രയാസങ്ങൾ അവൾക്ക് സഹിക്കേ ണ്ടതായിവന്നിട്ടുണ്ട്. എങ്കിലും ആ കുഞ്ഞിനെയോർത്ത്, ആ കളികൾ കണ്ട സന്തോഷത്തിൽ എല്ലാം മറന്ന് ജീവിതം തള്ളി നീക്കുകയാണ്. ഇനിയുള്ള ജീവിതകാലം മുഴുവൻ ഈ അപമാനഭാരവും പേറി ജീവിക്കാൻ വിധിക്കപ്പെ ട്ടവളാണവൾ. ഒന്നും ചെയ്യാൻകഴിയാതെ, ഒന്നിനെപ്പറ്റിയും പരിതപിക്കാതെ, സ്വന്തം ദുഃഖത്തിൽ അലിഞ്ഞ് കുഞ്ഞുമായി അവൾ കാലം തള്ളിനീക്കുന്നു.

തണുത്തകാറ്റ് ചൂളമടിക്കുമ്പോൾ, മുറ്റത്തെ മരച്ചോട്ടിൽ വെയിൽ കായാനിരിക്കുന്ന, ഇളം പ്രായത്തിലേ അമ്മയായിത്തീർന്ന ഒരുപാവം പെൺകൊടി, തന്റെ വലംകൈയിലുള്ള ചുവന്ന വളയുടെ ചന്തംനോക്കിയിരിക്കുന്ന 'ഒറ്റ വള' എന്ന കവിതയിലെ ചിത്രമാണ് പെട്ടെന്നെന്റെ ഓർമ്മയിൽ തെളിയുന്നത്. 'ഇടംകൈ-വളയില്ലാത്തതിനുണ്ടാമേഖേദം', അവൾ വലം കയ്യിൽനിന്നൂരി ഇടം കയ്യിലേക്ക് ആ വളമാറ്റിയിടുന്നു. ഇടയ്ക്ക് "തന്മടിത്തട്ടിൽ പൈതൽകേഴുന്നു..." ആ കുഞ്ഞും ആ വളയും പറയാതെ പറയുന്നത് ഏതോ നഷ്ടബന്ധത്തിന്റെനൊമ്പരങ്ങളാകാം.[15]

ഇത്തരം നിരവധി ജീവിതങ്ങൾ സമൂഹത്തിലുണ്ട്. തന്റേതല്ലാത്ത കാരണത്താൽ ജീവിതം മുഴുവൻ കഷ്ടപ്പാടുകൾ സഹിക്കേണ്ടിവരുന്നവർ. താൽക്കാലിക സുഖത്തിനുവേണ്ടി പലതും ചെയ്തുകൂട്ടുന്നവർ അതിനുപിന്നിൽ നിരന്തരം ദുരിതമനുഭവിക്കേണ്ടിവരുന്ന ഒരുപാട് പേർ ഭൂമുഖത്ത് ജീവിക്കുന്നു എന്ന സത്യം കൂടി തിരിച്ചറിയണം. ഇതെല്ലാം അനുഭവിക്കേണ്ടിവരുന്നത് അവർ ചെയ്ത തെറ്റുകാരണം അല്ലതാനും.

സമൂഹത്തിൽ മിക്കപ്പോഴും പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നവരാണ് സ്ത്രീകൾ. സുഗതകുമാരി തന്റെ കവിതകളിലൂടെ അത് എന്നും വ്യക്തമാക്കിയിട്ടുമുണ്ട്. അത്തരത്തിലുള്ള ഒരു കവിതയാണ് 'നീയൊരാൾമാത്രം' എന്നത്.

എല്ലാം മറന്ന് ആലസ്യചിന്തകളിൽ ആഴുമ്പോൾ 'എന്നെപ്പാടുകെന്ന്' പ്രചോദിപ്പിക്കാൻ കനപ്പെട്ട ചിന്തകൾ അവരെത്തേടിയെത്തുന്നു. അപ്പോഴാണ് അവർ തന്റെ കൗമാരത്തെയും അതിന്റെ പ്രത്യേകതകളെയും കുറിച്ച് ഓർക്കുന്നത്. ആസമയത്ത് വസന്തകാലവും തനിക്ക് അനുകൂലമായിരുന്നു

എന്നും കവയിത്രി ഓർക്കുന്നു. അന്തിയും സന്ധ്യയും എല്ലാം എന്നെപ്പറ്റി പാടുകെന്ന് പറഞ്ഞ് കവയിത്രിയെ പ്രചോദിപ്പിക്കുകയാണ്. ആ കാലം പ്രണയത്തിന്റെ കാലവും കൂടിയാണല്ലോ. അങ്ങനെ പ്രേമത്തിനും ആ സന്ദർഭത്തിൽ ചിരിയുമായി എത്തിനോക്കാൻ കഴിഞ്ഞിരിക്കുന്നു. സാന്ധ്യദീപവും കൊച്ചുനിലാവിൻമേടും താരകളും എല്ലാവരും കവയിത്രിയെ പുതുരചനക്കായി പ്രചോദിപ്പിക്കുകയാണ്. എല്ലാവരും തങ്ങളെ കവിതയ്ക്ക് വിഷയമാക്കാനാണ് അവരോട് പറയുന്നത്.

എന്നാൽ എന്നെപ്പറ്റിപാടുകെന്ന് പറയാത്ത ഒരാൾമാത്രം ഉണ്ട്. കവിയുടെ പിറകിൽ നിൽക്കുന്ന ചിരകാലസുഹൃത്തായ വിഷാദമാണത്. ആ വിഷാദവും കവിയും ഒന്നാണ്. ഒരിക്കലും പിരിയാത്ത കൂട്ടുകാരിയായി ജീവിതത്തിൽ നിന്നും പറിച്ചുമാറ്റാനാവാത്ത ഒന്നായി അത് കവിമനസ്സിൽ ഇടം നേടിയിരിക്കുന്നു.

അടിച്ചമർത്തപ്പെടുന്നവരെ ഉയർത്തിയെടുക്കാൻ പൂർണ്ണമായും സാധിച്ചില്ലെങ്കിലും അത്തരം പ്രശ്നങ്ങൾ സമൂഹശ്രദ്ധയിൽ പെടുത്താൻ അവർ ശ്രമിച്ചു.

എന്നും അദ്ധ്വാനിക്കാനും ചുമതലകൾ ഏറ്റെടുക്കാനും പലരീതിയിലും വിധിക്കപ്പെട്ടവർ സ്ത്രീകളായിരിക്കും. ഇവിടെയും അത്തരം ഒരുകഥാപാത്രത്തെയാണ് 'കൂനനുറുമ്പിലൂടെ' കവയിത്രി അവതരിപ്പിക്കുന്നത്. പൂർവ്വകാല നന്മകൾ മുന്നോട്ടുനയിക്കുകയും ചാട്ടകൾ മൂളലോടെ വിരട്ടുകയും ചെയ്യുന്ന ഒരവസ്ഥയും ഇവിടെ കാണാൻ സാധിക്കുന്നുണ്ട്. വഴിയിലെ പൂത്തുലയുന്ന നന്മകളെ കാണാൻ കണ്ണില്ലാതെ, പാടുന്ന കിളിയുടെ കളമൊഴി കേൾക്കാൻ കാതില്ലാതെ എന്നും ചുമടുതാങ്ങി വലിഞ്ഞു

നീങ്ങാനാണ് കൂനനുറുമ്പിന്റെ വിധി. ആ വഴിയിൽ, ഇരുട്ടിൽ അഗാധഗർത്ത ങ്ങളും സമുദ്രങ്ങളും ഗിരിനിരകളും വനതതികളും എല്ലാമുണ്ട്. അതി നെയൊക്കെ മറികടന്ന് കൂനനുറുമ്പ് സ്വന്തം ജോലി കൃത്യമായി ചെയ്തു തീർക്കുന്നു. വഴിമാറാതെ, ഒന്നും കണ്ടുപകച്ചുനിൽക്കാതെ, കൊച്ചുകിനാ വിൻ തേൻകണമുണ്ടു മയങ്ങാതെ ചുമടേന്തിനീങ്ങുന്ന കൂനനുറുമ്പിനെയാണ് കാണാനാവുന്നത്. ഒരു ചുമട് ഏറെ കഷ്ടപ്പെട്ട് വലിച്ചുനീക്കി ലക്ഷ്യസ്ഥാ നത്തെത്തുമ്പോഴേക്കും അടുത്തചുമട് അതിനെ കാത്തിരിക്കും.

ഈ തിരക്കിനിടയിൽ, തത്രപ്പാടിനിടയിൽ സ്വന്തം കാര്യങ്ങൾക്ക് സമയം കണ്ടെത്താൻ ഉറുമ്പിന് സാധിക്കുന്നില്ല. ഇവിടെ വസന്തം അദൃ ശ്യവും പ്രണയം അഗമ്യവും വിഷാദം അനാഥവും ആണ്. ഒരു ലക്ഷ്യം മാത്രമേ ആ കൂനനുറുമ്പിനുള്ളൂ. ചുമട് തിരഞ്ഞ് വലിച്ച് മരിക്കുക മാത്ര മാണ് അതിന്റെ ലക്ഷ്യം. പരമസത്യവും പ്രപഞ്ചവും ഈശ്വരനും കർമ്മവും ശാന്തിയും ഇതിന്റെയെല്ലാം കാരണവും കാര്യവുമെല്ലാം ഒന്നാണ്. കാരണം ഇത് വെറുമൊരു കൂനനുറുമ്പിന്റെ കഥയല്ല, മറിച്ച് ജീവിതത്തിൽ എല്ലാപ്ര ശ്നങ്ങളും നേരിടേണ്ടിവരുന്ന മനുഷ്യജീവിതം തന്നെയാണ് കവയിത്രി സൂചി പ്പിക്കുന്നത്. അത്തരത്തിലുള്ള ഒരാളുടെ ദുഃഖങ്ങളോ പ്രയാസങ്ങളോ കാണാനോ അറിയാനോ ആരും ശ്രമിക്കാറില്ല. എല്ലാം സ്വയം സഹിക്കേ ണ്ടതായിവരുന്നു. എല്ലാദുഃഖവും തലയിലേറ്റി സ്വന്തം കാര്യങ്ങൾക്ക് ഒരു പ്രാധാന്യവും കൊടുക്കാൻ കഴിയാതെ ഉൾവലിഞ്ഞ്, സ്വകാര്യദുഃഖങ്ങളു മായി കഴിയാൻ വിധിക്കപ്പെട്ടവരാണ് ഇത്തരക്കാർ.

അന്തഃസംഘർഷങ്ങളെയും പ്രയാസങ്ങളെയും ആവിഷ്കരിക്കാൻ തന്റെ കവിതകളിലൂടെ സുഗതകുമാരി ശ്രമിച്ചു.

പിറക്കാത്ത പുത്രനെപ്പറ്റി സ്നേഹത്തോടെ പാടാൻ ആഗ്രഹിക്കുന്ന മനസ്സാണ് ഈ കവിതയിൽ കാണുന്നത്. ഒരിക്കൽ തിരുനടയിൽ ചെന്ന് കരളുരുകി ഒരു മകനെ തരുവാൻ അവർ പ്രാർത്ഥിച്ചിട്ടുണ്ട്. എല്ലാ രാത്രിക ളിലും ഒരു മകനുവേണ്ടി കേഴുന്ന ഒരുമനസ്സായിരുന്നു അവരുടേത്.

"എന്റെ പ്രേമത്തി-
ന്നമൃതത്വമായ്, എന്റെ
സങ്കടത്തിനു തണുപ്പായി,
നാളത്തെ വാർദ്ധക്യത്തിനു
കരുത്തായ്, മിഴികൾക്കു കാഴ്ചയായ്"[16]

ഒരുമകനെത്തരണമെന്ന് കവയിത്രി ഏറെ പ്രാർത്ഥിച്ചിരുന്നു. വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും ആ പ്രാർത്ഥനയ്ക്ക് ദൈവം മറുപടി നൽകിയില്ല. എന്നാൽ കവയിത്രിയുടെ സ്വപ്നങ്ങളിൽ എത്രയോതവണ അവൻ അരികിൽ പ്രത്യ ക്ഷപ്പെട്ടിട്ടുണ്ട്. മാത്രമല്ല 'അമ്മ' എന്ന് പലവുരു വിളിച്ചതായും അവർക്ക് അനുഭവപ്പെട്ടിട്ടുണ്ട്. ആ വിളിയിൽ പിടഞ്ഞ് എഴുന്നേൽക്കാൻ ശ്രമിക്കുമ്പോ ഴേക്കും എങ്ങോ പോയി മറയുകയാണവൻ. ആ അവസരത്തിൽ വെമ്പലോടെ വേദനയോടെ 'എങ്ങുപോയോമനേ' എന്ന് ചോദിക്കാൻ മാത്രമേ അവർക്ക് സാധിക്കുന്നുള്ളൂ. എന്നിൽനിന്ന് അകന്ന് വഴിതെറ്റി നീ എങ്ങോട്ട് പോയിരി ക്കുന്നു? എന്റെ കാണാത്ത മകനേ? നാം ഇനി ഏത് ജന്മത്തിൽ എവിടെ വച്ച് കണ്ടുമുട്ടും? എന്നാണ് അവർ ഏറെ വ്യസനത്തോടെ ചോദിക്കുന്നത്. മകനുവേണ്ടി പാടാൻ കരുതിവെച്ച താരാട്ടുപാട്ടുകൾ മങ്ങിയ സന്ധ്യയിൽ അതിലൂടെ നടക്കുമ്പോൾ അവർ പാടുന്നു. കാരണം ആ മകൻ ഇനി തന്റെ അടുക്കലേക്ക് വരില്ലെന്ന് ആ അമ്മയ്ക്കറിയാം.

ഇവിടെ പിറക്കാത്ത ആ മകനെ ആലിലകൃഷ്ണനായാണ് അവർ സങ്കല്പ്പിക്കുന്നത്. നിദ്രയിൽനിന്ന് തന്നെ വിളിച്ചുണർത്തിയതും ദർശനം തന്നതും പൊടുന്നനെ ഓടിമറഞ്ഞതും എല്ലാം കൃഷ്ണന്റെ ലീലാവിലാസങ്ങളാണെന്ന് അവർ കണ്ടെത്തുന്നു. വാനിൽ അമ്പിളിയായും അമ്മയുടെ ഉള്ളിൽ പൊൻവിളക്കായും പ്രത്യക്ഷപ്പെടാൻ നിനക്കല്ലാതെ മറ്റാർക്കാണ് സാധിക്കുക? ദുഃഖത്തിന്റെ തിരയൊഴുക്കിൽ ആലോലം ആടിവരാനും ഈ ഉണ്ണിക്കണ്ണനോട് ആ അമ്മ അഭ്യർത്ഥിക്കുന്നു. നിന്റെ ഈ സ്നേഹവായ്പും കരുതലും ഒക്കെ ആർക്കാണ് ഇഷ്ടമല്ലാത്തത്? ഇവിടെ മകനുവേണ്ടി കരയുന്ന അമ്മയ്ക്ക് മകനായും ജീവിതത്തിൽ സംരക്ഷകനായും ഒക്കെ ഒരാൾ ഉണ്ടാകുമെന്നും അത് തന്റെ ആലിലക്കണ്ണനായിരിക്കുമെന്നും കവയിത്രി വിശ്വസിക്കുന്നു.

ബാല്യകാലത്തിന്റെ ഒരു കുസൃതി എന്നുവേണമെങ്കിൽ 'കുട്ടിക്കവിത'യെ വിശേഷിപ്പിക്കാം. എങ്കിലും ഒരു സ്ത്രീയുടെ, ഒരമ്മയുടെ, ഒരുചേച്ചിയുടെ വേദനകളും ഈ കവിതയിൽ കാണാനാവും. ഒരിക്കൽ മുറ്റത്തെ പാലമരത്തിന്റെ ചുവട്ടിൽ നിന്ന് ഒരു കിളിക്കുഞ്ഞിനെ കവയിത്രിക്ക് കിട്ടി. ചിറകുമുളക്കാത്ത ഒരു കിളിക്കുഞ്ഞായിരുന്നു അത്. ഈ ദുരന്തം എങ്ങനെ സംഭവിച്ചു എന്നറിയില്ല. കിളിക്കുഞ്ഞിന്റെ വിഷമം കുട്ടിയായ കവയിത്രി മനസ്സിലാക്കുകയും അതിന് അച്ഛനുമ്മയും ഇല്ലല്ലോ എന്നോർത്ത് വിമ്മിക്കരയുകയും ചെയ്തു. പെട്ടെന്ന് അവർ അതിനെയുമെടുത്ത് അമ്മയുടെ അടുത്തെത്തി. അമ്മ അതിനെ ഏറെ സന്തോഷത്തോടെ സ്വീകരിക്കുകയും പ്ലാവിലകോട്ടി വായിൽ പാല് ഒഴിച്ചുകൊടുക്കുകയും ചെയ്തു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ മനസ്സിൽ മറ്റൊരു സംശയം ഉയർന്നു. ഇതിന് അച്ഛനുമമ്മയും ഇല്ലാത്തതുകൊണ്ട് ദിവസവും കുളിക്കാൻ കഴിയില്ല. താനാണെ

ങ്കിൽ അതിന്റെ ചേച്ചിയുടെ സ്ഥാനത്താണുതാനും. പിന്നെ അവർ അതിനെ കുളിപ്പിക്കാൻ തയ്യാറെടുക്കുന്നു. എണ്ണതേച്ച് ഒരുക്കി അതിനെ കുളിപ്പിക്കാനായി കൊണ്ടുപോയി. അമ്മയാകട്ടെ ആ സമയത്ത് തന്റെ ഉച്ചജോലിയൊക്കെക്കഴിഞ്ഞ് അൽപ്പം ഉറങ്ങുകയാൽ മകളുടെ ഈ ചെയ്തികളൊന്നും കണ്ടില്ല, അറിഞ്ഞുമില്ല. നന്നായി തേച്ചുകുളിപ്പിച്ച് വെടിപ്പാക്കി പാവാടത്തുമ്പുകൊണ്ട് തോർത്തി അതിന് ചോറുകൊടുക്കാനും ശ്രമിച്ചു. പക്ഷേ അത് സാധ്യമായില്ല. പിന്നീട് അമ്മയുടെ മാറത്ത് ചാരിക്കിടന്ന് അൽപ്പനേരം മയങ്ങുകയും ചെയ്തു. കുറച്ചുസമയം കഴിഞ്ഞപ്പോൾ 'എന്റെ കിളിക്കുഞ്ഞിനെന്തുപറ്റി' എന്ന അമ്മയുടെ ചോദ്യംകേട്ടാണ് ആ നാലുവയസ്സുകാരി ഉണർന്നത്. 'കഷ്ടം കിളിക്കുഞ്ഞ് ചത്തുപോയ്' എന്ന് അമ്മ പറഞ്ഞു. അപ്പോൾ

"ഇപ്പോൾ കുളിപ്പിച്ചുചോറും കൊടുത്തുഞാൻ
വെച്ചതേയുള്ളതിൻ കൊച്ചുകൂട്ടിൽ"[17]

എന്ന് കവയിത്രിയുടെ മറുപടി. അതുകേട്ട് അമ്മ മൂക്കത്ത് വിരൽ വച്ചു. കവയിത്രിയാകട്ടെ ഏറെനേരം കരയുകയും ചെയ്തു.

വളരെക്കാലത്തിനുശേഷം താൻ പണ്ട് അറിയാതെ ചെയ്ത കാര്യങ്ങൾ കവയിത്രി ഒന്നുകൂടി ഓർക്കുന്നു. അത് തന്റെ അറിവില്ലായ്മയും മൗഢ്യവും മൂലമാണെന്നും അവർ തിരിച്ചറിയുന്നു. ഇങ്ങനെ വളരെ ചെറുപ്പത്തിൽ ചിറക് കരിഞ്ഞ്, അച്ഛനമ്മമാർ നഷ്ടപ്പെട്ടുപോയ നിരവധി പെൺകിളികൾ, പെൺകുഞ്ഞുങ്ങൾ നമുക്കിടയിലുണ്ട്. ഇവരെ ചിലർ സംരക്ഷിക്കും. ചിലർ നിർദ്ദയം ഉപേക്ഷിക്കും. ഇതെല്ലാം പതിവുകാഴ്ചകളാണ്. സ്വന്തം കാലിൽ നിൽക്കാനാവുന്നതിനുമുമ്പ് പെൺകുട്ടികൾ നേരിടുന്ന അവസ്ഥയാണ് ഇവിടെ അനാവൃതമാകുന്നത്.

സ്ത്രീകളെ ഉയരാനനുവദിക്കാതെ അടിച്ചമർത്തി വിധേയത്വം ആവശ്യപ്പെടുന്നവരാണ് സമൂഹത്തിലേറെയും. ഈ അധമ പ്രവണതകൾക്കെതിരായുള്ള കവയിത്രിയുടെ രോഷമാണ് 'ജീവിതം' എന്ന കവിതയിൽ.

ചിലർ പ്രയാസങ്ങളും ദുഃഖങ്ങളും സഹിച്ച് എന്നും ഒതുങ്ങി കഴിയാൻ ആഗ്രഹിക്കുന്നവരായിരിക്കും. അത്തരം ഒരു വ്യക്തിയെയാണ് ഇവിടെ പരാമർശിക്കുന്നത്. കുനിഞ്ഞിരുന്ന് ശബ്ദമില്ലാതെ ഇഴഞ്ഞ് ഏങ്ങിക്കരയുന്ന ഒരു വ്യക്തി. ചോദ്യമില്ലാതെ, പരാതിയില്ലാതെ, മോഹങ്ങളോ സ്വപ്നങ്ങളോ പ്രേമദാഹമോ ഇല്ലാതെ വാടിയ വല്ലിയായ് ഒരു കോണിലൊതുങ്ങിനിന്ന് ചിരിക്കാനാണ് അവർക്ക് എന്നും ഏറെ ഇഷ്ടം. ഒട്ടേറെ ജോലികളും ചുമതലകളും അവരെക്കാത്ത് കിടക്കുന്നുണ്ട്. അതിനൊന്നും ഒരു മാറ്റവുമില്ലാതെ ദ്രുതഗതിയിൽ, ഒരേ താളത്തിൽ, അതെല്ലാം ചെയ്താണ് അവർ ജീവിക്കുന്നത്. പതിവുകളൊന്നും തെറ്റുന്നില്ല. എല്ലാം മുറപോലെ, അവർ ചെയ്തു തീർക്കുന്നു.

എന്നിരുന്നാലും ആ മനസ്സിലും ഏങ്ങിക്കരയുന്ന, അന്ധകാരത്തിൽ കുനിഞ്ഞിരിക്കുന്ന ഒരുസ്വത്വം ഉണ്ടെന്ന് മനസ്സിലാക്കാൻ ഏറെപണിപ്പെടണമെന്നില്ല. എന്നാലത് കാണാനോ കേൾക്കാനോ അറിയാനോ ആരും മിനക്കെടാറില്ല. ഇതേ അവസ്ഥ സ്വന്തം വീടുകളിൽ പോലും അനുഭവിക്കുന്ന നിരവധി പേരുണ്ട്. അതെല്ലാം തന്റെ വിധിയാണെന്ന് കരുതി സ്വയം ആശ്വസിക്കാനാണ് അവർ ശ്രമിക്കാറുള്ളത്. മനസ്സിനെ അതിനായി അവർ പാകപ്പെടുത്തിക്കഴിഞ്ഞു. എന്തിനും ഏതിനും കുറ്റപ്പെടുത്തുന്ന, കുറ്റം ആരോപിക്കപ്പെടുന്ന ഒരുവിഭാഗമാകാറുണ്ട് സ്ത്രീകൾ. അത് അവരുടെ കുറവുകൊണ്ടോ പരിമിതികൊണ്ടോ ആകണമെന്നില്ല. സ്ത്രീ ആയിപ്പോയതുകൊ

ണ്ടുമാത്രം രണ്ടാംകിട പൗരന്മാരായി മാറ്റിനിർത്തപ്പെടുന്ന ഒരു അവസ്ഥാ വിശേഷം സംജാതമാകുന്നതിനെപ്പറ്റിയാണ് കവയിത്രി ഇവിടെ സൂചിപ്പി ക്കുന്നത്. പലപ്പോഴും ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കേണ്ടിവരുമ്പോൾ പതറിപ്പോകുന്നവരാണ് സ്ത്രീകൾ. ചിലസ്ഥലത്ത് സ്ത്രീകൾക്ക് പരിമിതമായ അധികാരം മാത്രമെ ഉണ്ടാകൂ. തീരുമാനമെടു ത്താൽ അത് പാലിക്കപ്പെടാൻ അവൾ ബാധ്യസ്ഥയാവുന്നു. ചിലപ്പോൾ ചിലർ അത്തരം പ്രവർത്തികളെ ചോദ്യം ചെയ്തുവെന്നും വരാം. അതോടെ അത്തരക്കാർ സമൂഹത്തിൽ ഒറ്റപ്പെടുന്നവരും പ്രശ്നക്കാരുമായി മാറുന്നു. ഈ പ്രവണതകളാണ് സമൂഹത്തിൽ പൊതുവെ ഉള്ളത്. ഇതിനൊരു മാറ്റം അനിവാര്യമാണെന്ന് അവർ വ്യക്തമാക്കുന്നു.

പല കാരണങ്ങളാൽ ഇരുട്ടിൽ തപ്പിത്തടയുന്നവർക്ക് വഴികാട്ടിയായി മാറാനാണ് 'അത്രയ്ക്കു തമസ്സിൽ ഞാൻ' എന്ന കവിതയിൽ തന്റെ ആരാ ധനാമൂർത്തിയോട് കവയിത്രി അപേക്ഷിക്കുന്നത്.

ഹിരൺമയപാത്രത്താൽ മൂടിയ സത്യജ്യോതിസ്സിന്റെ മുഖം പുറത്ത് കാണിക്കാനാണ് കവയിത്രി ആവശ്യപ്പെടുന്നത്. ദീപ്തമായ പ്രണയത്തിൽ കണ്ടാൽ, നോക്കിയാൽ അതിലൊരു തെളിച്ചം കണ്ടെത്താൻ, ആശ്വാസം കണ്ടെത്താൻ കഴിയുമെന്നും അവർ വിശ്വസിക്കുന്നു. ഈ ലോകത്തോടുള്ള പ്രണയം നിരവധിയായ അനുഭവങ്ങളിലൂടെ നേടിയെടുത്തതാണ്. മകളായും സഹജയായും തോഴിയായും വധുവായും ജീവിച്ച് പിന്നീട് അമ്മയായി, അതിന്റെ എല്ലാ പ്രയാസങ്ങളും അറിഞ്ഞ് വേർപാടുകൾ സഹിച്ച് ദുഃഖ ത്തിന്റെ എരിതീയിൽ ശുദ്ധിചെയ്തെടുത്ത ജന്മത്തിന്റെ കാഴ്ചപ്പാടാണ് ഇതിൽ. ഈ ദൃഷ്ടിയാൽ ആർക്കും ഒരാപത്തും ഉണ്ടാവുകയില്ല എന്നും

അവർ ഉറച്ചുവിശ്വസിക്കുന്നു. ഒരൊറ്റസ്ഥലത്ത് മാത്രം ഒതുങ്ങിനിൽക്കാതെ, ചങ്ങലക്കെട്ടുകളിൽ ബന്ധിക്കപ്പെടാതെ ചെറിയ പ്രയാസംപോലും വലിയ കോളിളക്കമാണെന്ന് ചിന്തിക്കാതെ അതിനും അപ്പുറത്തേക്ക് എത്തിനോക്കാൻ അഥവാ തന്റെ ചുറ്റുപാടുകളെക്കുറിച്ചറിയാൻ ശ്രമിക്കുക എന്നതായിരിക്കണം കവയിത്രിയുടെ ലക്ഷ്യം. എല്ലാ ജീവിതങ്ങളും വിലപ്പെട്ടതാണെന്നും ഓരോന്നിനും അതിന്റേതായ പ്രാധാന്യമുണ്ടെന്നും മനസ്സിലാക്കിയാൽ, അതിന്റെ തീവ്രത ഉൾക്കൊണ്ടാൽ മാത്രമേ നിലനിൽപ്പ് നല്ലരീതിയിലാവുകയുള്ളൂ. എല്ലാ വസ്തുതകളെയും ഒറ്റനോട്ടത്തിലൂടെ കാണാൻ കഴിയുക അഥവാ എല്ലാ കാര്യങ്ങളെയും ഒന്നായി കാണാൻ കഴിയുക എന്നതായിരിക്കണം ജീവിതലക്ഷ്യം. അതിലൂടെ ജന്മസാഫല്യം നേടാനാണ് നാം ശ്രമിക്കേണ്ടത്. ഹിരൺമയ പാത്രത്താൽ മൂടിയ സത്യം ക്രൂരമല്ലെന്നും ദീപ്തസ്നേഹമാണെന്നും സ്ഥാപിക്കാനാണ് കവയിത്രി ശ്രമിക്കുന്നത്. മൂടിവച്ച ആ പ്രകാശത്തെ പുറത്തേക്ക് കൊണ്ടുവരണമെന്നും അത്യധികം ഇരുട്ടിലായ തന്നെ അതിൽനിന്നും കരകയറ്റണമെന്നും അവർ പറയുന്നു.

ഇവിടെ ലോകത്തെ മൂടിയ അന്ധകാരമാണ് തമസ്സ് എന്നതുകൊണ്ട് കവയിത്രി ഉദ്ദേശിക്കുന്നത്. സമൂഹം വളരെയേറെ അധഃപതിച്ചിരിക്കുകയാണ്. ആ താഴ്ചയിൽ നിന്നും കരകയറണമെങ്കിൽ ഒരു ശക്തി ഉൽഭവിച്ചേ മതിയാകൂ. അത് പുറമേനിന്ന് വരേണ്ട ഒന്നല്ല. എല്ലാവരുടെയും ഉള്ളിൽ അതുണ്ട്. പൊടിനീക്കി, മറനീക്കി പുറത്തെടുക്കുകയേ വേണ്ടൂ. പക്ഷേ, അതിനാരും ശ്രമിക്കുന്നില്ല. ആ മനോഭാവം ശരിയല്ല എന്നാണ് അവർ പറയുന്നത്. അവനവന്റെ മനസ്സിലെ ഇരുട്ടിനെ ഇല്ലാതാക്കിയാൽ, പ്രകാശം വിരിയിച്ചാൽ ലോകനന്മയ്ക്ക് അതുമതി.

ആവശ്യത്തിനുമാത്രം ഉപയോഗിക്കുകയും ആവശ്യം കഴിഞ്ഞാൽ വലിച്ചെറിയുകയും ചെയ്യപ്പെടുന്ന ചില ജീവിതങ്ങളെങ്കിലും നാം കാണാറുണ്ട്. ആ ജീവിതം അഥവാ മനസ്സ് ആണ് 'എരുമ' എന്ന കവിതയിൽ അനാവൃതമാകുന്നത്.

എരുമയെ നോക്കുന്നതിലൂടെ ഒരു ജീവിതം തന്നെയാണ് അവർ കാണുന്നത്. എരുമക്ക് ചളിയിൽ, മഴപ്പാടത്തിൽ കിടന്നുലാവുന്നതാണ് ഏറെ ഇഷ്ടം. അതിൽ എരുമ സന്തോഷം കണ്ടെത്തുന്നു. മനുഷ്യന്റെ മനസ്സും ഒട്ടൊക്കെ ഏരുമയുടെ അവസ്ഥയിലാണ്. എല്ലാ വികാരങ്ങളും വിചാരങ്ങളും കൊടുംചതികളും രൂപമെടുക്കുന്നത് മനുഷ്യ മനസ്സിലാണ്. അത് ചില അവസരങ്ങളിൽ മാറി എന്നുവരും. സാഹചര്യത്തിനനുസരിച്ച് പെരുമാറാൻ നമ്മെ പ്രേരിപ്പിക്കുന്നതും ഈ മാനസികാവസ്ഥകളാണ്. വളർന്ന് വലുതാകുമ്പോഴാണ് മനസ്സിൽ ഇത്തരം ചിന്തകൾ ചേക്കേറുന്നത്. ചെറിയ പ്രായത്തിൽ ഇത്തരം കാര്യങ്ങളൊന്നും മനസ്സിൽ കടന്നുവരാറില്ല.

ചിലപ്പോഴെങ്കിലും ബാല്യത്തിലെ തെളിഞ്ഞമാനം പോലെയുള്ള മനസ്സിനെപ്പറ്റി ചിന്തിക്കാറുണ്ട്. വെള്ളത്താമരപോലെ, പൗർണ്ണമിപോലെ ശുദ്ധമായിരുന്നു അത്. എന്നാൽ പിന്നീട് അതിൽ ചെറിയ വിള്ളലുകളും പുകപടലങ്ങളും കയറിക്കൂടാൻ തുടങ്ങി. അങ്ങനെയാണ് അനാവശ്യ ചിന്തകൾ മനസ്സിലേക്ക് കയറിവരുന്നത്. എന്നാൽ ഈ പ്രായത്തിൽ ഓരോരുത്തരും ഇത്തരം ചിന്തകളുമായി താദാത്മ്യപ്പെട്ടുകഴിഞ്ഞു. ദുഃഖാനുഭവവും ശീലമായി. അത് പതിയെ സുഖം തരുന്ന ഒരുശീലമായി മാറുന്നു. പരിചയത്തിലൂടെ എല്ലാം കൈപ്പിടിയിലൊതുക്കാൻ കഴിയുന്നതുപോലെ ഇവിടെ ദുഃഖങ്ങളും ക്ലേശങ്ങളുമായി താദാത്മ്യപ്പെടുന്നു.

മനുഷ്യരുടെ മനസ്സും എരുമയെപ്പോലെ ആയി മാറിക്കഴിഞ്ഞു. സ്വന്തം പ്രയാസങ്ങളിൽ നീറുന്നതോടൊപ്പം മറ്റുള്ളവരുടെ കാര്യത്തിൽ ഇടപ്പെട്ട് അതിൽ കേമനാകാൻ ശ്രമിക്കുന്നവരും നമുക്കിടയിലുണ്ട്. എന്നാലും ഏരുമയെപ്പോലെ ഓരോരുത്തരും ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒളിച്ചോടാൻ ശ്രമിക്കുകയാണ്. ചിലപ്പോൾ തന്നെ മറ്റുള്ളവർ കാണാതിരിക്കാൻ വേണ്ടിയും എരുമ ചളിയിൽ മുങ്ങിക്കിടക്കാറുണ്ട്. അതും അതിജീവനത്തിന്റെ ഒരുതന്ത്രമാണ്. മനുഷ്യരും ഈ സ്വഭാവം പലപ്പോഴും കാണിക്കാറുണ്ട്. പ്രശ്നങ്ങളിൽ നിന്ന് എളുപ്പത്തിൽ മാറിനിൽക്കാനായി ഒന്നുമറിയാത്തവനെപ്പോലെ വർത്തിക്കാനും അവനറിയാം.

മനുഷ്യർ പലതും ആഗ്രഹിക്കുമെങ്കിലും എല്ലാം നിറവേറണമെന്നില്ല. ജീവിതത്തിൽ കണക്കുകൂട്ടി മുന്നോട്ടുപോകാൻ കഴിയണമെന്നില്ല. അതിൽ വിധിച്ചതുമാത്രമേ നടക്കുകയുള്ളൂ. അതനുസരിച്ച് തീരുമാനങ്ങളെടുത്ത് മാത്രമെ മുന്നോട്ടുപോകാൻ കഴിയൂ. 'കുപ്പിവള'ക്ക് വേണ്ടി ചെറുപ്രായത്തിൽ ആഗ്രഹിക്കുന്ന ഒരു മനസ്സും എന്നാൽ അത് കിട്ടാത്ത മനസ്സിന്റെ നൊമ്പരവും മറ്റുമാണ് കവിതയിൽ വ്യക്തമാക്കുന്നത്. വലുതായപ്പോഴും ആ ആഗ്രഹം നിവേറിയില്ല എന്ന് ഏറെ ദുഃഖത്തോടെ അവർ ഓർക്കുന്നു.

ബാല്യത്തിൽ അമ്മയുടെ കൈപിടിച്ച് നടക്കുമ്പോൾ ചുവന്ന കുപ്പിവളകൾ ധാരാളം കണ്ടിരുന്നു. അന്നത് സ്വന്തമാക്കാനുള്ള സാമ്പത്തികാവസ്ഥ കവിതയിലെ പെൺകുട്ടിക്കൊ അമ്മയ്ക്കൊ ഉണ്ടായിരുന്നില്ല. പിന്നീട് യൗവ്വനത്തിൽ കുപ്പിവളകൾ വാങ്ങാൻ, സാമ്പത്തികസ്ഥിതി അനുവദിച്ചപ്പോഴാകട്ടെ മറ്റുള്ളവർ പരിഹസിക്കുകയാണ് ചെയ്തത്.

"കുപ്പിവളകളോ!

ലജ്ജയില്ലേ? കൊച്ചു

കുട്ടിയോ? ഹായ്!

മുഖം വാടിക്കരൾ വാടി”[18]

അതുകൊണ്ട് അന്നും അത് അണിയാനുള്ള സൗഭാഗ്യം ഉണ്ടായില്ല. യൗവ്വനത്തിലെത്തിയപ്പോഴേക്കും ആ ആഗ്രഹം ഇല്ലാതായി. എങ്കിലും കുപ്പിവളകളുടെ പൊട്ടിച്ചിരികൾ കവിയിൽ ഗൃഹാതുരത്വം ഉണർത്തിയിരുന്നു. സ്വന്തമാക്കാൻ കഴിയാത്ത ആ കുപ്പിവളകളുടെ പൊട്ടിച്ചിരികളും അതണിയാൻ കഴിയാത്തതിലുള്ള വേദനയും കവയിത്രി പങ്കുവയ്ക്കുകയാണ്. തന്റെ മനസ്സിൽ തകർന്ന അഞ്ചാറുകുപ്പിവളകൾ കിടക്കുന്നുണ്ടെന്നും അത് തറച്ച് നാലഞ്ചുചോരത്തുള്ളികൾ കിനിയുന്നുണ്ടെന്നും അവർ പറയുന്നു.

ആ പൊട്ടിച്ചിതറിയ കുപ്പിവളകൾ സ്വന്തം മനസ്സുതന്നെയാണെന്നാണ് അവർ പറയുന്നത്. അതിലൂടെ കിനിയുന്ന ചോരത്തുള്ളികൾ തന്റെ വേദനകളും. കിട്ടാത്തതിന്റെ വേദന അറിഞ്ഞവർ, അനുഭവിച്ചവർ പറയുമ്പോൾ അതിന് ആർജ്ജവം ഏറും. നഷ്ടപ്പെടുമ്പോഴാണല്ലോ എന്തിന്റെയും വില കൂടുതലായി അറിയുക. വളരെയേറെ ആഗ്രഹിച്ചത് കിട്ടാതാകുമ്പോഴുള്ള ദുഃഖം പറഞ്ഞറിയിക്കാൻ ആവില്ല. അത് നഷ്ടങ്ങളിലൊന്നായി ഉള്ളിലടക്കാനേ കഴിയൂ.

സ്ത്രീപക്ഷകവിതകൾ എന്ന് വിശേഷിപ്പിക്കാവുന്ന കവിതകളിൽ ഒന്നാണ് ‘ഇവൾക്കുമാത്രമായ്’. സ്ത്രീഹൃദയത്തിന്റെ വിഹ്വലതകളും വിങ്ങലുകളുമൊക്കെ ഇതിൽ കാണാം. പുറമേ ചിരിക്കുകയും സന്തോഷിക്കുകയും ചെയ്യുമ്പോഴും ഉള്ളിൽ കൊടുംതീയാളുന്ന ഒരു മനസ്സ് അവൾക്കുണ്ടെന്ന് പലരും ചിന്തിക്കുന്നേയില്ല. സ്ത്രീയെ പലപ്പോഴും സമൂഹത്തിന്റെ പിൻനിരയിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്ന സമൂഹത്തിനെതിരെ ഉയർത്തുന്ന ചോദ്യമായും കവിതയെ കരുതാം. ഒട്ടേറെ പ്രയാസങ്ങൾ അനുഭവിക്കുന്നവ

രാണ് സ്ത്രീകൾ. ചവിട്ടിയരക്കാനും മറുവശത്ത് പൂജിക്കാനും, പുച്ഛിക്കാനും പരിത്യജിക്കാനും അവളെയാണ് ഉപയോഗിക്കുന്നത്. എന്നും വേദന നുക രാൻ വിധിക്കപ്പെട്ട ജന്മമാകുന്നു അവളുടേത്. അത് അവൾക്ക് മാത്രം ഉള്ള താണ്. ഇതെല്ലാം സഹിച്ചാലേ സ്ത്രീജന്മം സഫലമാകൂ എന്നൊരു ധാരണ പോലും സമൂഹത്തിന് ഉണ്ടായിരുന്നു.

ഭർത്താവിന് തുണയായി കൂടെ നടക്കാനും മക്കളെ സംര ക്ഷിക്കുവാനും അവൾക്ക് പ്രത്യേക കഴിവുണ്ട്. അത് സ്ത്രീയുടെ മാത്രം ജോലി എന്നാണ് കരുതിപ്പോന്നത്. ആ ചുമതല നിറവേറ്റാനായി സ്വന്തം കാര്യങ്ങൾ അവൾ മാറ്റിവെക്കുന്നു. സ്വന്തമായ ഒന്നിനും അവിടെ സ്ഥാന മില്ല. നെറ്റിത്തടത്തിലെ കുങ്കുമമാണ് അവൾക്ക് കൂട്ട്. വിവാഹിതയാണ് എന്ന തിന്റെ അടയാളമാണ് കുങ്കുമം. അത് ധരിച്ചാൽ അവൾ സംതൃപ്തയായി എന്നാണ് വയ്പ്. എന്നാൽ അതൊന്നും അവളെ പൂർണ്ണതയിലേക്കെത്തി ക്കുന്നില്ല. അവർക്ക് സന്തോഷിക്കാനോ സ്വന്തംകാര്യങ്ങളെക്കുറിച്ച് ആലോ ചിക്കാനോ സമയം അനുവദിക്കാൻ ആരും തയ്യാറാകുന്നില്ല. വിളർത്ത ചുണ്ടും അതിലൊരു വിളർത്ത ചിരിയുമാണ് അവൾക്ക് സ്വന്തമായുള്ളത്. സ്വന്തം ആഗ്രഹങ്ങൾക്കൊന്നും അവൾ പ്രാധാന്യം കൊടുക്കുന്നില്ല. മറ്റുള്ളവരുടെ സുഖം മാത്രം ലക്ഷ്യമാക്കുകയും അതിനായി സദാ യത്നിക്കുകയും ചെയ്യു മ്പോൾ അവൾ സ്വയം മറക്കുന്നു.

സ്ത്രീകൾ സ്നേഹത്തിന് മറ്റെന്തിനേക്കാളും വിലകൊടുക്കുന്നു. സ്നേഹിക്കാൻ മാത്രമറിയുന്നവളാണവൾ. അതിനുവേണ്ടി എന്തു ത്യാഗവും സഹിക്കാനും അവൾ ഒരുക്കമാണ്. എല്ലാദുഃഖങ്ങൾക്കും കാലത്തിന്റെ കര ങ്ങളിൽ സമാശ്വാസം കണ്ടെത്തുന്നു അവൾ. ഒരാളെയും ഒരിക്കലും അവൾ

കുറ്റപ്പെടുത്തുന്നില്ല. എല്ലാം നിയോഗമെന്ന് കരുതുമ്പോൾ കുറ്റപ്പെടുത്തലിനൊ പരാതികൾക്കൊ സ്ഥാനവുമില്ല. ഇങ്ങനെ ഉഴറുന്ന, ജീവിതപ്രാരാബ്ധങ്ങളിൽ നട്ടംതിരിയുന്ന അവൾക്കുവേണ്ടി മാത്രം ഒരു ഗാനംപാടാൻ കവയിത്രി ആഗ്രഹിക്കുന്നു. ആരാലും ശ്രദ്ധിക്കപ്പെടാതെ പരിഗണന ലഭിക്കാതെ പോകുന്നവർക്ക് തുണയായി ആരെങ്കിലും ഉണ്ടാകേണ്ടിയിരിക്കുന്നു എന്ന സൂചനയും കവിതയിലുണ്ട്.

സമൂഹത്തിൽ ഒറ്റപ്പെട്ടവർക്ക് തുണയായി, കാവലാളായി അവർക്കൊപ്പം കൂടാനാണ് കവിമനസ്സ് ആഗ്രഹിക്കുന്നത്. സ്ത്രീകൾക്ക് അനുകൂലമായി സംസാരിക്കാനും പ്രവർത്തിക്കാനും ഇനിയും വൈകിക്കൂടാ എന്ന തിരിച്ചറിവും കവിതയിലുണ്ട്. നിത്യവും ഇവിടെ സംഭവിക്കുന്ന പല കാര്യങ്ങളും ജനങ്ങളെ ആകെ പരിഭ്രാന്തിയിലാഴ്ത്തുന്നുണ്ട്. സ്വന്തം മക്കളെ ആരുടെ കൂടെയും വിടുന്നതും അൽപസമയത്തെക്കാണെങ്കിലും തന്റെ കൺവെട്ടത്തിൽനിന്നും മറയുന്നതുപോലും ആപത്തുവരുത്തിവെച്ചേക്കാമെന്ന ധാരണ ഉള്ളിലുണ്ട്. കാരണം ഇന്നത്തെ ചുറ്റുപാടുകൾ അങ്ങനെയുള്ളതാണ്. കാപട്യവും വഞ്ചനയും ചതിയും ഉള്ള ഈ ലോകത്ത് സത്യസന്ധതയ്ക്ക് സ്ഥാനമേയില്ല.

ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകളെ പലപ്പോഴും നമുക്കുചുറ്റും കാണാറുണ്ട്. ഈകവിതയിലും മാനസികമായി ഒറ്റപ്പെട്ടുപോയ ഒരു അവസ്ഥയാണ് പരാമർശം.

ഏകാന്തത അഥവാ ഒറ്റപ്പെടൽ കുഞ്ഞുങ്ങൾ ഒരിക്കലും അനുഭവിക്കാനിടയില്ല. കാരണം ഒന്നുറക്കെ കരഞ്ഞാൽ ഓടിവരാൻ ആരുമില്ലെങ്കിലും സ്വന്തം അമ്മയുണ്ടാകും. മാറിൽ ചേർത്തുപിടിച്ച് ആശ്വസിപ്പിക്കുമ്പോൾ എല്ലാ പ്രയാസങ്ങളും കുഞ്ഞ് മറക്കുന്നു. എങ്കിലും ഭയം എന്ന അവസ്ഥ

കുഞ്ഞിനെ പിടികൂടാറുണ്ട് എന്നാണ് അവർ പറയുന്നത്. കാരണം ഉറക്കത്തിൽ ആ കുഞ്ഞുമുഖം വെമ്പി വിതുമ്പുന്നത് ചിലപ്പോൾ കാണാം. എന്നാൽ വളരുമ്പോൾ ഒറ്റപ്പെടൽ ഏറെ ദുസ്സഹമായി മാറുന്നു. അത് ചിലപ്പോൾ അതിശക്തമായ ഭീതിയിലേക്കും നയിച്ചേക്കാം.

ഒറ്റയ്ക്ക് ചുമതലകൾ നിർവ്വഹിക്കുമ്പോഴും എല്ലാത്തിനും താങ്ങായും തണലായും ഈശ്വരൻ കൂടെയുണ്ട് എന്ന് വിശ്വസിക്കുന്നു. അത്തരം ആശ്വാസത്തിലാണ് മുന്നോട്ടുനീങ്ങുന്നത്. എന്നാൽ അങ്ങനെയൊന്നില്ലാതെ വന്നാലോ എന്ന് അവർ ചിന്തിച്ചുപോകുന്നു.

'ജെസ്സി' എന്ന ഒരുപെൺകുട്ടിയെ കവയിത്രിക്ക് പരിചയപ്പെടാനും പിന്നീടവളെ ഒരിക്കലും മറക്കാത്തവളായി തന്റെ മനസ്സിൽ സൂക്ഷിക്കാനും അവർക്ക് കഴിഞ്ഞു. ആരോടും അധികം സംസാരിക്കാത്ത ഒരുവളായിരുന്നു അവൾ. പിൻബെഞ്ചിൽ ഇരിക്കാനായിരുന്നു അവൾക്ക് ഏറെ ഇഷ്ടം. കവയിത്രിയുടേതും സമാനമായ സമീപനം തന്നെയായിരുന്നു. ആ കുഞ്ഞിന്റെ സ്വഭാവത്തിനോട് ഏറെ സാമ്യമുള്ളതായിരുന്നു കവയിത്രിയുടെ സ്വഭാവവും. അവളോട് ഏറെ അടുത്തപ്പോഴാണ് അവൾ മനസ്സ് തുറന്നത്. വീട്ടിലെ ദയനീയമായ സാഹചര്യം തന്നെയായിരുന്നു അവളെ അങ്ങനെ ആക്കിയത്. വീട്ടിൽവച്ച് ഒരിക്കൽ അമ്മച്ചിക്ക് ദൈവവിളിയുണ്ടാകുകയും എല്ലാം ഉപേക്ഷിച്ച് അവർ മഠത്തിലേക്ക് പോവുകയും ചെയ്തു. എന്നാൽ അപ്പൻ അവരെ തിരിച്ച് വീട്ടിലേക്ക് തന്നെ കൂട്ടിക്കൊണ്ടുവന്നു. എങ്കിലും അത്തരം ഒരു മാനസികാവസ്ഥയിൽനിന്ന് അമ്മച്ചിയെ തിരികെ കൊണ്ടുവരാൻ ആർക്കും കഴിഞ്ഞില്ല. ചിലർ അമ്മച്ചിക്ക് ഭ്രാന്താണെന്ന് പറഞ്ഞു, ചിലർ 'പുണ്യവാളത്തി' എന്ന് വിശേഷിപ്പിച്ചു.

ഏഴുപൈതങ്ങളുള്ള കുടുംബത്തിലെ രണ്ടാമത്തെ കുട്ടിയാണ് 'ഒമ്പ താംവയസ്സിൽ വൃദ്ധയായിപ്പോയ' ജെസ്സി. ഇല്ലായ്മകൾക്കും വല്ലായ്മയ്ക്കും പുറമേ നിയതി അവൾക്ക് 'വിക്കും' കൂടി സമ്മാനിച്ചു. മുഴുകുടിയനായ അപ്പൻ, കദനഭാരംകൊണ്ടുതകർന്ന ആത്മാവിൽ 'ദൈവവിളി'വന്നു സ്വബോധം നഷ്ടപ്പെട്ട അമ്മ, നിരാലംബരായ ഏഴ് പിഞ്ചുകുഞ്ഞുങ്ങൾ. അവരുടെ ക്ഷേമം കാക്കാൻ മതമില്ല, സമുദായമില്ല, ഭരണാധികാരികളുമില്ല. അച്ഛൻ കേവലം ജന്മം നൽകുന്നതിന് കാരണക്കാരൻ മാത്രമാവുമ്പോൾ പിതൃത്വത്തിന്റെ ചുമതലകളേറ്റെടുക്കുന്ന നൃപരുള്ളനാടല്ല ഇത്.[19]

പതിയെ കവയിത്രിയുമായി അവൾ അടുക്കുകയും കളിക്കാനിറങ്ങു കയും ചെയ്തു. ഈ മാറ്റം കവയിത്രിയെ അത്ഭുതപ്പെടുത്തി. എന്നാൽ ആ കൂട്ട് കുറേക്കാലം തുടരാൻ കഴിഞ്ഞില്ല. പതുക്കെ ആ സുഹൃത്ബന്ധം അവർ മറന്നു. വർഷങ്ങൾക്കുശേഷം അവർ വീണ്ടും കണ്ടുമുട്ടുന്നു. ഓടി വന്ന് അവൾ കവയിത്രിയുടെ കൈപിടിക്കുകയാണ് ചെയ്തത്. അവൾ ഇന്നൊരു കോളേജ്കുമാരിയായി മാറിക്കഴിഞ്ഞു. അവളുടെ കുടുംബകാര്യ ങ്ങൾ അന്വേഷിച്ചപ്പോൾ അമ്മച്ചി മരിച്ചുപോയെന്നും അപ്പൻ വേറെ പെണ്ണു കെട്ടിയെന്നും അതോടെ കുടുംബം ശിഥിലമായിപ്പോയെന്നും അവൾ പറ ഞ്ഞു. ദാരിദ്ര്യവും കഷ്ടപ്പാടും നിമിത്തം പലരും പലസ്ഥലങ്ങളിലായാണ് കഴിയുന്നതെന്നും അതിദയനീയമാണ് കുടുംബാന്തരീക്ഷം എന്നും അവൾ പറയുന്നു. അവൾ ടൈപ്പുറൈറ്റിംഗ് പഠിക്കുന്നുണ്ടെന്നും എന്നെങ്കിലുമൊരി ക്കൽ ഒരു ജോലി കിട്ടുമെന്നും അതോടെ കുടുംബം രക്ഷപ്പെടുമെന്നുമാണ് അവൾ പ്രത്യാശിക്കുന്നത്. അതോടെ ആ കൂടിക്കാഴ്ച അവസാനിച്ച് രണ്ടു പേരും രണ്ടുവഴിക്ക് പിരിയുകയും ചെയ്തു.

വർഷങ്ങൾ പിന്നെയും പലതുകഴിഞ്ഞു. ഒരിക്കൽ വൻകിടക്കാർ മാത്രം താമസിക്കുന്ന ഹോട്ടലിന്റെ മുന്നിൽ ഒരു കാറിൽ ജെസ്സി വന്നിറങ്ങുന്നത് അവർ കാണുന്നു. കവയിത്രിക്ക് അവളെ മനസ്സിലായെങ്കിലും അവൾ മുഖം മറച്ച് കവയിത്രിയെ കണ്ടതായി ഭാവിക്കാതെ വേഗം നടന്നുമറഞ്ഞു. ആ പഴയ ജെസ്സിയെ അവളിൽ കാണാൻ കവയിത്രിക്ക് കഴിഞ്ഞില്ല. ജീവിക്കാൻവേണ്ടി ഈ വേഷം കെട്ടാൻ താൻ നിർബ്ബന്ധിതയായതാണെന്ന് കവയിത്രിയോട് അവൾ പറയുന്നു. കാബറേ നർത്തകിയാണ് ഇപ്പോളെന്ന് പറയുമ്പോൾ മുഖം കുനിക്കാൻ മാത്രമേ കവയിത്രിക്ക് കഴിയുന്നുള്ളൂ. പിന്നീട് ജെസ്സിയെ കാണുന്നത് വിമാനത്താവളത്തിൽ ഒരു സുഹൃത്തിനെ കാത്തു നിൽക്കുമ്പോഴാണ്. അവൾ പ്രായമായിട്ടും യുവതിയാകാൻ പണിപ്പെടുകയാണെന്ന് കാണുമ്പോൾത്തന്നെ അറിയാം.

യാത്ര എങ്ങോട്ടാണെന്ന് ചോദിച്ചപ്പോൾ കാബറേയിൽനിന്ന് പുറം തള്ളപ്പെട്ടുവെന്നും ഗൾഫിൽ ഷെയ്ക്കിന്റെ വീട്ടിൽ ആയയായി ജോലിക്ക് പോകുകയാണെന്നും അവൾ പറഞ്ഞു. ഇനി തിരിച്ച് ഈ കെട്ടനാട്ടിൽ വരില്ല എന്നുപറഞ്ഞ് അവൾ പോകാനൊരുങ്ങുകയാണ്. പണ്ടുണ്ടായിരുന്നഭയം, ലജ്ജ, സംഭ്രമം, ആശ എന്നീ വികാരങ്ങളൊന്നും അവളിൽ അവശേഷിക്കുന്നുണ്ടായിരുന്നില്ല. പണ്ട് തന്റെ ഒപ്പം ഒന്നിച്ച് നാലാംക്ലാസിൽ ഇരുന്നവൾ തന്നെയാണോ ഇതെന്ന് കവയിത്രി വീണ്ടും സ്വയം ചോദിച്ചുപോകുന്നു. അവളോട് പോകരുത് എന്നും ഇവിടെ വിശ്രമിക്കണമെന്നും ഒക്കെ പറയണം എന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിലും പറയാൻ പറ്റുന്നില്ല.

"പറയാനാവുന്നീല, നാവുണങ്ങുന്നൂ, വെയ്ലി-
ലകലും വിമാനത്തിൻ ഹുങ്കാരമുരുകുന്നു"[20]

നമ്മുടെ സമൂഹത്തിൽ നിന്ന് ഒരിക്കലും ഇല്ലാതാക്കാനാവാത്ത ഒരു നിരന്തര പ്രക്രിയ തന്നെയാണിത്. ജീവിക്കാനായി പലവേഷവും കെട്ടിയാടുന്നവരാണ് നമ്മൾ. എന്നാലിവിടെ ജീവിതസാഹചര്യങ്ങൾ ചിലരെ അങ്ങനെ ആക്കിത്തീർക്കുകയാണ് ചെയ്യുന്നത്. മിക്കവാറും വീട്ടിലെ ദയനീയമായ ചുറ്റുപാടുകൾതന്നെയാണ് ഇതിനുകാരണം. അങ്ങനെയാണ് പലരും പലവഴികൾ തേടിപ്പോകുന്നത്. അത്തരക്കാരിൽ ഒരുവൾ മാത്രമാണ് ഇവിടെ 'ജെസ്സി'. അവൾ ഗൾഫിൽ ജോലിതേടി പോകുമ്പോൾ പറയാനുള്ളത് 'ഇനി തിരിച്ചിങ്ങോട്ടേക്കില്ല' എന്നാണ്. അത്രത്തോളം ഈ നാടിനെ അവൾ വെറുത്തിരിക്കുന്നു. അതിന് പലകാരണങ്ങളും പറയാനുണ്ടുതാനും. എങ്കിലും അവൾ ആരേയും കുറ്റപ്പെടുത്തുന്നില്ല.

സാമൂഹികാവസ്ഥകൾ മാറിയെങ്കിലേ ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വതമായ ഒരുപരിഹാരം ഉണ്ടാകൂ. ഇതിനെതിരെയാണ് സുഗതകുമാരി പലപ്പോഴും തൂലിക ചലിപ്പിച്ചത്. പലരും സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ വഴിതെറ്റിപ്പോകുന്നവരാണ്. കൊടിയ ദാരിദ്ര്യവും പട്ടിണിയുമാണ് ഇതിന് പ്രധാനകാരണം അത് സമൂഹത്തിൽനിന്ന് ആദ്യം തുടച്ചുനീക്കേണ്ടിയിരിക്കുന്നു.

ജെസ്സി ജനിച്ചനാടിനെ ഇത്രയധികം വെറുക്കാനുള്ള കാരണം തന്നെ ചിലപ്പോൾ ഇതായിരിക്കാം. നെറികെട്ട ഈ സംസ്കാരത്തെ പാടേ മാറ്റിത്തീർത്താൽ മാത്രമേ നാടിന് ഒരു മാറ്റം സാധ്യമാകൂ എന്നും അതിലൂടെ മാത്രമേ നാടിന്റെ നന്മ സാധ്യമാകൂ എന്നുമാണ് 'ജെസ്സി'യിലൂടെ കവയിത്രി പറയുന്നത്.

ഈയിടെയായി ആളുകളെ കാണാതാകുന്ന സംഭവങ്ങൾ കൂടിവരികയാണ്. രാവിലെ വിവിധ ആവശ്യങ്ങൾക്കായി വീടുകളിൽനിന്ന് ഇറങ്ങുന്ന

വരിൽ ചിലർ വൈകുന്നേരം തിരിച്ചെത്തുന്നില്ല. അന്വേഷണം തുടരുമെങ്കിലും പലരേയും പിന്നീട് കണ്ടെത്താൻ കഴിയാറില്ല. അത്തരം പ്രശ്നങ്ങൾ സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കുകയാണ് 'കാണാതായവർ' എന്ന കവിതയിലൂടെ.

കമല എന്നുപേരുള്ള ഇരുപത്തിയൊന്നുകാരിയെ കാണാതായിരിക്കുന്നു. അവളുടെ രൂപവും ഭാവവും ഒക്കെ പറഞ്ഞ്, കാണാതായിട്ട് 10 ദിവസം കഴിഞ്ഞെന്നും കണ്ടുകിട്ടുന്നവർ പോലീസിൽ വിവരമറിയിക്കണമെന്നും വ്യക്തമാക്കുന്നു. അതിനുശേഷം പത്താംതരത്തിൽ പഠിക്കുന്ന കറുത്തു നീണ്ട പതിനഞ്ചുകാരൻ കുമാരനെ കാണാതായി. അവനെയും ഏഴു ദിവസമായി കാണാതായിട്ട്. പഠിക്കുവാനായി സ്കൂളിലേക്ക് പോയതാണ്.മുപ്പത്തിയഞ്ചുകാരി കുഞ്ഞുമോളും അവളുടെ കുഞ്ഞും പിന്നീടൊരുദിവസം പുറത്തുപോയെങ്കിലും തിരിച്ചെത്തിയില്ല. 75 കാരനായ വർഗീസും അഞ്ചു വയസ്സുകാരൻ ചന്ദ്രനും അറുപതുകാരി അമ്മിണിയമ്മയും കാണാതായവരിൽ ഉൾപ്പെടും. ആരേയും കണ്ടെത്താനായില്ല. പലസ്ഥലങ്ങളിൽ നിന്നായി ഇവർ അപ്രത്യക്ഷരായി. അവരെ തെരയാനായി കവയിത്രി യാത്രപുറപ്പെടുമ്പോഴാണ് നടുക്കുന്ന പല വസ്തുതകളും അറിയുന്നത്.

കമല സിനിമാഭ്രമം മൂത്ത് പുറത്തുപോയെങ്കിലും എത്തിപ്പെട്ടത് ചുവന്നതെരുവിൽ, ചാരായഷാപ്പിന്റെ പിറകിലെ ഓടയിൽ ചോരവാർന്ന് കിടക്കുന്ന അവസ്ഥയിലാണ്. കുമാരനാകട്ടെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലോകത്തിലെത്തി അസുഖങ്ങൾ മൂലം അവശനായി. ഒടുവിൽ അമ്മയെ തേടുകയാണ്. ഒരു ആശ്വാസത്തിനായി അമ്മയുടെ അടുത്തെത്താൻ അയാൾ ആഗ്രഹിക്കുന്നു. കുഞ്ഞുമോൾ കുഞ്ഞിനെയുമെടുത്ത് കയ

ത്തിൽ ചാടുകയും, എഴുപത്തഞ്ചുകാരൻ തിരിച്ചറിയാൻ കഴിയാത്ത മൃതദേഹമായി ആശുപത്രിയുടെ ശീതീകരിച്ച മുറിയിൽ കിടക്കുകയും ചെയ്യുന്നു. അഞ്ചുവയസ്സുകാരൻ ചന്ദ്രനാകട്ടെ കണ്ണും കാലും നഷ്ടപ്പെട്ട് ഉത്സവപ്പറമ്പിൽ ഇഴഞ്ഞിഴഞ്ഞ് ഭിക്ഷ യാചിക്കുകയാണ്. അവൻ ചിരിക്കാൻ പോലും മറന്നുപോയിരിക്കുന്നു. അമ്മിണിയാകട്ടെ തെരുവിലാണോ അതോ ഭ്രാന്താശുപത്രിയിലെ മതിൽക്കെട്ടിനുള്ളിലാണോ എന്ന് നിശ്ചയമില്ല.

കാണാതായവരെ അന്വേഷിച്ചാൽ കാണുക ഇങ്ങനെയൊക്കെയാണ്. ഒരിക്കൽ നാമെല്ലാവരും ഈ ഭൂമിയിൽ നിന്ന് അപ്രത്യക്ഷരാകും എന്നുവെച്ച് എല്ലാവരേയും അങ്ങനെ മറക്കാൻപറ്റില്ല. ഇത്തരം ദൃശ്യങ്ങൾ കവയിത്രിയെ വല്ലാതെ അസ്വസ്ഥയാക്കുന്നു. കാട്ടുപൂവും മയിൽപ്പീലിയും സംരക്ഷിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ടവർക്ക് നേരിടേണ്ടിവരുന്നത് ഇത്തരം അനുഭവങ്ങളാണ്. ഇങ്ങനെയുള്ള കാഴ്ചകൾ, ഏറെ തപിപ്പിച്ച മനസ്സ്. തണുക്കാൻ ഇനി ഹിമാലയം വരെ പോകേണ്ടിവരുമോ എന്ന് കവയിത്രി സംശയിക്കുന്നു. കാരണം ഈ ദൃശ്യങ്ങൾ അത്രമേൽ അവരുടെ ഉള്ളിനെ പൊള്ളിക്കുന്നു.

ഒരു കാലത്ത് കേരളത്തിൽ പരക്കെ നടന്നിരുന്ന ഒരു ദുരാചാരമാണ് 'ബാധയൊഴിക്കൽ'. ചെറിയ അസ്വസ്ഥതകൾ ഉണ്ടായാൽ ചഞ്ചലമായിപ്പോകുന്ന ഒരു മാനസികാവസ്ഥ പലർക്കും പലസമയത്തും ഉണ്ടാകാം. അത്തരം ഒരു അവസ്ഥയുടെ പ്രതിഫലനമാണ് ഈ കവിതയിൽ.

യൗവനത്തിന്റെ തുടിപ്പിൽ ആരോടോ തോന്നിപ്പോയ പ്രണയത്തിന്റെ പേരിൽ മാനസികമായും ശാരീരികമായും പീഡിപ്പിച്ച് ആകെ അസ്വസ്ഥയായി വിഭ്രാന്തമായ മനസ്സിന് ഉടമയായി അവൾ മാറുന്നു. ഇനി അവളുടെ ഭ്രാന്തിനെ മാറ്റാനുള്ള ശ്രമമാണ്. പൂജയും മന്ത്രങ്ങളും ആഭിചാരങ്ങളും ചെയ്ത് ഒഴി

ഞ്ഞുപോകാൻ പറഞ്ഞെങ്കിലും 'പോവില്ല, പോവില്ല' എന്നാണവൾ ശഠിക്കുന്നത്. ഇനി ഒരൊറ്റ മാർഗ്ഗം മാത്രമേ ബാക്കിയുള്ളൂ. ജീവനോടെ പാലമേൽ ചാരിനിർത്തി ശരീരമാസകലം ആണിയടിച്ച് കൊല്ലുക. അതോടെ അവളെ ശല്യമായി കണ്ടവർക്ക് ആശ്വാസമാകും. ഇനി ഇവൾ തലവേദനയായി വരില്ലെന്ന് ചിന്തിക്കാം. മാത്രമല്ല ഇനി അവളെ കാണുകയും വേണ്ട. തന്റെ മനസ്സിലെ ചിന്തകൾ ഇടയ്ക്കൊക്കെ ഉറക്കെ പറഞ്ഞതോടെയാണ് അവൾ ഭ്രാന്തിയും മുഴുഭ്രാന്തിയും ആയി മാറിയത്. അവരുടെ മനസ്സിലെ അസ്വസ്ഥതയ്ക്ക് കാരണമെന്തെന്നും അതിന് പരിഹാരമെന്തെന്നും കണ്ടെത്താതെ അടിച്ചമർത്തി അവളെ ഇല്ലാതാക്കാനാണ് ചിലർ ആഗ്രഹിച്ചത്.

പക്ഷെ, നാം അവളെ ഉപേക്ഷിക്കാൻ എത്രതന്നെ ശ്രമിച്ചാലും അഥവാ കൊന്നാലും ഇവിടം വിട്ടുപോകാൻ അവൾക്കാവില്ല. മരണമെത്താതെ മരണത്തിന് കൊടുക്കുകയായിരുന്നില്ലേ അവളെ. ഏതോ ദുരാചാരത്തിന്റെ പേരിൽ കൊന്നുതള്ളുകയായിരുന്നില്ലേ? എങ്കിലും കുംഭമാസത്തിൽ പാല പൂക്കുമ്പോൾ, പരിമളം പരക്കുമ്പോൾ ആ പാലച്ചോട്ടിൽ ഏതോ ഒരു ശക്തി വന്നിറങ്ങുമെന്നും അവളുടെ ശരീരത്തിൽ തറച്ച ആണികൾ ഒട്ടും നോവാതെ, നോവിക്കാതെ വലിച്ചൂരി ദുരേക്കെറിയുമെന്നും ചോരയും കണ്ണീരും തുടച്ച് അവളുടെ കരം പിടിച്ച് കുതിരമേലിരുത്തി കൊണ്ടുപോകുമെന്നും കവയിത്രി വിശ്വസിക്കുന്നു. അന്നുമാത്രമേ അവൾക്ക് ആശ്വാസമോ മോചനമോ ലഭിക്കുകയുള്ളൂ. അതുവരെ തളച്ചിടലിൽ തന്നെ കഴിയട്ടെ എന്നും രക്ഷകൻ ഏതുരൂപത്തിലാണ് എത്തുക എന്നും കവയിത്രി ചിന്തിക്കുന്നു. മരണമായോ, കാമുകനായോ, രക്ഷകനായോ, ദയാമയനായോ ഏതു രൂപത്തിലും അയാൾക്ക് എത്തിച്ചേരാം. മനുഷ്യർക്ക് മനുഷ്യനോടില്ലാത്ത

സ്നേഹം ഈ ശക്തികൾക്കെങ്കിലും അവളോടുതോന്നട്ടെ എന്നും അതിലൂടെ അവൾ ആശ്വസിക്കട്ടെ എന്നും അവർ ആശംസിക്കുന്നു. അനാചാരങ്ങൾക്കെതിരെ ശബ്ദിക്കാൻ ആ തൂലിക ഒരിക്കലും മടിച്ചില്ല.

അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സ്ത്രീപീഡനങ്ങളും നരഹത്യയും ഇനിയും ചിന്തിക്കാൻ നമ്മളെ പ്രേരിപ്പിച്ചിട്ടില്ലെന്നു തോന്നുന്നു. ചിന്തിച്ചിരുന്നെങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുമായിരുന്നില്ല. പക്ഷേ, കാലംചെല്ലുന്തോറും ഇത്തരം നീചന്മാർ പെരുകിവരുന്നു എന്നത് എല്ലാ അമ്മമാരേയും പോലെ കവയിത്രിയെയും ഏറെ അസ്വസ്ഥയാക്കുന്നു.

ഒരു തണുത്ത പ്രഭാതത്തിൽ തീവണ്ടിപ്പാളത്തിൽ ഒരു ഞരക്കം കേട്ടാണ് ശ്രദ്ധ അവിടേക്ക് തിരിഞ്ഞത്. കുനിഞ്ഞുനോക്കിയപ്പോൾ അതൊരു പെൺകുഞ്ഞാണെന്നും ദീനമായ് കൈകൾ പൊക്കുകയാണെന്നും മനസ്സിലായി. ഈ ദയനീയവസ്ഥയിലും കൈനീട്ടി എടുക്കാൻ നീ വിളിക്കുമ്പോൾ 'ഞങ്ങളാകുന്ന പിശാചുക്കളെ നിനക്ക് പേടിയില്ലെന്നാണോ' എന്ന് അവർ ചോദിച്ചുപോകുന്നു. ഉടൻതന്നെ ആ കുഞ്ഞിനെ അവിടെനിന്നും എടുത്ത് വൃത്തിയുള്ള ഒരു സ്ഥലത്ത് കിടത്തുന്നു. പിന്നീട് കവയിത്രി ചോദിക്കുന്നു:

"ഇതുതാൻ കാലഘട്ടത്തിൻ
കാഴ്ച! സാക്ഷരരേഖതൻ
ശതമാനം നൂറിൽ മുട്ടി-
ക്കഴിഞ്ഞു! നമ്മൾ മാനികൾ"[21]

ആ പെൺകുഞ്ഞിന്റെ നഗ്നമായ മേനിയെ മൂടാൻ ഉറുമ്പുകൾ തയ്യാറെടുക്കുകയാണ്. അവൾക്ക് പറ്റിയതെന്തെന്ന് അലറിപ്പറഞ്ഞാലും മതിയാവില്ല. അത്രത്തോളം നീചമായ അവസ്ഥയാണത്. കവിൾ കാർന്നുതിന്ന് പിഞ്ചുമെയ്യാകെ നീലിച്ച് നഖക്ഷതങ്ങൾ തിങ്ങി വായിൽ പല്ലാഴ്ന്ന പാടുകളുമായി

അവൾ കിടക്കുന്നു വെളുത്ത കുഞ്ഞിത്തുടകൾക്കിടയിൽ നിന്ന് ചുടുചോര വാർന്നൊലിക്കുന്നു. ഈ കുഞ്ഞിന്റെ ദയനീയാവസ്ഥ കാണാനിടയാക്കിയ കണ്ണുകൾ കുത്തിപ്പൊട്ടിക്കുകയാണ് വേണ്ടതെന്ന് അവർ പറയുന്നു.

ചെറിയ കുഞ്ഞാണവൾ. പിച്ചവച്ച് 'അമ്മേ'യെന്ന് വിളിക്കാൻ തുടങ്ങിയതേയുള്ളൂ. കുഞ്ഞരിപ്പല്ലുകൾ തെളിഞ്ഞുവരുന്നതേ ഉണ്ടായിരുന്നുള്ളൂ. അമ്മയുടെ താരാട്ടുപാട്ടും അച്ഛന്റെ തോളേറ്റലും പൊട്ടിച്ചിരിയുമല്ലാതെ മറ്റൊന്നും അവൾക്കറിയില്ല. ഈ കുഞ്ഞിനെങ്ങനെയാണ് കാമത്തിന്റെ പിളർന്ന നാവിനെയും നരന്റെ ആസക്തിയെയും മനസ്സിലാക്കാൻ സാധിക്കുന്നത്. ഞരങ്ങുന്ന അവൾ മരണത്തിലേക്ക് അടുക്കുകയാണ്. എല്ലാവരുടെയും ഇരുൾ മാറ്റുന്ന സൂര്യനോട് ഈ കുഞ്ഞുപൂവിനെ തൊട്ടുറക്കാനും നോവുമാറ്റിക്കൊടുക്കാനും അവർ അപേക്ഷിക്കുന്നു. പക്ഷേ കവയിത്രിയെ ഒരു ദുഃഖം അലട്ടുന്നു. അവളുടെ ശ്വാസം നിലക്കുംമുമ്പ് ആ ദൈന്യരൂപം അവർക്ക് കാണേണ്ടിവന്നു. ആ കാഴ്ച തന്റെ മനസ്സിൽ നിന്ന് പറിച്ചെറിയാൻ സാധിക്കുന്നില്ല. ഉറക്കത്തിലും നോവുന്ന ഓർമ്മയായി അത് അവരെ വേദനിപ്പിക്കുന്നു. ഇത്തരം നീചകൃത്യങ്ങൾ ഇപ്പോഴും തുടരുന്നു. സ്വന്തം അമ്മയെന്നോ പെങ്ങളെന്നോ മകളെന്നോ തിരിച്ചറിയാതെ കാമപൂർത്തിക്കുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ഒരുപറ്റം ഹിംസ്രജന്തുക്കൾ ചുറ്റിലുമുണ്ട്. അത് തിരിച്ചറിയണം. അത് ഒഴിവാക്കാൻ കരുതൽനടപടി സ്വീകരിക്കുകയും വേണം.

സമൂഹത്തിൽ കുറ്റപ്പെടുത്തലുകൾ ഏറെ നേരിടേണ്ടുന്നവർ സ്ത്രീകളാണ്. അത്തരത്തിൽ നിരവധി പ്രയാസങ്ങൾ അനുഭവിക്കേണ്ടിവന്നവർ കവയിത്രിയെ സമീപിക്കുകയും അവരുടെ പ്രയാസങ്ങൾ വ്യക്തമാക്കുകയും ചെയ്തിരുന്നു. അതിൽ ചില ഉദാഹരണങ്ങൾ 'വനിതാക്കമ്മീഷൻ' എന്ന കവിതയിലൂടെ അവർ വ്യക്തമാക്കുന്നു.

നിരവധി സ്ത്രീകൾ സ്വന്തം പ്രശ്നങ്ങൾക്ക് പരിഹാരം തേടി കവയിത്രിയെ സമീപിച്ചിരുന്നു. ഒരിക്കൽ മിഴിയും കവിളും നനഞ്ഞ് കഠിനമായ കാലുവേദയുള്ള ഒരുവൾ തന്റെ മുന്നിൽ വന്നത് അവർ ഓർക്കുന്നു. പ്രേമത്തിന്റെയും ചതിയുടെയും വിയർപ്പിന്റെയും ഒക്കെ പതിവ് കഥയായിരുന്നു അവൾക്ക് പറയാനുണ്ടായിരുന്നത്. ഭർത്താവ് ഉപേക്ഷിച്ചുപോയ അവൾ എത്തിയത് ഒരു കുഞ്ഞിനെ ഒക്കത്തെടുത്തും ഒന്നിന്റെ കയ്യിൽപിടിച്ചുമാണ്. പ്രേമിച്ച പുരുഷനുവേണ്ടി സർവ്വവും വിറ്റ് അവന്റെ കൂടെപ്പോവുകയും പിന്നീട് പൈസ ഇത്രയൊന്നും പോരെന്നുപറഞ്ഞ് അവളെ ഇറക്കിവിട്ടപ്പോൾ സ്വന്തം കൂടപ്പിറപ്പുപോലും ആട്ടിയകറ്റിയ കഥയും അവൾ പറഞ്ഞു. നിസ്സാര കാരണത്താൽ പ്രിയൻ മറ്റൊരാളെ സ്വീകരിച്ച് തന്നെ ഉപേക്ഷിച്ചപ്പോഴും ചുവന്നതെരുവിൽ വാഴാൻ കെൽപ്പില്ലാതെ ചാകാനൊരിടം തേടി അവൾ വീണ്ടും മുന്നിൽ വന്നു. അച്ഛന്റെ കൂടെ ഉത്സവപ്പറമ്പിലിരിക്കുമ്പോൾ ആരോ വായ പൊത്തിപിടിച്ചുകൊണ്ടുപോവുകയും പിന്നീട് കീറിയപാവാടയിൽ രക്തക്കറയുമായി തിരിച്ചുവരികയും ചെയ്ത അനുഭവം പറഞ്ഞ സ്കൂൾ കുട്ടിയെ അവർ കണ്ടു. കുഞ്ഞുമക്കൾക്ക് പശിയടക്കാനായി ശരീരം വിറ്റതറിഞ്ഞ് സമൂഹത്തിലെ മാന്യന്മാർ ചോദ്യം ചെയ്തതും തലമൊട്ടയടിച്ചതും ഊരുവിലക്ക് ഏർപ്പെടുത്തിയതും കൊല്ലാൻ വിധിച്ചതുമായ അനുഭവങ്ങളും ഒരുവൾ പറഞ്ഞു. എന്നാൽ തന്റെകൂടെ തന്നെ പിഴപ്പിച്ചവൻ ഉണ്ടായിട്ടും അവന് ശിക്ഷയൊന്നും വിധിക്കാത്തതെന്തേ എന്നു ചോദിക്കാനും അവൾ വീണ്ടും വന്നിരുന്നു. ജോലി നൽകാമെന്ന് പറഞ്ഞ് വീട്ടിൽനിന്നിറക്കി കൊണ്ടുപോയി മറ്റുള്ളവർക്ക് കാഴ്ചവയ്ക്കുകയും പിടിക്കപ്പെട്ടതോടെ ഈ പെണ്ണ് ചീത്തയെന്ന് പറഞ്ഞ് നിർദ്ദാക്ഷിണ്യം ഉപേക്ഷിക്കുകയും ചെയ്തപ്പോൾ ഭ്രാന്തിന്റെ വക്കിലെത്തിയ അവൾ അഭയം യാചിച്ച് വന്നിരുന്നു.

എട്ടുവയസ്സായ മകളെ ചേർത്തുനിർത്തി ഇവളെ രണ്ടാമത് കെട്ടിയവൻ ഇവൾക്ക് 'ചീത്തയാം രോഗമേകി'യെന്നും അവനെ കൊന്നിട്ടുവരുന്നതുവരെ ഇവളെ നോക്കണമെന്നും പറഞ്ഞ് ജയിലിൽ പോകാൻ തയ്യാറായവനും മുന്നിൽ വന്നിരുന്നു. തന്റെ എല്ലാ സ്വത്തും മക്കൾക്കെഴുതി കൊടുത്തിട്ടും ആരും നോക്കാതിരിക്കുകയും, ഒരുവന് സ്വത്ത് കുറഞ്ഞുപോയെന്നു പറഞ്ഞ് തന്നെ കോടതി കയറ്റിയ കഥപറയാനും, തലചായ്ക്കാൻ ഒരിടം തേടി ഒരമ്മയും തന്റെ മുന്നിൽ വന്നതായും അവർ ഓർക്കുന്നു. പ്രണയിച്ചു പിഴപ്പിച്ചവൻ പിന്നീട് തന്നെ അറിയില്ലെന്ന് പറഞ്ഞ് ഉപേക്ഷിച്ചപ്പോൾ ഈ ഈ കുഞ്ഞിന്റെ അച്ഛനാരാണ് എന്ന് തെളിയിക്കാനായി രക്തമെടുക്കണമെന്ന് ആവശ്യപ്പെടാൻ ധൈര്യം കാണിച്ചും ഒരുവൾ വന്നു. ഏറെ ദുഃഖിതയായ, അമ്മയും കൈപിടിച്ച് അപമാനമെന്തന്നറിയാത്ത പിഞ്ചുപൈതൽ 'എന്നെ നോവിച്ചെന്നു' പറയുവാനായ് അമ്മയുടെ കൂടെ കവയിത്രിയുടെ അടുക്കൽ വന്നിരുന്നു. വിവാഹത്തിനുശേഷം പണം പോരെന്നുപറഞ്ഞ് ഏറെ വേദനിപ്പിക്കുകയും പൊള്ളലേൽപ്പിക്കുകയും ചെയ്തപ്പോൾ കറുത്തമുഖവും ഒട്ടിപ്പിടിച്ച കയ്യും കത്തിയമുടിയുള്ള തലയുമായി മരണത്തെപ്പോലും വെടിഞ്ഞ് നീതിക്കായി അവർ തന്റെ മുന്നിൽ വന്നതായും കവയിത്രി ഓർക്കുന്നു.

ഇത്രയും പറഞ്ഞതിനുശേഷം ഈ നാട്ടിലെ നിയമവ്യവസ്ഥയെ നിശിതമായി വിമർശിക്കാനും കവയിത്രി മറക്കുന്നില്ല. ആരുടെയും ഒരുവാക്കിനും വിലകൊടുക്കാതെ, പരിഹസിച്ചുതള്ളുന്ന ഒരാവശ്യം നടപ്പിലാക്കുന്നതിനായി പലവട്ടം തന്നെ നടത്തിയ അധികാരികളെ വിമർശിക്കുകയാണ് അവർ ചെയ്യുന്നത്. പക്ഷേ അവരോട് ഒന്നും മറുത്ത് ഇവർ പറയുന്നില്ലെങ്കിലും 'എരിതീയിൽ വാഴ്ക' എന്നുപറഞ്ഞ് മനസ്സിൽ അവരെ ശപിക്കുന്നുണ്ട്. അവർ കവയിത്രിയുടെ മകളോ, സഹോദരിയോ, കുഞ്ഞോ, അമ്മയോ ഒക്കെ ആയി

രുന്നു. ഇങ്ങനെ കയറിൽ കുരുങ്ങിയും, മുറിവേറ്റ് മെയ്യോടിഴഞ്ഞും, തീയിൽ കരിഞ്ഞും കറുത്തും, നോവിൽ കുതിർന്നു കലങ്ങിയും, പെരുവയർ താങ്ങി ത്തളർന്നും ഗതികിട്ടാപ്രേതമായ് കേണും കനൽപുകയുന്ന മിഴിയോടെ കയ്യിൽ ചിലമ്പുമുയർത്തി കണ്ണകിയായി പ്രതികാരം ചെയ്യാൻ വെമ്പിയാണ് അവൾ മുന്നിൽവന്നത് എന്നും കവയിത്രി ഓർക്കുന്നു. മറ്റുള്ളവരെ കഠിന മായി വേദനിപ്പിക്കുമ്പോഴും അത് ശക്തമായി തിരിച്ചടിക്കുമെന്ന ഒരു ഓർമ്മ പ്പെടുത്തൽ കൂടിയാണ് കവയിത്രി ഇവിടെ നടത്തുന്നത്.

സ്ത്രീകൾ പിൻനിരയിലേക്ക് തള്ളപ്പെടുമ്പോൾ അവരെ മുൻനിരയി ലേക്കെത്തിക്കാൻ കവയിത്രി എന്നും ശ്രമിച്ചിരുന്നു. തന്റെ പഴയ കൂട്ടുകാ രിയെ ക്ഷേത്രനടയിൽ വച്ച് കണ്ടപ്പോൾ ഉണ്ടായ അനുഭവമാണ് 'കൂട്ടുകാരി' എന്ന കവിതയിലുള്ളത്. കൂനിക്കൂടി നരച്ച് കൺമങ്ങിയ ഭാവത്തോടെയായി രുന്നു അവൾ. തിരിച്ചറിയാൻ അൽപ്പസമയം എടുത്തെങ്കിലും പിന്നീട് അവർ പഴയ സൗഹൃദം പുതുക്കി. അവരുടെ സ്മരണകൾ പത്താംക്ലാസിൽ പഠി ക്കുന്ന കാലത്തിലേക്ക് എത്തി. 'പത്മ'യെന്ന ആ കൂട്ടുകാരിയെ കവയിത്രി ഏറെ സന്തോഷത്തോടെ ഓർക്കുന്നു. അന്ന് 'നഗരവിദ്യാലയസുന്ദരിപ്പട്ടം' ചാർത്തിക്കൊടുത്തിയവളാണ് ഇന്ന് ശോഷിച്ച കൈകളുമായി വാർദ്ധക്യാ വസ്ഥയിൽ ഇവിടെ കഴിയുന്നത്. കവയിത്രിക്ക് അമ്പരപ്പുണ്ടായപ്പോഴും ആ പഴയപുഞ്ചിരി തന്റെ സുഹൃത്താണെന്ന് തെളിയിക്കുന്നതായിരുന്നു. അമ്പ ത്തേഴുവർഷത്തിനുശേഷമാണ് അവർ കണ്ടുമുട്ടുന്നത്. 'അത്രയ്ക്കുമാറി പ്പോയോ ഞാൻ' എന്ന് ആ സുഹൃത്ത് കവയിത്രിയോട് ചോദിക്കുന്നു. പകരം പത്രത്താളിലൊക്കെ നിന്നെ കാണാറുണ്ടെന്ന് സുഹൃത്ത് മറുപടി നൽകുന്നു. 'കുട്ടിയും മാറിപ്പോയി' എന്ന് സുഹൃത്ത് പറഞ്ഞപ്പോൾ

"കുട്ടിയോ"! ജരവീണ
കയ്യെന്റെ കയ്യിൽ ചേർത്തു
പൊട്ടി ഞാൻ ചിരിച്ചപ്പോ-
ളവളും ചിരിക്കുന്നു"[22]

വാർദ്ധക്യത്തിന്റെ വികൃതമായ മുഖമായിരുന്നു എങ്കിലും നരച്ചമൂടികൾ അണിഞ്ഞവരാണെങ്കിലും മുടിപ്പിന്നലുമാട്ടി രണ്ടോമൽക്കുമാരികൾ നിൽക്കുന്നതായാണ് അവർക്ക് തോന്നിയത്. പരസ്പരം കണ്ട് പൊട്ടിച്ചിരിക്കുകയും കൈകൾ ചേർത്തുപിടിക്കുകയും ചെയ്യുമ്പോൾ വഴിയേ പോകുന്നവർ വിസ്മയത്തോടെ ഉറ്റുനോക്കി. വാർദ്ധക്യത്തിൽ ഇങ്ങനെ കിലുങ്ങുന്നതുപോലെ ചിരിക്കാനുകുമോ എന്നാണവർ സംശയിക്കുന്നത്.

വളരെക്കാലത്തിനുശേഷം രണ്ടുസുഹൃത്തുക്കൾ കണ്ടുമുട്ടുമ്പോൾ ഇത്തരം അനുഭവങ്ങൾ ഉണ്ടാകുന്നതും പഴയ ഓർമ്മകൾ പങ്കുവയ്ക്കുന്നതും സാധാരണമാണ്. അത് അത്രമേൽ ആത്മാർത്ഥസുഹൃത്തുക്കളാണെങ്കിൽ പറയാനുമില്ല. ഇവിടെ സുഗതകുമാരിയെ സംബന്ധിച്ചിടത്തോളം ആദ്യം അമ്പരപ്പുണ്ടായെങ്കിലും പിന്നീട് യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടുകയാണ് ചെയ്തത്. ചിലർക്ക് പരസ്പരം മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നുപോലും വരാം. ഇവിടെ അതുണ്ടായില്ല. സുഹൃത്തിന്റെ ചിരി കണ്ടപ്പോൾ മനസ്സിലാക്കാൻ സുഗതകുമാരിക്ക് കഴിഞ്ഞു. ആത്മാർത്ഥ സുഹൃത്ബന്ധത്തിന് ഒരിക്കലും മാറ്റ് കുറയുകയില്ലെന്ന് ഈ കവിത വ്യക്തമാക്കുന്നു.

## 2.4 പ്രണയകവിതകൾ

കരുണയുടെയും പ്രതിരോധത്തിന്റെയും സാന്ത്വനത്തിന്റെയുമൊക്കെ ബിംബമായി ഉയർന്നുനിൽക്കുന്നു സുഗതകുമാരി എന്ന കവയിത്രി. കഴിഞ്ഞ ഏതാനും ദശകങ്ങളിൽ കേരളീയജീവിതത്തിൽ ശക്തിസ്തംഭമായി ഇത്രയും

ഉയർന്നുനിൽക്കുന്ന കവികൾ അധികമില്ല. നിരന്തരമായ അന്വേഷണങ്ങ ളുടെ പ്രതിസ്പന്ദങ്ങളാണ് സുഗതകുമാരിയുടെ കവിതകൾ. അതിന്റെ തീവ്ര മായ പ്രകാശനങ്ങളാണ് അഞ്ച് പതിറ്റാണ്ടിലധികമായി മലയാളികൾ കൊണ്ടു നടന്നതും വായിച്ചെടുത്തതുമെല്ലാം. നിരവധികവിതാസമാഹാരങ്ങൾ സുഗ തകുമാരിയുടേതായിട്ടുണ്ട്. അവരുടെ കവിതകളിൽ ഭക്തിയുണ്ട്, ആത്മീയ തയുണ്ട്, കടുത്ത വിഷാദമുണ്ട്, പ്രകൃതിസ്നേഹമുണ്ട്, ആത്മാർത്ഥമായ പ്രണയവുമുണ്ട്. ഇതിൽ പ്രണയം എന്നവികാരം എങ്ങനെയെല്ലാമാണ്, ഏത്വിധത്തിലാണ് സുഗതകുമാരിക്കവിതകളിൽ ഉൾച്ചേർന്നിരിക്കുന്നത് എന്ന അന്വേഷണമാണ് പ്രബന്ധത്തിന്നാധാരം. "പ്രപഞ്ചത്തിലെ എല്ലാജീ വജാലങ്ങൾക്കും മനസ്സിലാവുന്ന ഒരു ഭാഷയേയുള്ളൂ, അത് പ്രണയമാണ്"[23] എന്നാണ് ഷെല്ലി എന്ന ആംഗലേയകവി പറയുന്നത്.

കവിത ആത്മനിഷ്ഠമാകുമ്പോൾ അതിന്റെ ഉൾതുടിപ്പ് വൈകാരിക മാവുക സാധാരണമാണ്. വികാരത്തിന്റെ നൈസർഗ്ഗികമായ പ്രവാഹമാണ് കാൽപനികനെ സംബന്ധിച്ചിടത്തോളം കവിത. വിചാരത്തെ വികാരമായും ആശയത്തെ അനുഭൂതിയായും പരിവർത്തിപ്പിക്കാൻ കാൽപനിക കവി കൾക്കുള്ള സിദ്ധി ഒന്നു വേറെതന്നെയാണ്. കാൽപ്പനിക കവിതയ്ക്ക് എന്നും പ്രചോദനമായിട്ടുള്ള വിഷയങ്ങളിലൊന്നാണ് പ്രണയം. പ്രതീക്ഷ, ഉൽക്ക ണ്ഠ, ആനന്ദം, ദുഃഖം ഇങ്ങനെ അനുരാഗഭാവത്തിന്റെ അവസ്ഥാന്തരങ്ങളെല്ലാം തന്നെ കാൽപ്പനിക കവികൾ അനുഭവതീവ്രതയോടെ ആവിഷ്കരിക്കുന്നു. പ്രണയത്തിന്റെ മധുരവും തീവ്രതയും അതുകൊണ്ടുതന്നെ ഉജ്ജ്വലമാക്കിയ ഒട്ടേറെ മുഹൂർത്തങ്ങൾ സുഗതകുമാരിയുടെ കവിതകളിലുണ്ട്. തരളമായ

പ്രണയഭാവവും ആദർശാത്മകതയോട് അടുത്തുനിൽക്കുന്ന പ്രണയഭാവവും തീക്ഷ്ണതയോടെ അവർ ചിത്രീകരിക്കുമ്പോൾ പ്രണയത്തെ സ്വപ്നമെന്ന തിനേക്കാൾ അനുഭവമായി വായനക്കാരൻ അറിയുന്നു. കിനാവും നിലാവും പോലെ മാഞ്ഞുപോകാവുന്ന ഒന്നാണ് അനുരാഗമെങ്കിലും മനസ്സിന്നുള്ളിൽ നേർത്തൊരു സുഗന്ധം അവശേഷിപ്പിക്കാൻ അതിന് കഴിവുണ്ട്. അനുരാഗ ത്തിന്റെ അനുഭവങ്ങൾ, അവ എത്രത്തോളം  നൈമിഷികമായിരുന്നാലും ആർദ്രതയേറിയതാകുന്നത് ഇതുകൊണ്ടാണ്. അനുരാഗഭാവം ആദർശ ത്തോളം ചെന്നെത്തുന്നതും ഇതുകൊണ്ടുതന്നെയാവാം. ആദർശം എന്നത് ഇവിടെ പൂർണ്ണത തേടുന്ന ഉണ്മ അഥവാ യാഥാർത്ഥ്യം ആണെന്നുപറയാം. അനുരാഗത്തെ അനശ്വരമാക്കി ആദർശത്തിന്റെ തലത്തിൽ പ്രതിഷ്ഠിക്കുക എന്ന കാൽപ്പനിക മനോഭാവം കൃഷ്ണസങ്കല്പവുമായി ചേരുമ്പോൾ ഏറെ അഗാധവും സൂക്ഷ്മവുമാകുന്നു. പൂർണ്ണതയെ തേടിക്കൊണ്ടിരിക്കുക മനു ഷ്യസഹജമാണ്. അപ്രാപ്യമാണെന്നറിഞ്ഞാലും അത് തുടരും. അന്വേഷ ണത്തിന്റെ മാർഗം ആരാധനയോ അനുരാഗമോ ഭക്തിയോ അല്ലെങ്കിൽ ഇവ മൂന്നും ഒന്നിക്കുന്ന അവസ്ഥയോ ആകാം. അന്വേഷണം സഫലമോ വിഫ ലമോ എന്തായാലും പ്രശ്നമല്ല. കൃഷ്ണനും ഗോപികയും രാധയും പ്രണ യത്തിന്റെ ശാശ്വതപ്രതീകങ്ങളാകുമ്പോൾ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അവ ബോധമുണ്ടാകാനും  വായനക്കാരനെ  പ്രേരിപ്പിക്കുന്നു.

പല കാലങ്ങളിൽ പ്രണയത്തിനുസംഭവിക്കുന്ന അവസ്ഥാന്തരങ്ങളും ചിന്താഗതികളും സുഗതകുമാരിക്കവിതകളിൽ സുവ്യക്തമാണ്. പ്രണയസ ങ്കൽപ്പത്തോടൊപ്പംതന്നെ കൃഷ്ണസങ്കല്പവും കാമുകസങ്കല്പവും പല

കവിതകളിലും വിവക്ഷിക്കുന്നു. കൃഷ്ണാ നീയെന്നെ അറിയില്ല, അഭിസാരിക, ഒരു വൃന്ദാവനരംഗം, ഒരു ദർശനം, കണ്ണനെത്തേടി, എവിടെ നീ, കണ്ണന്റെ അമ്മ, വൃന്ദാവനത്തിൽ, വഴിയമ്പലത്തിലെപ്പാട്ട്, രാധയെവിടെ എന്നിങ്ങനെ പ്രണയം വിഷയമായുള്ള നിരവധി കവിതകൾ വിവിധ സമാഹാരങ്ങളിലായിട്ടുണ്ട്. ഓരോ സമയത്തും ഓരോ തലത്തിലുള്ള പ്രണയം, അത് ആരോട് എന്തുകൊണ്ട്, എല്ലാം കൃഷ്ണനിലർപ്പിക്കൽ, മോചനത്തിന്റെ ഉറച്ച വാഗ്ദാനമായി കൃഷ്ണബോധം ഉടലെടുക്കൽ എന്നിങ്ങനെ വ്യത്യസ്ത തലങ്ങളും ഈ കവിതകളുടെ സവിശേഷതയത്രെ.

പ്രണയത്തെ ഈ കവിതകളിൽ എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത് എന്നും അതിന്റെ മാനങ്ങൾ എങ്ങനെ ഈ കവിതകളിൽ ഉൾച്ചേർന്നിരിക്കുന്നു എന്നും വിശകലനം ചെയ്യുകയാണ് അടുത്ത അധ്യായത്തിൽ. സുഗതകുമാരിയുടെ പ്രണയകവിതകൾ എന്ന വിഭാഗത്തിൽപ്പെടുന്ന പ്രധാനപ്പെട്ട കവിതകളെല്ലാം പഠനവിധേയമാക്കുന്നുണ്ട്.

**കുറിപ്പുകൾ**

1. ബാലചന്ദ്രൻ ചുള്ളിക്കാട് (പഠനം) സുഗതകുമാരി. പൂവഴി മരുവഴി
2. സുഗതകുമാരി. തുലാവർഷപ്പച്ച, അവതാരിക- കെ.രാമചന്ദ്രൻനായർ, അവതാരിക-കെ.ആർ. പുറം 7
3. സുഗതകുമാരി. സുഗതകുമാരിയുടെ കവിതകൾ, പുറം 106
4. അതേപുസ്തകം, പുറം 195
5. അതേപുസ്തകം, പുറം 542

6. അതേപുസ്തകം, പുറം 549

7. അതേപുസ്തകം, പുറം 914

8. പ്രൊഫ. ടോണിമാത്യു (പഠനസമാഹരണം) കാട്ടുകിളിയുടെ പാട്ട് (സുഗതകുമാരിക്കവിതകളുടെ പഠനം) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറം 13

9. സുഗതകുമാരി -സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം, പുറം 674.

10. പ്രൊഫ. ടോണിമാത്യു (പഠനസമാഹരണം) കാട്ടുകിളിയുടെ പാട്ട് (സുഗതകുമാരിക്കവിതകളുടെ പഠനം) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറം 234

11. സുഗതകുമാരി -സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം, പുറം 819

12. അതേപുസ്തകം, പുറം 845

13. അതേപുസ്തകം, പുറം 912

14. അതേപുസ്തകം, പുറം 943

15. പ്രൊഫ. ടോണിമാത്യു (പഠനസമാഹരണം) കാട്ടുകിളിയുടെ പാട്ട് (സുഗതകുമാരിക്കവിതകളുടെ പഠനം) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറം 9

16. സുഗതകുമാരി -സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം, പുറം 336

17. അതേപുസ്തകം, പുറം 340

18. അതേപുസ്തകം, പുറം 375

19. അതേപുസ്തകം, അമ്പലമണി-അവതാരിക-എം.ലീലാവതി.

പുറം 411, 412

20. അതേപുസ്തകം, പുറം 486.

21. അതേപുസ്തകം, പുറം 876

22. അതേപുസ്തകം, പുറം 928

## അധ്യായം മൂന്ന്

# സുഗതകുമാരിക്കവിതയിലെ പ്രണയമാനങ്ങൾ
# സൂക്ഷ്മാപഗ്രഥനം

"പാശ്ചാത്യരിൽ പ്രകൃത്യുപാസനയിൽക്കൂടി അനശ്വരസത്തയെ സാക്ഷാത്കരിച്ച് പ്രശാന്തമായ ആത്മഹർഷം അനുഭവിച്ച മിസ്റ്റിക്കാണ് വേർഡ്സ്വർത്ത്. പ്രകൃതിയുടെ സൗന്ദര്യമല്ല, അതിൽ അന്തർഭവിച്ചിരിക്കുന്ന ചൈതന്യത്തിന്റെ പ്രഭാവമാണ് അദ്ദേഹത്തിന്റെ ഹൃദയം ത്രസിപ്പിച്ചത്. നിസ്സാരമായ ഒരു പുഷ്പം പോലും വേർഡ്സ്വർത്തിന് കണ്ണുനീരിനുംകൂടി കഥിക്കാനാക്കാത്ത അഗാധമായ വികാരത്തിന്റെയും ചിന്തയുടെയും ഉറവിടമായിരുന്നു. പ്രകൃതിയെ വീക്ഷിക്കുന്ന കവിയുടെ ഹൃദയത്തിൽ തരംഗിതമാകുന്ന ഭാവമാണ് വേർഡ്സ്വർത്തിന്റെ കവിതയിലെ മിസ്റ്റിക് അനുഭൂതി. പ്രകൃതിവസ്തുവും കവിഹൃദയവും ഐക്യം പ്രാപിക്കുന്നു."[1]

Love in Shakespeare is recument theme. The treatment of love in Shakespear's Plays and Sonnets is remarkable for the time. The Bard mixes country love, un requited love copassionate love and sexual love with skill and heart... Love in Shakespear is a force nature, earthy and sometimes uneasy.[2]

"എല്ലാ ജീവജാലങ്ങളുടെയും ഉത്ഭവകേന്ദ്രമായി ഒരു വിശ്വാത്മാവിനെ- അരൂപമായ അഗാധസത്യത്തെ-സങ്കൽപ്പിക്കുന്ന ഷെല്ലിയാകട്ടെ പ്രേമത്തിൽക്കൂടിയാണ് ഇതിലേക്ക് എത്തിച്ചേരുന്നത്. ചിന്തയിലോ പ്രവൃത്തിയിലോ വ്യക്തിയിലോ സ്ഥിതിചെയ്യുന്ന സൗന്ദര്യവുമായി നമ്മുടെ ആത്മാവിലുണ്ടാകുന്ന ഐക്യമാണ് പ്രേമം. ഈ പ്രേമത്തിൽക്കൂടിമാത്രമേ വിശ്വചൈതന്യത്തെ സാക്ഷാത്കരിക്കാനാകൂ."[3] ഇതാണ് ഷെല്ലിയുടെ അനുഭവം.

He uses love as a subject matter, and then has a special outlook on formalist theory. According to the fundamental rules and catagories of formalism[4]- Shelley.

"Love is the rhyme of out hearts, "more entered.'' Keats in this poem, puts his immortal theory on love that love, when attened, is no more, But love whenever persuing, is present forever, it last long very fair. Forever with thou love, and she be fair.''[5] വില്യം വേർഡ്സ്വർത്ത്, ജോൺകീറ്റ്സ്, പി.ബി.ഷെല്ലി എന്നീ മൂന്നുകവികളും പ്രണയമാനങ്ങളെക്കുറിച്ച് പറഞ്ഞതാണ് മുകളിൽ കൊടുത്തത്.

'പ്രണയകവിതകൾ' എന്ന വിഭാഗത്തിൽപ്പെടുത്താവുന്ന കവിതകളുടെ അപഗ്രഥനമാണ് ഈ അധ്യായത്തിൽ. പ്രണയകവിതകളിൽ കണ്ണനെ കാമുകനായി കാണുന്ന കവയിത്രിയെയും, രാധയായി കവയിത്രി സ്വയം മാറുന്ന രീതിയും ഉണ്ട്.

അതിസൂക്ഷ്മമായി പ്രണയത്തെ ആവിഷ്കരിക്കുന്ന നിരവധി കവിതകൾ സുഗതകുമാരിയുടേതായിട്ടുണ്ട്. ജന്മാന്തരങ്ങളിലൂടെ, ആശ, നന്ദി, പ്രവാഹബിന്ദു, വെറുമൊരു വേദന മാത്രം, പോരൂ, ഒരു പൂവിന്റെ ഓർമ്മ, ഒരു ഗാനം, നീയാകുംനിലാവിനെ, അത്രമേൽ സ്നേഹിക്കയാൽ, അനുരാഗം, സന്ധ്യ, എങ്കിലും ഇന്നും, സമാന ഹൃദയ നിനക്കായ് പാടുന്നേൻ, അകലെ നിന്നൊരു സുഗന്ധം, ഉറക്കമില്ലാത്ത രാത്രിയിൽ, ഒരു ചിരി, സ്നേഹത്തിനെന്തേ നിറം, പൊരുളറിയാത്ത പാട്ട്, അനുരാഗികൾക്കായ്, ആരുടെ വിളിക്ക് കാതോർത്തു നിൽക്കുന്നു, പാലപൂത്തിതുപാഴായ്, രാധയെവിടെ, ഒരു സ്വപ്നം, ശ്യാമരാധ, കൃഷ്ണാ നീയെന്നെയറിയില്ല, അഭിസാരിക, ഒരു വൃന്ദാവനരംഗം, മറ്റൊരു രാധിക, കണ്ണനെത്തേടി, അമ്മ, കണ്ണന്റെ അമ്മ, തിളച്ച പാലല്ലോ കുടത്തിൽ, വഴിയമ്പലത്തിലെപാട്ട് തുടങ്ങിയ പ്രണയകവിതകളെ ഇവിടെ അപഗ്രഥനവിധേയമാക്കുന്നു.

## 3.1 പ്രണയം കൃഷ്ണനോട്

'ജന്മാന്തരങ്ങളിലൂടെ' എന്ന കവിതയിൽ കൃഷ്ണനും കവയിത്രിയും തമ്മിലുള്ള പ്രണയ സങ്കല്പമാണ് പ്രമേയം. ഒരുപാടിഷ്ടത്തോടെ കുറേ ക്കാലം ഒരുമിക്കുകയും പിന്നീട് വേർപിരിയുകയും വളരെക്കാലത്തിനുശേഷം വീണ്ടും കണ്ടുമുട്ടുകയും ചെയ്യുന്നു. ആ സമാഗമത്തിൽ അവർ പഴയകാര്യ ങ്ങളൊക്കെ ഓർത്തെടുക്കുന്നു.

"ഒന്നുകണ്ടതേയുള്ളൂ നാമറിഞ്ഞല്ലോ പൂർവ്വ -
ജന്മസൗഹൃദം! വീണ്ടു-
മിക്കരം ഗ്രഹിക്കുന്നേൻ..."[6]

ഒന്നു കാണുമ്പോൾ തന്നെ പൂർവ്വകാല സ്മരണകളെ തഴുകാനും ആ കൈ ഒന്ന് പതുക്കെ തൊടാനും ശ്രമിക്കുന്ന തുടിക്കുന്ന ഒരു ഹൃദയം അവർക്കു ണ്ടായിരുന്നു. മനുഷ്യജന്മത്തിൽ മാറിമാറിവരുന്ന സുഖദു:ഖങ്ങളും ദു:ഖപൂർണ്ണമായ ജീവിതാവസ്ഥകൾ കൂടുതലാണെന്ന ജീവിതയാഥാർ ത്ഥ്യവും കവയിത്രി നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. കവയിത്രിയുടെ മന സ്സിന് അലിവും ബലവും നൽകാനും മിഴിനീർ തുടയ്ക്കുവാനും മനസ്സ് തണു പ്പിക്കുവാനുമായി എത്തുന്ന ആശ്വാസമായിട്ടത്രെ കവയിത്രി ആ ബന്ധത്തെ കാണുന്നത്. മഴയിലും വെയിലിലും മഞ്ഞിലും മനസ്സിന് ആശ്വാസമാകു വാൻ ആ സ്നേഹബന്ധത്തിന് കഴിയുന്നുണ്ട്. സ്വന്തം സുഖവും ദു:ഖവും പങ്കുവെയ്ക്കാൻ തയ്യാറുള്ള ഉത്തമ സുഹൃത്തായും കവയിത്രി ആ ബന്ധത്തെ താലോലിക്കുന്നു. ജീവിതമാകുന്ന പൂവിൽ പ്രേമത്തിന്റെ സുഗ ന്ധവും പൂന്തേനും നിറയ്ക്കാൻ കഴിയുന്ന ശക്തമായ ഒരു കൈത്താങ്ങായി ട്ടാണ് കവയിത്രി ഈ കവിതയിൽ കൃഷ്ണനെ സങ്കല്പിച്ചിരിക്കുന്നത്.

ആദ്യ സമാഹാരത്തിൽ പ്രണയകവിതകൾ എന്ന് തീർത്തുപറയാവുന്ന കവിതയില്ലെങ്കിലും 'ജന്മാന്തരങ്ങളിലൂടെ' എന്ന കവിത ഇത്തരത്തിലുള്ള ഒന്നായി കണക്കാക്കാം. 'ജന്മാന്തരങ്ങളിലൂടെ' എന്ന കവിതയിൽ കൃഷ്ണനും കവയിത്രിയും തമ്മിലുള്ള ദൃഢമായ പ്രണയബന്ധമാണ് ആവിഷ്കരിച്ചിട്ടുള്ളത്.

സുഗതകുമാരിയുടെ ആദ്യകാല കവിതാസമാഹാരങ്ങൾ മിക്കതിലും തണലിൽ ആശ്വാസം കണ്ടെത്താൻ ശ്രമിക്കുന്ന ഒരു മനസ്സാണ് കാണാൻ കഴിയുന്നത്. അത് കൃഷ്ണസങ്കല്പമായും കരുതാം.

"പൊൻപരിവേഷമണിഞ്ഞും നെറുകയി-
ലെൻ പ്രേമത്തിൻ മുൾമുടി ചേർന്നും
പുഞ്ചിരി തൂകിയണഞ്ഞിടുവോനേ"[7]

ഇവിടെ കാണുന്ന മുൾമുടിയും പൊൻപരിവേഷവുമെല്ലാം അങ്ങനെയൊരു ധാരണയ്ക്ക് കാരണമാകുന്നു. തനിക്കുള്ളതെല്ലാം ആ സന്നിധിയിൽ സമർപ്പിക്കാനാണ് കവയിത്രിക്കിഷ്ടം. വീണ്ടും ആ കരങ്ങൾ തന്നിലേക്ക് നീളുമ്പോൾ അതൊരു സാന്ത്വനത്തിന്റെ, തലോടലിന്റെ പ്രതീതിയാണ് സൃഷ്ടിക്കുന്നത്. ഇനിയും തരുവാൻ വെളിച്ചം മാത്രമേയുള്ളൂ എന്നും കവയിത്രി പറയുന്നു.

ആരും സഹായത്തിനില്ലാതെ ഉഴലുന്നവരെ തുണയ്ക്കാനും കാത്തുരക്ഷിക്കാനും ഒരു ശക്തിയുണ്ടാകും എന്ന തിരിച്ചറിവ് സുഗതകുമാരിക്കവിതകളുടെ പ്രത്യേകതയാണ്. എങ്കിലും ശുഭാപ്തിവിശ്വാസവും പുലർത്തിയിരുന്നു. എല്ലാ പ്രശ്നത്തിന്റെയും അവസാനം ഒരു ശക്തി തന്നെ തുണയ്ക്കാനെത്തും എന്ന വിശ്വാസമാണ് 'വെറുമൊരു വേദനമാത്രം' എന്ന കവിതയിലെയും പ്രമേയം.

കൃഷ്ണനും കവയിത്രിയും തമ്മിലുള്ള പ്രണയ സങ്കല്പമാണ് 'പോരൂ' എന്ന കവിതയിൽ. അകലത്തിലിരുന്ന് തന്നെ കൊതിപ്പിക്കുന്ന, തന്റെ ചേഷ്ടകളെ സാകൂതം വീക്ഷിക്കുന്ന ഒരു അനാദൃശശക്തിയാണ് ഈ കവിതയിൽ കൃഷ്ണൻ. തന്റെ ശോകാവസ്ഥയിൽ, ഈ കനിവറ്റ സമയത്ത് താങ്ങായും തണലായും അണയുക എന്നാണ് കവയിത്രി അപേക്ഷിക്കുന്നത്. ഇനിയും ആശ നൽകി എന്നെ പരീക്ഷിക്കരുതേ എന്നും കവയിത്രി ആ പ്രേമസ്വരൂപനോട് അപേക്ഷിക്കുന്നു.

"എത്തുകയില്ലീ നീളും കൈകൾ-
ക്കപ്പൊൻചേവടിയതിനാലഴലിൻ
പുത്തനിരുട്ടിൻ പിന്നിൽ മറഞ്ഞു
ചിരിക്കുകയോ പൂവമ്പിളിയായ് നീ?"8

കവയിത്രിയുടെ അരികിലേക്ക് എത്താതെ അകലെ നിന്ന് ചിരിക്കുകയാണ് കൃഷ്ണൻ. ആ വെളുത്ത പാദങ്ങൾ കവയിത്രിയുടെ കരളിന്റെ സുരഭിലസിന്ദൂരാർച്ചനയാൽ ചുവന്നുതുടുക്കട്ടെ എന്നും കവയിത്രി തീവ്രമായി ആഗ്രഹിക്കുന്നു. എല്ലാ ദു:ഖവും ഉള്ളിലൊതുക്കി ഇരിക്കുമ്പോഴും കൈയ്യിൽ പുഞ്ചിരിയാകുന്ന ദീപവുമായ് വാതിലിൽ മുട്ടി വിളിക്കുന്ന കണ്ണനെയാണ് കവയിത്രി എന്നും ഓർക്കാനാഗ്രഹിക്കുന്നത്.

സമൂഹത്തിൽ കഷ്ടതകളനുഭവിക്കുന്നവരുടെ രക്ഷകനായി കൃഷ്ണൻ ഉടൻ വന്നവതരിക്കണം എന്ന് വിളിച്ചുപറയുന്ന കവിമനസ്സും ഇവിടെ കാണാൻ കഴിയും. അവർ അപേക്ഷിക്കുന്നത് തനിക്ക് മാത്രമായല്ല, സമൂഹത്തിനുവേണ്ടി കൂടിയാണ്. ഒറ്റപ്പെട്ടുപോയവരെ സഹായിക്കാനുള്ള ഒരു ഇച്ഛാശക്തി, വായനക്കാരിലും ജനിപ്പിക്കാനും 'പോരൂ' എന്ന കവിതയിലൂടെ സുഗതകുമാരി ശ്രമിക്കുന്നു.

ഈ കവിതയിൽ സ്നേഹം അഥവാ സന്തോഷം തനിക്ക് വെച്ചുനീട്ടുമ്പോൾ അത് സ്വീകരിക്കാൻ കവയിത്രി തയ്യാറാവുന്നില്ല. ആ തീരുമാനം, അതിന്റെ പ്രത്യാഘാതം ചിലപ്പോൾ വളരെ വലുതായിരിക്കാം. സ്നേഹം നിരസിച്ചപ്പോൾ വിളറിയ മുഖവുമായി അതീവ ദു:ഖത്തോടെയാണ് നീ തിരിച്ചുപോയത്.

"എങ്കിലും നീയെന്നുള്ളി-
ലിട്ടിട്ടുപോയോ നിന്റെ
മംഗലസുഗന്ധത്തിൻ
ശുദ്ധമാമൊരു കണം"[9]

ചിലപ്പോൾ ചില പ്രതികരണങ്ങൾ ചില സ്വപ്നങ്ങളെപ്പോലും കരിച്ചുകളയാൻ പര്യാപ്തമായേക്കാം. അത്തരക്കാർ ചിലപ്പോൾ ചില മധുരസ്വപ്നങ്ങൾ, ചില നിറമുള്ള ഓർമ്മകൾ, ചിന്തകൾ നമുക്കായി നൽകി പോയേക്കാം. അതുകൊണ്ടായിരിക്കാം ചിലപ്പോഴെല്ലാം ചില ആത്മാവിന്റെ തപ്തനിശ്വാസങ്ങൾ അനുഭവപ്പെടുന്നതായി നമുക്ക് തോന്നുന്നത്. ആ തിരിച്ചറിവ്, ആ തിരസ്കാരത്തിന്റെ വേദന തിരിച്ചറിയാൻ കഴിഞ്ഞാൽ നമ്മുടെ കാഴ്ചപ്പാട് മാറിയേക്കാം. മാനസികാവസ്ഥ മാറിയേക്കാം. ഒരു കൊച്ചുപൂവിനെപ്പോലും മനസ്സിലാക്കാൻ കവയിത്രിക്ക് സാധിക്കുന്നത് ഇത്തരം ചില തിരിച്ചറിവുകളിലൂടെയാകാം.

'അന്യന്റെ ദു:ഖവും സുഖവും തിരിച്ചറിയാനും അതിൽ പങ്കുചേരാനും സാധിക്കുമ്പോഴാണ് ഒരാൾ യഥാർത്ഥ മനുഷ്യനായിത്തീരുന്നത്'[10] എന്ന് അക്കിത്തം പറഞ്ഞിട്ടുണ്ട്. അതുതന്നെയാണ് ഇവിടെയും. ആ തിരിച്ചറിവാണ് കവയിത്രിയെ ഇത്തരത്തിൽ എഴുതാൻ പ്രേരിപ്പിച്ചത്.

"ഇല്ലിനി നോവിക്കില്ല

നിന്നെ ഞാൻ, പൂവേ, വന്നെൻ

ചില്ലയിലൊരുവട്ടം

കൂടി നീ വിടർന്നാലും"[11]

മറ്റുള്ളവരുടെ സുഖ ദു:ഖങ്ങളിൽ പങ്കുചേരാനുള്ള മനസ്സ് എല്ലാ മനുഷ്യർക്കും ഉണ്ടായിരിക്കണമെന്ന ലോകതത്വമാണ് 'ഒരു പൂവിന്റെ ഓർമ്മ' എന്ന കവിതയിലൂടെ അവതരിപ്പിക്കുന്നത്.

ഇന്നത്തെ ഈ മായാവലയിതലോകം ഏതുനിമിഷവും തകർന്നുപോയേക്കാം എന്ന സൂചന കവിതയുടെ ആദ്യം തന്നെയുണ്ട്. എല്ലാം നാശത്തിൽ കലാശിക്കും എന്ന ബോധ്യം ഉണ്ടെങ്കിലും ഈ രാത്രിയിൽ ഇടറുന്ന തന്ത്രികൾ കൊണ്ട് നിന്നെയോർത്ത് വീണ മീട്ടിടാൻ ഞാൻ തയ്യാറാണ് എന്നും പറയുന്നു. അതിനെയാണ് ചിലപ്പോൾ നാം പ്രണയം, സ്നേഹം എന്നൊക്കെ പേരിട്ട് വിളിക്കുന്നത്. ദു:ഖം മനുഷ്യന്റെ കൂടപ്പിറപ്പാണ് എന്നും നമ്മുടെ ചില പ്രവൃത്തികളിലൂടെ നമുക്കതിനെ ഒരുപരിധിവരെ കുറയ്ക്കാം എന്നുമൊക്കെയുള്ള ധൈര്യംകൂടി സുഗതകുമാരിയുടെ ചില കവിതകളിൽ കാണാൻ സാധിക്കുന്നു.

ചിലപ്പോൾ മറ്റാരെയും അറിയിക്കാതെ പ്രയാസങ്ങൾ മുഴുവൻ ഉള്ളിലൊതുക്കി ജീവിക്കുന്നവരും ഉണ്ട്. ഉള്ളിന്റെയുള്ളിൽ എന്തിനെയോ ഓർത്ത് ആശ്വസിക്കുന്ന, എന്തിനോവേണ്ടി കാത്തിരിക്കുന്ന, ആർക്കോ വേണ്ടി കണ്ണിമചിമ്മാതെ ഉണർന്നിരിക്കുന്ന ഒരു സമൂഹത്തിന്റെ പ്രതിനിധിയായി സുഗതകുമാരിയുടെ ശബ്ദം ഇതിൽ ഉയർന്നു കേൾക്കാം.

സ്വന്തം സുഖത്തിലും സന്തോഷത്തിലും മാത്രം സംതൃപ്തി കണ്ടെത്താതെ, അതിൽ പൂർണ്ണത നേടാതെ സ്വന്തം സംതൃപ്തിക്ക് വേണ്ടി മറ്റെ

ന്തിനെയോ തേടുന്ന സാധാരണ മനസ്സാണ് കവിതയിലുള്ളത്. അതുതന്നെയാണ് 'ഒരുഗാനം' എന്ന കവിതയിലും കേൾക്കുന്നത്.

ഏറെ പ്രശസ്തമായ 'പാവം മാനവഹൃദയം' എന്ന കവിതാസമാഹാരത്തിലെ ഒരു കവിതയാണ് 'നീയാകും നിലാവിനെ'. കടലോളം സ്നേഹം ആർക്കും കൊടുക്കാൻ തയ്യാറാകുന്ന കവിമനസ്സാണിവിടെ 'നീ' എന്ന സങ്കല്പത്തെ സ്നേഹിക്കുവാനും തന്റെ ജീവന്റെ ഉണർവ്വായ് ധ്യാനിക്കുവാനും കവയിത്രി തയ്യാറാവുന്നു. അത്രമേൽ വിശ്വാസം കവയിത്രിക്ക് ആ സങ്കല്പത്തോടുണ്ട്. എന്നാൽ ആ ശക്തിയെ നേരിട്ടുകാണുവാനോ അനുഭവിക്കുവാനോ അവർക്ക് ആകുന്നില്ല.

ഏറെകാലം തിരഞ്ഞുനടന്നിട്ടും അലഞ്ഞിട്ടും ഗാനമായും ദാഹമായും കണ്ണുനീരായും നിഴലായും പിറകേ കൂടിയിട്ടും കവയിത്രിക്ക് അത് കണ്ടെത്താൻ കഴിയുന്നില്ല. അതുമൂലമുള്ള ദു:ഖം കവയിത്രിയെ വല്ലാതെ അലട്ടുന്നുണ്ട്. ചില സമയങ്ങളിൽ തിരമാല ഉയർന്നുവരുംപോലെ ആ ദു:ഖം കവയിത്രിയെ മൂടുന്നു. എന്താണോ ലക്ഷ്യമിട്ടത്, അതുമാത്രം നേടിയെടുക്കാൻ ആകുന്നില്ല.

"പ്രേമത്തിൻ മൂഢസ്വപ്ന-
സന്ദേശം പേറിപ്പോയോ-
രാമഴക്കാറും ലക്ഷ്യ-
ശൂന്യമായ് മടങ്ങുന്നു..."[12]

ലക്ഷ്യത്തിൽ എത്താൻ കഴിയാതെ, ആഗ്രഹം നിറവേറാതെ മടങ്ങേണ്ടിവരുന്ന മനസ്സാണിവിടെ. പ്രേമത്തിന്റെ നിർജ്ജീവാവസ്ഥപോലെ പൂവിതൾ

കൊഴിയുന്ന, മനസ്സിലെ ആഗ്രഹങ്ങളെല്ലാം നശിച്ച് പ്രതീക്ഷയറ്റ ഒരു മനസ്സും അവസാനം കാണാം.

നാം ആഗ്രഹിക്കുന്നതെല്ലാം സഫലമാകണമെന്നില്ല. അപ്പോൾ നിരാശയും വേദനയും ഒക്കെ തോന്നുക സർവ്വസാധാരണം മാത്രം. അത്തരത്തിൽ വേദന നിറഞ്ഞ ഒരു മനസ്സാണ് 'നീയാകും നിലാവിനെ' എന്ന കവിതയിൽ എന്നിരിക്കിലും ജീവിതാസക്തി അപ്പോഴും അവിടെയുണ്ട്.

തന്നെ അത്രയേറെ സ്നേഹിക്കുന്ന ഒരു സങ്കല്പമായിട്ടാണ് സുഗതകുമാരി പ്രണയം (കൃഷ്ണനോടുള്ള പ്രണയം) പങ്കുവയ്ക്കുന്നത്. ഒരു രാജാവിന്റെ പദവിയാണ് കവയിത്രി ആ രൂപത്തിന് കൊടുത്തിരിക്കുന്നത്. ഇത്രയേറെ ജനസമ്മതിയും അംഗീകാരവും നേടിയെടുക്കാൻ എങ്ങിനെയാണ് നിനക്ക് സാധിച്ചത് എന്നും അവർ ചോദിക്കുന്നു. അതിനുമാത്രം ഒന്നും ചെയ്തതായി എനിക്കറിവില്ലല്ലോ എന്നും സന്ദേഹിക്കുന്നു.

"എങ്കിലും വെറും പാവ-
മൊരു പെണ്ണിനെ, സൂര്യ-
ചന്ദ്രതാരകൾ പോലും
നോക്കിനിന്നുപോംമട്ടിൽ"[13]

എന്നെ ഇങ്ങനെ സ്വാധീനിക്കാൻ നിനക്ക് എങ്ങനെയാണ് സാധിച്ചത് എന്നും കവയിത്രി ചോദിക്കുന്നു. ഇത്രയും സ്നേഹിക്കുന്ന, സംരക്ഷണം നൽകുന്ന 'നിന്നെപ്പറ്റി' പാടാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്റെ അടുത്തേക്ക് സാന്ത്വനമായും സ്നേഹമായും കുളിർമ്മയായും പലഭാവത്തിൽ നീ വന്നു എന്നും കവയിത്രി ഏറെ വരികളിൽ പറയുന്നു. എന്നിട്ടും ഒരു ചോദ്യം വീണ്ടും ചോദിക്കുവാൻ അവർ ആഗ്രഹിക്കുകയാണ്.

"ഇടറും കണ്഼ഠത്തോടെ

ചോദിച്ചേൻ, സ്നേഹിക്കുവാ-

നവിടേക്കറിയുമോ?

മറ്റൊന്നും കൊതിപ്പീല..."[14]

തുടർന്നുള്ള വരികളിൽ ഒരു കാമുകനായാണ് കൃഷ്ണനെ സങ്കല്പിക്കുന്നത്. കണ്ണന്റെ രാധയായി സ്വയം മാറുകയാണവർ.

"അങ്ങു കണ്ണനായ്, കാൽക-

ലിരുന്നു തണ്ണീർക്കുടം

മണ്ണിലായ് ചരിഞ്ഞതും

മറന്നു ഞാനാം രാധ"[15]

ഇവിടെ കൃഷ്ണനോടുള്ള പ്രണയമാണ് വിവക്ഷിക്കുന്നത്. ആ നിമിഷങ്ങൾ ഏറെ സന്തോഷിപ്പിച്ചിരുന്നു കവയിത്രിയെ. എന്നാൽ അത് ദീർഘനാളത്തേക്കുണ്ടായില്ല. പിന്നീട് സ്വന്തം രോഗാവസ്ഥയും ആശുപത്രിവാസവുമൊക്കെയാണ് സൂചിപ്പിക്കുന്നത്. ആശുപത്രിയിൽ ഭയപ്പാടോടെ കഴിഞ്ഞപ്പോൾ 'എന്റെ അമ്മേ, പേടിക്കേണ്ട' എന്ന ആശ്വാസവാക്കുമായി ആ സങ്കല്പം എത്തിയതായും പിന്നീട് മറഞ്ഞുപോകുന്നതായും ഒക്കെ കവയിത്രിക്ക് അനുഭവപ്പെടുകയാണ്. എങ്കിലും എന്റെ ഏതവസ്ഥയിലും നിന്നെപ്പറ്റി പാടാനാണ് എനിക്ക് ഏറെയിഷ്ടം എന്ന് അവർ പറയുന്നുണ്ട്.

പഴയകാല സംസ്കൃതിയെയും അതിന്റെ ഗുണങ്ങളെയും പറ്റി, വീണ്ടും ആ കാലത്തിന്റെ തിരിച്ചുവരവുണ്ടായതിനെപ്പറ്റി ഒക്കെ കവയിത്രി അതിൽ സൂചിപ്പിക്കുന്നുണ്ട്. പരിസ്ഥിതി സംരക്ഷണവും അന്യരോടു കാണിക്കേണ്ട സ്നേഹവായ്പും കരുണയും എല്ലാം സൂചിപ്പിക്കുന്നതായി

കാണാം. ഈ സ്ഥലത്തെ, പ്രണയത്തെ അത്രമേൽ ഞാൻ സ്നേഹിക്കുന്നു, സ്വയം സമർപ്പിതയാകുന്നു എന്നൊക്കെ ശക്തമായി പറയാൻ കവയിത്രി ശ്രമിക്കുന്നു.

മനുഷ്യമനസ്സിൽ എന്നും മങ്ങാതെ മായാതെ നിൽക്കുന്ന സ്നേഹം, കരുണ, ദയ, പ്രണയം എന്നിവയൊക്കെ അതാഗ്രഹിക്കുന്നവരിലേക്കും അർഹിക്കുന്നവരിലേക്കും എത്തിക്കാനാണ് 'അത്രമേൽ സ്നേഹിക്കയാൽ' എന്ന കവിത ശ്രമിക്കുന്നത്.

സുഗതകുമാരിയുടെ 'പാതിരാപ്പൂക്കൾ' എന്ന കവിതാസമാഹാര ത്തിലെ ഒരു പ്രണയകവിതയാണ് 'പാതിരാപ്പൂക്കൾ'. ആപത്തിൽപ്പെടുമ്പോൾ ആശ്വാസമായി, താങ്ങായി എത്തുന്ന ഒരു തലോടലിനെപ്പറ്റിയാണ് ഈ കവി തയിൽ സൂചിപ്പിക്കുന്നത്. അത് എന്താണെന്ന് പറയാനും അതിനെ പേരിട്ട് വിളിക്കാനും കവയിത്രിക്ക് ആവുന്നില്ല. എന്നാൽ തന്റെ ചുറ്റും എപ്പോഴും സാന്നിധ്യമറിയിക്കുന്ന ആ പ്രണയവലയത്തെ തീവ്രമായി ആരാധിക്കുക യാണ് കവയിത്രി. തന്റെ വേദനകൾക്കിടയിലും ആ പ്രണയത്തെ, സ്നേഹ ത്തെപ്പറ്റി പാടാൻ കവയിത്രി സമയം കണ്ടെത്തുന്നു. എന്നാൽ അതെന്താ ണെന്ന് അന്വേഷിച്ച് വിരഹിയായി ഏകാന്തപഥികയായി ഒരു പാടുകാല മായി കവയിത്രി അലയുകയാണ്. എന്നിട്ടും ആ സങ്കൽപത്തിന്റെ അടുക്ക ലേക്കെത്താൻ കവയിത്രിക്ക് കഴിയുന്നില്ല. അകലെനിന്ന് കാണാനും ആ സാന്ത്വനം അനുഭവിക്കാനും കഴിയുന്നുവെങ്കിൽ പിന്നെന്തുകൊണ്ട് അടു ത്തറിയാൻ കഴിയുന്നില്ല എന്നും അവർ ആകുലപ്പെടുന്നു.

ഇവിടെയും ദൈവമെന്ന ഒരു സങ്കൽപ്പം അഥവാ എപ്പോഴും രക്ഷക നായി എത്തുന്ന അവതാരം എന്നൊക്കെ പേരിട്ട് വിളിക്കാൻ കെൽപ്പുള്ള

ശക്തിയാണിത്. 'തിങ്കൾപ്പൂവിളി' എന്ന വിശേഷണത്തിൽ നിന്നുതന്നെ അതിന്റെ മഹത്ത്വം മനസ്സിലാക്കാം. ഒരു പ്രതീക്ഷ പുലർത്താൻ അതുമായി മുന്നോട്ടുപോകാൻ മനസ്സിന് ശക്തമായ ഒരു പിന്തുണയാണ് കവയിത്രിക്ക് ലഭിക്കുന്നത്. ജീവിതമാകുന്ന ഗാനങ്ങൾ പാടി, ജീവിച്ച് അതിലൂടെ നിന്നിലെ അന്തസ്സത്തയെ ഏകാന്തപഥികയായി തേടിനടക്കാനാണെനിക്കിഷ്ടം എന്നും അവർ സൂചിപ്പിക്കുന്നു.

ഇവിടെ ജീവിതത്തിൽ മുന്നേറാനുള്ള ഓരോ അവസരത്തിലും കൈത്താങ്ങായി, പ്രകാശമായി പല രീതികളിൽ എത്തുന്ന ആ അവതാര ത്തെയാണ് കവയിത്രി തന്റെ രക്ഷകനായി കാണുന്നത്. ജീവിതത്തിൽ ഒറ്റ പ്പെടുമ്പോഴും ഒറ്റക്കല്ലെന്ന് തോന്നിക്കുവാൻ, എന്നും സഹായിക്കാൻ ആ ശക്തിക്ക് കഴിയുന്നുണ്ട് എന്നും അവർ ഉറച്ചുവിശ്വസിക്കുന്നു.

'രാത്രിമഴ' എന്ന കവിതാസമാഹാരത്തിലെ 'എങ്കിലും ഇന്നും' എന്ന കവിതയിൽ കൃഷ്ണനോടുള്ള പ്രണയം തന്നെയാണ് ഉള്ളത്. ജീവിതത്തിൽ സുഖവും ദുഃഖവും സാധാരണമാണ്. അവയ്ക്കിടയിലൂടെ കടന്നുപോകാത്ത ആരും ഉണ്ടാവില്ല. ഇവിടെ കവയിത്രിയും ഒരുപാട് പ്രയാസങ്ങൾ അനുഭവി ച്ചിരുന്നതായി തുടക്കത്തിൽത്തന്നെ മനസ്സിലാവുന്നുണ്ട്. ആ പ്രയാസങ്ങൾക്കി ടയിലും ജീവിതത്തെ സ്നേഹിക്കാൻ കവയിത്രിക്കാവുന്നുണ്ട്. ജീവിതത്തിൽ പ്രയാസങ്ങൾ വരുമ്പോൾ അതിൽനിന്ന് രക്ഷനേടാൻ മരണത്തെ പുൽകു ന്നവരുണ്ട്. എങ്കിലും അത്തരത്തിലൊരാളാകാൻ കവയിത്രി ആഗ്രഹിക്കു ന്നില്ല.

പ്രയാസങ്ങൾക്കിടയിൽ എപ്പോഴൊക്കെയോ ഏതൊക്കെയോ രൂപ ത്തിൽ സാന്ത്വനമായി എത്തുന്നതിനെയാവാം ചിലപ്പോൾ 'പ്രണയം' എന്ന്

പേരിട്ട് വിളിക്കുന്നത്. പല അവസരത്തിലും സമാശ്വാസം അനുഭവിക്കാൻ കവയിത്രിക്ക് സാധിച്ചിട്ടുണ്ട്. ഒരിക്കലും തീരാനോവിൽ അകപ്പെട്ടുപോയ മനസ്സല്ല അവരുടേത്. ആ ധൈര്യം തന്നെയാണ് മുന്നോട്ടുനടക്കാനും ജീവിതം സന്തോഷഭരിതമാക്കാനും കവയിത്രിയെ സഹായിക്കുന്നത്.

തീവ്രവേദന അനുഭവിക്കുമ്പോഴും ഒരു തലോടലായ്, ഒരു സാന്ത്വനമായ് ദുഃഖം ഒരു പരിധിവരെ കുറയ്ക്കാൻ 'പ്രണയം' എന്ന ശക്തിക്ക് കഴിഞ്ഞിട്ടുണ്ട് എന്നും അവർ വിശ്വസിക്കുന്നു. തീരാദുഃഖത്തിന്റെ കയത്തിലാണ്ട് കരകയറാനാകാത്ത അവസ്ഥ അതുകൊണ്ടുതന്നെ അനുഭവിക്കേണ്ടിവന്നിട്ടില്ല. അതുതന്നെയാണ് ജീവിതത്തെ സധൈര്യം നേരിടാൻ കവയിത്രിയെ പ്രാപ്തയാക്കുന്നതും.

ഒരു സുഗന്ധവും അതിൽനിന്ന് ഉത്ഭൂതമായ ഉന്മാദവും മനസ്സിലുണ്ടാക്കിയ വികാരവിചാരങ്ങളാണ് ഈ കവിതയിൽ. ഏതോ കാരണങ്ങളാൽ അവാച്യമായ ഒരു അനുഭൂതി ഉണ്ടാവുകയും അതിൻഫലമായി പുളകംപൂണ്ട് ഉറക്കെപ്പാടുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നതാണ് കവിതാവിഷയം. അവരുടെ ഈ മാനസികാവസ്ഥ കണ്ട് ചിലപ്പോൾ ചിലർ അവർക്ക് ഭ്രാന്താണെന്നൊക്കെ പറഞ്ഞേക്കാം, ചിലപ്പോൾ പഴിച്ചേക്കാം. എന്നാൽ അവർക്കതൊന്നും വിഷയമേയല്ല.

നോവുകൾ മറന്ന് ഉറക്കെപ്പാടാൻ ഈ കവി മനസ്സിനേ ആകൂ. എല്ലാം മറന്ന് പാടാൻ, മറ്റൊരു ലോകത്തിൽ മനസ്സുകൊണ്ട് വ്യാപരിക്കാൻ വായനക്കാരെ, അഥവാ തന്റെ മനസ്സിനെ സഹായിച്ചു എന്ന സത്തയോട് ഉള്ളുതുറന്ന് നന്ദി പറയാൻ അവർ മടിക്കുന്നില്ല. മനസ്സിനെ പല കാലങ്ങളിലേക്കും അവസ്ഥകളിലേക്കും വ്യാപരിപ്പിക്കാനും ആ ശക്തിക്ക് കഴിയുന്നുണ്ട്.

"രാത്രിയിതേവഴി പിന്നെയും നടക്കവേ

നേർത്തൊരു മണം ഹൃത്തിൽ...

പൂത്തുവോ പ്രേമം വീണ്ടും?..."[16]

ആ ഉന്മാദഗന്ധം വീണ്ടും വീണ്ടും കുളിർകോരുന്ന മനസ്സിന്നുടമയായി മാറാൻ അവരെ സഹായിക്കുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. മനസ്സിനെ സന്തോഷിപ്പിക്കുന്ന പഴയ അനുഭവങ്ങളെക്കുറിച്ചുള്ള ഓർമ്മപോലും എപ്പോഴും ആനന്ദദായകമായിരിക്കും.

മനസ്സിന്റെ കോണിൽ ഒരു നനവായി എന്നും കുടികൊള്ളുന്ന പ്രണയമാണ് 'ഉറക്കമില്ലാത്തൊരു രാത്രിയിൽ' എന്ന കവിതയിലും വിഷയം. എല്ലാം മാറ്റിവെച്ച് കാത്തിരുന്നിട്ടും തന്നിൽനിന്നും അകന്നുപോയ പ്രണയമാണ് ഈ കവിതയിൽ. യുവത്വത്തിൽ പലനാൾ പ്രണയത്തെയോർത്ത് അവർ ഊറ്റം കൊണ്ടിട്ടുണ്ട്. എങ്കിലും എല്ലാം മറന്ന് സാന്ത്വനം കണ്ടെത്താൻ, ആ മടിയിൽ തലചായ്ക്കാൻ അവർ ശ്രമിച്ചിരുന്നു. പ്രേമം ശാശ്വതമല്ലെന്നും ആ വികാരം ഏതുസമയത്തും അസ്തമിച്ചുപോകാമെന്നും അവർ വിശ്വസിക്കുന്നു. പ്രണയത്തിന്റെ സത്യാവസ്ഥകൾ തിരിച്ചറിയുമ്പോൾ കവയിത്രി വാർദ്ധക്യത്തിലേക്ക് വഴുതിപ്പോകുന്നതായും സൂചനയുണ്ട്. അഥവാ എല്ലാറ്റിന്റെയും ആധാരം മനസ്സാണ്. മനസ്സിന്റെ യുവത്വാവസ്ഥയിൽ പ്രണയത്തെ ഉൾക്കൊള്ളാനും അത് അൽപ്പം തളരുമ്പോൾ പ്രണയം ശാശ്വതമല്ലെന്ന് തിരിച്ചറിയാനും അവർക്ക് കഴിയുന്നുണ്ട്.

സത്യം തിരിച്ചറിയപ്പെടുമ്പോൾ നോവിന്റെ ജപമാല കയ്യിലെടുത്ത് ജപിക്കുകയാണ് അവർ. പക്ഷേ ജപിക്കുന്നതെന്താണെന്നല്ലേ:

"എന്നെ വിട്ടെന്നോ മാഞ്ഞ

നിൻ നാമമന്ത്രം മാത്രം"[17]

എന്ന് ഉറക്കെപ്പറയാനും മടികാണിക്കുന്നില്ല. താൻ ചെയ്യുന്നത് ഒരുതരം നേരമ്പോക്ക് മാത്രമാണെന്നും അവർ തിരിച്ചറിയുന്നു. തന്റെ മനസ്സ് ഉണർന്നിരിക്കാൻ സഹായിക്കുന്ന ഒരു ശക്തി പ്രണയം എന്ന സങ്കൽപ്പത്തിനുണ്ട്. അത്തരം ചില ശക്തികളാണ് നാമിവിടെത്തന്നെയുണ്ട് എന്ന് പലപ്പോഴും നമ്മെ ഓർമ്മിപ്പിക്കുന്നത്. ആ തിരിച്ചറിവിൽനിന്നാണ് വീണ്ടും മുന്നേറണം, മുന്നോട്ട് യാത്രതുടരണം എന്ന ചിന്ത നമ്മിലേക്കെത്തുന്നത്.

'അമ്പലമണി' എന്ന സമാഹാരത്തിലെ 'ഒരുചിരി'യിൽ നഷ്ടപ്പെട്ടു പോയ അഥവാ തന്നിൽനിന്നകന്നുപോയ പ്രണയസ്മൃതികളെ പുനരാനയിക്കുന്നു. ആ പ്രണയസ്മരണകൾ അവരെ വല്ലാതെ തളർത്തുന്നുണ്ട്. അഥവാ ഒരു വിങ്ങലായി അത് പിൻതുടരുന്നുണ്ട് എന്നു സാരം. മാത്രമല്ല അത് വിശുദ്ധമാണ് എന്നും കവയിത്രി സൂചിപ്പിക്കുന്നു. പ്രണയത്തിന്റെ ആലസ്യം നായകനിലും കാണാനാകുന്നു. എങ്കിലും തന്റെ പ്രണയിനിയെ നോക്കാനും സ്വന്തം വികാരങ്ങൾ അവളെ അറിയിക്കാനും അയാൾ തയ്യാറാവുന്നു. പക്ഷെ എല്ലാം വളരെ പൊടുന്നനെ അവസാനിപ്പിക്കുകയും ചെയ്തു. ചിരിയിലൂടെ, പൊടുന്നനെ ചൂടിലൂടെ, പിന്നീട് തണുപ്പിലൂടെ ഒരു മാറ്റം അനിവാര്യമായതുപോലെ പെരുമാറാൻ അവർക്ക് സാധിച്ചു. എല്ലാം വേഗത്തിലാണ് അവസാനിച്ചത്. അത് ഒരു നിലാവുപോലെ തന്റെ ഹൃദയത്തിൽ പ്രകാശം ചൊരിഞ്ഞ് കടന്നുപോവുകയും ചെയ്തു. ഒരു നിമിഷപ്രണയത്തിന്റെ മാറ്റൊലിയാണ് ഇതിൽ കാണുന്നത്. സ്ഥിരതയില്ലാതെ എല്ലാം നിമിഷനേരം കൊണ്ട് മറക്കാൻ, നിമിഷനേരം കൊണ്ട് പല കാലങ്ങളിൽ സഞ്ചരിക്കാൻ ആ പ്രണയത്തിന് സാധിച്ചു. ഈ വിധമുള്ള സുരഭിലനിമിഷങ്ങളുടെ ഓർമ്മകളിലൂടെ തുടർന്നുള്ള കാലം ഉന്മേഷത്തോടെ ജീവിക്കാൻ പലർക്കും സാധിക്കും.

1957-ൽ പുറത്തിറങ്ങിയ സമാഹാരമാണ് 'കുറിഞ്ഞിപ്പൂക്കൾ'. പ്രണയത്തെ പലരീതിയിൽ അവതരിപ്പിച്ച് അവർ അനുവാചകരെ വിസ്മയിപ്പിക്കുന്നു. ഈ സമാഹാരത്തിലെ 'സ്നേഹത്തിനെന്തേനിറം' എന്ന കവിതയിൽ 'സ്നേഹ'ത്തെ അവതരിപ്പിച്ചിരിക്കുന്നത് വ്യത്യസ്തമായൊരു രീതിയിലാണ്.

ആദ്യവരികളിൽ അമ്മ-കുഞ്ഞ് എന്ന രീതിയിലുള്ള സ്നേഹമാണ്. അത് ഒരു പ്രത്യേകതരം സ്നേഹമാണ്. ഈ ഭൂമിയിൽ ആർക്കും അറുത്തുമാറ്റാൻ സാധിക്കാത്ത മുലപ്പാലിൻ സ്നേഹം. അത് ഏറെ ദൃഢവുമാണ്.

ആ സ്നേഹസങ്കല്പം യൗവ്വനത്തിലേക്കു കടക്കുമ്പോൾ പ്രണയമായി മാറുകയാണ്. അപ്പോൾ അത് ചെമ്പനീർപൂവുപോലെ തുടുതുടെ ചുവന്നതായി മാറുന്നു. ഇത് ഒരു ദിവസത്തെ പ്രണയത്തിന്റെ വിവിധ അവസ്ഥകളായും അവർ കാണുന്നുണ്ട്. സമയം മാറുംപോലെ ഇവിടെ പ്രണയാവസ്ഥയും മാറുന്നു. ഉച്ചയിലെ ചൂടും വെയിലുംപോലെ വിലസുന്ന പൊൻനിറമാണ് ഇവിടെ പ്രണയത്തിന്.

ജീവിതസായാഹ്നത്തിലെ അവസ്ഥയോടാണ് തുടർന്ന് പ്രണയത്തെ ഉപമിച്ചിരിക്കുന്നത്. ജീവിതസായാഹ്നത്തിൽ ജീവിതം സംഭവരഹിതമായി മാറുന്നതുപോലെ പ്രണയവും ഇല്ലാതാവുന്നു. പിന്നീട് ഒഴുകുന്ന ജലംപോലെ അത് നേർത്തതായി മാറുന്നു. അപ്പോഴാണ് സ്നേഹത്തിന് എല്ലാ നിറവും ഇണങ്ങുമെങ്കിലും നിറമില്ലാതാകുന്ന അവസ്ഥയാണ് യഥാർത്ഥപ്രണയം എന്ന് അവർ തിരിച്ചറിയുന്നത്. ഇവിടെ പല പേരുകളിലും ഭാവത്തിലും രീതിയിലുമൊക്കെ നാം വിശേഷിപ്പിക്കുന്ന എല്ലാം എത്തിച്ചേരു

ന്നത് ഒരൊറ്റബിന്ദുവിലാണെന്ന് മനസ്സിലാക്കാം. പ്രണയത്തിന്റെ അഗാധത തന്നെയാണ് അത്. ഒരിക്കലും മങ്ങലേൽക്കാതെ, മനസ്സിൽ നിന്ന് മായാതെ പൂർവ്വാധികം ശക്തിയോടെ മുന്നേറുന്നതുതന്നെയാണ് പ്രണയം എന്ന് വ്യക്തമാക്കുന്നു.

കവയിത്രിക്ക് കൃഷ്ണോടുള്ള സ്നേഹമാണ് 'പൊരുളറിയാത്തപാട്ട്' എന്ന കവിതയിൽ സൂചിപ്പിക്കുന്നത്. സുഗതകുമാരിയുടെ നിരവധി കവിതകളിൽ രാധാകൃഷ്ണ പ്രണയം കഥാതന്തു ആകുന്നത് കാണാം. അതിൽ രാധ കവയിത്രിതന്നെ ആകുക പതിവും. കവയിത്രിയുടെ മനസ്സിൽ, അഥവാ പലപ്പോഴും ഇരുട്ടിൽ ആരോവന്ന് ചോദിക്കുന്നതുപോലെയാണ് അവർക്ക് തോന്നുന്നത്. 'പറയൂ, നിൻപാട്ടിന്റെ പൊരുൾ പറയൂ' എന്നാണ് പലപ്പോഴും ആ വാക്കുകൾ ചോദ്യരൂപത്തിൽ കവയിത്രിയുടെ മനസ്സിലേക്ക് ആഴ്ന്നിറങ്ങുന്നത്.

ഇത് ഒരു സാധാരണ സംഭവമാണെന്നാണ് അവർ പറയുന്നത്. കാരണം പ്രകൃതിയിലെ ഓരോ ജീവജാലങ്ങളും നിയതിക്ക് അനുസൃതമായി ചരിക്കുന്നു. കടലും, കാറ്റും, കുയിലും എല്ലാം സ്വന്തം പ്രവൃത്തികളാണ് ചെയ്യുന്നത്. അതേവിധം തന്നിൽ നിയുക്തമായ ജോലിയാണ് താനും ചെയ്യുന്നത്. മനസ്സിൽ തുളുമ്പിനിൽക്കുന്ന, പറയാൻ വെമ്പുന്ന കാര്യങ്ങളാണ് പറയുന്നത്. അത് പറയാതിരിക്കാനോ കാണാതിരിക്കാനോ ആവില്ല. പക്ഷേ മനസ്സിന്റെ ഒരു കോണിലിരുന്ന് നിരന്തരം ഉയർത്തുന്ന ചോദ്യത്തിന് ഉത്തരം പറയാൻ അവർക്കാവുന്നില്ല. കാരണം താൻ ഒന്നിന്റെയും പൊരുൾ അറിയാതെയാണ് പാടുന്നത്. അതുകൊണ്ടുതന്നെ നിരന്തരം ഉന്നയിക്കുന്ന

ചോദ്യങ്ങൾക്ക് ഉത്തരം പറയാനും ആവുന്നില്ല. ഇത് വ്യക്തമാക്കി കവിത അവസാനിപ്പിക്കുന്നു.

പ്രണയം ഒരിക്കലും നിർവ്വചനത്തിൽ ഒതുങ്ങുന്നതല്ല. ഉള്ളിൽ തോന്നുന്ന വികാരം എങ്ങനെ പ്രകടിപ്പിക്കുന്നുവോ അതെല്ലാം പ്രണയമാണെന്നും പറയാം.

ഒരുതരം ഏകാന്തതയാണ് ഈ കവിത വായിക്കുന്നവർക്ക് അനുഭവപ്പെടുന്നത്. ആ ഏകാന്തത പ്രണയവിരഹമായും കരുതാം. പശുക്കളും അതിനെ മേയ്ച്ചുനടന്നിരുന്ന ഇടയനും അവന്റെ വേണുവും ഓരോന്നായി ഒഴിഞ്ഞുപോയിട്ടും താൻ മാത്രം ബാക്കിയായ ഒരവസ്ഥയാണ് ഇവിടെ കാണുന്നത്.

"പഴയൊരീ വഴിയമ്പ-
ലത്തിൽ ഞാനാരുവാൻ
വരുവതും കാത്തു നിൽക്കുന്നു"[18]

ആ വരികളിൽ പ്രതീക്ഷയുള്ളതായി സൂചനയുണ്ട്. കാത്തിരിപ്പ് ജീവിക്കാനുള്ള ഒരു പിടിവള്ളികൂടിയാണ്.

ഇവിടെ പൂക്കാരിയുടെ വേഷത്തിലാണ് അവർ എത്തുന്നത്. പൂക്കൂടയിലെ പൂവെല്ലാം തീർന്നു, പരിസരത്താകെ ആളുകളും ഒഴിഞ്ഞു. പൂക്കൂടയിൽ ഒരു വെളുത്തപൂവു മാത്രം ബാക്കിയുണ്ട്. അത് ആർക്കോവേണ്ടി കരുതിയതാണെന്നും അത് സ്വീകരിക്കാൻ തന്റെ പ്രിയൻ വരുമെന്നും അവർ പ്രതീക്ഷിക്കുന്നു.

ഇവിടെ കണ്ണന്റെ രൂപംതന്നെയാണ് ഇടയനിലും കാണുന്നത്. തന്നെ തനിച്ചാക്കി എല്ലാവരും പോയാലും തനിക്കൊരു രക്ഷകനായി നിൽക്കാൻ

ആ രൂപം എത്തും എന്നും അവർ ഉറച്ചുവിശ്വസിക്കുന്നു. ഈ ശുഭാപ്തിവിശ്വാസം എല്ലാവരിലും ഉണ്ടാകാം. പലർക്കും പലരീതിയിലായിരിക്കുമെന്ന് മാത്രം. എല്ലാറ്റിന്റെയും സത്ത ഒന്നുതന്നെ.

രാധാകൃഷ്ണ പ്രണയവിരഹമാണ് 'രാധയെവിടെ' എന്ന കവിതയിലെ അടിസ്ഥാന പ്രമേയം. വളരെ നീണ്ട കവിതയാണിത്. ഇതിൽ ഒന്നാം രംഗത്തിൽ കൃഷ്ണൻ അമ്പാടിയോട് യാത്രപറഞ്ഞുപോയ ദിവസത്തിലെ സന്ധ്യാസമയം വർണ്ണിച്ചിരിക്കുന്നു. കൃഷ്ണനില്ലാത്ത അമ്പാടിയുടെ അവസ്ഥ ദയനീയം. അവിടെയുള്ള, കൃഷ്ണനോട് ഏറെ അടുപ്പമുള്ള ഓരോ ജീവജാലങ്ങൾക്കും ആ വിരഹം ഉളവാക്കിയ വേദനയാണ് അവർ സൂചിപ്പിക്കുന്നത്. വിരഹവേദനയിൽ അകപ്പെട്ട രാധയെയാകട്ടെ എങ്ങും കാണാൻ കഴിയുന്നുമില്ല. അവൾ എത്തിച്ചേരാവുന്ന ഇടങ്ങളിലെല്ലാം അന്വേഷിച്ചെങ്കിലും അവളെ മാത്രം കാണാനാവുന്നില്ല.

അടുത്ത രംഗത്തിൽ കണ്ണനും രാധയുമായുള്ള സമാഗമമാണ്. കണ്ണനെയോർത്ത് കേഴുന്ന അവളുടെ അടുത്തേക്ക് ഒരുമാത്ര കണ്ണൻ എത്തുന്നു. 'എൻ രാധികേ പിരിയുന്നു ഞാൻ'[19] എന്ന് പറഞ്ഞ് ഉടൻ കാണാമറയത്തേക്ക് പോകുന്നു. എത്രകാലത്തേക്കാണീ വിരഹം എന്നോ എന്നുവരുമെന്നോ പറയാൻ കണ്ണൻ തയ്യാറായില്ല. ഇവിടെ കാത്തിരിപ്പിന്റെ വേദന കാണാം. കണ്ണൻ അപ്രത്യക്ഷമായതോടെ കണ്ണനുപിന്നിൽ ഉന്മാദിനിയെപ്പോലെ അവർ അലയുകയാണ്. അകലുമ്പോഴുണ്ടാകുന്ന പ്രണയതീവ്രതയാണ് ഇവിടെ സുചിപ്പിക്കുന്നത്. ഒടുവിൽ രാധയുടെ മനസ്സിലേക്ക് അവർ ഒന്നായിക്കഴിഞ്ഞപ്പോഴുള്ള നല്ലനിമിഷങ്ങൾ അലകൾകണക്കെ വരുന്നു.

അതിനുശേഷം വിരഹത്താൽ വിതുമ്പുന്ന രാധ ചുറ്റും കാണുന്നത്

പ്രണയത്തിന്റെ ഓരോ വകഭേദങ്ങളാണ്. രാസകേളീവനതലം, കൃഷ്ണൻ രാധയെ അലങ്കരിക്കുകയും ഒരുക്കുകയും ചെയ്യുന്ന ശിലാതലം, പൊട്ടുകുത്തിയതും മുടി പിന്നിയലങ്കരിച്ചതും പൂ ചൂടിച്ചതും കവിളിൽ ഉമ്മവച്ചതും മാറത്തു പത്തിക്കീറ്റു വരച്ചതും ചേല ചുറ്റിച്ചതും വെള്ളിക്കൊലുസണിയിച്ചതുമായ ആ വർണ്ണനകളിൽ കിനിയുന്ന ആർദ്രഭാവമാധുര്യം അനുപമമാണ്. പലവട്ടം തന്റെ പ്രണയം രാധയെ അറിയിച്ചതും

"നമ്മെയകറ്റുവാനില്ലൊന്നു മന്നിലും

വിണ്ണിലും രാധികേ"[20]

എന്നുപറഞ്ഞ് രാധയെ മോഹിപ്പിക്കുകയും ഒടുവിൽ ഉപേക്ഷിച്ചുപോവുകയും ചെയ്തത് ആ സമയം രാധ ഓർക്കുകയാണ്.

പിന്നീടൊരിക്കൽ ഒരു ഓടക്കുഴൽവിളിനാദം കേട്ടപ്പോൾ ഗോപികമാർ അത് കണ്ണനല്ലെന്നും രാധയാവാം എന്നും കരുതി തിരയുകയാണ്. ഒരിടത്തും കണ്ടെത്താൻ കഴിയുന്നില്ല. അവസാനം രാധയെ തേടിത്തേടി അവർ ഹിമാലയത്തിലെത്തുന്നു. ആ പുണ്യസ്ഥലത്ത് അർദ്ധനാരീശ്വര ആകാരം കാണുന്നു. ഒരേസമയം രൗദ്രതയുടെയും സമാധാനത്തിന്റെയും ഭാവമാണ് അതിൽ കാണുന്നത്. ഇവിടെ കൈലാസത്തിൽ രാധ എത്തി ശിവനോട് എന്താവും പറഞ്ഞിട്ടുണ്ടാവുകയെന്നും കവയിത്രി സംശയിക്കുന്നുണ്ട്. തുടർന്നങ്ങോട്ടുള്ള ഭാഗത്ത് രാധയുടെ അവതാരങ്ങളെ പറ്റിയുള്ള വർണ്ണനകളാണ്. മീരാദേവി, ചൈതന്യൻ, ആണ്ടാൾ, കൂറൂരമ്മ തുടങ്ങിയവരുടെ ജീവിതകഥ പലപ്പോഴായി കവയിത്രി ഇവിടെ വർണ്ണിക്കുന്നുണ്ട്. അവരെല്ലാം തന്നെ ഒരുവേള രാധയുടെ അവസ്ഥയുമായി താദാത്മ്യം പ്രാപിച്ചവരാണ് എന്നും സമർത്ഥിക്കുന്നു. തേടിനടക്കുന്നതിലെ നൊമ്പരവും ഒടുവിൽ ആഗ്രഹം

സാക്ഷാത്ക്കരിക്കപ്പെടുമ്പോഴുണ്ടാകുന്ന ആനന്ദവും ഈകഥാപാത്രങ്ങളെല്ലാം അനുഭവിച്ചറിഞ്ഞവരാണ് എന്നും സൂചനയുണ്ട്. ഭൂമുഖത്തെ ഓരോ സ്ത്രീയിലും രാധ കുടികൊള്ളുന്നുണ്ട് എന്ന് അവർ തിരിച്ചറിയുന്നു. എല്ലാവരുടെ ഉള്ളിലും ആ ഭാവം ഉണ്ട്. തേടിയലഞ്ഞ് ഹൃദയവേദന ആവോളം അനുഭവിച്ച് ഇനി വയ്യെന്ന് തീരുമാനിക്കാറുമുണ്ട്. എന്നാൽ അവിടെവെച്ച് അവസാനിപ്പിക്കാൻ ആർക്കും സാധിക്കാറില്ലതാനും. ആ വേദനയിൽ നിന്നാണ് പലരും ഉയിർത്തെഴുന്നേൽക്കുന്നത്.

തീരെദരിദ്രമെൻ നാട്ടിലെയേതൊരു

നാരിയും രാധികയല്ലിയുള്ളിൽ[21]

എന്നസത്യം കൂടിയാണ് ഇതിലൂടെ ഉരുത്തിരിയുന്നത്. സ്ത്രീജീവിതത്തിലൂടെ ഇതെല്ലാം തന്റെ തലവിധിയാണെന്ന് സ്വയം സങ്കടപ്പെടാനോ ദുഃഖത്തിലാണ്ട് ശേഷംകാലം കഴിച്ചുകൂട്ടാനോ തയ്യാറാവുന്ന സ്ത്രീകളുടെ വിഭാഗത്തിൽ തുടരാനോ അവർ തയ്യാറാവുന്നില്ല. അത്തരം ദയനീയാവസ്ഥയും തരണം ചെയ്ത് മുന്നോട്ടുപോകാൻ തങ്ങൾക്കാകും എന്നൊരു സൂചന കൂടിയുണ്ടിവിടെ. തന്റെ ചുറ്റുമുള്ള സ്ത്രീകൾക്ക് മാതൃകയായി മാറാൻ സ്ത്രീസമൂഹത്തിന് മാതൃകയാകാൻ സുഗതകുമാരി ഈ കവിതയിലൂടെ ശ്രമിക്കുന്നു.

കണ്ണനെ അഥവാ പ്രാണേശനെ തന്നെപ്പോലും മറന്ന് സ്നേഹിക്കാനും ആരാധിക്കാനും രാധ തയ്യാറാണ്. എന്നാൽ കണ്ണൻ തന്നെ തഴയുമ്പോൾ, ആ പ്രണയം അംഗീകരിക്കാതെ നിരാകരിക്കുമ്പോൾ രാധ പതറുന്നില്ല. തന്റെ ഈ സ്നേഹവും പ്രണയവും ഒരിക്കലും ദൗർബല്യമല്ലെന്നും സ്വന്തം ശക്തിയാണെന്നുമാണ് രാധ ഈ കവിതയിലൂടെ തെളിയിക്കുന്നത്.

അങ്ങനെ രാധയ്ക്ക് ഒരു പുതുപരിവേഷം ചാർത്തിക്കൊടുക്കുകയാണ്. പല പ്പോഴും സ്ത്രീ എന്നും പുരുഷനെ സ്നേഹിക്കാൻ മാത്രം നിയുക്തയായവവ ളാണെന്നും മറിച്ച് അത് ഒരിക്കൽപ്പോലും അവൾ അർഹിക്കുന്നില്ലെന്നും തോന്നാറുണ്ട്. പല സന്ദർഭങ്ങളിലും സ്ത്രീകൾ അത് തുറന്ന് പറയാറില്ല. പറഞ്ഞാൽ പ്രതിവിധി നിർദ്ദേശിക്കപ്പെടാറുമില്ല. ഈ യാഥാർത്ഥ്യം സമൂഹ ത്തിൽ നടക്കുന്നതാണ്. പല അവസരങ്ങളിലും നാമെല്ലാം അത്തരം അവ സരങ്ങൾക്ക് ബലിയാടാകേണ്ടിവന്നവരുമാണ്. സ്ത്രീയുടെ ഇത്തരത്തിലുള്ള പെരുമാറ്റം അവളുടെ ബലഹീനതയായി കാണരുത് എന്നൊരു സൂചന യുമുണ്ടിവിടെ. സ്നേഹം കൊടുക്കാൻ വിധിക്കപ്പെട്ടവൾ മാത്രമല്ല സ്ത്രീ എന്നും, സ്നേഹം അർഹിക്കുന്നവളാണ് സ്ത്രീ എന്നുമുള്ള തിരിച്ചറിവുകൂ ടിയാണ് ഇവിടെ വ്യക്തമാകുന്നത്.

'രാധ കൃഷ്ണനിൽ ലയിച്ചു. അവളുടെ അല്ലലെല്ലാമൊടുങ്ങി' എന്ന തൊരു സുഖസ്വപ്നമാണ്. എന്നാൽ നമ്മൾ ദുസ്വപ്നങ്ങൾ കാണാനും വിധി ക്കപ്പെട്ടവരാണല്ലോ. ഒടുങ്ങാത്ത അന്വേഷണത്തിലേർപ്പെട്ട, ഒരിക്കലും എവി ടെയും നിൽപ്പുറയ്ക്കാത്ത ഒരു കാറ്റായി രാധയെ കണ്ടെത്തുന്നു. അവർ നമ്മുടെ കാലത്തിലൂടെ, സ്ഥലത്തിലൂടെ അനന്തമായി അലയുന്ന നിത്യവി രഹിണിയാണ്. ഓരോ യുഗത്തിൽ ഓരോ രൂപത്തിൽ മുന്നിലെത്തുന്നു. കണ്ണു ള്ളവർ മാത്രം തിരിച്ചറിയുന്നു. നമ്മുടെ മുന്നിലെ കാലഘട്ടത്തിൽ സത്യാ ന്വേഷിയും നിത്യാന്വേഷിയുമായ രാധയുടെ ചേതസ്സ് സുഗതകുമാരിയായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്.[25]

'കൃഷ്ണകവിതകൾ' എന്ന പേരിൽ ഏതാനും കവിതകൾ സുഗത കുമാരിയുടേതായിട്ടുണ്ട്. അതിൽപ്പെടുന്ന ഒരു കവിതയാണ് 'ഒരു സ്വപ്നം'. ഒരു അമ്മയ്ക്ക് സ്വന്തം മകനോടുള്ള സ്നേഹമാണ് ഇതിലെ ഇതിവൃത്തം.

മകൻ അടുത്തില്ലാതെ, ആ ദുഃഖം മനസ്സിൽപ്പേറി നടക്കുന്ന ഒരമ്മയാണി വിടെ ഉള്ളത്. താനും തന്റെ മകനും തമ്മിൽ ഒരു ജനാലയ്ക്കപ്പുറമുള്ള അകലമല്ല, ഒരിക്കലും അടുക്കാൻ പറ്റാത്തവിധം അകലെയാണ് എന്നാണ് അവർ പറയുന്നത്. 'അമ്പാടിയിലെ മണിക്കുഞ്ഞ്' എല്ലാവരുടേതുമാണ്. എന്നാൽ സ്വന്തം അമ്മയ്ക്കുമാത്രം ആ കുഞ്ഞിനെ താലോലിക്കാൻ കഴി യുന്നില്ല.

നൊന്തുപ്രസവിച്ച മകനെ ചില കാരണങ്ങളാൽ ആ രാത്രിതന്നെ തന്റെ അരികത്തുനിന്ന് അകറ്റേണ്ടിവരുന്ന അമ്മയുടെ ചിത്രം കവിതയിലുണ്ട്. ഒരു മകനെയെങ്കിലും ജീവനോടെ കാണണമെന്ന് ആ അമ്മ ആഗ്രഹിച്ചിട്ടു ണ്ടാകും. അതുകൊണ്ടാണ് സഹിക്കാൻ പറ്റാത്ത ഹൃദയവ്യഥയോടെ മകനെ വളർത്തമ്മയുടെ അടുത്തേക്ക് അയക്കുന്നത്. എന്നാൽ അവൻ അകലെയാ ണെങ്കിലും ആ അമ്മയ്ക്ക് അവൻ എന്നും അരികിലുണ്ടെന്ന് വിശ്വസിക്കാ നാണിഷ്ടം. അകത്തുകിടക്കുന്ന തൊട്ടിലിൽ കുഞ്ഞ് ഉണ്ണിക്കാലുമാത്രം പുറ ത്തിട്ട് ഉറങ്ങുന്ന ഓർമ്മ അമ്മയെ വല്ലാതെ അസ്വസ്ഥയാക്കുന്നു.

അമ്മ-മകൻ ബന്ധത്തിന്റെ ദൃഢതയാണിവിടെ സൂചിപ്പിക്കുന്നത്. അവൻ തന്നിൽനിന്ന് ഒരുപാട് അകലെയാണെന്ന് ആ അമ്മയ്ക്കറിയാം. വിരഹത്തിലാണല്ലോ സ്നേഹത്തിന്റെ വ്യാപ്തി അളക്കാൻ കഴിയുക. ഇവിടെ ആ അമ്മയും അനുഭവിക്കുന്നത് അതാണ്. എന്നും കൂടെയുണ്ടാവേണ്ടവർ, തന്റെ ചാരെ ഉറങ്ങേണ്ടവർ, തന്റെ സ്നേഹം അനുഭവിക്കേണ്ടവർ ഇന്ന് തന്റെ അരികിലില്ല എന്ന സത്യം ഉൾക്കൊള്ളാൻ ഈ കവിതയിലെ അമ്മയെ സംബന്ധിച്ചിടത്തോളം ഏറെ പ്രയാസമുണ്ട്. അത്തരം ചിന്തകളിൽനിന്നു ണ്ടാകുന്ന അമ്മയുടെ മാനസികാവസ്ഥയാണ് ഈ കവിതയിലെ പ്രമേയം.

എത്ര അകലത്തിരുന്നാലും ഒരാൾക്ക് മറ്റൊരാളുടെ ഹൃദയത്തുടിപ്പ് അറിയാൻ സാധിക്കുന്നു എന്നതും നിത്യസത്യമാണ്.

കണ്ണന്റെ അദൃശ്യസാന്നിധ്യം കവയിത്രി അനുഭവിക്കുന്നതാണ് 'ശ്യാമരാധ' എന്ന കവിതയിൽ. സുഗതകുമാരിക്കവിതകളിൽ പലതിലും ഉള്ള അന്തർധാരയായ ദുഃഖമാണ് ഈ കവിതയിലും ഉള്ളത്.

"നിത്യകാമുകിയായിടും പ്രേമമേ,

ദുഃഖമേ നിന്നെ വന്ദിച്ചിടുന്നുഞാൻ"[22]

എന്ന് കവിതയുടെ അവസാന വരികളിൽ പറഞ്ഞിരിക്കുന്നു. പ്രണയമുള്ളിടത്ത് മാത്രമേ ദുഃഖവും വിരഹവും കാണാൻ സാധിക്കുകയുള്ളൂ. പ്രണയത്തിന് തീവ്രത കൂടുന്നത് പലപ്പോഴും ഇത്തരം വിരഹങ്ങളിലൂടെയാണ്. എത്രയൊക്കെ ഒഴിവാക്കാൻ ശ്രമിച്ചാലും വീണ്ടും മനസ്സിലേക്ക് ആഴ്ന്നിറങ്ങുന്ന വികാരമാണത്. അറിയാതെ അതിലേക്ക് ഒഴുകിയെത്താൻ പ്രണയിനികൾക്ക് മാത്രമേ പറ്റൂ.

ഇവിടെ കവയിത്രിക്ക് കണ്ണനോടുള്ള പ്രണയമാണ് അവർ വെളിപ്പെടുത്തുന്നത്. കണ്ണനെ വർണ്ണിക്കുമ്പോൾ സൂക്ഷ്മാംശത്തിൽപ്പോലും ശ്രദ്ധചെലുത്താൻ അവർ ശ്രമിച്ചിട്ടുണ്ട്. ആ സുന്ദരമായ രൂപവും പ്രവൃത്തികളും നോക്കികാണുകയും അനുഭവിക്കുകയും ചെയ്യുന്നു കവയിത്രി. എങ്കിലും ദൂരേനിന്ന് കാണാനും അനുഭവിക്കാനുമല്ലാതെ ആ രൂപത്തിന്റെ അടുത്തേക്ക് എത്താൻ അവർക്ക് സാധിക്കുന്നില്ല. മനസ്സുകൊണ്ട് ഏറെ അടുത്തവരാണവർ. എന്നാൽ അത് നേരിട്ടനുഭവിക്കാൻ അവർക്ക് കഴിയുന്നില്ല എന്നതാണ് സത്യം.

എന്നും കണ്ണനോടുള്ള പ്രണയം കവയിത്രിക്ക് സമ്മാനിച്ചിട്ടുള്ളത് ദുഃഖം മാത്രമാണ്. എങ്കിലും അതിലും ചില അസുലഭവും നിർവൃതിദായക

വുമായ നിമിഷങ്ങൾ കണ്ടെത്താനും അനുഭവിക്കാനും കഴിയുന്നു എന്ന താണ് കവിതയുടെ പ്രത്യേകത.

സുഗതകുമാരിയുടെ കൃഷ്ണകവിതകളിൽ ഏറെ പ്രശസ്തിയും പ്രാധാന്യവും നേടിയ കവിതയാണ് 'കൃഷ്ണാ നീയെന്നയറിയില്ല'. കൃഷ്ണ നെന്ന സങ്കല്പത്തെ സ്വന്തമാക്കാനോ, തന്റെ ഉള്ളിന്റെയുള്ളിൽ ആ രൂപത്തെ താലോലിച്ച് സന്തോഷിക്കാനോ അവർക്ക് കഴിയുന്നില്ല. താൻ അത്രമേൽ സ്നേഹിക്കുന്ന കണ്ണന് തന്റെ പ്രണയം മനസ്സിലാക്കാൻ, തന്നെ അറിയാൻ കഴിയുന്നില്ല എന്നതാണ് പ്രശ്നം. കൃഷ്ണനെ നന്നായി അറി യാൻ കവയിത്രിക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ അത്രത്തോളം കവയിത്രിയെ കണ്ണൻ അറിഞ്ഞിട്ടില്ല. മറ്റു പലരും പലതരത്തിൽ കണ്ണനെ സ്വന്തമാക്കാൻ ശ്രമിച്ചു. അത് സാധിച്ചിട്ടുമുണ്ട്. കവയിത്രി അത്തരക്കാരിയല്ല എന്നും പറ യുന്നു.

അങ്ങോട്ടുചെന്നു തന്റെ ഇംഗിതം അറിയിക്കാൻ അവർക്ക് ഇഷ്ടമല്ല. വേണമെങ്കിൽ തന്നെ സമീപിക്കട്ടെ എന്ന മനോഭാവമാണ് അവർക്ക്. താൻ മറ്റുള്ളവരിൽ നിന്ന് ഏറെ വ്യത്യസ്തയാണ് എന്നും അവർ ഇടക്കിടെ ഓർമ്മി പ്പിക്കുന്നു. അവർ കണ്ണനായി സ്വയം സമർപ്പിക്കപ്പെട്ടവളാണ്. അത് മനസ്സി ലാക്കേണ്ട കണ്ണനാകട്ടെ അത് അറിയുന്നതുപോലുമില്ല.

പിന്നീട് അമ്പാടിയിൽ നിന്നും പോകുന്ന കണ്ണനെയാണ് കാണുന്നത്. അതിൽ  മനംനൊന്ത് കരയുന്ന രാധയായി കവയിത്രി സ്വയം രൂപപ്പെടുക യാണ്. ആ അവസരത്തിൽ വിരഹിണി രാധ അനുഭവിച്ച എല്ലാ വിഷമതകളും കവയിത്രിയും അനുഭവിക്കുന്നു. ഒരുതരത്തിലും അത് തടയാൻ കഴിയുന്നില്ല താനും. കവിതയുടെ അവസാനഭാഗത്ത് രഥത്തിന്റെ  ശബ്ദം കേൾക്കുന്നു. അതിൽ, നിറഞ്ഞ മിഴികളാൽ തന്നെ നോക്കുന്ന കണ്ണനെയാണ് കാണുന്നത്.

ആ ഒരു നോട്ടത്തിൽനിന്ന് തന്റെ പ്രണയം കണ്ണൻ മനസ്സിലാക്കിയതായി അവൾ തിരിച്ചറിയുന്നു. അവരുടെ നിസ്വാർത്ഥ പ്രണയമാണ് ഇവിടെ വ്യക്തമാകുന്നത്. ഒന്നും ആഗ്രഹിക്കാതെ എല്ലാം സമർപ്പിക്കാനായി തയ്യാറാവുന്ന ഒരു കാമുകിയുടെ ചിത്രമാണിത്. തനിക്ക് ഒന്നും തന്നില്ലെങ്കിലും 'ആ നോട്ട'ത്തിലൂടെ താൻ എല്ലാം നേടിയവളായി എന്ന ഭാവം രാധയിലുണ്ടാക്കാൻ കണ്ണന് കഴിയുന്നുണ്ട്.

പ്രണയത്തെ, അതിന്റെ തീവ്രതയെ കടുംനിറങ്ങളിൽ വരച്ചു കാട്ടുന്നു 'അഭിസാരിക'യിൽ. പ്രാണേശ്വരന്റെ വിളി കേട്ടപ്പോൾ സർവ്വവും ഉപേക്ഷിച്ച് അവന്റെ അടുത്തേക്ക് എത്താൻ അവൾ വെമ്പുകയാണ്. ഇവിടെ കണ്ണന്റെ ഒരു വേണുഗാനത്തിനായി, ആ സാമീപ്യത്തിനായി കൊതിക്കുന്ന വിരഹിണി രാധയുടെ മനസ്സ് കാണാം. ആ രാധയായി മാറാൻ കവയിത്രി സ്വയം ശ്രമിക്കുന്നതായും കാണാം.

"എന്നെമാത്രം വിളിച്ചതുവീണ്ടു-

മൊന്നുകാണുവാൻ മാത്രമാണല്ലോ"23

കൃഷ്ണന്റെ ഓടക്കുഴൽ നാദം തന്നെ വിളിക്കുന്നതായിട്ടാണ് അവർക്ക് അനുഭവപ്പെടുന്നത്. ആ വിളിക്കായി, ആ നോട്ടത്തിനായി കാത്തിരുന്ന അവൾക്ക് ആ നാദം ഏറെ ആഹ്ലാദകരമായി തോന്നാം. ഉടനെ സർവ്വതും ഉപേക്ഷിച്ച് അദ്ദേഹത്തിന്റെ അടുക്കലേക്കെത്താൻ അവൾ വെമ്പുന്നു. സ്വന്തമായതെല്ലാം ഉപേക്ഷിക്കാൻ അവൾ തയ്യാറാവുന്നു എന്നത് ആ പ്രണയത്തിന്റെ അഗാധതയാണ് വ്യക്തമാക്കുന്നത്. ആ യാത്രയിൽ അനുഭവപ്പെടുന്ന എല്ലാ പ്രതിബന്ധങ്ങളേയും തട്ടിമാറ്റാൻ അവൾ ആവതും ശ്രമിക്കുന്നു. അത് തന്റെ അവസാനയാത്ര അഥവാ മൃതുവിന്റെ കൈകളിലേക്കുള്ള യാത്ര

യായി മാറുന്നു. അന്ത്യാഭിലാഷമെന്നോണം കണ്ണന്റെ മാറിൽ തലചായ്ച്ച് തന്റെ എല്ലാ സങ്കടവും ഇറക്കിവച്ച് അൽപ്പസമയത്തിനകം മൃത്യുവെ പുൽകുന്നു.

പ്രണയത്തിനവസാനം ഒരുമിച്ചുള്ള ജീവിതമില്ലെങ്കിൽ പിന്നെ അത് മരണത്തിലാണ് അവസാനിക്കുക എന്ന സൂചനയുണ്ട് ഇവിടെ. ജീവിതത്തിൽ ഒരുമിക്കാൻ കഴിഞ്ഞില്ലെങ്കിൽ മരണത്തിലെങ്കിലും ഒരുമിക്കുക എന്നത് ആ പ്രണയിനിയുടെ ആഗ്രഹമായി സൂചിപ്പിക്കുന്നു. മൃത്യുവിനുപോലും പ്രണയിനികളെ വേർപെടുത്താൻ കഴിയില്ല എന്ന ഒരു സത്യവും കവയിത്രി ഈ സന്ദർഭത്തിൽ വെളിവാക്കുന്നുണ്ട്.

രാധാ-കൃഷ്ണ പ്രണയം തന്നെയാണ് 'ഒരു വൃന്ദാവനരംഗം' എന്ന കവിതയിലെയും പ്രമേയം. രാധയുടെ കാൽ തന്റെ മടിയിൽ വെച്ച് ചിത്രം വരയ്ക്കുന്ന കണ്ണൻ സ്നേഹത്തിന്റെ നെറുകയിലാണ് നിൽക്കുന്നത്. പുരുഷന് പ്രാധാന്യം ഏറിയിരുന്ന, പുരുഷന്റെ ആധിപത്യം നിലനിന്നിരുന്ന അവവസ്ഥയ്ക്ക് മാറ്റം വന്നു. സ്ത്രീയുടെ കാലെടുത്ത് മടിയിൽവച്ച് പ്രേമഭാവത്തോടെ താലോലിക്കുന്ന പുരുഷന്റെ ചിത്രമാണിവിടെ. പ്രണയിനികൾക്ക് ഈ അനുഭവം ഏറെ മധുരതരമാണ്. ഇവിടെ രാധയുടെ അവസ്ഥയും അതുതന്നെ. അവൾ തന്നെത്തന്നെ വിശ്വസിപ്പിക്കാൻ പാടുപെടുന്നു.

"തീരെ ദരിദ്രമെൻ നാട്ടിലെയേതൊരു
നാരിയും രാധികയല്ലിയുള്ളിൽ"[24]

ഇത് ഏതൊരുസ്ത്രീയുടെയും അവകാശമാണ്. ഇത്തരത്തിലുള്ള ഒരു പ്രണയിനിയാകാനാണ് ഓരോ സ്ത്രീയും ആഗ്രഹിക്കുന്നത്. യഥാർത്ഥ ജീവിതത്തിൽ അത് സാധിക്കുന്നില്ലെങ്കിലും മനസ്സിൽ ഇത്തരത്തിലുള്ള ഒരു സ്ത്രീയാകാനാണ് എല്ലാവരും ഇഷ്ടപ്പെടുക. എന്നാൽ കണ്ണനിൽനിന്നു

തന്നെ ഈയൊരനുഭവം പലസന്ദർഭങ്ങളിലും നിഷേധിക്കപ്പെട്ടവളാണ് രാധ. നിറയുന്ന മിഴികളുമായി ദൂരെനിന്ന് നോക്കി നെടുവീർപ്പിടുന്ന രാധയുടെ ചിത്രം സുഗതകുമാരിയുടെ മറ്റു പല കവിതകളിലും കാണുന്നുണ്ട്.

അർഹിക്കുന്ന അംഗീകാരം ലഭിക്കാതെ പോകുന്ന പല സ്ത്രീകളുടെയും അവസ്ഥയാണ് മറ്റൊരുതരത്തിൽ ഇവിടെ എടുത്തുകാട്ടുന്നത്. പല കാരണങ്ങളാൽ അകറ്റിനിർത്തപ്പെടുമ്പോഴും മനസ്സിൽ ഒരു തരിമ്പുപോലും സ്നേഹം കുറയാത്ത സ്ത്രീവർഗ്ഗത്തെ കുറച്ചുകൂടി മുൻനിരയിലേക്ക് കൊണ്ടുവരികയാണ് ചെയ്യുന്നത്. പലരും പറയാതെ പോകുന്നത് സുഗതകുമാരി പറയുന്നു എന്നത്രെ ഈ കവിതയുടെ പ്രത്യേകത. ഇത്തരം രാധമാർ മനസ്സിൽ ഉള്ളിടത്തോളം കാലം ജന്മം മുഴുവൻ എന്തോ തേടിയുള്ള അലച്ചിലായി മാറിപ്പോകുമോ എന്ന ഒരാശങ്കയും അവർ പങ്കുവയ്ക്കുന്നു.

ഒരു സ്ത്രീയുടെ മനസ്സിലൂടെ കടന്നുപോകുന്ന നിരവധി വികാരവിചാരങ്ങളുടെ മേളനമാണ് 'മറ്റൊരു രാധിക'യെന്ന കവിത. ആദ്യവരികളിൽത്തന്നെ രാധയുടെ മനസ്സിലെ ദുഃഖമാണ് പ്രകടമാകുന്നത്. ആ ദുഃഖം ഉള്ളിലൊതുക്കി അതൊരു തേടലായി മാറുന്നു. എല്ലാവരും കണ്ടു എന്നു പറയുമ്പോഴും തനിക്ക് മാത്രം അത് നേടാൻ കഴിയുന്നില്ലല്ലോ എന്ന ചിന്തയും അവളെ വല്ലാതെ അലട്ടുന്നുണ്ട്. മനസ്സിലെ പ്രണയം മനസ്സിലാക്കേണ്ടവൻ അറിയുന്നില്ല എന്ന മനോവ്യഥയും അവളിലുണ്ട്. തന്റെ സ്നേഹം തഴയപ്പെടുമോ എന്ന ആശങ്കയും പങ്കുവെയ്ക്കുന്നു.

തന്നെ മനസ്സിലാക്കാൻ, അറിയാൻ കണ്ണന് സാധിക്കുന്നില്ലെങ്കിലും കണ്ണനെ പൂർണ്ണമായി തന്റെ മനസ്സിലേക്കാവാഹിക്കാൻ രാധയിലൂടെ അവർക്ക് കഴിഞ്ഞിട്ടുണ്ട്. അന്യന്റെ ദുഃഖം എന്റേതുകൂടിയാണ് എന്ന ഒരു തത്ത്വവും ഇവിടെ അവതരിപ്പിക്കുന്നു. ഇണകളിൽ ഒന്ന് അനുഭവിക്കുന്ന

വിരഹത്തെക്കുറിച്ചും സൂചനയുണ്ട്. വിരഹവേദന അനുഭവിക്കുക ആവശ്യമാണ്. പ്രണയത്തിന്റെ അനന്തരഫലങ്ങളായ ഏകാന്തതയും, വിരഹവും ഈ വരികളിലൂടെ സൂചിതമാകുന്നുണ്ട്.

## 3.2 പ്രണയം പ്രകൃതിയോട്

പ്രകൃതിവിഷയമായ കവിതകളുടെ രചനാവേളയിൽ ഒരു ശാന്തത കവയിത്രിയുടെ മനസ്സിലുണ്ടായിരുന്നു എന്ന് കവിത വായിക്കുമ്പോൾ അറിയാനാകും. ഒരുതരം ആദ്രത ഹൃദയത്തെ തലോടുന്നതായി അനുഭവപ്പെടും. പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളും തങ്ങളുടേതായ കൂടുകളിലേക്കും വാസസ്ഥലങ്ങളിലേക്കും ചേക്കേറുകയായി. എന്നാൽ മനസ്സ് നിറയുന്ന ശാന്തമായ ഈ അവസ്ഥയിൽ പ്രണയത്തെക്കുറിച്ച് ഒന്നും സംസാരിക്കാനില്ലെന്നാണ് അവരുടെ പക്ഷം. പ്രപഞ്ചത്തിന്റെ വൈവിധ്യങ്ങളെക്കുറിച്ചും കവയിത്രിക്ക് ശരിയായി അറിയാൻ പറ്റുന്നുവെങ്കിലും അതിലേക്കൊന്നും ആഴ്ന്നിറങ്ങാൻ മനസ്സ് സന്നദ്ധമാകുന്നില്ല. ഒന്നിനെക്കുറിച്ചും പ്രണയത്തെക്കുറിച്ചുപോലും ഒരു വാക്ക് കേൾക്കാൻ അവർ ആഗ്രഹിക്കുന്നില്ല.

തന്റെ ചുറ്റുപാടുമുള്ള എല്ലാത്തിനെക്കുറിച്ചും അറിയാനും അനുഭവിക്കാനും കഴിയുന്നുണ്ടെങ്കിലും ഒന്നിലും മനസ്സ് കേന്ദ്രീകരിക്കാൻ ആവുന്നില്ല. ഒന്നിലും പൂർണ്ണത കണ്ടെത്താനും കഴിയുന്നില്ല. എല്ലാവരും അവരവരുടേതായ കാര്യങ്ങളിലേക്ക് ഒതുങ്ങുന്നു. ആർക്കും മറ്റൊന്നിനെപ്പറ്റിയും ചിന്തിക്കാൻ സമയമില്ല. മറ്റുള്ളവരുടെ കാര്യത്തിൽ ഇടപെടാനും ആരും തയ്യാറാകുന്നില്ല. എല്ലാവരും അവരവരിലേക്ക് ഒതുങ്ങുന്നതുപോലെ തന്നിലേക്ക് ഒതുങ്ങാൻ കവയിത്രിയും ശ്രമിക്കുന്നു. പതുക്കെ തന്നിലേക്കൊതുങ്ങി

കരഞ്ഞ് തന്റെ പ്രയാസത്തെ ഒരു പരിധിവരെ കുറയ്ക്കാൻ അവർ ആഗ്രഹിച്ചു. സ്വയം സങ്കടപ്പെടുമ്പോഴും അത് മറ്റാരെയും അറിയിക്കാതെ താൻ മാത്രം അനുഭവിക്കുന്ന ഒരവസ്ഥയാണ് ഈ കവിതയിൽ.

ഈ ഒരു പ്രവണത പൊതുവെ പല സ്ത്രീകളിലും കാണാനാവും സ്വയം എരിഞ്ഞുതീരുമ്പോൾ അതൊരു മഹാശക്തിയായി വീണ്ടും ഉയിർത്തെഴുന്നേൽക്കുകയാണ് ചെയ്യുക എന്നൊരു തിരിച്ചറിവിന്റെ സൂചനയും നൽകുന്നു.

'രാത്രിമഴ'യ്ക്കുശേഷം ഇറങ്ങിയ കവിതാസമാഹാരമാണ് 'അമ്പലമണി'. അതിലെ ആദ്യ കവിതയാണ് 'സമാനഹൃദയ, നിനക്കായ് പാടുന്നേൻ'. ആ കവിതയുടെ തലക്കെട്ടിൽത്തന്നെ സമാനഹൃദയമുള്ളവർക്കുവേണ്ടിയാണ് പാടുന്നത് എന്ന് കവയിത്രി വ്യക്തമാക്കിയിരിക്കുന്നു. സ്വന്തം ചിന്തകളുമായും ചെയ്തികളുമായും ഒത്തുപോകുന്നവരെമാത്രമേ സമാനഹൃദയരായി കാണാൻ കഴിയുകയുള്ളൂ. ഇവിടെ അവർ തന്റെ രചന അത്തരമൊരാൾക്കാണ് സമർപ്പിക്കുന്നത്.

ജീവിതത്തിൽ മാത്രമല്ല എഴുത്തു ജീവിതത്തിലും തനിക്ക് കൂട്ടായി, വഴികാട്ടികളായി ചിലരുണ്ട്. അത്തരത്തിൽ ചിലർ, കവിയിത്രിയുടെ ജീവിതത്തിലും ഉണ്ടായിരുന്നു.

"എൻ മിഴി നനയുമിവയ്ക്കായ് നിന്നുടെ
മിഴിയും നനയുന്നു."[25]

എന്തിനോവേണ്ടി കവയിത്രിയുടെ കണ്ണുകൾ നനയുമ്പോൾ ആ സമാനഹൃദയന്റെ മിഴിയും നനയുന്നു. പ്രവർത്തനങ്ങളിലെല്ലാം അവർക്ക് കൂട്ടായി ചിലരുണ്ട്.

കവയിത്രിയെ നേരിട്ടറിയില്ലെങ്കിലും കവിതയിലൂടെ അവരുടെ മനസ്സിൽ കുടിയേറാനും ആ ചിന്തകൾക്കനുസൃതമായി പ്രവർത്തിക്കാനും ചിലർ തയ്യാറാവുന്നു. അത്തരക്കാരോട് കവയിത്രിക്ക് തോന്നുന്ന വികാരത്തെ പ്രണയമായി കണക്കാക്കാം. കവിതകൾ എഴുതുമ്പോഴും അത് സമാനഹൃദയർ മൂളിനടക്കുമ്പോഴും സ്വന്തംജന്മം നിഷ്ഫലമാവുന്നില്ല എന്ന് ഉറച്ചുവിശ്വസിക്കാനാണ് അവർക്കിഷ്ടം.

പ്രണയിനികൾക്കായി എഴുതിയ കവിതയാണ് 'അനുരാഗികൾക്കായ്'. വിരിയാത്ത പൂവുപോലെ, ഒരുപാട്ടെങ്കിലും പാടാത്ത കിളിയെ പോലെ അനുരാഗം മനസ്സിൽ സൂക്ഷിക്കാത്ത ഒരാൾപോലും ഉണ്ടാവുകയില്ല. മനുഷ്യജീവിതത്തിൽ സുഖദുഃഖങ്ങൾ സാധാരണമാണ്. ഏതുനോവുകൾക്കിടയിലും പൂവുപോലെ, കിനാവുപോലെ, തിരിനാളംപോലെ, നിലാവുപോലെ ഉള്ളിൽ നിറഞ്ഞുനിൽക്കുന്ന ഒന്നാണ് പ്രണയം.

മനസ്സിനുള്ളിൽ ഒളിപ്പിച്ച ഈ വികാരത്തെ അടക്കിവച്ച് പുറത്തുപറയാതെ ഇരിക്കരുത് എന്നാണ് അവർ പറയുന്നത്.

"കെടുമെന്നു പേടിച്ചു കൂരിരുട്ടിൽ

തിരി തെളിക്കാതെയിരുന്നിടൊല്ലേ"[26]

എന്ന് ഉറക്കെപറയാൻ അവർക്ക് യാതൊരു മടിയും ഇല്ല. ചിലപ്പോൾ തിരിച്ചുകിട്ടണമെന്ന് ആഗ്രഹിച്ചാലും അത് നടക്കുകയില്ല. എങ്കിലും പാടെ മനസ്സിൽ നിന്ന് മായ്ച്ചുകളയരുത്. നമ്മെ കാത്തുനിൽക്കാൻ ആരെങ്കിലുമൊക്കെ അവശേഷിക്കുന്നു എന്നു തോന്നുമ്പോഴാണ് ഉണർവ്വ് ഉണ്ടാകുന്നത്.

ജീവിതാവസാനം വരെ ആ ഒരു ശക്തി നമ്മുടെ മനസ്സിലുണ്ടാകും. ഏത് പ്രയാസത്തിലും മുന്നോട്ടുപോകാനും എന്തിനെയും നേരിടാനും ഒക്കെയുള്ള ഉൾക്കരുത്തായി പ്രത്യാശയായി കൂടെ കൊണ്ടുനടക്കാൻ നമുക്ക്

സാധിക്കും എന്നത് സത്യമാണ്. താൻ സ്നേഹിക്കുക, സ്നേഹിക്കപ്പെടുക എന്നതാണ് ഈ അനുഭവങ്ങളിൽ ഉണ്ടാകുന്നത്. അത്തരം ചിന്തകൾ മനസ്സിന് ഊർജ്ജം നൽകുന്നു. ആ മാനസിക പിന്തുണ ലഭിക്കുക എന്നതുതന്നെയാണ് ഏറ്റവും വലിയകാര്യം.

'തുലാവർഷപ്പച്ച' എന്ന കവിതാസമാഹാരത്തിലെ കവിതയാണ് 'പാല പൂത്തിതുപാഴായ്.' 1990-ലാണ് ഈ സമാഹാരം പുറത്തിറങ്ങിയത്. തന്റെ മനസ്സിൽ പൂവിട്ട അനുരാഗത്തിന്റെ നോവാണ് ഇതിൽ സൂചിപ്പിക്കുന്നത്. ഉള്ളിലെ ചിന്തകൾക്ക് അതിർവരമ്പുകളുമില്ലല്ലോ. ഉള്ളിൽ ഒരു പാല പൂത്ത അനുഭവമാണിതിൽ. ആ അനുഭവം തന്നെത്തന്നെ അടിമുടി മാറ്റിയതായി പറയുന്നു. ആ മാനസികാവസ്ഥ എങ്ങനെ പറയണമെന്ന് വ്യക്തമാകുന്നുമില്ല.

"നിന്നോടു പറയേണ്ട-
തെങ്ങനെ? എൻ പ്രേമത്തിൽ,
ഖിന്നത,യിന്നും കണ്ടു
പോയമൂഢമാം സ്വപ്നം?"[27]

തന്റെ പ്രണയം ഒരു ദുഃഖമാണെന്ന് അവർ സൂചിപ്പിക്കുന്നുണ്ട്. താൻ കാണുന്ന സുന്ദരമായ സ്വപ്നങ്ങളെല്ലാം മൂഢമാണെന്നും അതിന് വ്യക്തമായ അടിസ്ഥാനമൊന്നുമില്ലെന്നും അവർ പറയുന്നു. ഇത്തരം ചിന്തകൾ വളരെ കുറച്ചുകാലത്തേക്ക് മാത്രമാണെന്നും അവ ഏത് നിമിഷവും തകർന്നേക്കാവുന്നതാണെന്നും പറയുന്നു. ഈ പ്രയാസങ്ങളെല്ലാം കേൾക്കാൻ തന്റെ പ്രാണേശന് താൽപര്യമുണ്ടാകുമോ എന്നും സംശയിക്കുന്നു. താൻ എന്തിനാണ് സ്വന്തം ദുഃഖങ്ങൾ അവിടുത്തെ മുന്നിൽ അവത

രിപ്പിക്കുന്നത് എന്നും അവർ സംശയിക്കുന്നു. ഞാൻ എന്നെത്തന്നെ നിന്റെ മുന്നിൽ സമർപ്പിച്ചാലും ചിലപ്പോൾ എന്റെ ചിന്തകൾ മനസ്സിലാക്കാനോ, ചിന്തകൾക്കൊപ്പം വരാനോ ആവില്ലെന്ന സൂചന ഇവിടെയുണ്ട്.

ഇത്തരം ചിന്തകൾ പ്രണയമനസ്സുകളിൽ സാധാരണം. പരിഭവവും കുറുമ്പും ഒക്കെ കാണിക്കുമ്പോഴാണ് അതിന് കൂടുതൽ മിഴിവ് ഉണ്ടാകുന്നത്. വ്യതിരിക്തമായ ഈ പ്രണയാനുഭവങ്ങൾ വ്യക്ത്യധിഷ്ഠിതമാണ്. അത് സാമാന്യമായി പറയാൻ സാധ്യമല്ല.

## 3.3 പ്രണയം സഹജീവികളോട്

കണ്ണനെ തേടി നടന്ന് വിവശയായ ഒരു അമ്മയുടെ ചിത്രമാണ് 'കണ്ണനെത്തേടി' എന്ന കവിതയിൽ. ഇവിടെ കണ്ണനെ തേടുന്നത് വിരഹിണിയായ ഒരു കാമുകിയായും കവയിത്രി സങ്കൽപ്പിച്ചിരിക്കുന്നു. കണ്ണനെ പല സന്ദർഭങ്ങളിലും പലരീതിയിലും പലരും കണ്ടതായി പറയുന്നു. ഗോപികമാരോടൊത്ത് കേളികളിൽ നിറയുന്നു, പശുക്കളുടെ പാലുമുട്ടിക്കുടിക്കുന്നു, എല്ലാത്തരം ക്രീഡകളിലും അവൻ ഏർപ്പെടുന്നുണ്ട്. എന്നാൽ ആരാണോ കണ്ണനെ എല്ലായിടവും തേടി നടക്കുന്നത് അവൾക്കുമാത്രം ആ രൂപം കണ്ടെത്താൻ കഴിയുന്നില്ല.

തുടർന്ന് അവന്റെ കുസൃതികൾ ഓരോന്നായി എണ്ണിയെണ്ണിപ്പറയുമ്പോഴും മുമ്പിൽ വരാത്തതിൽ ഏറെ പരിഭവിക്കുന്നുമുണ്ട്. വിരഹമാണ് പ്രണയം എന്ന സത്യം ദൃഢമാക്കുന്ന കാര്യങ്ങളാണ് ഈ കവിതയിൽ. തുടർന്ന് ആ വേണുഗാനത്തിന്റെ മാധുര്യവും അത് അവളുടെ ഉള്ളിൽ വരുത്തുന്ന മാറ്റങ്ങളും വിവരിക്കുന്നുണ്ട്. ഒരാളെ നിരന്തരം മനസ്സിലോർക്കു

മ്പോൾ അയാൾ നമ്മുടെ കൂടെയുള്ളതായി അനുഭവപ്പെടും. ഇവിടെയും അതുപോലെ കണ്ണനെ എന്നും മനസ്സിൽ ധ്യാനിക്കുന്ന, കൊണ്ടുനടക്കുന്ന വളാണ് ഈ രാധിക. അതിനാൽ തന്റെ കിനാക്കളിൽ എന്നും കണ്ണനാണ് ഓടിയെത്തുന്നത് എന്നും അവർ പറയുന്നുണ്ട്. കിനാക്കളിൽ മാത്രമായി അത് ഒതുങ്ങിപ്പോകുന്നു. അത് സാക്ഷാത്ക്കരിക്കപ്പെടുന്നില്ല.

"ഈ വിരഹത്തിൽ നോവിൽ, ചെന്തീ-

യാളുകയാണെന്നുള്ളത്തിൽ"[28]

ജന്മജന്മാന്തരങ്ങളായി ഈ അലച്ചിൽ തുടരുകയാണെന്നും അതിന് ഫലപ്രാപ്തി ഉണ്ടായിക്കാണാൻ തനിക്ക് കഴിഞ്ഞിട്ടില്ലെന്നും കവയിത്രി പറയുന്നു. ദുഃഖത്താൽ നീറുന്ന വിരഹിണിയുടെ മനസ്സുമായി താദാത്മ്യത്തിലാണ് കവയിത്രി. അവിടെ അടുക്കുന്തോറും അകലുന്ന ഒരു വേദനയായി മാറുന്നു പ്രണയം. അതിൽ ഏറെ സങ്കടപ്പെടുമ്പോഴും അവർക്ക് ചെറിയ സന്തോഷം മനസ്സിലുണ്ട്. താൻ ആർക്കുവേണ്ടിയാണോ അലയുന്നത് അയാൾ എന്നെങ്കിലും തന്റെ അടുത്ത് എത്തിച്ചേരും എന്ന പ്രതീക്ഷയാണത്.

ഏഴു മക്കളെ പ്രസവിച്ച് അവരെ മുഴുവൻ നഷ്ടപ്പെട്ട് എട്ടാമതായി അമ്മ നൊന്തു പ്രസവിച്ച മകനാണ് കണ്ണൻ. വിധിവൈപരീത്യത്താൽ ജനിച്ചയുടൻതന്നെ കുഞ്ഞിനെ പെട്ടിയിലാക്കി മറ്റൊരാളുടെ അടുത്തേക്ക് അയക്കേണ്ടതായിവരുന്നു. അന്ന് ആ അമ്മ അനുഭവിച്ച വേദന ആർക്കും വിവരിക്കാവതല്ല. കാലമേറെ കഴിഞ്ഞിട്ടും ആ വേദന മറക്കാനവർക്കായില്ല. മരണത്തിനുമാത്രമേ ആ വേദന ഇല്ലാതാക്കാനാവൂ.

ഈ ചിന്തയുമായി നീറി ഇരിക്കുമ്പോഴാണ് പാതിമയക്കത്തിൽ പല കാഴ്ചകളും ആ അമ്മ കാണുന്നത്. വളരെ അകലെയായാലും അമ്മ-മ

ക്കൾ ബന്ധത്തിന് ഉലച്ചിൽ സംഭവിക്കില്ല എന്ന് വ്യക്തമാകുന്നു. മകൻ എവിടെയാണോ ഉള്ളത്, ആ നീക്കങ്ങൾ അറിയാൻ ഉൾക്കണ്ണാൽ അമ്മ മാർക്ക് കഴിയും. തന്റെ ഓരോ പിഞ്ചുകുഞ്ഞുങ്ങളുടെയും മരണം അവർ ഓർക്കുന്നു. ആ കുഞ്ഞുങ്ങളെ രക്ഷിക്കാൻ, അവരുടെ ജീവൻ തിരിച്ചുപിടി ക്കാൻ തനിക്കായില്ലല്ലോ എന്ന വേദന മാറുന്നില്ല.

സ്ത്രീകൾക്കുനേരെ കടന്നാക്രമണം ഉണ്ടാകുന്നത് പലരീതിയിലാണ്. അത് പലപ്പോഴും ശത്രുക്കളിൽ നിന്നാകണമെന്നില്ല. സ്വന്തക്കാർ തന്നെ അതിനൊരുങ്ങുമ്പോൾ ആരെ  പഴിക്കാനാണ്? തുടർന്ന് പുരാണത്തിലെ പല കഥാപാത്രങ്ങളെയും അവർ ഓർക്കുന്നു. പല കാരണങ്ങളാൽ നിരാ ലംബകളായിപ്പോയ, പലപ്പോഴും അവഗണനകൾ നേരിടേണ്ടിവന്ന സ്ത്രീക ഥാപാത്രങ്ങളാണവർ.

"ഇവൾതൻ  കണ്ണുനീരൊപ്പാൻ

ഉണ്ണിയൊന്നു  പിറക്കുമോ"[29]

സ്ത്രീകൾ നേരിടേണ്ടിവരുന്ന വിവിധ പ്രശ്നങ്ങൾ ഒരു പരിധിവരെയെങ്കിലും കുറയ്ക്കാൻ ഇനിയെങ്കിലും ഒരു ഉണ്ണി പിറക്കുമോ എന്ന് ചോദിച്ചുപോവു കയാണ്.

പല ചിന്തകളാൽ അഴികളെണ്ണി കഴിഞ്ഞുകൂടുന്ന ആ അമ്മയുടെ മുന്നിലേക്ക് മകൻ എത്തുന്നതായി അമ്മയ്ക്ക് അനുഭവപ്പെടുന്നു. രക്ഷ യ്ക്കായി കേണുഴറിയ തന്റെ മുന്നിലേക്ക് രക്ഷകനായി, സാന്ത്വനമായി എത്തിയ ആ രക്ഷകന്റെ രൂപം പിന്നീട് വളരെ ഭംഗിയായി അവർ വർണ്ണിക്കു ന്നുണ്ട്. അമ്മമാർക്ക് പലപ്പോഴം തുണയായി എത്തുക മക്കളായിരിക്കും. അതേപോലെ ഇവിടെ കൽത്തുറുങ്കിലടക്കപ്പെട്ട 'ദേവകി' എന്ന അമ്മയുടെ

മുന്നിലും മകനായ കണ്ണൻ രക്ഷകനായി എത്തുകയാണ്. ആ രൂപത്തെ, ആ തണലിനെ എന്ത് പേരിൽ വിളിക്കണം എന്നുപോലും അവർക്കറിയില്ല. എന്നാൽ എല്ലാ വഴിയും അടയുമ്പോൾ നമുക്കായി ഒരു പുതുവഴി തുറക്കും എന്ന് ആഗ്രഹിക്കാനാണ് അവർ ഇഷ്ടപ്പെടുന്നത്. ഇവിടെയും അമ്മയുടെ രക്ഷയ്ക്കായി, മോചനത്തിനായി ആ മകൻ എത്തുന്നു. അമ്മയെ ആശ്ലേഷി ക്കുമ്പോൾ 'നീ വരു'മെന്ന് എനിക്കറിയാമായിരുന്നുവെന്ന് അമ്മ പറയു ന്നുമുണ്ട്.

മക്കളെ എന്നും സ്നേഹിക്കുന്ന, അവർക്കായി ജീവിക്കുന്ന അമ്മ മാർ അനുഭവിക്കുന്ന പ്രയാസങ്ങളെ തട്ടിയകറ്റാൻ ഏതെങ്കിലും ഒരു രൂപ ത്തിൽ ഒരു ശക്തി വന്നെത്തും എന്നതിന്റെ സൂചനയുണ്ട് ഈ കവിതയിൽ. അത് ഏതുരൂപത്തിലും, ആരും ആകാം.

അമ്മ-മകൻ ബന്ധത്തിന്റെ ഏറ്റവും പവിത്രവും ദൃഢവുമായ ബന്ധത്തെക്കുറിച്ചാണ് ഈ കവിതയിൽ വ്യക്തമാക്കുന്നത്. ഒരു കുഞ്ഞിനെ സംബന്ധിച്ചിടത്തോളം കുസൃതിത്തരം സാധാരണമാണ്. എന്നാൽ കണ്ണന്റെ ലീലകൾ പൊറുക്കാവതല്ല. അത്തരത്തിൽ ഉള്ളവയാണവ. എല്ലാതരം വികൃ തികളും ഒപ്പിക്കുകയും അതിന്റെ മുൻപന്തിയിൽ ആളായി നിൽക്കുകയും ചെയ്യുന്ന കണ്ണനെ അന്വേഷിച്ചുചെല്ലുമ്പോഴാകട്ടെ എവിടെയും കാണു കയുമില്ല. അതാണ് കണ്ണൻ.

എവിടെനിന്നോ കേൾക്കുന്ന ഒരോടക്കുഴൽനാദത്തിന്റെ ശബ്ദത്തിൽ മകന്റെ സാന്നിധ്യം അറിയാൻ, അനുഭവിക്കാൻ ആ അമ്മയ്ക്ക് കഴിയുന്നുണ്ട്. ഇവിടെ മനസ്സിന്റെ ദൃഢതയാണ് വ്യക്തമാകുന്നത്. ആ സ്നേഹത്തെ അതിന്റെ ശക്തിയെ ശിഥിലപ്പെടുത്താൻ ഒരു ശക്തിക്കും സാധിക്കില്ല എന്ന സൂചനയും കവിതയിലുണ്ട്.

രാധാ-കൃഷ്ണ പ്രണയത്തിന്റെ മറ്റൊരു തലമാണ് 'തിളച്ച പാലല്ലോ കുടത്തിൽ' എന്ന കവിതയിൽ. 'ചൂടുപാൽ' എന്നത് ഒരു പ്രതീകമാണ്. കാരണം പ്രണയം എന്നും ചൂടുള്ളതാണ്. പല കാരണങ്ങളാൽ അത് വേദനാജനകവുമായിരിക്കും. ചൂട് കൂടിയാൽ അതിന്റെ സമീപത്തുപോലും പോകാൻ പറ്റുകയില്ല.

"മനസ്സിനും പ്രേമതപസ്സിനും ചൂടാ-

ണൊരിക്കലും തണുപ്പറിഞ്ഞോളല്ലിവൾ"[30]

സ്വയം ആശ്വസിക്കാൻ തനിക്ക് അഥവാ കവിതയിലെ പ്രണയിനിക്ക് കഴിഞ്ഞിട്ടില്ല എന്നും അവർ പറയുന്നുണ്ട്. മറ്റു പല കാരണങ്ങളാലും ചൂടാകുന്നതുപോലെ പ്രണയാധിഷ്ഠിതമായ കാരണങ്ങളാലും ഇങ്ങനെയൊക്കെ സംഭവിക്കാറുണ്ട്. ബാല്യത്തിൽ കുസൃതികളാലും പിന്നീട് ചില വികൃതിത്തരങ്ങൾ കാണിച്ചും കണ്ണൻ പരിഹസിക്കുന്നു. എന്നാൽ എപ്പോഴും തന്നെ ചൂഴ്ന്നുനിൽക്കുന്ന  വേദനയിലൂടെയുള്ള സന്തോഷമാണ് കണ്ണൻ സമ്മാനിക്കുക പതിവ്. നിസ്സാരകാരണങ്ങളാൽ പല അവസരങ്ങളിലും അവൻ വികൃതിത്തരങ്ങൾ ഒപ്പിക്കാറുണ്ട്. തന്നെ വേണ്ടരീതിയിൽ പരിഗണിക്കാത്ത, ഒന്നിച്ചുനിൽക്കാൻ മടിയുള്ള കണ്ണന്റെ വിട്ടുനിൽക്കലിൽ ഏറെ വ്യഥപൂണ്ടവളാണ് കവിതയിലെ നായിക.

വൈകുന്നേരങ്ങൾ എല്ലാവർക്കും കൂടണയാനുള്ള സമയമാണ്. പ്രകൃതിയിലെ മനുഷ്യരടക്കം എല്ലാ ജീവജാലങ്ങളും അതിന് വ്യഗ്രത കാണിക്കാറുണ്ട്.  അങ്ങനയൊരു അവസരത്തിൽപ്പോലും 'ചൂടുകണ്ണുനീർക്കുടം' ചുമന്നുനിൽക്കാനാണ് ഇവിടത്തെ വിധി. അതൊക്കെ സാധാരണമാണെന്നും പലരുടെയിടയിലും ഉള്ളതാണെന്നുമൊക്കെ പലരും ആശ്വസിപ്പിക്കുമെങ്കിലും

അത് അനുഭവിക്കുന്നവരുടെ വേദന പറഞ്ഞറിയിക്കാവുന്നതല്ല. ഓരോന്നും സ്വയം അനുഭവിക്കുമ്പോഴാണ് യാഥാർത്ഥ്യം മനസ്സിലാവുക. മറ്റുള്ളവർ അത്തരം കാര്യങ്ങൾ, പ്രത്യേകിച്ചും വേദനകൾ അനുഭവിക്കുമ്പോൾ അതൊക്കെ സ്വാഭാവികമാണെന്നും നിസ്സാരമാണെന്നുമൊക്കെ നമുക്ക് തോന്നാം.

ഇവിടെ രാധയെ സംബന്ധിച്ചിടത്തോളം അവളെടുക്കുന്ന എല്ലാ പാൽക്കുടങ്ങളും പൊള്ളിത്തിളയ്ക്കുകയാണ്. യഥാർത്ഥത്തിൽ പാലല്ല, രാധയുടെ മനസ്സാണ് സദാ തിളയ്ക്കുന്നത്. വിരഹിണിയായ ഒരുവൾക്ക് ഒരിക്കലും മനസ്സമാധാനം ഉണ്ടാവുകയില്ല. സദാ വിഹ്വലതകളും ആശങ്ക കളും നിറഞ്ഞതായിരിക്കും. അവളുടെ മനസ്സ്. ഈ അവസ്ഥ എല്ലാവരിലും ഉണ്ടാകാറുണ്ടെങ്കിലും ഇത് തനിക്കുമാത്രമാണെന്ന് രാധ പരിഭവിക്കുകയും ചെയ്യുന്നുണ്ട്. അവസാനം 'നീ കൃപാമയനല്ലേ' എന്ന് കണ്ണനോട് ചോദി ക്കാനും രാധ ഒരുമ്പെടുന്നുണ്ട്. എന്റെ വ്യഥ കാണാൻ മാത്രം തനിക്കെന്തേ കഴിയാത്തത് എന്നും രാധ ചോദിക്കുന്നു. പുരുഷന്റെ അധീശത്വമനോഭാവവും അധികാരമോഹവും അതിൽ നീറിപ്പുകയുന്ന ഒരു സ്ത്രീമനസ്സുമൊക്കെ ഈ കവിതയിൽ വ്യക്തമാണ്.

പ്രകൃതിയുടെ സംഹാരതാണ്ഡവത്തിനിടയിൽ അഭയമായി ആശ്വാ സമായി ഞാൻ കാണുന്നത് അല്ലയോ 'ശ്യാമസുന്ദരാ' നിന്നെ മാത്രമാണ്. എന്ന് 'വഴിയമ്പലത്തിലെ പാട്ടിൽ' അവർ പറയുന്നു. തനിച്ചിരുന്ന് എല്ലാം മറന്ന് നിന്നെ ഓർക്കുമ്പോൾ മാത്രമാണ് എന്റെ മനസ്സിൽ ഒരു തണുപ്പ് ഉണ്ടാകുന്നത് എന്നും അവർ വിശ്വസിക്കുന്നു. ആ സമയത്ത് സ്വയം മറന്നു പാടുന്ന മീരയായി മാറുന്നുമുണ്ട്.

“പറയട്ടെ ലോകം,

വെറും ഭ്രാന്തിയാം മീര-

യൊരു പാട്ടുമാത്രമേ പാടൂ”[31]

കൃഷ്ണനോടുള്ള പ്രണയം അഥവാ ഭക്തി അവളെ പല ചിന്തകളിലേക്ക് നയിക്കുന്നുണ്ട്. സ്വയം നിനക്കിഷ്ടപ്പെട്ട എന്തായി മാറണമെന്ന് കണ്ണനോട് ഉള്ളുരുകി ചോദിക്കാൻ അവർ തയ്യാറാവുന്നു. കാട്ടുപൂവോ, മയിൽപ്പീലിയോ, വെണ്ണയുരുളയോ, പാഴ്മുളംതണ്ടോ, കല്ലവിലോ എന്താകണം എന്ന് പറഞ്ഞാൽ മാത്രം മതി. കണ്ണന്റെ ആഗ്രഹത്തിനനുസരിച്ച് എന്തായി മാറാനും അവൾ തയ്യാറാവുന്നു.

കണ്ണന്റെ പാദപത്മങ്ങളിൽ എല്ലാം മറന്ന് പാടുന്ന മീരയ്ക്ക് യാതൊന്നിനെപ്പറ്റിയും ചിന്തയില്ല. ചുറ്റുപാടും ഭീതിതമായ അവസ്ഥയാണ് നിലനിൽക്കുന്നത്. എന്നാൽ ആ ചുറ്റുപാടുകൾ മീരയെ തെല്ലും ഭയപ്പെടുത്തുന്നില്ല. മീരയുടെ ഉള്ളിൽ പൂർണ്ണമായും നിലകൊള്ളുന്നത് ശ്യാമമാം സംഗീതമാണ്. ആ സംഗീതത്തിനും അതിന്റെ ഉറവിടത്തിനും ഒന്നിനെയും ഭയമില്ല. കാരണം അതെല്ലാം കണ്ണന്റെ സ്വാധീനം നിറഞ്ഞുനിൽക്കുന്നതാണ്, അഥവാ കണ്ണനിൽ അർപ്പിതമാണ്. ഇത്തരത്തിലുള്ള ഒരു സംഗീതം തന്റെയുള്ളിൽ നിറഞ്ഞുനിൽക്കുമ്പോൾ താൻ മറ്റൊന്നും ചെയ്യേണ്ടകാര്യമില്ലെന്ന് അവർ തീരുമാനിക്കുന്നു.

കൃഷ്ണനോടുള്ള പ്രണയം ഭക്തിയായും പിന്നീട് ഗാനമായും ആവാഹിച്ചവളാണ് മീര. തന്റെ എല്ലാ സംഗീതത്തിലും കുടികൊള്ളുന്നത് ആ ചൈതന്യമാണെന്നും അതുകൊണ്ടുതന്നെ തനിക്ക് മറ്റൊന്നിനെക്കുറിച്ചും ഭയപ്പെടേണ്ടതില്ലെന്നും മീര കരുതുന്നു. അത് കൃഷ്ണനോടുള്ള പ്രണയത്തിലൂടെ അവൾ നേടിയെടുത്ത മനസ്സിന്റെ ശക്തിയാണ്. ആ നിശ്ചയദാർഢ്യ

ത്തിലൂടെ ജീവിതം മുന്നോട്ടുകൊണ്ടുപോകാനും അവർക്ക് സാധിക്കും. എല്ലാ സ്ത്രീകൾക്കും ചിലപ്പോൾ മീരയെപ്പോലെ ചിന്തിക്കാനാവണമെന്നില്ല. എങ്കിലും ത്യാഗത്തിലൂടെയായാലും താൻ ആഗ്രഹിച്ചത് നേടിയെടുക്കാൻ ഒരു പിരിധിവരെ സാധിച്ചു എന്ന ചാരിതാർത്ഥ്യം മീരയ്ക്കുണ്ട്.

ആദ്യസമാഹാരത്തിലെ മറ്റൊരു പ്രണയ കവിതയാണ് 'ആശ'. ഇനിയുമിനിയും ജീവിക്കാനും എന്തൊക്കെയോ ആഗ്രഹിക്കാനും നമ്മെ പ്രേരിപ്പിക്കുന്ന ചില ശക്തികൾ ഉണ്ട്. അത്തരത്തിലുള്ള ഒരു ജീവവായു ഈ കവിതയിലും കാണാം. ചിലപ്പോൾ ചില മനുഷ്യരാകാം, ചില സംഭവങ്ങളാകാം, സന്ദർഭങ്ങളാകാം. ഇവിടെ എന്തിലോ പ്രതീക്ഷയർപ്പിച്ച് മുന്നോട്ടുപോകുന്ന ഒരു ജീവിതമാണ് അവതരിപ്പിക്കുന്നത്.

"ഇരുളിൽ, തമ്മിൽ കാണാ-
നാവാതെ മിണ്ടാതെ, നാ-
മുഴലുന്നേരം, നിന്റെ
വിശ്വാസമെന്നോടോതീ,
'രാവിതുമായും, വീണ്ടും
നാളത്തെ പ്രഭാതത്തിൽ
പൂവൊളി മിന്നും', നിന്നെ
വിശ്വസിക്കട്ടേ ഞാനും!"[32]

എന്തിനോവേണ്ടി ചിലപ്പോൾ നാം എത്രയോകാലം കാത്തിരിക്കാറുണ്ട്. അങ്ങനെ ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നത് ചില വിശ്വാസങ്ങളോ വാക്കുകളോ ആകാം. അങ്ങനെ ഒരു വിശ്വാസം കവയിത്രിയോട് ചില കാര്യങ്ങൾ വിളിച്ചുപറയുന്നതായി അവർക്ക് തോന്നുന്നു. ചിലപ്പോൾ അത് സമൂഹത്തോ

ടുള്ള വിളിച്ചുപറയലുകളാകാം. നിരവധി പ്രശ്നങ്ങൾക്കിടയിലും ഒരുപാട് ദു:ഖങ്ങൾക്കിടയിലും ഒരുപൊൻതിരിവെട്ടം വന്നെത്താറുള്ളതുപോലെ, നിരാശാജനകമായ ഓരോ അവസരത്തിലും തനിക്ക് താങ്ങും തണലുമായി ആ അജ്ഞാതശക്തിയെ പ്രണയിക്കാൻ, കൂടെ കൊണ്ടുനടക്കാനാണ് അവർ ആഗ്രഹിക്കുന്നത്.

കവയിത്രിയുടെ ദു:ഖം പലതാവാം. ചിലപ്പോൾ മനുഷ്യരുടെ ദുഷ്ചെയ്തികളാവാം കവയിത്രിയെ അലോസരപ്പെടുത്തുന്നത്. അതിനെയൊക്കെ നേരിടാനുള്ള കരുത്തും ധൈര്യവും ഈ 'വെളിച്ച'ത്തിലൂടെ കവയിത്രിക്ക് ലഭിക്കുന്നതായും അനുവാചകർക്ക് അനുഭവപ്പെടുന്നു. പിന്നീടുള്ള കവിതയെഴുത്തിലും ഈ ഊർജ്ജമാവാം കവയിത്രിയെ മുന്നോട്ടു നയിച്ചിരിക്കുക. 'ആശ' എന്ന കവിതയിൽ ഇനിയും ജീവിതത്തെ നല്ലരീതിയിൽ മുന്നോട്ടു കൊണ്ടുപോകാനുള്ള  ധൈര്യം അവർക്ക് ലഭിക്കുന്നതോടൊപ്പം അത് വായനക്കാരിലേക്ക് പകരാനും ശ്രമിക്കുന്നുണ്ട്.

'നന്ദി' എന്ന കവിതയിലെ ആശയത്തെ ദൈവത്തോടുള്ള അഥവാ തന്നെ നിയന്ത്രിക്കുന്ന ശക്തിയോടുള്ള അടുപ്പമാണ് വ്യക്തമാക്കുന്നത്. ജീവിതമാകുന്ന ബിന്ദു ഇപ്പോഴും തിളങ്ങുന്നത് 'നിന്റെ കാരുണ്യം കൊണ്ടാണ്' എന്ന് ഉറക്കെ വിളിച്ചുപറയാൻ അവർക്ക് ഒട്ടും മടിയില്ല. ചിലപ്പോഴല്ല, പലപ്പോഴും നമ്മുടെ നിലനില്പ് തന്നെ  നിയന്ത്രിക്കുന്നത് ആ അധീശശക്തിയാണുതാനും.

"തനിയേ, നിൻകാരുണ്യമില്ലായ്കിൽപ്രഭോ, തണു-

ത്തുറയും കണ്ണീർത്തുള്ളി മാത്രമായ് മാഞ്ഞേനെ ഞാൻ"[33]

സ്വന്തം ജീവിതത്തിന്റെ ഒഴുക്കുതന്നെ ആ പരമോന്നതന്റെ ശക്തിചൈതന്യത്താലാണ് എന്ന് വിശ്വസിക്കാനാണ് അവർക്കിഷ്ടം. ജീവിതത്തിൽ ആ

പ്രഭാവലയം ഇല്ലായിരുന്നെങ്കിൽ ജീവിതം തണുത്തുറഞ്ഞ ഒരു കണ്ണു നീർത്തുള്ളി മാത്രമായി മാറിയേനെ എന്നും അവർ പറയുന്നു. താനിപ്പോൾ ജീവിക്കുന്നത് തന്നെ നിയന്താവിന്റെ കാരുണ്യത്താലാണ്.

ദൈവികശക്തിയും കവയിത്രിയും തമ്മിലുള്ള ഒരു ബന്ധം, അത് കവയിത്രിയെ നയിക്കുന്ന രീതി എന്നിവയൊക്കെ ഈ കവിതയിൽ നിന്ന് വായിച്ചെടുക്കാം. എല്ലാറ്റിനും മീതെ ഒരു ശക്തിയുണ്ടെന്ന് വിശ്വസിക്കുന്നവ രാണ് പലരും. ഒരു ചുംബനത്താൽ കവയിത്രിയുടെ ആത്മാവ് വല്ലാത്ത ഒര വസ്ഥയിലെത്തിച്ചേരുന്നു. എന്നാൽ ഒരു പൂവിന്റെ കിനാവായി, ഭൂമിയുടെ തെളിമുത്തായി, നക്ഷത്രമായി, ആകാശത്തിൽ വെള്ളിനുറുങ്ങായി മാറാൻ സാധിച്ചു എന്നും കവയിത്രി വിശ്വസിക്കുന്നു. അതിനെല്ലാം കാരണം വിശ്വാ സമാണെന്നും അതിന്റെ ശക്തിയാലാണ് തന്റെ ജീവിതം മുന്നോട്ടുപോകു ന്നതെന്നും പറയുന്നു.

തന്റെ ജീവിതത്തെ, തന്നെത്തന്നെ നിയന്ത്രിക്കുന്ന ആ ശക്തിയിൽ ലയിച്ച് അതിൽ വിശ്വാസമർപ്പിച്ച് മുന്നോട്ടുപോകാനാണ് കവയിത്രിക്കിഷ്ടം. അത്തരം ഒരു നിരീക്ഷണം തന്നെയാണ് 'നന്ദി' എന്ന കവിതയിലും.

സുഗതകുമാരിയുടെ 'സ്വപ്നഭൂമി' എന്ന കവിതാസമാഹാരത്തിലെ 'പ്രവാഹബിന്ദു' എന്ന കവിതയിൽ ഭ്രാന്തനായ ഒരു കവി കണ്ട കാഴ്ച കളാണ് അവതരിപ്പിച്ചിരിക്കുന്നത്. ആ ഭ്രാന്തൻ നിത്യകാമുകനും ഏകനു മാണ്. പ്രകൃതിയെയും പരിസരത്തെയും ഏറെക്കുറെ മനസ്സിലാക്കാനും അതി നനുസരിച്ച് ചിന്തിക്കാനും അവനറിയാം. ആ പ്രകൃതിയെയും അതിന്റെ മനോ ഹാരിതയെയും ഭ്രാന്തതയെയുമൊക്കെ മനസ്സിലാക്കി പാടാൻ ആഗ്രഹിക്കുന്ന കവിമനസ്സിന്നുടമയാണ് അവർ. എന്നാൽ,

"പാഴ്‌വാക്കിൻ നാരിലായിപ്പൊൻ

പൂവെല്ലാം കേൾപ്പതെങ്ങനെ?

ഭൂവിൻ ശ്രീകോവിലിൽ താനീ

മാല നൽകുന്നതെങ്ങനെ?"[34]

തന്നിലെ കഴിവുകളെ മനസ്സിലാക്കാനും അത് ഉൾക്കൊള്ളാനും കഴിയാത്ത മനസ്സിന്നുടമയായിട്ടാണ് സുഗതകുമാരി ഇതിൽ പ്രത്യക്ഷപ്പെടുന്നത്. കവിയോട് അവൾക്ക് പ്രണയമുണ്ട്. എന്നാൽ അവളെ അഴൽ മൂടിയിരിക്കുകയാണ്. ആ നേത്രങ്ങളെ തന്റെ മനസ്സിലേക്കാവാഹിക്കാൻ കവിക്ക് കഴിയുന്നുണ്ട്. മനസ്സിനെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുന്ന പല പ്രശ്നങ്ങളാൽ ഒന്നിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ ഭ്രാന്തമായ മനസ്സുള്ള കവിക്ക് ആവുന്നുമില്ല. എങ്കിലും ലോകത്തിന്റെ ചലനത്തെക്കുറിച്ചും തന്റെ ചുറ്റിലും നടക്കുന്ന ഓരോ കാര്യത്തെക്കുറിച്ചും പൂർണ്ണാവബോധം കവയിത്രിക്കുണ്ട്. പ്രകൃതിയിലെ ഓരോ വസ്തുവിലും തന്റെ കയ്യൊപ്പുവേണമെന്ന് നിരന്തരം ശഠിക്കുന്ന സ്വഭാവക്കാരനാണ് കവിതയിലെ ഭ്രാന്തനായ കവി.

"വേറെയില്ലൊന്നു തന്റേതാ-

യീ പ്രവാഹത്തിനേകുവാൻ

ചേരുമേയിക്കൊടും കാറ്റിൽ

തന്റേതാം പ്രാണവായുവും"[35]

അത്തരത്തിൽ ചിന്തിക്കുന്ന ഒരു കവിമനസ്സുതന്നെ വിരളമാണ്. അതുകൊണ്ടായിരിക്കാം ആ മനസ്സിനെ കവയിത്രി ഭ്രാന്തൻ എന്ന് വിശേഷിപ്പിക്കുന്നത്. മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി ചിന്തിക്കാൻ അത്തരക്കാർക്കേ പറ്റൂ. അതും കവയിത്രിയെ മറ്റുള്ളവരിൽനിന്നും മാറ്റി നിർത്തുന്നു. ഇങ്ങനെ വ്യത്യസ്തമായ ഒരു ചിന്തയാണ് 'പ്രവാഹബിന്ദു' എന്ന കവിതയിൽ.

സുഗതകുമാരിയുടെ ‘ഇരുൾച്ചിറകുകൾ’ എന്ന കവിതാസമാഹാരത്തിലെ ഒരു ശ്രദ്ധേയമായ കവിതയാണ് ‘അനുരാഗം’. മനസ്സിലെ ‘അനുരാഗം’ എന്ന പരികൽപ്പനയെ ഏതു രീതിയിലാണ് കാണേണ്ടത് എന്നും എന്തിനോടാണ് അനുരാഗം എന്നൊന്നും അറിയുന്നില്ല. ഒന്നും തിരിച്ചറിയപ്പെടാത്ത, തിരിച്ചറിയാൻ കഴിയാത്ത ഒരവസ്ഥയാണ്.

കൺനിറയെ സ്നേഹിച്ചും കരൾ നിറയെ പാടിയും ജീവൻ നിറയെ തേങ്ങിയും ഞാൻ നിന്നെ സ്നേഹിക്കുന്നത് എന്തിനാണെന്ന് എനിക്ക് അറിയാൻ കഴിയുന്നില്ല എന്നാണ് അവർ പറയുന്നത്. മനസ്സിനെ പല രീതിയിൽ അസ്വസ്ഥമാക്കാൻ ആ സ്നേഹത്തിന് കഴിയുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. കവിമനസ്സിൽ പ്രതിഷ്ഠനേടാൻ സാധിക്കുക എന്നത് വലിയ കാര്യമാണ്. ഒന്നിന്റെയും ഒരു വ്യവസ്ഥയുടെയും പൊരുൾ അറിയാൻ സാധിക്കുന്നില്ലെങ്കിലും എല്ലാറ്റിന്റെയും അടിവേരായി മനസ്സിന്റെ കോണിൽ സ്ഥിരപ്രതിഷ്ഠനേടാൻ കഴിയുന്നു എന്നതുതന്നെയാണ് ആ സ്നേഹത്തിന്റെ തീവ്രത. അത് മനസ്സിൽ മായാതെ മങ്ങാതെ നിറയുന്നു.

അനുരാഗത്തിനായി, പ്രണയത്തിനായി കൊതിക്കാത്ത മനസ്സുകളില്ല. എല്ലാ മനുഷ്യരിലും അന്തർലീനമായി കിടക്കുന്ന പാവനമായ വികാരമാണത്. ആ മാസ്മരിക ചിന്തകൾ താലോലിച്ച് ജീവിക്കുവാനും മുന്നോട്ടു പോകുവാനും എല്ലാവരും ആഗ്രഹിക്കുന്നു. എന്നാൽ പലർക്കും അത് സാധ്യമാകാറില്ല. അതിന് ഒരു പ്രത്യേക പേരിട്ട് വിശദീകരിക്കാനും സാധ്യമല്ല. എങ്കിലും ആ ചിന്തകളെ സജീവമാക്കി മുന്നോട്ടുപോവുക എന്നതിലാണ് അവർ ആനന്ദം കണ്ടെത്തുന്നത്. പ്രണയമാനങ്ങളാണ് കവയിത്രി മേൽപ്പറഞ്ഞ കവിതകളിലൂടെയെല്ലാം ആഖ്യാനം ചെയ്യുന്നത്.

## കുറിപ്പുകൾ

1. പ്രൊഫ. എം.അച്യുതൻ, പാശ്ചാത്യ സാഹിത്യദർശനം, പുറം 550
2. www.thought co.com, Shakespeare studying, 2019, The recurrent theme of love in Shakespear's plays.
3. പ്രൊഫ. എം.അച്യുതൻ, പാശ്ചാത്യ സാഹിത്യദർശനം, പുറം 550
4. Study of Romantic poem of percy Busshe Shelley
5. John keats - A love poet/The kochi post, 2012
6. സുഗതകുമാരി, സുഗതകുമാരിയുടെ കവിതകൾ, പുറം 49
7. അതേപുസ്തകം, പുറം 91
8. അതേപുസ്തകം, പുറം 100
9. അതേപുസ്തകം, പുറം 116
10. അക്കിത്തം അച്യുതൻ നമ്പൂതിരി, ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം, പുറം 18
11. സുഗതകുമാരി, സുഗതകുമാരിയുടെ കവിതകൾ, പുറം 117
12. അതേപുസ്തകം, പുറം 152
13. അതേപുസ്തകം, പുറം 161
14. അതേപുസ്തകം, പുറം 163
15. അതേപുസ്തകം, പുറം 163
16. അതേപുസ്തകം, പുറം 423
17. അതേപുസ്തകം, പുറം 428
18. അതേപുസ്തകം, പുറം 96
19. അതേപുസ്തകം, പുറം 715

20. അതേപുസ്തകം, പുറം 721

21. അതേപുസ്തകം, പുറം 736

22. അതേപുസ്തകം, പുറം 754

23. അതേപുസ്തകം, പുറം 761

24. അതേപുസ്തകം, പുറം 417

25. സുഗതകുമാരി, രാധയുടെ ഉയിർത്തെഴുന്നേൽപ്പ്, പുറം 693

26. സുഗതകുമാരി. സുഗതകുമാരിയുടെ കവിതകൾ, പുറം 633

27. അതേപുസ്തകം, പുറം 770

28. അതേപുസ്തകം, പുറം 777

29. അതേപുസ്തകം, പുറം 794

30. അതേപുസ്തകം, പുറം 798

31. അതേപുസ്തകം, പുറം 69

32. അതേപുസ്തകം, പുറം 79

33. അതേപുസ്തകം, പുറം 89

34. അതേപുസ്തകം, പുറം 90

35. അതേപുസ്തകം, പുറം 715

# കണ്ടെത്തലുകളും നിഗമനങ്ങളും

മനുഷ്യാനുഭവങ്ങളെ ലളിതവും സരളവും സൂക്ഷ്മവുമായി ആഖ്യാനം ചെയ്ത കവിതകളിലൂടെ മലയാളഭാഷയെ സമ്പന്നമാക്കിയ സുഗതകുമാരി യുടെ കവിതകളെ ബലിഷ്ഠമാക്കുന്ന സുപ്രധാന അനുഭവരാശിയാണ് പ്രണയം. വൈയക്തികവും സാമൂഹ്യവുമായ ഉണർവ്വിന്റെ അടിയാധാരമായി വർത്തിക്കുന്നത് പ്രബുദ്ധമായ പ്രണയഭാവുകത്വമാണ്. സാമൂഹ്യമായി സമ രോത്സുകമാവാനും വ്യക്തിപരമായി സമർപ്പണമാവാനും പ്രേരിപ്പിക്കുന്ന ജീവന്റെ അടയാളമായാണ് ഈ കവി പ്രണയാനുഭവത്തെ തിരിച്ചറിയുന്നത്. പ്രണയമെന്ന പ്രമേയത്തെ ആത്മാന്വേഷണത്തോളമെത്തുന്ന ആവിഷ്കാര സവിശേഷതകൊണ്ട് വിസ്മയിപ്പിക്കുന്ന കാവ്യപ്രപഞ്ചം സൂക്ഷ്മമായി അന്വേ ഷിച്ചതിന്റെ ഭാഗമാണ് ഈ പ്രബന്ധം. പ്രണയത്തിന്റെ പെരുക്കങ്ങളിലൂടെ പ്രകൃതിയോടും ജീവജാതികളോടും മനുഷ്യനോടും നൈസർഗ്ഗികമായി പെരു മാറുമ്പോഴാണ് ഭൂമിയിൽ സ്വർഗ്ഗം പുലരുക എന്ന് വിശ്വസിക്കുന്ന ഒരു കവി യുടെ സർഗ്ഗസവിശേഷതകളിലൂടെയുള്ള സഞ്ചാരമായിരുന്നു ഇത്. പ്രണ യത്തിന്റെ അർത്ഥവും ആഴവും ആന്തരികമായ ഉണ്മയുടെ തിളക്കവും സൂക്ഷ്മമായി നിർദ്ധാരണം ചെയ്യാൻ കഴിഞ്ഞു എന്ന അനുഭവം സുപ്രധാ നമായിത്തീരുന്നുണ്ട്.

വികാരങ്ങളുടെ അനർഗ്ഗളപ്രവാഹമായി കവിത മാറുമ്പോഴും സ്ഥായി യായി നിൽക്കുന്ന അനുരാഗഭാവം സുഗതകുമാരിയുടെ കവിതകളെ ഹൃദ്യ മാക്കുന്നു. ഈ അനുരാഗം വൈയക്തികാനുഭവം മാത്രമല്ല വിശ്വപ്രകൃതി യോളം വ്യാപിക്കുന്നതുമാണ്.

പരിസ്ഥിതിയെ സംബന്ധിച്ചും, പെണ്ണനുഭവത്തെ സംബന്ധിച്ചും, പൗരാണികാനുഭവത്തെ സംബന്ധിച്ചും എഴുതപ്പെട്ട സുഗതകുമാരിക്കവിത

കളുടെയെല്ലാം അടിയൊഴുക്കിൽ പ്രണയത്തിന്റെ ഭാവരാശി പ്രചലിതമാവുന്നുണ്ട്. ഒരിക്കലും കെട്ടുപോകാതെ ആളുന്ന പ്രണയാഗ്നിയാണ് ഈ കവിതകളുടെ കരുത്തും കാതലും.

വിരഹവും ഏകാന്തതയും വിഷാദവും അലിഞ്ഞില്ലാതാവുന്ന മാന്ത്രികത പ്രണയത്തിന്റെ ആത്മചൈതന്യത്തിൽ കൂടിയേ ലഭിക്കൂ എന്ന് ഈ കവി വിശ്വസിക്കുന്നു. ദൂരെയിരിക്കുമ്പോഴും ചാരെയാണെന്ന ബോധം ഉണ്ടാക്കാൻ കഴിയുന്ന വിസ്മയമാണ് പ്രണയമെന്ന് കവിത സാക്ഷ്യപ്പെടുത്തുന്നു. എല്ലാം നഷ്ടപ്പെടുമ്പോഴും ചിലതെല്ലാം അവശേഷിക്കുന്നു എന്നും പ്രണയംകൊണ്ട് വീണ്ടെടുക്കാൻ കഴിയാത്തതെന്തുണ്ട് എന്നും കരുതാനാവുന്നത് പ്രണയമെന്ന അചഞ്ചല വിശ്വാസത്തിന്റെ ബലിഷ്ഠമായ സാന്നിദ്ധ്യം കൊണ്ടാണ്.

പ്രണയത്തിന്റെ പച്ചയും പടർപ്പുമായി മാറുന്ന ദാമ്പത്യത്തിന്റെ ഭാവനാസാക്ഷ്യങ്ങളാണ് സുഗതകുമാരിയുടെ പല കവിതകളും. പാരസ്പര്യത്തിലൂടെ പുലരുന്ന അർത്ഥവത്തായ പങ്കുവെയ്ക്കലാണ് ജീവിതത്തിന്റെ ആധാരതത്ത്വമെന്ന് കവി അറിയുന്നു. സുതാര്യതയുടെയും ആത്മസമർപ്പണത്തിന്റെയും ആത്മാർത്ഥതയുടെയും അഗാധമായ ബന്ധത്തിന്റെയും തെളിച്ചം പകരുന്ന അനുഭവരാശിയായി പ്രണയം ഈ ആഖ്യാനങ്ങളിലെല്ലാം നിറഞ്ഞുനിൽക്കുന്നു. മനോബലത്തിന്റെ അർത്ഥവത്തായ പ്രയോഗമായാണ് കവി പ്രണയത്തെ ദർശിക്കുന്നത്. മനുഷ്യാനുഭവങ്ങൾക്ക് പുതിയ ആകാശവും പുതിയ ഭൂമിയും പതിച്ചുനൽകുന്ന പ്രാണന്റെ യുക്തിയാണ് പ്രണയം എന്ന് സൂക്ഷ്മവായനയിൽ ബോധ്യമാവുന്നു. പ്രണയമില്ലെങ്കിൽ ജീവിതമില്ല എന്ന മഹത്തായ ദർശനത്തോളമെത്തുന്ന പ്രമേയമാണ് സുഗതകുമാരി

യുടെ മിക്ക കവിതകളുടെയും ആധാരശ്രുതിയായി വർത്തിക്കുന്നത്. കീഴട ങ്ങലും കീഴടക്കലുമില്ലാതെ നിരുപാധിക സ്നേഹം കൊണ്ട് തമ്മിലിണ ങ്ങിയ പ്രണയികളെയാണ് ഈ കവിതകളിൽ കുണ്ടുമുട്ടാനാവുന്നത്. ഒരാളെ അയാളുടെ ശക്തി ദൗർബല്യങ്ങളോടെ വീണ്ടെടുത്ത് ജീവിതത്തിന്റെ സകല സന്ധികളിലും താങ്ങും തണലുമാവുന്ന അപൂർവ്വ വിസ്മയമായാണ് കവി പ്രണയത്തെ കാണുന്നത്. തളരാത്ത കരുത്തോടെ പരസ്പരം വീണ്ടെടുക്കു കയും ഉൾക്കൊള്ളുകയും ചെയ്യുമ്പോൾ ലഭ്യമാവുന്ന സുരക്ഷിതത്വത്തിലും സമാധാനത്തിലുമാണ് പ്രണയസാഫല്യം എന്ന ചിന്ത സുഗതകുമാരിയുടെ കവിതകളിൽ പ്രബലമാണ്. ഇവ്വിധമുള്ള ആത്മസമർപ്പണം വഴി ഉദാത്തമാ വുന്ന പ്രണയ സങ്കല്പം മനുഷ്യജന്മത്തിന്റെ മഹോന്നതിയെ വെളിപ്പെടു ത്തുന്നു എന്ന വിശ്വാസം കവിതയിൽ പ്രബലമാണ്. ത്യാഗത്തിലൂടെയും സമർപ്പണത്തിലൂടെയും പരസ്പരം ബഹുമാനിക്കുന്ന വ്യക്തിബന്ധ ങ്ങൾക്കെല്ലാം ഇന്ധനശക്തി പ്രണയമല്ലാതെ മറ്റെന്താണ് എന്ന ദൃഢബോധ്യം സുപ്രധാനമാണ്. സ്ത്രീയുടെ അബലത്വത്തിനും പുരുഷന്റെ അധീശത്വത്തിനും എതിരായി പ്രവർത്തിക്കുന്ന ഒരു ശക്തിവിശേഷമാണ് പ്രണയമെന്ന് സുഗതകുമാരിക്കവിതകളിൽ മുഴങ്ങുന്ന വലിയ യാഥാർത്ഥ്യ മാണ്. പുരുഷ-സ്ത്രീ ഭാവങ്ങൾ പരസ്പരം പോരടിക്കേണ്ടതല്ല, മറിച്ച് ഭിന്ന മായി നിൽക്കാൻ പ്രേരിപ്പിക്കുന്ന പുരുഷാധിപത്യത്തെയാണ് നിരാകരിക്കേ ണ്ടതെന്ന സാമൂഹ്യോണർവ്വ് കവി പ്രഖ്യാപിക്കുന്നുമുണ്ട്. പുരുഷഭാവം സ്ത്രീഭാവത്തിന്റെ തന്നെ മറ്റൊരു വശമാണ്. പ്രണയം അസാധ്യമാക്കാനോ റദ്ദ് ചെയ്യാനോ വരുന്ന പുരുഷാധികാരത്തെ കാരുണ്യലേശമില്ലാതെ കവി

വിമർശന വിധേയമാക്കുന്നുണ്ട്. എവിടെ ബന്ധങ്ങളിൽ അധികാരം പ്രവർത്തിക്കുന്നുവോ അവിടെ പ്രണയം അസ്തമിക്കുന്നു എന്ന കാഴ്ചപ്പാടും കവിതകളിൽ കാണാം.

1. പ്രപഞ്ചജീവിതത്തിന്റെ പാരസ്പര്യം നിലനിൽക്കുന്നത് പ്രണയത്തിലാണ്. വൈയക്തികജീവിതത്തിന്റെയും പ്രാപഞ്ചികജീവിതത്തിന്റെയും ആണിക്കല്ലാണ് പ്രണയം.

2. പ്രപഞ്ചം ചരാചരമാണ്. സർവ്വ ചരാചരങ്ങളിലും നിലീനമാണ് പ്രണയം. തരുപക്ഷിമൃഗാദികളിലും നരനിലും വിശുദ്ധമായ പ്രണയം നിലനിൽക്കുന്നു.

3 മനുഷ്യജീവിതത്തിലെ ഭാവനയാണ് പ്രണയം. അത് എന്നും മനുഷ്യമനസ്സിന്റെ അടങ്ങാത്ത തേടലാണ്, വിതുമ്പലാണ്.

4 പ്രകൃതിയോടും പ്രകൃതിയിലെ മറ്റ് ജീവജാലങ്ങളോടുമുള്ള പ്രണയവും പ്രകൃതി സംരക്ഷണവും സ്ത്രീപക്ഷവാദങ്ങളും സ്ത്രീസുരക്ഷയും മറ്റുമാണ് സുഗതകുമാരിക്കവിതകളിൽ കൂടുതലായി ആഖ്യാനം ചെയ്യുന്നത്. പ്രകൃതി, സ്ത്രീ, പുരുഷൻ ഇവരുടെ പാരസ്പര്യത്തിന്റെ പ്രതീകമാണ് സുഗതകുമാരിക്കവിതകൾ. കൃഷ്ണനും രാധയും തമ്മിലുള്ളതും കൃഷ്ണനും ഗോപികമാരും തമ്മിലുള്ളതും ആയ പ്രണയബന്ധത്തെ പല കവിതകളിലും വിശദീകരിക്കുന്നുണ്ട്. സ്വതന്ത്ര സ്വത്വമുള്ളവരാണ് സ്ത്രീകൾ എന്ന പ്രഖ്യാപനവും സുഗതകുമാരിക്കവിതകളിൽ കാണാം.

5. പ്രണയം ഒരു വികാരമാണ്. മനുഷ്യജീവിതത്തെ നിർണ്ണയിക്കുന്നതിലും ദിശാബോധം നൽകുന്നതിലും പ്രണയത്തിന് അപാരമായ ശേഷിയുണ്ട്.

പ്രണയം മാനസികവും ശാരീരികവുമാണ്. മാനസിക തലത്തിൽ ലൗകികവും അലൗകികവുമായ തലം അതിനുണ്ട്. ശാരീരികതലത്തിൽ ഭൗതികവും ആത്മീയവുമായ മാനങ്ങൾ പ്രണയഭാവത്തിനുണ്ട്.

6 കവയിത്രി ജീവിക്കുന്ന പ്രകൃതിക്ക് നാശമുണ്ടാക്കുന്ന മനുഷ്യരുടെ പ്രവൃത്തികളെ കവിതകളിലൂടെയും ലേഖനങ്ങളിലൂടെയും ഏറെ ചോദ്യം ചെയ്ത വ്യക്തിയാണ് ശ്രീമതി സുഗതകുമാരി. പ്രകൃതിക്ക് ദോഷം സംഭവിച്ചാൽ അത് ഏറെ ബാധിക്കുക മനുഷ്യനുൾപ്പെടുന്ന ജീവീയലോകത്തെയായിരിക്കും. മനുഷ്യൻ പ്രകൃതിയെ നാശോന്മുഖമാക്കുന്നതിന്നെതിരെയും അതുമൂലമുണ്ടാക്കുന്ന ഭവിഷ്യത്തുക്കളെപ്പറ്റിയും വളരെ നേരത്തെ കണ്ടറിഞ്ഞിരുന്ന കവയിത്രിയാണ് സുഗതകുമാരി. ഏതേത് രീതിയിലാണ് പ്രകൃതിയെ രക്ഷിക്കുക എന്ന് തോന്നിപ്പിക്കുന്ന വിധത്തിലാണ് അവരുടെ പ്രവൃത്തി.

7 പ്രണയത്തിന്റെ അടിസ്ഥാനം സ്നേഹമാണ്. ഉപാധികളില്ലാത്ത സ്നേഹമാണ് പ്രപഞ്ചജീവിതത്തെ നിലനിർത്തുന്ന പാരസ്പര്യത്തിനടിസ്ഥാനം. അണുക്കളിൽ വെച്ച് അണുവിലും മഹത്തായതിൽ വെച്ച് മഹത്തിലും നിറഞ്ഞുനിൽക്കുന്നത് തന്നിൽ തുടിക്കുന്ന ചൈതന്യം തന്നെയാണ് എന്ന തിരിച്ചറിവാണ് പ്രണയാവബോധത്തെ നിർണ്ണയിക്കുന്നത്.

8 ഭൂമിയിലെ സർവ്വചരാചരങ്ങളും ജീവിക്കുന്നത് ജലത്തെ ആശ്രയിച്ചാണ്. മഴപ്പെയ്ത്തില്ലെങ്കിൽ ഭൂമിയിലെ സർവ്വചരാചരങ്ങളും നശിച്ചുപോകും. അത്തരം കാര്യങ്ങളും അതിന്റെ വിശദാംശങ്ങളും സൂക്ഷ്മമായും അപഗ്രഥിക്കുകയാണ് പ്രകൃതിയുമായി ബന്ധപ്പെട്ട പല കവി

തകളിലും. പ്രകൃതിയുമായി സുദൃഢബന്ധം സ്ഥാപിക്കുന്ന അനുഭവമാണ് ഇത്തരം കവിതകളിൽ വിശദീകരിക്കുന്നത്. ജീവിതത്തിൽ നിന്നും ഒരിക്കലും അടർത്തിമാറ്റാൻ പറ്റാത്ത ഒരനുഭവമായി പ്രകൃതിയെ ഈ കവിതയിൽ ചിത്രീകരിക്കുന്നു. പ്രകൃതിയിൽ താണ്ഡവമാടുന്ന ചുഴലിക്കാറ്റ് പ്രകൃതിയുടെ സന്തുലനാവസ്ഥയെ അട്ടിമറിക്കുന്നതായി 'വേലിയേറ്റത്തിൽ' എന്ന കവിതയിൽ വിവരിക്കുന്നു. ഓരോ സൂക്ഷ്മജീവിയിലും അതാതിന്റേതായ സൗന്ദര്യമുണ്ടെന്നും അത് പ്രകൃതിയുടെ സ്വതന്ത്രസ്വത്വമാണെന്നും ഈ കവിതയിൽ കണ്ടെത്തുന്നുണ്ട്.

9 താനും പ്രകൃതിയും ഒരേ ആത്മാവിന്റെ വ്യത്യസ്ത രൂപങ്ങളാണെന്ന വിവേകമാണ് സുഗതകുമാരിക്കവിതകളിലെ പാരിസ്ഥിതിക പ്രതിരോധ ബോധത്തിന്നാധാരം. വൈയക്തികമായ പ്രണയം ഉപാധിരഹിതമായി മാറുമ്പോൾ അത് ഭക്തിയായും, രാധാകൃഷ്ണപ്രണയമായും, പ്രകൃത്യാരാധനയായും സുഗതകുമാരിക്കവിതകളിൽ വിചിത്രരൂപങ്ങളെ പ്രാപിക്കുന്നു.

10 പ്രകൃതി, പുരുഷൻ, സ്ത്രീ ഇവയുടെ കൂട്ടായ്മയാണ് സുഗതകുമാരിക്കവിതകളുടെ അടിസ്ഥാനം. ഈ അടിസ്ഥാനബോധത്തിന്റെ പിൻബലം ഭാരതീയവും സനാതനവുമായ അദ്വൈത ചിന്തയാണ്.

11 അറിവ് വിവേകമായി മാറുമ്പോൾ കാരുണ്യം പ്രവൃത്തികളിൽ നിറയും. സുഗതകുമാരിയുടെ എഴുത്ത് എന്ന സർഗ്ഗക്രിയയിലൂടെ ഈ കാരുണ്യത്തിന്റെ പ്രവൃത്തിപഥമാണ് വെളിവാക്കപ്പെടുന്നത്.

12 പ്രകൃതിയുടെ മാറിമാറി വരുന്ന അവസ്ഥകളെപ്പറ്റിയും അതിൻ ഫലമായി ജീവജാലങ്ങൾക്കുണ്ടാകുന്ന പലവിധ മാറ്റങ്ങളെപ്പറ്റിയുമാണ്

'മരുഭൂമിയുടെ വസന്തം' എന്ന കവിതയിൽ പറഞ്ഞിരിക്കുന്നത്. മഴ പ്രകൃതിയിലുണ്ടാക്കുന്ന മാറ്റവും അതിൻഫലമായിപ്രകൃതി സന്തോഷവതിയായി മാറുന്നതുമൊക്കെയാണ് 'മഴ' എന്ന കവിതയിലെ പ്രമേയം. പ്രകൃതിയിലെ ഓരോ ജീവജാലങ്ങളിലും കുടികൊള്ളുന്ന ഉണ്മയെ സുഗതകുമാരി തന്റെ കവിതയിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഓരോ സൂക്ഷ്മകണികകളിൽപ്പോലും സൗന്ദര്യാംശങ്ങൾ ഉണ്ട് എന്ന് 'പുഷ്പാലങ്കാരം' എന്ന കവിതയിലൂടെ സുഗതകുമാരി തെളിയിക്കുന്നു.

13 സർവ്വ ജീവജാലങ്ങളോടുമുള്ള കാരുണ്യമാണ് സുഗതകുമാരിയുടെ ആനയെ സംബന്ധിക്കുന്ന കവിതകളിൽ തെളിയുന്നത്.

14 അജ്ഞാനമാണ് അഹങ്കാരത്തിന്റെ കാരണം എന്ന് തിരിച്ചറിയുന്ന കവയിത്രി പ്രണയത്തിന്റെ നാനാർത്ഥവായനയിലൂടെ അഹങ്കാരിയിലും കാരുണ്യം ചൊരിയുന്നുണ്ട് എന്ന് ഗജേന്ദ്രമോക്ഷം എന്ന കവിതയിലൂടെ പറയുന്നുണ്ട്.

15 മഴയുടെ വരവ് കാണാത്തതുമൂലമുള്ള ഭൂമിയുടെ പൊട്ടിക്കരച്ചിൽ സഹിക്കാൻ കഴിയാതെ ഒരുമഴ താനറിയാതെ പെയ്തുപോകുന്ന ഒര വസ്ഥയാണ് 'വേനലിന് മുമ്പ് ഒരുമഴ' എന്ന കവിതയിലെ പ്രതിപാദ്യ വിഷയം.

16 പ്രകൃതിയിലെ സൗന്ദര്യത്തിലുപരി അതിലധിവസിക്കുന്ന ഓരോ ജീവ ജാലങ്ങളിലും കുടികൊള്ളുന്ന സൗന്ദര്യത്തെ തുറന്നുകാട്ടുകയാണ് 'ഒരുപുലരികൂടി' എന്ന കവിതയിലൂടെ കവയിത്രി ചെയ്യുന്നത്.

17 കാവേരി നദിയുടെ സൗന്ദര്യത്തെയാണ് 'നീർക്കിളി' എന്ന കവിത യിൽ അപഗ്രഥിക്കുന്നത്. പഴയ കാവേരിയെയും പുതിയ കാവേരി

യെയും താരതമ്യപഠനത്തിന് വധേയമാക്കുന്നത് വഴി മനുഷ്യന്റെ ഇട പെടൽ ആ നദിയ്ക്കുവരുത്തിയ മാറ്റത്തെയും ഈ കവിതയിൽ പഠി ക്കുന്നത് കാണാം.

18 മഴയും മഞ്ഞും വെയിലും മറ്റു പ്രകൃതി പ്രതിഭാസങ്ങളും വിഷയമാ ക്കിത്തീർത്ത കവിതയാണ് 'രാത്രിമഴ'. കവിയുടെ പ്രണയത്തിനും ദുഃഖ ത്തിനും സാക്ഷിയായിരുന്നു 'രാത്രിമഴ'. ആ രാത്രിമഴയെ താൻത ന്നെയായിക്കാണാനാണ് ഈ കവിതയിൽ പരിശ്രമിച്ചിട്ടുള്ളത്. അതി നനുസരിച്ച ബിംബങ്ങൾ കവി തെരഞ്ഞെടുക്കുന്നതായി കാണാം.

19 മനുഷ്യന് സൗന്ദര്യവിദ്യാഭ്യാസം ലഭിക്കുമ്പോഴാണ് ആ വ്യക്തി പ്രബു ദ്ധവ്യക്തിയും വിശ്വപൗരനുമായി മാറുന്നത്. സൗന്ദര്യവിദ്യാഭ്യാസ ത്തിന്റെ അടിസ്ഥാനം അപരനെ അറിയലും അംഗീകരിക്കലുമാണ്. ഇതാണ് സുഗതകുമാരിയെ പ്രകൃതിസൗന്ദര്യം ആസ്വദിക്കുന്ന കവി യായും, പ്രകൃതിനാശത്തിൽ സ്വയം ദുഃഖിക്കുകയും പ്രതിരോധം തീർക്കുന്ന കവിയായും മാറ്റുന്നത്.

20 മരങ്ങൾ നമ്മുടെ ജീവനാണ്, പ്രാണവായുവാണ്. ആ ബോധം ഇന്നത്തെ തലമുറക്കില്ല. അത് ശരിയല്ലെന്നും ധാരാളം മരങ്ങൾ സംര ക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത വളരെ വലുതാണെന്നും 'മരങ്ങൾ' എന്ന കവിതയിലൂടെ കവയിത്രി പുതുതലമുറയെ ഓർമ്മിപ്പിക്കുന്നു.

21 പരമശിവ വർണ്ണനയിലൂടെയാണ് 'നയാഗ്ര' എന്ന കവിതയുടെ തുട ക്കം. എല്ലാം ഉള്ളിലൊതുക്കി ശാന്തയായി ഒഴുകുമ്പോഴും അതിനു ള്ളിൽ ഒരു രൗദ്രഭാവം ഒളിഞ്ഞിരിപ്പുണ്ട് എന്നും കവയിത്രി ഓർമ്മിപ്പി ക്കുന്നു.

22 സമൂഹത്തിലെ ഉന്നതർ താഴേക്കിടയിലുള്ളവരുടെ പ്രശ്നങ്ങൾ അറിയുന്നില്ല. അറിയാൻ ശ്രമിക്കുന്നുമില്ല. ഇവിടെ 'പാലപാവമാണ്' എന്ന കവിതയിലെ 'പാല'പാവങ്ങളുടെ പ്രതിനിധിയാണ്. അത്തരക്കാരെയും ഒരിക്കലെങ്കിലും പരിഗണിക്കണം എന്ന ഒരുവസ്തുതകൂടി കവയിത്രി ഓർമ്മിപ്പിക്കുന്നു.

23 നാശത്തിനു വിധേയയായ സൈലന്റ്‌വാലിയുടെ ദുരിതാവസ്ഥ കവയിത്രിയെ തളർത്തുന്നു. അതിലെ പ്രകൃതിയുടെ വരദാനങ്ങൾ മനുഷ്യരെ കാണുമ്പോൾ ഓടിയൊളിക്കാൻ ശ്രമിക്കുകയാണ്. അത് തുടരാൻ പാടില്ല എന്നാണ് 'സൈലന്റ്‌വാലിയിൽ വീണ്ടും' എന്ന കവിതയിലെ പ്രതിപാദ്യം.

24 കമ്പോളവൽക്കൃത സമൂഹത്തിൽ പാർശ്വവൽക്കരിക്കുകയും അനാഥമാക്കപ്പെടുകയും ചെയ്യുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആദിവാസികളുടെയും മനസ്സുവായിക്കുന്ന സുഗതകുമാരിക്കവിതകളുടെ അടിസ്ഥാനം കാരുണ്യത്തെ ഉള്ളിൽ വഹിക്കുന്ന സഹജീവി പ്രണയം തന്നെയാണ്.

25 തന്റേതല്ലാത്ത ഓരോ കാരണങ്ങളാൽ ഒറ്റപ്പെട്ടുപോകുന്നവരുണ്ട്. അതിൽ സ്ത്രീകൾക്കുവേണ്ടി എന്നും സുഗതകുമാരി തന്റെ ശബ്ദമുയർത്തിയിരുന്നു. 'പെൺകുഞ്ഞ്-90' എന്ന കവിതയിലും ഇതു തന്നെയാണ് പ്രതിപാദ്യം. എന്നാൽ ഏതുപ്രശ്നത്തെയും സധൈര്യം നേരിട്ട് മുന്നോട്ടുപോകാനുള്ള ഒരുൾക്കരുത്തുകൂടി സുഗതകുമാരി ഈ കവിതയിലൂടെ പെൺകുട്ടികൾക്ക് നൽകാൻ ശ്രമിക്കുന്നുണ്ട്.

26 ജീവിതം എന്നത് വെറുതെ കളയാനുള്ളതല്ലെന്നും തന്റെ ജീവിതത്തിലൂടെ സമൂഹത്തിന് എന്തെങ്കിലും ഉപകാരം ലഭിക്കണമെന്നും

അവർ വിശ്വസിച്ചിരുന്നു. അതിന് ആരും സഹായത്തിനില്ലെങ്കിലും തന്റെ അമ്മ എല്ലാറ്റിനും കൂട്ടായി തന്റെ കൂടെ ഉണ്ടാവുമെന്നും 'എല്ലാം വെറുതെ' എന്ന കവിതയിലൂടെ പറയുന്നു.

27 അംഗപരിമിതരായ മക്കൾ അമ്മമാരുടെ ശാപമാണ്. മരിച്ചാലും മനഃസ്സമാധാനം ലഭിക്കാത്തവരാണ് അത്തരം കുഞ്ഞുങ്ങളുടെ അമ്മമാർ. ഈ കവിതയിലും ഇത്തരം ഒരവസ്ഥയിലുള്ള തന്റെ മകളെ കൊന്ന് താനും മരിക്കാമെന്നും എന്നാൽ മറ്റുള്ളവർക്ക് അവളൊരു ഭാരമായി മാറില്ലെന്നും ആ അമ്മ ചിന്തിക്കുന്നു. അത്തരം നീറുന്ന പ്രശ്നമാണ് 'കൊല്ലേണ്ടതെങ്ങനെ'എന്ന കവിതയിലെ പ്രമേയം.

28 നശിച്ച അട്ടപ്പാടിയെയല്ല പുനർജ്ജനിച്ച അട്ടപ്പാടിയെയാണ് 'അട്ടപ്പാടിയെ സ്വപ്നംകണ്ടു ഞാനിന്നും' എന്ന കവിതയിൽ സുഗതകുമാരി ഓർക്കുന്നത്. സുന്ദരിയായ അട്ടപ്പാടിയെയാണ് അവർക്കിഷ്ടം. മനുഷ്യൻ മുടിച്ച അട്ടപ്പാടിയെ സ്വപ്നം കാണാൻപോലും അവർ ആഗ്രഹിക്കുന്നില്ല.

29 സ്ത്രീകൾക്കുവേണ്ടിയും അവരെ ബാധിക്കുന്ന പ്രശ്നങ്ങൾക്കെതിരായും സുഗതകുമാരി തന്റെ തൂലിക എന്നും ഉപയോഗിച്ചു. 'ഒറ്റവള' എന്നുള്ളത് അത്തരത്തിലൊരു കവിതയാണ്. വളരെ ചെറിയ പ്രായത്തിൽ അമ്മയായി ഉപേക്ഷിക്കപ്പെട്ട ജന്മത്തിന്റെ ദൈന്യത ഈ കവിതയിലുണ്ട്. 'ഒറ്റവള' എന്നത് യഥാർത്ഥത്തിൽ അവളുടെ ഒറ്റപ്പെട്ടുപോയ ജീവിതമാണ്.

30 ജീവിത പ്രാരാബ്ധത്തിനിടയിൽ പലവേഷങ്ങളുംകെട്ടിയാടേണ്ടിവന്ന ജെസ്സി എന്ന പെൺകുട്ടിയുടെ ജീവിതമാണ് 'ജെസ്സി' എന്ന കവിത

യിലൂള്ളത്. അവളുടെ ജീവിതത്തിലെ ദാരിദ്ര്യവും തുണയായി ആരുമില്ലാത്ത അവസ്ഥയും അവളെ അത്തരക്കാരിയാക്കിമാറ്റുന്നു. ചില നിസ്സാരകാരണങ്ങളാണ് പലപ്പോഴും സ്ത്രീകളെ ഒറ്റപ്പെടുത്തുന്നത്.

31 രാധാകൃഷ്ണപ്രണയ വിരഹമാണ് 'രാധയെവിടെ' എന്ന കവിതയിലെ പ്രമേയം. സ്നേഹവും പ്രണയവും ഒരിക്കലും തന്റെ ദൗർബല്യമല്ലെന്നും അത് തന്റെ ശക്തിയാണെന്നും ഈ കവിതയിലൂടെ രാധ തെളിയിക്കുന്നു. സ്ത്രീ എന്നും സ്നേഹം കൊടുക്കാൻ മാത്രം വിധിക്കപ്പെട്ടവളല്ലെന്നും അത് അവൾക്ക് കൂടി അർഹതപ്പെട്ടതാണെന്നും ഈ കവിത നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്.

32 പ്രണയത്തെ, അതിന്റെ തീവ്രതയെ ഏറ്റവും കൂടുതലായി വരച്ചുകാട്ടുന്ന 'അഭിസാരിക' എന്ന കവിത ശ്രദ്ധേയമാണ്. കണ്ണന്റെ ഒരു വേണുനാദം കേട്ടപ്പോൾ സർവ്വവും ഉപേക്ഷിച്ച് അവന്റെ അടുത്തെത്താൻ വെമ്പുന്ന ഒരു മനസ്സാണ് ഈ കവിതയിൽ കവയിത്രിക്ക്. പ്രണയത്തിൽ ഒരുമിച്ചുള്ള ജീവിതമില്ലെങ്കിൽ പിന്നെ അത് മരണത്തിലാണ് അവസാനിക്കുക എന്നൊരു സൂചനകൂടി ഈ കവിതയിലുണ്ട്.

33 അമ്മ-മകൻ ബന്ധത്തിന്റെ ഏറ്റവും പവിത്രവും അതിലേറെ ദൃഢവുമായ ഉദാഹരണമാണ് 'കണ്ണന്റെ അമ്മ' എന്ന കവിതയിൽ കാണുന്നത്. ഒരോടക്കുഴൽ നാദത്തിലൂടെ അകലെയുള്ള മകനെ തിരിച്ചറിയാൻ അമ്മയ്ക്ക് കഴിയുന്നു. അവർ തമ്മിലുള്ള സ്നേഹത്തെ അതിന്റെ ശക്തിയെ ശിഥിലപ്പെടുത്താൻ ആർക്കും കഴിയില്ല എന്നും അവർ സൂചിപ്പിക്കുന്നു.

34 തനിച്ചിരുന്നോർക്കുമ്പോൾ മനസ്സിൽ ഒരു കുളിർകോരിയിടുന്ന അനുഭവമാണ് പ്രണയത്തിനെന്ന് 'വഴിയമ്പലത്തിലെ പാട്ട്' എന്ന കവിതയിൽ

സൂചിപ്പിക്കുന്നു. കണ്ണന്റെ പാദങ്ങളിൽ എല്ലാം മറന്ന് പാടുന്ന മീര യായി കവയിത്രി മാറുകയാണ്. കൃഷ്ണനോടുള്ള പ്രണയം ഭക്തി യുടെ രൂപത്തിൽ, ഗാനത്തിന്റെ രൂപത്തിൽ ആവാഹിച്ചവളാണ് മീര. ഒരുതരം നിശ്ചയദാർഢ്യമാണ് ഈ കവിതയിൽ കവി വരച്ചുകാട്ടുന്നത്.

35 ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നീ ജീവിതത്തിലെ കയ റ്റിറക്കങ്ങളിൽ മാറിമറയുന്ന പ്രണയത്തിന്റെ ഭാവങ്ങൾ സുഗതകുമാരി യുടെ കവിതകളിൽ ചേർത്തുവെച്ചിട്ടുണ്ട്. ഇവിടെയെല്ലാം സ്നേഹ ത്തിന്റെ വിശുദ്ധഭാവത്തെ വായനക്കാരനിൽ എഴുതിച്ചേർക്കാൻ കവ യിത്രിക്ക് സാധ്യമായി.

36 വിരഹവും ഏകാന്തതയും വിഷാദവും അലിഞ്ഞില്ലാതാവുന്ന മാന്ത്രി കത പ്രണയത്തിന്റെ ആത്മചൈതന്യത്തിൽക്കൂടിയേ ലഭിക്കൂ എന്ന് സുഗതകുമാരിയുടെ കവിതകളിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.

# ഗ്രന്ഥസൂചി

1 അച്യുതൻ.എം. പ്രൊഫ., പാശ്ചാത്യസാഹിത്യ ദർശനം, ഡി.സി. ബുക്സ്, 2004

2 അഷ്റഫ്.എ. 2011. മരണമില്ലാത്ത പ്രണയം കവിതകൾ, ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

3 ഉണിത്തിരി എൻ.വി.പി.ഡോ. നവീനസാഹിത്യ പഠനങ്ങൾ (കെ.ടി. മുഹമ്മദ്,, ഉറൂബ്, ടി.പത്മനാഭൻ, സുഗതകുമാരി) കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2012.

4 ഉണ്ണികൃഷ്ണൻ.എ.എം. ഡോ. 2018. ബാലാമണിയമ്മ പഠനങ്ങൾ, കറന്റ് ബുക്സ്.

5 എറിക്ഫ്രോം. 2009, 2019. പ്രണയകല, പരിഭാഷ കെ.സി.വർഗീസ് ഫേബിയൻബുക്സ്, മാവേലിക്കര.

6 ഓഷോ, 2010, 2018 (The beloved) പ്രേമഭാജനം. പരിഭാഷബോധി പ്രമോദ. Silence. The oshobook Shq.

7 അംബുജം കടമ്പൂർ. 2015, 2018. കുമാരനാശാൻ കൈരളിബുക്സ്.

8 കുമാരനാശാൻ. 1919, 2019. ചിന്താവിഷ്ടയായ സീത, മാതൃഭൂമി ബുക്സ്.

9 കുമാരനാശാൻ. 2007, ആശാന്റെ കവിതകൾ. പൂർണ്ണപബ്ലിക്കേഷൻസ്.

10 കുറുപ്പ്.ഒ.എൻ.വി. 2012.ഒ.എൻ.വി.യുടെ കവിതകൾ, ബൃഹദ്സമാഹാരം വാല്യം 2 പരിഷ്കരിച്ച പതിപ്പ്. ഡി.സി.ബുക്സ്.

11 കൃഷ്ണപ്പിള്ള.എൻ. 1958, 2002, 2018. കൈരളിയുടെ കഥ. ഡി.സി. ബുക്സ്.

12 കൃഷ്ണപ്പിള്ള ചങ്ങമ്പുഴ.1948, 2018. സ്വരരാഗസുധ, സാഹിത്യ പ്രവർ ത്തക സഹകരണസംഘം. നാഷണൽബുക്സ്റ്റാൾ.

13 കൃഷ്ണപ്പിള്ള ചങ്ങമ്പുഴ. 1936, 1998. രമണൻ, സാഹിത്യപ്രവർത്തക സഹകരണസംഘം.

14 കെ.ഇ.എൻ. 1999, 2005, 2019. പ്രണയം. കവിതസംസ്കാരം, സാംസ്കാ രികപഠനങ്ങൾ, ഫേബിയൻ ബുക്സ്, മാവേലിക്കര.

15 ഖലീൽ ജിബ്രാൻ. 2018. ഒടിഞ്ഞചിറകുകൾ. വിവർത്തനം. ഹാ റഷീദ്, പ്രോഗ്രസ് ബുക്സ്, കോഴിക്കോട്.

16 ഗോപി ആദിനാട് (പ്രൊഫ.) 2019. മലയാളകവിത പരിണാമങ്ങളിലൂടെ. ചിന്താപബ്ലിക്കേഷൻസ്, തിരുവനന്തപുരം.

17 ഗോപി നാരായണൻ 2018, 2019. കാവ്യസൂര്യന്റെ യാത്ര കുട്ടികൾക്കായി ഒ.എൻ.വിയുടെ കാവ്യജീവിതം. ചിന്തപബ്ലിക്കേഷൻസ്. തിരുവനന്ത പുരം.

18 ചങ്ങമ്പുഴയുടെ വിവർത്തനകവിതകൾ. 2009. ചിന്ത പബ്ലിക്കേഷൻസ്.

19 ജലാലുദ്ദീൻ റൂമി. 2014. പ്രണയം നമ്മുടെ പ്രവാചകൻ. വിവർത്തനം. വി.രവികുമാർ.

20 ജോർജ്. 2019. പരാഗണങ്ങൾ, നിയോ ബുക്സ്, കൊച്ചി.

21 ജോർജ്.കെ.എം. ഡോ. 1998, 2009, 2018. ആധുനിക മലയാള സാഹി ത്യചരിത്രം. പ്രസ്ഥാനങ്ങളിലൂടെ പരിഷ്കരിച്ചപതിപ്പ്, ഡി.സി.ബുക്സ്.

22 ടോണിമാത്യു.(പ്രൊഫ.) 2011. കാട്ടുകിളിയുടെ പാട്ട്. സുഗതകുമാരി ക്കവിതകളുടെ പഠനം, പഠനസമാഹരണം, കേരളഭാഷഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

23 തിലക്.പി.കെ. ഡോ. 2012, 2013. മാതൃഭാഷ മലയാളം കഥാപഠനങ്ങൾ മാതൃഭൂമിബുക്സ്.

24 തിലക്.പി.കെ. ഡോ. 2012, 2013. മാതൃഭാഷ മലയാളം കലാപഠനങ്ങൾ മാതൃഭൂമിബുക്സ്.

25 തിലക്.പി.കെ. ഡോ. 2012, 2013. മാതൃഭാഷ മലയാളം കവിതാപഠനങ്ങൾ മാതൃഭൂമിബുക്സ്.

26 തോമസ്കുട്ടി.എൽ.ഡോ., മനോജ്.എം.ബി.ഡോ.(എഡി.), 2018 കവിതയുടെ ചരിത്രപാഠങ്ങൾ പ്രസിദ്ധീകരണവിഭാഗം. കാലിക്കറ്റ് സർവ്വകലാശാല.

27 നാരായണമേനോൻ വള്ളത്തോൾ. 2003, 2011. വള്ളത്തോൾ കവിതകൾ.ഡി.സി.ബുക്സ്.

28 പത്മനാഭൻ നാലപ്പാടം. 2017. സ്വതന്ത്രവിവർത്തനം. വിശ്വോത്തരപ്രണയഗീതങ്ങൾ. ഡി.സി.ബുക്സ്.

29 പരമേശ്വരയ്യർ.എസ്.ഉള്ളൂർ. 2012. ഉള്ളൂർക്കവിതകൾ സമ്പൂർണ്ണം. ഡി.സി.ബുക്സ്.

30 പരമേശ്വരയ്യർ.എസ്.ഉള്ളൂർ. 1993. ഉമാകേരളം(സവ്യാഖ്യാനം), വ്യാഖ്യാതാവ് കെ.വാസുദേവൻ നമ്പൂതിരിപ്പാട്, ഉള്ളൂർ പബ്ലിക്കേഷൻസ് തിരുവനന്തപുരം

31 പരമേശ്വരയ്യർ.എസ്.ഉള്ളൂർ. 2000. ഉള്ളൂരിന്റെ തെരഞ്ഞെടുത്ത കവിതകൾ, ഡി.സി.ബുക്സ്.

32 പരമേശ്വരൻ നായർ പി.കെ. 1968, കേരളസാഹിത്യ ചരിത്രം, കേരള സർവ്വകലാശാല പ്രസിദ്ധീകരണവകുപ്പ്.

33 പരമേശ്വരൻ നായർ പി.കെ. 1968, ആധുനിക മലയാളസാഹിത്യം രണ്ടാംപതിപ്പ്, സാഹിത്യപ്രവർത്തകസഹകരണസംഘം.

34 പരമേശ്വരൻ നായർ പി.കെ. 1958, മലയാളസാഹിത്യചരിത്രം, സാഹിത്യ അക്കാദമി, ന്യൂഡൽഹി.

35 പരമേശ്വരൻപിള്ള എരുമേലി.പ്രൊഫ. 1966, 1998, 2003, 2005, 2006. മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ. സാഹിത്യചരിത്രം. കറന്റ് ബുക്സ്.

36 പിള്ള.കെ.എസ്.ചവറ. 2007, 2008, 2010, 2011, 2014, 2017. ചെറുശ്ശേരി. എഴുത്തച്ഛൻ.കുഞ്ചൻനമ്പ്യാർ ബാലസാഹിത്യം. കീർത്തിബുക്സ്. കൊല്ലം.

37 പിള്ള.കെ.എസ്.ചവറ. 2006. ആശാൻ ഉള്ളൂർ വള്ളത്തോൾ. ബാലസാഹിത്യം. കീർത്തിബുക്സ്. കൊല്ലം.

38 പിള്ള.കെ.എസ്.ചവറ. 2012, 2013. ജി. വൈലോപ്പിള്ളി. ഇടശ്ശേരി. ബാലസാഹിത്യം. കീർത്തിബുക്സ്. കൊല്ലം.

39 മനോജ്.എം.ബി. ഡോ. 2016. സമകാലമലായാളകവിത, സമയം ക്ലാസിക്സ്

40 മുരളീധരൻ നെല്ലിക്കൽ ഡോ. 1999, വിശ്വസാഹിത്യദർശനങ്ങൾ, ഡി. സി.ബുക്സ്.

41 മുരളി.ബി. 2018 ജനുവരി 21 മലയാള മനോരമപത്രം ഞായറാഴ്ച. യുദ്ധഭൂമിയിലെ കവിത, ലേഖനം.

42 മെറിലി വെയ്ഡ്ബോഡ് 2005, 2017 ഓർമ്മ പ്രണയത്തിന്റെ രാജകുമാരി വിവർത്തനം സുരേഷ് എം.ജി.ഗ്രീൻബുക്സ്

43 രാജശേഖരൻ.എസ്. 2008, 2011 നവോത്ഥാനന്തരകവിത. കവിതയിലെ സഞ്ചാരങ്ങൾ, സാഹിത്യവിമർശനം, നാഷണൽബുക്സ്. കോട്ടയം.

44 രാവർമ്മ വയലാർ 1984. വയലാർകവിതകൾ, സാഹിത്യപ്രവർത്തക സഹകരണ സംഘം

45 രാമവർമ്മ വയലാർ 1918. ഒരു കവിയുടെ ഡയറി, സൈന്ധവ ബുക്സ്. കൊല്ലം

46 രാഘവൻ പിള്ള ഇടപ്പള്ളി. 2003, ഇടപ്പള്ളിയുടെ പദ്യകൃതികൾ, എഡിറ്റർ ഡോ.നെല്ലിക്കൽ മുരളീധരൻ, ഡി.സി.ബുക്സ്.

47 ലീലാവതി.എം.ഡോ.1980, 1985, 1991, 1996, 2002, 2011 കവിതാസാഹിത്യ ചരിത്രം. കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ

48 ലീലാവതി.എം.ഡോ. 1969, 2005. കവിതയും ശാസ്ത്രവും. കേരളസാ ഹിത്യഅക്കാദമി, തൃശ്ശൂർ

49 വിജയലക്ഷ്മി. 2018. വിജയലക്ഷ്മിയുടെ പ്രണയകവിതകൾ. ഡി.സി. ബുക്സ്

50 ശങ്കരൻ.കെ.പി. 2016. കവിതാഹൃദയം. കേരളശാസ്ത്രസാഹിത്യ പരിഷത്ത്.

51 ശങ്കരക്കുറുപ്പ്.ജി. 1972, 1978, ജി യുടെ തെരഞ്ഞെടുത്ത കവിതകൾ, സാഹിത്യപ്രവർത്തകസഹകരണസംഘം.

52 ശ്രീധരമേനോൻ വൈലോപ്പിള്ളി. 2006, 2019 കവിത. ഒ.എൻ.വി.തെര ഞ്ഞെടുത്ത മലയാളത്തിന്റെ പ്രിയ കവിതകൾ. ഗ്രീൻബുക്സ്.

53 ശ്രീപാർവ്വതി. 2015. പ്രണയപ്പാതി. പ്രേമലേഖനങ്ങളുടെ പുസ്തകം. കുറിപ്പുകൾ. പ്രിയതബുക്സ്

54 സച്ചിദാനന്ദൻ. 2009, 2011. മലയാളകവിതാപഠനങ്ങൾ തെരഞ്ഞെടുത്ത ലേഖനങ്ങൾ. മാതൃഭൂമിബുക്സ്.

55 സാനു.എം.കെ.(പ്രൊഫ.) 2018. കുമാരനാശാന്റെ 'ലീല' ഒരു സ്വപ്നാടനകാവ്യം. സാഹിത്യപ്രവർത്തകസഹകരണസംഘം. നാഷണൽ ബുക്സ്റ്റാൾ.

56 സുഗതകുമാരി. 2017. പൂവഴിമരുവഴി. പഠനം ബാലചന്ദ്രൻ ചുള്ളിക്കാട്. ഡി.സി.ബുക്സ്.

57 സുഗതകുമാരി. 2010, 2014. മേഘം വന്നുതൊട്ടപ്പോൾ ഡി.സി.ബുക്സ്.

58 സുഗതകുമാരി. 2018, 2019. മേഘം ഉൾച്ചൂട് (രണ്ടാംപതിപ്പ്) ഡി.സി. ബുക്സ്.

59 സുഗതകുമാരി. 1969, 2006, 2019. ഇരുൾച്ചിറകുകൾ, ഡി.സി.ബുക്സ്.

60 സുഗതകുമാരി. 1990, 2019. തുലാവർഷപ്പച്ച. ഡി.സി.ബുക്സ്.

61 സുഗതകുമാരി. 2019, 2020. ജാഗ്രത. ലേഖനങ്ങൾ മാതൃഭൂമിബുക്സ്.

62 സുഗതകുമാരിയുടെ കവിതകൾ. 2006.2011. സമ്പൂർണ്ണം, ഡി.സി. ബുക്സ്.

63 സുഗതകുമാരി. 2010, 2017. വാരിയെല്ല്. ഡി.സി.ബുക്സ്.

64 സുധീര.കെ.പി. 2017. അനുരാഗപരാഗങ്ങൾ. പ്രണയികളുടെ പുസ്തകം. കൈരളിബുക്സ്.

65 സുധീഷ്.വി.ആർ. 2019. പ്രണയപാഠങ്ങൾ. പരിഭാഷ. സജയ്.കെ.വി. ഡി.സി.ബുക്സ്.

66 സുനിൽ പി ഇളയിടം, 2020, നീതിയുടെ പാർപ്പിടങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

67 സുരേഷ് മണ്ണാറശാല. 2007. പരിസ്ഥിതിയുടെ കവിതകൾ. സുരാബുക്സ്പ്രൈവറ്റ് ലിമിറ്റഡ്.

## English

1. John Keats - A love poet/ The kochi post, 2012.

2. P.B.Shelly, Study of Romantic poem of Percy Busshe Shelley.

3. Promod K Nair, An Introduction to Cultural Studies, Viva Books Private ltd., Kochi, 2008.

## Websites

1. https://literariness.org/2016/11/23/cultural studies/

2. www.thought co.com. Shakespeare studying. The recurrent theme of love in Shakespeare's plays.

# പദസൂചി


| | പുറം |
|---|---|
| അനുവാചകർ | 26 |
| അന്തരാത്മാവ് | 26 |
| അനുരാഗം | 27 |
| അനുഭൂതി | 27, 47 |
| അവാച്യമായ | 28, 84 |
| അർത്ഥപാലൻ | 28 |
| അപകർഷതാബോധം | 43 |
| അഭിനിവേശം | 45 |
| അഹംബോധം | 45 |
| അത്യുൽക്കൃഷ്ടം | 46 |
| അന്തർധാര | 47 |
| അന്തഃസംഘർഷം | 57 |
| അനുരഞ്ജനം | 57 |
| അവഗാഹം | 61 |
| അനർഘമായ | 63 |
| അനുരണനം | 73 |
| അദമ്യം | 73 |
| അഭിരമിക്കുക | 75 |
| അരക്ഷിതമായ | 84 |

| | |
|---|---|
| അനായാസം | 87 |
| അട്ടപ്പാടി | 92 |
| അധീശഭൂമി | 107 |
| അബല | 120 |
| അഗാധഗർത്തങ്ങൾ | 123 |
| അദൃശ്യം | 124 |
| അഗമ്യം | 124 |
| അനാഥം | 124 |
| അനാവൃതം | 127 |
| അന്ധകാരം | 128 |
| അനുഭവതീവ്രത | 150 |
| അർദ്ധനാരീശ്വരൻ | 174 |
| അമ്പാടി | 180 |
| അഴൽ | 197 |
| അധീശത്വമനോഭാവം | 192 |
| ആത്മസൗഷ്ഠവം | 26 |
| ആനന്ദനിർവൃതി | 31 |
| ആകൃഷ്ടത | 40 |
| ആത്മാഹുതി | 44 |
| ആദർശനിഷ്ഠ | 46 |
| ആഖ്യാനാത്മക കവിത | 47 |
| ആവാസവ്യവസ്ഥ | 69 |

| | |
|---|---|
| ആഗോളതാപനം | 91 |
| ആയിഷ | 53 |
| ആദർശവൽക്കൃതം | 61 |
| ആർജ്ജവം | 87, 133 |
| ആവൃതം | 87 |
| ആർദ്രത | 92 |
| ആഹ്ലാദസ്മൃതി | 94 |
| ആദിവാസികൾ | 107 |
| ആരാധനാമൂർത്തി | 129 |
| ആത്മാവ് | 160 |
| ഇടപ്പള്ളി | 45 |
| ഇച്ഛ | 52 |
| ഇടശ്ശേരി | 56 |
| ഇത്താപ്പിരി | 53 |
| ഇടയൻ | 173 |
| ഇംഗിതം | 179 |
| ഈശ്വരൻ | 124, 136 |
| ഉദാത്താനുഭൂതി | 26 |
| ഉപാധി | 26 |
| ഉച്ചനീചത്വങ്ങൾ | 35 |
| ഉപഗുപ്തൻ | 36 |
| ഉൾത്തുടിപ്പ് | 56 |

ഉപനിഷത്ത് 63

ഉണ്മ 74, 82

ഊര് 108

ഉറുമ്പുകൾ 143

ഉജ്ജ്വലമായ 150

ഉന്മത്തം 97

ഊഞ്ഞാലിൽ 59

എലികൾ 69

ഏകാന്തത 235

ഏകാന്തപഥിക 165

ഐക്യദാർഢ്യം 102

ഒളപ്പമണ്ണ 60

ഒറ്റവള 120

ഓർക്കുക വല്ലപ്പോഴും 48

ഓടക്കുഴൽ 180

കന്യക 26

കരുണ 36

കുമാരനാശാൻ 26

കണ്ണീർപ്പാടം 54, 55

കാൽപ്പനികത 56

കവിത്വവൈഭവം 60

കഠോരത 61

| | |
|---|---|
| കർത്തവ്യം | 106 |
| കാവ്യതന്തു | 117 |
| കാബറേ | 138 |
| കമല | 140 |
| കണ്ണകി | 147 |
| കൃഷ്ണൻ | 64 |
| കണിക്കൊന്ന | 74 |
| കൃഷ്ണവനം | 96 |
| കോളിളക്കം | 89. |
| കൃതജ്ഞത | 94 |
| ക്രോധം | 94 |
| കൂനനുറുമ്പ് | 123 |
| കുപ്പിവള | 133 |
| കുങ്കുമം | 134 |
| കുറുമ്പ് | 187 |
| കുസൃതി | 188 |
| കൗമാരം | 128 |
| ഗുജറാത്ത് | 113, 114 |
| ഗൃഹം | 36 |
| ഗവൺമെന്റ് | 112 |
| ഗിരി കന്യക | 115 |
| ഗോവിന്ദൻ | 118 |

| | |
|---|---|
| ഘോരനഖങ്ങൾ | 111 |
| ചണ്ഡാലഭിക്ഷുകി | 34 |
| ചരമശയ്യ | 28 |
| ചങ്ങമ്പുഴ | 48 |
| ചന്ദ്രിക | 48 |
| ചമ്പകവല്ലി | 41 |
| ചാരിതാർത്ഥ്യം | 194 |
| ചാതുരി | 61 |
| ചിന്താധാര | 35 |
| ചേതസ്സ് | 176 |
| ചൈതന്യം | 194 |
| ജപമാല | 169 |
| ജഡം | 74 |
| ജന്മസാഫല്യം | 130 |
| ജീവിതാസക്തി | 163 |
| തിരുവാതിര രാവ് | 59 |
| തലവേദന | 142 |
| തപ്തനിശ്വാസം | 160 |
| തത്രപ്പാട് | 124 |
| താണ്ഡവം | 72 |
| തിരസ്കാരം | 160 |
| തന്ത്രി | 161 |

തൂലിക 132

തെംസ് നദി 100

തീവ്രയത്നപരിപാടി 100

തീർത്ഥബിന്ദുക്കൾ 118

ദശകം 149

ദുരവസ്ഥ 37

ദേശസ്നേഹം 39

ദുർവ്വാസന 51

ദുരന്തബോധം 57

ദാമ്പത്യം 58

ദൈന്യത 80

ദിനപ്പത്രം 80

ദൃക്സാക്ഷി 87

ദൈന്യരൂപം 144

ദേവകി 190

ദൃഢത 191

ധർമ്മബോധം 36

ധർമ്മസങ്കടം 55

ധർമ്മപത്നി 63

ധർമ്മവിരുദ്ധം 70

ധര 75

ധൃതികാട്ടുക 110

| | |
|---|---|
| നവവസന്തം | 26 |
| നിർവ്വാണാവസ്ഥ | 37 |
| നിരർത്ഥകത | 61 |
| നഗ്നമായ | 92 |
| നയാഗ്ര | 95 |
| നരഹത്യ | 143 |
| നഖക്ഷതങ്ങൾ | 143 |
| നിഷ്ക്രിയം | 195 |
| നിർവ്വികാരം | 95 |
| നീലകണ്ഠസ്വാമി | 98 |
| നിസ്വയായി | 116 |
| നിയതി | 117 |
| നിർദ്ദയം | 121, 127 |
| നീചന്മാർ | 143 |
| നിർദ്ദാക്ഷിണ്യം | 146 |
| നിർജ്ജീവാവസ്ഥ | 163 |
| നിയുക്ത | 176 |
| നിർവൃതിദായകം | 179 |
| നിശ്ചയദാർഢ്യം | 194 |
| പരിസ്ഥിതി | 58, 83, 88 |
| പച്ചപ്പ് | 74 |
| പരമശിവൻ | 95 |

പരികൽപ്പന 198

പിശാച് 51

പ്രിയതമൻ 30

പ്രക്ഷുബ്ധം 52

പുരാവൃത്തം 62

പുതുജീവൻ 62

പ്രപഞ്ചം 71

പ്രതിഭാസം 71

പ്രതിബിംബിക്കുക 72

പ്രതിഛായ 72

പ്രണയം 26, 30, 32, 44, 45, 46, 47, 60 129, 149, 150,151,191

പുഷ്പാലങ്കാരം 74

പ്രാർത്ഥന 125

പ്ലാവില 126

പിതൃത്വം 137

പ്രതിസ്പന്ദനം 149

പ്രത്യാഘാതം 160

പ്രതിനിധി 161

പാദപത്മം 193

പ്രഭാവലയം 196

പരികൽപ്പന 198

ഫലപ്രാപ്തി 188

| | |
|---|---|
| ബയാഫ്ര | 80 |
| ബഹിർഗമനം | 69 |
| ബാലപീഡനം | 80 |
| ബാലിക | 121 |
| ബുദ്ധഭിക്ഷു | 34 |
| ബോധ്യം | 161 |
| ബ്രാഹ്മണസമുദായം | 38 |
| ബിംബാത്മകത | 42 |
| ബിംബങ്ങൾ | 68, 161 |
| ഭഗീരഥപ്രയത്നം | 96 |
| ഭ്രാന്താശുപത്രി | 141 |
| ഭ്രാന്തൻ | 198 |
| ഭവിഷ്യത്ത് | 81, 90 |
| മദനൻ | 28, 29, 31 |
| മഴവില്ല് | 71 |
| മദിച്ചു | 63 |
| മഴ | 74 |
| മലനിരകൾ | 74 |
| മണ്ഡലം | 119 |
| മാതംഗി | 34 |
| മൃത്യുബോധം | 42, 45 |
| മേഘസന്ദേശം | 71 |

| | |
|---|---|
| മാനവികതാദർശനം | 54 |
| മുൾക്കാട് | 58 |
| മുഗ്ധവുമായ | 59 |
| മാതൃത്വം | 61 |
| മുഖമുദ്ര | 63 |
| മുദ്രകൾ | 119 |
| മനുഷ്യജീവിതം | 124 |
| യുക്തിചിന്ത | 39 |
| രമണൻ | 36 |
| രാധയെവിടെ | 199 |
| രതിഭാവം | 60 |
| രക്ഷകൻ | 142 |
| ലില്ലിപ്പൂവ് | 76 |
| ലീല | 26 |
| ലോലം | 59 |
| വ്യഥ | 26, 55 |
| വാസവദത്ത | 36 |
| വിഷാദം | 45 |
| വിപ്ലവാവേശം | 51 |
| വിപ്ലവവീര്യം | 54 |
| വർഗ്ഗസമരം | 54 |
| മരണമാല്യം | 55 |
| വൈരുദ്ധ്യാത്മികമായ | 57 |

| | |
|---|---|
| വേദങ്ങൾ | 63 |
| വനരോദനം | 90 |
| വൃഥാ | 106 |
| വ്യാജരേഖ | 107 |
| വിഷാദം | 123 |
| വർഗ്ഗീസ് | 140 |
| വാർധക്യം | 148 |
| വികൃതം | 148 |
| വ്യതിരിക്തമായ | 187 |
| വിരഹിണി | 188 |
| വിധിവൈപരീത്യം | 189 |
| വ്യഗ്രഥ | 192 |
| വിഹ്വലത | 192 |
| ശാശ്വതം | 93 |
| ശൃംഗാരം | 41, 56 |
| ശുഭ്രം | 72 |
| ശുഷ്കിച്ച | 92 |
| ശിശുരോദനം | 105 |
| സർവ്വസന്നൂതൻ | 43 |
| സൂര്യകാന്തി | 43 |
| സംക്രമിപ്പിക്കുക | 26 |
| സ്വാതന്ത്ര്യം | 36 |
| സീത | 36 |

സർഗാത്മകത 41

സമ്പന്ന 51

സ്വർഗ്ഗീയാനുഭൂതി 56

സൂര്യതേജസ്സ് 69

സൂര്യൻ 94

സന്തുലിതാവസ്ഥ 69

സംജാതമാകുന്ന 72

സുഗതകുമാരി 75, 76, 89, 94, 102, 104, 105, 110, 112, 119,

122, 124, 139, 148, 149, 156

സ്വത്വം 108

സംരക്ഷണം 112

സത്യജ്യോതിസ്സ് 129

സാന്ത്വനം 149

സംസ്കൃതി 164

സുരഭിലനിമിഷങ്ങൾ 170

സംഹാരതാണ്ഡവം 193

സ്ഥിരപ്രതിഷ്ഠം 199

ഹിരണ്മയപാത്രം 129

ഹരൻ 92

ഹിംസ്രജന്തുക്കൾ 144

ഹൃദയവ്യഥ 177

ഹൃദയത്തുടിപ്പ് 178